സേതു

പാണ്ഡവപുരം

സേതു

പാണ്ഡവപുരം



സേതു

കഥകളിലൂടെയും നോവലുകളിലൂടെയും ആധുനിക മലയാള സാഹിത്യത്തിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവന്ന എഴുത്തുകാരൻ, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, മുട്ടത്തു വർക്കി അവാർഡ് മുതലായ ഒട്ടനവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.



സേതു

1942-ൽ എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് ജനിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിൻറെ ചെയർമാനായി ജോലിയിൽനിന്നു വിരമിച്ചു. നോവൽ-കഥാവിഭാഗങ്ങളിലായി മുപ്പതിലധികം കൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് *(അടയാളങ്ങൾ)* , കഥയ്ക്കും നോവലിനുമുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് *(പേടിസ്വപ്നങ്ങൾ, പാണ്ഡവപുരം)* , മുട്ടത്തുവർക്കി അവാർഡ് *(പാണ്ഡവപുരം)* , മലയാറ്റൂർ അവാർഡ് *(കൈമുദ്രകൾ)* , വിശ്വദീപം അവാർഡ് *(നിയോഗം)* , പത്മരാജൻ അവാർഡ് *(ഉയരങ്ങളിൽ)* എന്നിവ ലഭിച്ചിട്ടുണ്ട്. *ഞങ്ങൾ അടിമകളുടെ* ചലച്ചിത്രാവിഷ്കാരമായ *പൂത്തിരുവാതിര രാവിൽ* ഏറ്റവും നല്ല കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ഫിലിം അവാർഡ് നേടി. *പാണ്ഡവപുരം* ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിലേക്കും *നിയോഗം* ഇംഗ്ലിഷിലേക്കും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. *പാണ്ഡവപുരം* മലയാളത്തിലും ബംഗാളിയിലും ചലച്ചിത്രമായിട്ടുണ്ട്.

വെബ്സൈറ്റ്: www.sethu.org . ഇ-മെയിൽ: sethu42@gmail.com

സേതുവിൻറെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നോവൽ

പാണ്ഡവപുരം
ഞങ്ങൾ അടിമകൾ
കിരാതം
നവഗ്രഹങ്ങളുടെ തടവറ (പുനത്തിൽ കുഞ്ഞബ്ദുള്ളയുമൊത്ത്)
വനവാസം
ഏഴാംപക്കം
താളിയോല
വിളയാട്ടം
അയൽപക്കം
കൈമുദ്രകൾ
കൈയൊപ്പും കൈവഴികളും
നിയോഗം
അറിയാത്ത വഴികൾ
അരുന്ധതിയുടെ വിരുന്നുകാരൻ
ആറാമത്തെ പെൺകുട്ടി
കിളിമൊഴികൾക്കപ്പുറം
അടയാളങ്ങൾ
പെണ്ണകങ്ങൾ
മറുപിറവി

കഥകൾ

തിങ്കളാഴ്ചകളിലെ ആകാശം
വെളുത്ത കൂടാരങ്ങൾ
ദൂത്
ഗുരു
പ്രഹേളികാകാണ്ഡം
സേതുവിൻറെ കഥകൾ

ചില കാലങ്ങളിൽ ചില ഗായത്രിമാർ
എൻ്റെ പ്രിയപ്പെട്ട കഥകൾ
ആദ്യാക്ഷരങ്ങൾ

സേതു

പാണ്ഡവപുരം

ഡി സി ബുക്സ്

Malayalam Language
Pāndavapuram
Literature/Novel
by Sethu
Rights Reserved
First Published October 1979
First DCB edition August 1982
18 th impression July 2012

Cover Design
Sree

Publishers
DC Books , Kottayam 686 001
Kerala State, India
Blog: www.dcbooks.com/blog
e-mail: infoadcbooks.com
Online Bookstore: www.dcbookshop.net

Distributors
DC Books-Current Books Export Sales D C Press (P) Ltd., Kottayam, Kerala **DC Books Library Cataloguing in Publication Data**
Sethu.
Pandavapuram /Sethu.
136p., 21cm.
ISBN 81-7130-249-1 1.
Malayalam novel. I. Title.
8M3*–dc22
*(This is local variation of DDC number for Malayalam Literature: Pandavapuram.) No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-7130-249-1

DC books- The first Indian Book Publishing House to get ISO Certification

പത്തു വർഷങ്ങൾക്കു മുമ്പാണ് ഈ നോവൽ എഴുതിയത്.

ഈയിടെ വീണ്ടുമൊന്നു വായിച്ചുനോക്കിയപ്പോൾ ആകെയൊന്നു മാറ്റിയെഴുതിയാലോ എന്നുതന്നെ ആലോചിക്കാതിരുന്നില്ല. ഉടനെതന്നെ വേണ്ടെന്നുവെച്ചു. കാരണം, ജീവിതത്തിൻറെ ഒരു പ്രത്യേക മുഹൂർത്തത്തിൽ, ഒരു പ്രത്യേക അവസ്ഥയിലാണ് നോവൽ എഴുതിത്തീർത്തത്. ഒരു ദശകത്തിനുശേഷം തികച്ചും മറ്റൊരു ചുറ്റുപാടിൽ, മറ്റൊരു മാനസികാവസ്ഥയിൽ നടത്തുന്ന പുനഃസൃഷ്ടി എഴുത്തുകാരന് അല്പംപോലും ആഹ്ലാദം തരുന്നില്ല.

അതുകൊണ്ട് അവിടവിടെയായി ചില ചെറിയ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. ചില വാക്കുകൾ, ചില വാചകങ്ങൾ, പുതിയതായി രണ്ടു പുറങ്ങൾ — അങ്ങനെ ചുരുക്കം ചില മാറ്റങ്ങൾ മാത്രം.

സഫലമായി പ്രതികരിച്ച എല്ലാ സഹൃദയർക്കും നന്ദി.

14-7-1987 **സേതു**

കഥകൾ

ഒന്ൻ

രണ്ട്

മൂന്ന്

നാല്

അഞ്ച്

ആറ്

ഏഴ്

എട്ട്

പത്ത്

പതിനൊന്ന്

പന്ത്രണ്ട്

പതിമൂന്ന്

പതിന്നാല്

പതിനഞ്ച്

പതിനാറ്

പതിനേഴ്

പതിനെട്ട്

ദേവിയും ദ്രൗപദിയും ദുർഗ്ഗയും സേതുവിൻറെ പാണ്ഡവപുരത്തിൽ

ഒന്ന്

ഇന്നലെ രാത്രിയിൽ, പതിവുള്ള മറ്റൊരു പേടിസ്വപ്നത്തിനുവേണ്ടി കാത്തുകിടക്കെ, അപൂർവമായ ചില ഓർമകളുടെ നിറപ്പകിട്ടുള്ള കുപ്പിച്ചില്ലുകൾ ചിതറിച്ചുകൊണ്ട് പാണ്ഡവപുരം എൻറെ മനസ്സിലേക്കു കടന്നുവന്നു. അഭയാർത്ഥിക്കോളനിയിലെ ദേവാലയത്തിലെ പ്രാർത്ഥനാമുറിയിലെ ഏഴു നിറങ്ങളിലുള്ള കണ്ണാടിക്കഷണങ്ങൾ പതിച്ചുവെച്ച ശരറാന്തൽ വീണുടഞ്ഞിരിക്കണം. ആദ്യം കണ്ടത്, ചുവന്ന തറയോടുകൾ പാകിയ മഞ്ഞച്ചായമടിച്ച തകരത്തിൻറെ മേൽക്കൂരകളുള്ള കുറെ കൊച്ചു കൊച്ചു വീടുകളാണ്. പിന്നെ പിറകിലായി അച്ചിൽ വാർത്തിട്ട മഞ്ഞനിറമുള്ള കെട്ടിടങ്ങളും. കോളനിക്കാകെ ഒരു മഞ്ഞ നിറമായിരുന്നു. ഫാക്ടറിയിലെ നീണ്ട പുകക്കുഴലുകൾ തുപ്പുന്ന വിഷവാതകം ശ്വസിച്ച് പഴുത്ത മുഖമുള്ള മനുഷ്യർ. ഫാക്ടറിയെ കോളനിയുമായി ബന്ധിക്കുന്ന കറുത്ത നിരത്തിൻറെ വക്കത്ത് മഞ്ഞവെളിച്ചം തുപ്പുന്ന വിളക്കുകാലുകൾ, കോളനിക്കു മുകളിൽ ഒരു വൃത്തികെട്ട മഞ്ഞപ്പുക ഒരു മേഘപടലംപോലെ തൂങ്ങിനിന്നിരുന്നു. പലപ്പോഴും അതിൻറെ രൂപവും വടിവും മാറിക്കൊണ്ടിരുന്നു. ചിലപ്പോൾ വായും പിളർന്നുനിൽക്കുന്ന മുക്കുവൻറെ ഭൂതമായി. ചിലപ്പോൾ സർവസംഹാരിയായ ദുർഗയായി. ചിലപ്പോൾ ധ്യാനത്തിലമർന്ന ശാന്തസ്വരൂപിണിയായ, നിസ്സംഗയായ അമ്മയായി. ആ ഭാവമാറ്റങ്ങൾക്കനുസരിച്ച് അടിമകളുടെ ഭാവവും മാറിക്കൊണ്ടിരുന്നു.

അസ്തമനം കഴിഞ്ഞിരുന്നു. കോളനിക്കു പിറകിലുള്ള മൈതാനത്തിൽ മൂടൽമഞ്ഞ് പരന്നിരുന്നു. മഞ്ഞുവീണു. നനഞ്ഞ പുൽപ്പരപ്പിലൂടെ ഞാൻ നടന്നു. തനിച്ച്, വളരെ തനിച്ച്. എൻറെ മുമ്പിൽ ഇരുട്ടും മൂടൽമഞ്ഞും കൂടിക്കുഴഞ്ഞ് അനേകം നനുത്ത മറകൾ തൂക്കിയിരുന്നു. മൈതാനത്തിൽ ആരുമുണ്ടായിരുന്നില്ല. ഞാൻ എന്നോടുതന്നെ ചോദിച്ചു. ദേവീ, നിനക്ക് പേടിയാവുന്നില്ലേ? ഈ രാത്രിയിൽ, തനിച്ച് ആൾപ്പെരുമാറ്റമില്ലാത്ത മൈതാനത്തിലൂടെ... എനിക്കുതന്നെ അതിനു മറുപടിയുണ്ടായിരുന്നില്ല. മൈതാനം മുറിച്ചുകടന്നു കമ്പിവേലി കെട്ടിത്തിരിച്ച ഓറഞ്ചുതോട്ടങ്ങളുടെ നടുവിലുള്ള നനഞ്ഞ പാതയിലൂടെ, എങ്ങോട്ടെന്നില്ലാതെ

ഞാൻ വീണ്ടും നടന്നുകൊണ്ടിരുന്നു. കുറെ നടന്നപ്പോൾ പെട്ടെന്നൊരു നടുക്കത്തോടെ തിരിഞ്ഞുനോക്കി. പിറകിൽ ഗേറ്റിൽ ചാരി, ആ കൊമ്പൻമീശക്കാരനായ കാവൽക്കാരൻ നില്പുണ്ടോ?

കൈയിൽ കിട്ടുന്ന ഓരോ കല്ലും കുപ്പിച്ചില്ലും ഓരോ കുടന്ന വായുവും പിന്നെ വേർതിരിച്ചറിയാവുന്ന ഗന്ധങ്ങളും ശബ്ദങ്ങളും നൽകുന്ന അറിവും ഒക്കെ ചേർത്തുവെച്ച് പാണ്ഡവപുരം മെനഞ്ഞുണ്ടാക്കാൻ പണിപ്പെടുമ്പോൾ മനസ്സ് വിങ്ങുന്നു. വർഷങ്ങൾക്കുമുമ്പ്, ഒരാഴ്ചത്തെ പരിചയം മാത്രമുള്ള മനുഷ്യൻറെ ഭാര്യയായി അവിടെ കാലുകുത്തിയത് അമ്പരപ്പോടെയാണ്. ഇന്നലെ രാത്രിയിൽ ഉറക്കംവരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ പാണ്ഡവപുരത്തെ ആ കറുത്ത് മെലിഞ്ഞ വണ്ടിക്കാരൻറെ വയസ്സൻകുതിരയുടെ കുളമ്പടിശബ്ദം കേട്ടു. മുളമ്പടി ചാടിക്കടന്ന് ഉറക്കെ കുളമ്പിട്ടടിച്ചുകൊണ്ട് കുതിര ഈ മുറ്റത്ത് വീടിനുചുറ്റും പലതവണ വലംവച്ചു. ജനാലക്കതക് തുറന്നുനോക്കാൻ ഭയമായിരുന്നു. കുതിരപ്പുറത്ത് അയാൾ, ആ വയസ്സനായ വണ്ടിക്കാരൻ, ഇരിപ്പുണ്ടാകുമെന്ന് ഉറപ്പായിരുന്നു. അയാളുടെ പേര് എന്നോ മറന്നുപോയിരുന്നു. പക്ഷേ, കറുത്തു നരച്ച തൊപ്പിക്കു താഴെ പീള കെട്ടിയ, ക്ലാവുപിടിച്ച കണ്ണുകളും വസൂരിക്കലകൾ പടർന്നുകിടക്കുന്ന മുഖവും ഇപ്പോഴും ഓർമയിൽ പറ്റിപ്പിടിച്ചുനിൽക്കുന്നു. അയാളെ മറക്കാൻ വയ്യ. അയാളുടെ വണ്ടിയിലാണ് ഞാനും കുഞ്ഞിക്കുട്ടേട്ടനും കുന്നിൻറെ ഉച്ചിയിലുള്ള ദേവീക്ഷേത്രത്തിൽ തൊഴാൻപോയത്.

കുന്നിൻമുകളിൽ കരിങ്കൽച്ചുവരുകൾക്കു നടുവിലുള്ള ശ്രീകോവിലിൽ, ചുവന്ന ഉടയാടകളണിഞ്ഞ് നെറുകയിൽ സിന്ദൂരമണിഞ്ഞ് ദേവി ചമ്രം പടിഞ്ഞിരുന്നിരുന്നു. ധ്യാനത്തിൻറെ അഗ്നിയിൽ അവളുടെ മുഖം പൊടുന്നനെ ജ്വലിച്ചു. സിന്ദൂരം പൊഴിഞ്ഞുവീണു. മുഖമാകെ ചുവന്നു. ആ തീയിൽ പാണ്ഡവപുരത്തെ ജാരന്മാർ ഓരോരുത്തരായി ഈയലുകൾപോലെ വന്നു വീണു കരിഞ്ഞു. അവൾ ആ ചാരമെടുത്ത് തങ്ങളുടെ പുരുഷന്മാർ നഷ്ടപ്പെട്ട ഭാഗ്യംകെട്ട സ്ത്രീകളുടെ നെറ്റിയിൽ തിലകം ചാർത്തി.

അവൾ പാണ്ഡവപുരത്തെ സുമംഗലികളായ സ്ത്രീകളുടെ രക്ഷകയായിരുന്നു. പാണ്ഡവപുരത്തു വന്നെത്തുന്ന ഓരോ വിവാഹിതയായ പെൺകുട്ടിയും അവളെ ആരാധിച്ചു. അവളോടു പ്രാർത്ഥിച്ചു. ദേവി, പാണ്ഡവപുരത്തെ ജാരന്മാരിൽനിന്ന് എന്നെ രക്ഷിക്കുക. അവരുടെ ആകർഷണ വലയങ്ങളിൽ കുടുങ്ങിപ്പോകാതിരിക്കാനുള്ള കരുത്തുതരിക.

എന്നിട്ടും പാണ്ഡവപുരത്തെ തെരുവുകളിലൂടെ ജാരന്മാർ പുളച്ചുനടന്നു; അനാഥകളായ പെൺകുട്ടികളുടെ ജീവിതം പന്താടാനായി.

ഇപ്പോൾ ആയിരം നാഴിക അകലെ ഈ ആളൊഴിഞ്ഞ പ്ലാറ്റ്ഫോമിൽ, അപരിചിതനായ വിരുന്നുകാരനെയും പേറിവരുന്ന വണ്ടിക്കുവേണ്ടി കാത്തിരിക്കുമ്പോൾ പാണ്ഡവപുരം എത്രയോ അകലെയാണെന്നു തോന്നിപ്പോകുന്നു.

തെല്ലൊരു നടുക്കത്തോടെ, വേദനയോടെ വീണ്ടും വീണ്ടും ഓർത്തു പോകുന്നു. പാണ്ഡവപുരം എത്രയോ അകലെയാണ്?

പോക്കുവെയിൽ തിളങ്ങുന്ന പാളങ്ങൾ. കമ്പിവേലികൾക്കപ്പുറം വെട്ടിയൊതുക്കിയ ചെമ്മൺപടവുകൾ അവസാനിക്കുന്നിടത്ത് നിരയായി പണിതിട്ട മഞ്ഞക്കെട്ടിടങ്ങൾക്കിടയിൽ എരുമകൾ അമറുന്നു. പുറകിൽ പ്രൈമറി സ്കൂളിൻറെ മുമ്പിലുള്ള മൺതിട്ടുകൾക്കും മഞ്ഞക്കെട്ടിടങ്ങൾക്കും മുകളിൽ പഴുത്തുവിങ്ങിയ ആകാശം.

ദിവസത്തിലൊരിക്കൽ ഓടിക്കിതച്ചെത്തുന്ന വണ്ടിയിൽനിന്നിറങ്ങുന്നവരിൽ പാണ്ഡവപുരത്തുനിന്നു വരുന്നവർ ആരും കാണില്ല. ഇവിടന്ന് പാണ്ഡവപുരത്ത് ഇരതേടിപ്പോയത് ഒരാൾ മാത്രം, എൻറെ കുഞ്ഞിക്കുട്ടേട്ടൻ.പുള്ളിപ്പശുക്കൾ മേയുന്ന പുൽമൈതാനത്തിനപ്പുറമുള്ള ഒരു കൊച്ചു തകരക്കൂരയാണ് പാണ്ഡവപുരത്തെ റെയിൽവേ സ്റ്റേഷൻ, ഫാക്ടറിക്കടുത്ത് വേറൊരു സ്റ്റേഷനുണ്ട്. മൈതാനത്തിനു പടിഞ്ഞാറ് അഭയാർത്ഥികളുടെ താവളങ്ങൾക്കും വടക്കൻ കുന്നുകൾക്കുമിടയിലുള്ള കൊച്ചുതടാകത്തിൽ മീനുകൾ വെട്ടിപ്പുളയുന്നതും നോക്കി കരയിൽ വെള്ളക്കൊക്കുകൾ തപസ്സുചെയ്യാറുണ്ടായിരുന്നു. പട്ടണത്തിലേക്കു ചരക്കുകളും കയറ്റിപോകുന്ന കാളവണ്ടികളുടെ കുടമണിശബ്ദവും കേട്ട്, ഞെട്ടിയുണർന്ന് പറന്നുപോകുന്ന കൊക്കുകൾ വീണ്ടും മടങ്ങിയെത്തുന്നത് ഏറെക്കഴിഞ്ഞ് സംശയത്തോടെയാണ്. കാരണം, മുമ്പൊരിക്കൽ തോക്കുകളേന്തിയ ചെറുപ്പക്കാരായ കുറെ സഞ്ചാരികൾ ആ തടാകക്കരയിൽ വന്നുപെട്ടിരുന്നു. അന്ന് തടാകത്തിലെ ഇരുണ്ട നിറമുള്ള വെള്ളത്തിൽ ചോര കലങ്ങി...

ചുവന്ന കുപ്പായമിട്ട, വലതുകാലിൽ ആണിയുള്ള വയസ്സൻ പോർട്ടർ തൂണിൽ തൂക്കിയിട്ട ഇരുമ്പുപാളത്തിൽ വാശിയോടെ അടിച്ചു. പാളങ്ങളിലേക്കു പകയോടെ കാറിത്തുപ്പി. ശബ്ദച്ചീളുകൾ തെറിച്ച് ഇരുമ്പുതുലാങ്ങളിൽ ചെന്നടിച്ച് ചിതറി, തകരക്കൂരയ്ക്കടിയിൽ ചേക്കേറിയിരുന്ന പ്രാവുകൾ ഉറക്കെ കുറുകിക്കൊണ്ട് പറന്നുപോയി. തിടുക്കംപിടിച്ച് യൂണിഫോമിൻറെ കുടുക്കുകളിട്ടുകൊണ്ട് ചുരുട്ടിപ്പിടിച്ച കൊടിയുമായി സ്റ്റേഷൻമാസ്റ്റർ അയാളുടെ ഗുഹയ്ക്കുള്ളിൽനിന്ന് പുറത്തുവന്നു. അയാളുടെ മുഖത്ത് ഉച്ചയുറക്കം തടസ്സപ്പെട്ടതിലുള്ള അരിശമായിരുന്നു. പീളകെട്ടിയ കണ്ണുകൾ തിരുമ്മി, ഉറക്കെകോട്ടുവായിട്ടുകൊണ്ട് അയാൾ ഗുരുവായൂരപ്പനെ വിളിച്ചു. ഇതിനകം ബഞ്ചുകളിലിരുന്ന് ഉറക്കംതൂങ്ങിയിരുന്ന അഞ്ചാറു യാത്രക്കാർ ഞെട്ടിയുണർന്നിരുന്നു. അവർ ചാടിയെഴുന്നേറ്റ് പ്ലാറ്റ്ഫോമിൻറെ അറ്റത്ത് പോയി വടക്കോട്ടു നോക്കിനില്പായി. ദൂരെ, കമ്പിത്തൂണുകൾക്കപ്പുറം ഒരു കറുത്ത വട്ടം തെളിഞ്ഞു. പിന്നെ, പെട്ടെന്ന് വലിപ്പംവെച്ച്, പുക തുപ്പി, ഇരുണ്ട മുഖത്തോടെ, മറ്റേതോ ഗ്രഹത്തിൽനിന്നുള്ള രഹസ്യസന്ദേശവുമായിവരുന്ന ദൂതനെപ്പോലെ, കുളമ്പിട്ടടിച്ചു നീങ്ങിവന്നു.

താവളമെത്തിയ ആശ്വാസത്തോടെ, അമ്പരപ്പോടെ വണ്ടിനിന്നു.

കുറെപ്പേർ ഇറങ്ങി. ചോറ്റു പാത്രങ്ങളുമായി കാലത്തെ വടക്കോട്ടു പണിക്കുപോയവർ. അഞ്ചാറു സ്കൂൾകുട്ടികൾ. മീൻകുട്ടകളേന്തിയ മാപ്പിളമാർ, ജമന്തിപ്പൂക്കൾ ചൂടിയ, മൂക്കുത്തിയിട്ട, പുകയിലയുടെ മണം പരത്തുന്ന കറുത്ത തമിഴത്തികൾ.

ദേവി ബെഞ്ചിൽനിന്ന് അനങ്ങിയതേയില്ല. പക്ഷേ, കണ്ണുകൾ അറിയാതെ ആൾക്കൂട്ടത്തിൽ തിരയുന്നുണ്ടായിരുന്നു. അക്കൂട്ടത്തിൽ പാണ്ഡവപുരത്തു നിന്നു വരുന്ന ഒരാളുണ്ടോ? കഴുത്തോളം നീട്ടിവളർത്തിയ മുടി. അയഞ്ഞു നീണ്ട കാവി ജുബ്ബ. കറുത്ത കാലുറ, ഞരമ്പുകൾ പിടച്ചുനിൽക്കുന്ന, കറുത്ത ദൃഢമായ കൈകൾ. സിഗരറ്റിൻറെ കറവീണ് നീണ്ട വിരലുകൾ, ജാരൻറെ തുളച്ചുകയറുന്ന കണ്ണുകൾ. ജാരൻറെ സ്ഥായിയായ മുഖഭാവം. എന്താണയാളുടെ പേര്? ഓർമയില്ല. പക്ഷേ, തൊഴിലറിയാം. അയാൾ പാണ്ഡവപുരത്തെ മിടുക്കന്മാരായ ജാരന്മാരിലൊരാളായിരുന്നു. പുതുതായി കല്യാണം കഴിച്ച്, വിടർന്ന കണ്ണുകളോടെ, അമ്പരപ്പോടെ, ആദ്യമായി പാണ്ഡവപുരത്ത് വന്നെത്തുന്ന നാടൻപെൺകുട്ടികൾക്ക് അയാളൊരു ഭീഷണിയായിരുന്നു. രാത്രിയിൽ തൊട്ടടുത്ത വീട്ടിലെ ജനാലയ്ക്കരികിൽ സിഗരറ്റും പുകച്ചുകൊണ്ട് തിളങ്ങുന്ന കണ്ണുകളോടെ തൻറെ കിടപ്പുമുറിയിലേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ടു നിൽക്കാറുണ്ടായിരുന്ന ചെറുപ്പക്കാരൻ.

പാണ്ഡവപുരത്തെ പല കുടുംബങ്ങളും തകർത്ത ജാരന്മാരിലൊരാൾ.

വണ്ടിയിൽനിന്ന് ഇറങ്ങിയവർ ഉറക്കെ സംസാരിച്ചുകൊണ്ടു ഗേറ്റും കടന്നു പോയി. കയറേണ്ടവർ കയറി. പ്ലാറ്റ്ഫോമിൽ ആളൊഴിഞ്ഞു. വീണ്ടും മണിയടിച്ചു. വണ്ടി കൂവി. സ്റ്റേഷൻമാസ്റ്റർ തല കുടഞ്ഞ്, കോട്ടുവായിട്ട് ഗുരുവായൂരപ്പനെ വിളിച്ചുകൊണ്ട് പച്ചക്കൊടി കാട്ടി. മറ്റൊരു ചടങ്ങുകൂടി കഴിച്ചുകൂട്ടിയ ആശ്വാസത്തോടെ അയാൾ പതുക്കെ വീണ്ടും തൻറെ ഗുഹയിലേക്കു നൂണ്ടു കയറി. തുടികൊട്ടിക്കൊണ്ട് വണ്ടി ഇഴഞ്ഞു നീങ്ങിപ്പോയി. അതു ബാക്കിയിട്ട പുക മാത്രം അലിയാതെ ഒഴുകിനടന്നു.

ഇല്ല, ഈ വണ്ടിയിലുമില്ല. നാളെയോ? നാളെയെങ്കിലും വരാതിരിക്കുമോ? ഒരുപക്ഷേ, അയാളിപ്പോൾ വണ്ടിയിലായിരിക്കും. രണ്ടു പകലും രണ്ടു രാവും വണ്ടിയിലിരിക്കുമ്പോൾ മുഷിഞ്ഞുതുടങ്ങിയ മനസ്സുമായി, ഒരു ജാരനാകുക എന്ന നിയോഗവുംപേറി ജനിക്കേണ്ടിവന്ന തൻറെ തലവിധിയെ ശപിക്കുകയായിരിക്കും. അയാൾ വരട്ടെ. പതുക്കെ വരട്ടെ. ഇവിടെ വരാതെ എവിടെപ്പോകുന്നു? അയാളുടെ നീക്കങ്ങളെ നിയന്ത്രിക്കുന്ന നേർത്ത ചരടുകൾ ഇതാ ഈ വിരൽത്തുമ്പുകളിലാണ്.

അയാളെ ഞാൻ ആവാഹിച്ചുവരുത്തുകയാണ്, പാണ്ഡവപുരത്തുനിന്ന്.

ദേവി മെല്ലെ എഴുന്നേറ്റു. സാരിയൊതുക്കി കുടയുമെടുത്ത് ഗേറ്റിനടുത്തേക്കുനടന്നു. ഗേറ്റിൽ കൈയും നീട്ടിനിന്നിരുന്ന വെള്ളക്കുപ്പായമിട്ട, കറുത്തു മെലിഞ്ഞ ടിക്കറ്റ് കളക്ടറെ കാണാത്തമട്ടിൽ നടക്കാൻ തുടങ്ങുകയായിരുന്നു. അയാൾ പെട്ടെന്ന് മുമ്പിൽ കയറിനിന്നിട്ടു ചോദിച്ചു:

'തെക്കേപ്പുറം സ്കൂളിലെ ടീച്ചറല്ലേ?'

അവൾ വെറുതെ തലയാട്ടി.

'ദേവിട്ടീച്ചറെന്നല്ലേ പേര്?'

അതെങ്ങനെ മനസ്സിലായി എന്നമട്ടിൽ അവൾ മുഖമുയർത്തി നോക്കി. അയാൾ ചിരിക്കുകയായിരുന്നു.

'എൻറെ മോള് ടീച്ചറുടെ ക്ലാസ്സിൽ പഠിക്കുന്നുണ്ട്. പി.കെ. മാലതി.'

'അറിയാം.' അവൾ പിറുപിറുത്തു.

'മാലു എപ്പഴും പറയാറുണ്ട് ടീച്ചറുടെ കാര്യത്തെപ്പറ്റി.'

'ഉം.'

'ഒന്നു ചോദിച്ചോട്ടെ, തെറ്റിദ്ധരിക്കരുത്. ടീച്ചറെന്തിനാ ദിവസേന വണ്ടി വരുന്ന സമയത്ത് ഇവിടെ വന്നിരിക്കുന്നത്? ആരെങ്കിലും വരാനുണ്ടോ? മിക്ക ദിവസോം കാണാറുണ്ട്. കുറെ നാളായി ചോദിക്കണംന്ന് വിചാരിക്കുന്നു.' അയാളുടെ ശബ്ദത്തിൽ തെറ്റിദ്ധരിക്കപ്പെട്ടേക്കുമോ എന്ന ഭയമായിരുന്നു.

'വെറുതെ', അവൾ മുന്നോട്ട് രണ്ടു ചുവടുവെച്ചപ്പോൾ അയാൾ ഒഴിഞ്ഞു മാറിയെങ്കിലും വെയിറ്റിങ്ങ്റൂമിൻറെ അറ്റംവരെ പുറകെ ചെന്നു.

'ആരെങ്കിലും വരാൻണ്ടോ?' അയാൾ ചോദ്യം ആവർത്തിച്ചു.

'ഉണ്ടാവുമായിരിക്കും.'

'അതല്ല. ഞാൻ ചോയ്ച്ചതെന്താന്നുവച്ചാൽ...'

അയാൾ തെല്ലൊരു ജാള്യതയോടെ തുടർന്നു:'ടീച്ചറുടെ അത്ര അടുപ്പത്തില് വല്ലോരും വരാനുണ്ടാവും, അല്ലേ?'

പറയാനുള്ള മറുപടി ഉള്ളിൽ തികട്ടിവന്നു. ഉണ്ട്. ഒരാൾ വരാനുണ്ട്, എൻറെ ജാരൻ.

അവൾ പെട്ടെന്ന് പടവുകളിറങ്ങി.

'വെറുതെ ചോദിച്ചതാണ്, കേട്ടോ?' പുറകിൽ അയാളുടെ ശബ്ദം കേട്ടു.

ആൽച്ചുവട്ടിൽ മതിലിനടുത്തായി നിറുത്തിയിരുന്ന ഒരു ടാക്സിയിലിരുന്ന രണ്ടു പേർ അവളെ ചൂണ്ടിക്കാട്ടി എന്തോ പറയുന്നത് ശ്രദ്ധിക്കാതെ അവൾ വേഗം നടന്നു.

സ്റ്റാൻഡിൽ, വണ്ടിയിൽ വരുന്ന യാത്രക്കാരെയും കാത്തുകിടക്കുകയായിരിക്കും ബസ്സ്. അതു കിട്ടിയില്ലെങ്കിൽ അഞ്ചാറു നാഴിക നടക്കണം. വീട്ടിലെത്തുമ്പോഴേക്കും ഇരുട്ടും.

അവൾ തിടുക്കംപിടിച്ചു നടന്നു.

രണ്ട്

കുന്നുകളുടെ വിടവിലൂടെ മുഖംകറുപ്പിച്ച ആകാശം താഴോട്ടിറങ്ങി വന്നു. ചാഞ്ഞുവീഴുന്ന മഴനാരുകളെ ചീറ്റിപ്പറത്തിക്കൊണ്ട്, കലിപൂണ്ട്, വിറകൊണ്ട്, മുടിയഴിച്ചാടി അവൾ കുന്നിൻചരിവിലൂടെ ഇറങ്ങി. അവളുടെ അലർച്ചകേട്ട, അവളുടെ ചിലമ്പൊലികേട്ട് മാമരങ്ങൾ വിറച്ചു. പൊന്തക്കാടുകളിൽ പതിയിരുന്ന കുറുക്കന്മാർ ഞെട്ടിപ്പിടഞ്ഞ് ഓരിയിട്ടു. അവളുടെ മൂക്കുത്തിയുടെ തിളക്കം ഇടിവാളായി പാഞ്ഞുപോയി. അവളുടെ കാലടികൾ പതിഞ്ഞ വിഷമുള്ളുകളിൽനിന്ന് കൊടുംവിഷം ഒലിച്ചിറങ്ങി. അവളുടെ കടവായിലൂടെ ഒലിച്ചിറങ്ങിയ ചോരത്തുള്ളികൾ തെറിച്ചുവീണ് തെച്ചികൾ പൂത്തു. കനത്തുവരുന്ന മഴയുടെ ശരവ്യൂഹം പിളർന്നുകൊണ്ട് അവൾ മദിച്ചിറങ്ങി. അവളുടെ മദംപൂണ്ട ശരീരത്തിൻറെ തീക്ഷണമായ ചൂടിൽ, അലിഞ്ഞു തീരുന്ന പകലിൽ, വിയർപ്പുതുള്ളികൾ ഉരുണ്ടുകൂടി...

മഴ പെയ്തൊഴിഞ്ഞ, കാറ്റിൻറെ പോരൊടുങ്ങിയ ഈ സായാഹ്നത്തിൽ, അന്തിച്ചുവപ്പിലൂടെ, മേഘങ്ങൾക്കിടയിലൂടെ ആ വയസ്സൻകുതിരയുടെ പുറത്ത് സവാരിചെയ്തുവരുന്ന ചെറുപ്പക്കാരനായ രാജകുമാരനെ കാണാം. കിന്നരിത്തലപ്പാവിനു താഴെ തുടുത്ത മുഖം. താഴോട്ടുതുങ്ങിയ നനുത്ത മീശ. ഏഴു നിറങ്ങൾ വിരിയിക്കുന്ന വജ്രകുണ്ഡലങ്ങൾ. നനഞ്ഞ ചുണ്ടുകൾ വീഴ്ത്തിയ വിഷക്കറ മായാതെകിടക്കുന്ന നീണ്ട കഴുത്ത്.

അല്ല, അല്ല. എവിടെയോ തെറ്റുന്നു. എല്ലാം ഒന്നുകൂടി പെറുക്കിയെടുക്കട്ടെ. കൈയിൽ കിട്ടുന്ന ഓരോ കല്ലും കുപ്പിച്ചില്ലും ഓരോ കുടന്ന വായുവും പിന്നെ വേർതിരിച്ചറിയാവുന്ന ഗന്ധങ്ങളും ഒക്കെ കൂട്ടിച്ചേർത്ത് ഒരു രൂപം മെനഞ്ഞുണ്ടാക്കട്ടെ. അയഞ്ഞുനീണ്ട കാവിജുബ്ബ. കറുത്ത കാലുറ, ഞരമ്പുകൾ പിടച്ചുനിൽക്കുന്ന കറുത്ത ദൃഢമായ കൈകൾ, സിഗരറ്റിൻറെ കറവീണ് നീണ്ട വിരലുകൾ, കൈകൾ ആഞ്ഞുവീശി ഇടത്തോട്ട് അല്പം ചരിഞ്ഞുള്ള നടപ്പ്.

ക്ഷീണിച്ചു മുഷിഞ്ഞ മുഖത്ത് കത്തിനിൽക്കുന്ന രണ്ടു കണ്ണുകൾ. ജാരൻറെ കണ്ണുകൾ.

അതെ, അങ്ങനെയൊക്കെത്തന്നെ.

കാണാവുന്ന വിതാനങ്ങളും കടന്ന് പറന്നുപറന്നു പോകുമ്പോൾ എവിടെയോ കിന്നരിത്തലപ്പാവിനു താഴെയുള്ള തുടുത്ത മുഖം കലങ്ങിപ്പോകുന്നു. വട്ടം വീശിപ്പടരുന്ന ഓളങ്ങൾക്കിടയിൽനിന്ന് കത്തിനിൽക്കുന്ന രണ്ടു കണ്ണുകൾ തെളിഞ്ഞുവരുന്നു.

അതെ, അതൊക്കെ സത്യമാണ്. സങ്കല്പത്തിനും സത്യത്തിനുമിടയ്ക്കുള്ള നേർത്ത വരമ്പുകൾ ഞാൻ എന്നേ തകർത്തുകളഞ്ഞിരിക്കുന്നു! സത്യത്തെ സങ്കല്പമാക്കാനും സങ്കല്പത്തെ സത്യമാക്കാനുമുള്ള ആ അപൂർവമായ കഴിവ് ഇപ്പോൾ എന്നെ രസിപ്പിക്കുന്നതുകൂടിയില്ല.

പക്ഷേ, ഇവിടെ, ഇങ്ങനെ ഞാൻ ആണിയടിച്ചുറപ്പിക്കട്ടെ. വടിവു നഷ്ടപ്പെടുന്ന സങ്കല്പങ്ങൾ അലയുന്ന ഓർമകളെ എങ്ങും കൊണ്ടെത്തിക്കുന്നില്ല. അതുകൊണ്ട് ഏറെ പണിപ്പെട്ട് ഞാനെൻറെ സങ്കല്പങ്ങൾക്ക് വടിവുണ്ടാക്കട്ടെ. അവയിലേക്കു നിറങ്ങളും ഗന്ധങ്ങളും കയറ്റട്ടെ.

അയഞ്ഞുനീണ്ട കാവിജുബ്ബ. കറുത്ത കാലുറ, ഞരമ്പുകൾ പിടച്ചു നിൽക്കുന്ന കറുത്ത ദൃഢമായ കൈകൾ. ക്ഷീണിച്ചു മുഷിഞ്ഞ മുഖത്ത് കത്തിനിൽക്കുന്ന കണ്ണുകൾ.

അവൻറെ വരവ് ആകാശത്തുകൂടിയല്ല. അവൻറെ കാലുകൾ എപ്പോഴും മണ്ണിൽ തൊടുന്നവയാണ്. വല വീശി കുരുക്കാനും കീഴടക്കി അടിമയാക്കാനുംവേണ്ടി ജനിച്ചവൻ.

എല്ലാം ഞാൻ അടക്കിയിടുകയാണ്. എന്തിനുവേണ്ടി അവനായി നിത്യവും കാത്തിരിക്കുന്നുവെന്ന് എനിക്കുതന്നെ രൂപമില്ല. എന്തിനുവേണ്ടി എല്ലാ മാസ്മരശക്തിയും മാടിയൊതുക്കി അവനെ ആവാഹിച്ചുവരുത്താൻ ഞാൻ വെമ്പൽകൊള്ളുന്നുവെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ.

പക്ഷേ, അവൻറെ, ആ വേട്ടക്കാരൻറെ കണ്ണുകൾ!

കുന്നിൻചരിവിലൂടെ അലറിയിറങ്ങിയ ദേവിയുടെ രൂപം ഇപ്പോൾ എൻറെ കൺമുമ്പിലില്ല. മഴ പെയ്തൊടുങ്ങിയിരിക്കുന്നു. കാറുകൾ ഇരുണ്ട വിതാനങ്ങളിൽ അഭയം തേടിക്കഴിഞ്ഞു.

ഞാൻ അവൻറെ വരവിനു വഴിയൊരുക്കട്ടെ.

അവൻറെ ചുവന്ന കാലുത്തികൾ മണ്ണിൽ തൊടുന്നത് എനിക്കിപ്പോൾ കാണാം.

അത്താണിക്കരികിൽ ഒരു ഞരക്കത്തോടെ ടാക്സി നിന്നു. നിരത്തുവക്കിൽ കൂട്ടിയിട്ടിരിക്കുന്ന ചരലിൽ കുന്തിച്ചിരിക്കുന്ന ചെറുപ്പക്കാരൻ ബീഡി വലിച്ചെറിഞ്ഞിട്ട് ഇരുന്നയിരിപ്പിൽനിന്ന് അനങ്ങാതെ തല ചെരിച്ചുനോക്കി.

കളരിപ്പാടത്തെ കുഞ്ഞിക്കുട്ടൻറെ വീടേതാണെന്ന് ചോദിക്കൂ.' യാത്രക്കാരൻ ഡ്രൈവറോടു പറഞ്ഞു.

ഡ്രൈവർ ചെറുപ്പക്കാരനോടു ചോദിച്ചു:

'കളരിപ്പാടത്തെ കുഞ്ഞിക്കുട്ടൻറെ വീടേതാണ്?'

ചെറുപ്പക്കാരൻ തലയിൽക്കെട്ടഴിച്ച് കുടഞ്ഞ്, താടി ചൊറിഞ്ഞ്, തല ചൊറിഞ്ഞ് ഒരു നിമിഷം ആലോചിച്ചിട്ട് പറഞ്ഞു:

‘കളരിപ്പാടത്തുകാര് ഇവിടെ നാലഞ്ചു വീട്ടുകാരുണ്ടല്ലോ. അതില് കുഞ്ഞിക്കുട്ടൻമാഷ്ടെ വീടേതാണെന്ന് എനിക്കറിയില്ല.’

‘വടക്ക് പാണ്ഡവപുരത്ത് ജോലിക്കുപോയ കുഞ്ഞിക്കുട്ടൻ.’

‘എന്തു പുരമോ ആവോ ആർക്കറിയാം, അതൊക്കെ.’ ചെറുപ്പക്കാരൻ കൈമലർത്തി: ‘ഇവിടെ പൊറത്തുപോയ കുറെ പട്ടാളക്കാരുണ്ട്. അവരൊക്കെ ഇപ്പോ എവട്യാന്ന് ആർക്കാ നിശ്ശം?’

‘കുഞ്ഞിക്കുട്ടൻ പട്ടാളത്തിലായിരുന്നില്ല, ഫാക്ടറിയിലായിരുന്നു.’ യാത്രക്കാരൻ തല പുറത്തേക്കിട്ട് തെല്ലൊരസഹ്യതയോടെ വിശദീകരിക്കാൻ നോക്കി.

‘കുഞ്ഞിക്കുട്ടൻറെ നെറ്റിയിൽ മുറിവിൻറെ ഒരു വലിയ പാടുണ്ടായിരുന്നു. നടക്കുമ്പോൾ ഇടത്തോട്ട് അല്പം ചെരിഞ്ഞാണ് നടക്കുക...’

ചെറുപ്പക്കാരന് അതുകേട്ടപ്പോൾ ചിരിയാണ് വന്നത്. മടിക്കുത്തിൽ നിന്ന് ഒരു ബീഡിയെടുത്ത് കത്തിച്ചുകൊണ്ട് അയാൾ എഴുന്നേറ്റു:

‘അങ്ങനെയൊക്കെ പറഞ്ഞാല് ആർക്കാ പിടികിട്ട്വാ മാഷേ? മാഷൊന്നു നിക്കിൻ. ഞാൻ ആ മുറുക്കാൻ കടേലൊന്നു ചോദിച്ചിട്ടു വരാം.’

ടാക്സിഡ്രൈവർ ഇതിനിടയിൽ പുറത്തിറങ്ങി. അത്താണിയിൽ കൊത്തിവെച്ചിരിക്കുന്ന പൂപ്പൽപിടിച്ച മാഞ്ഞുതുടങ്ങിയ അക്ഷരങ്ങൾ വായിക്കാൻ പണിപ്പെടുകയായിരുന്നു. ഇത്തിരിനേരം പാടുപെട്ടിട്ട് അയാൾ കൂട്ടിവായിച്ചു:

‘കളരിപ്പാടത്ത് കുഞ്ഞുണ്ണിമേനോൻ അവർകൾ വഹ.’

‘അത് കുഞ്ഞിക്കുട്ടൻറെ മുതുമുത്തച്ഛനായിരുന്നു.’ യാത്രക്കാരൻ പറഞ്ഞു: ‘വലിയ പ്രതാപശാലിയായിരുന്നു മൂപ്പർ. ഒരുകാലത്ത് കളരിപ്പാടത്തുകാർ ദേശം മുഴുവൻ അടക്കിവാണവരാണ്. തിന്നും കുടിച്ചും സംബന്ധവീട്ടിൽ കൊണ്ടു പോയി കൊടുത്തും എല്ലാം തുലച്ചു. അല്ലെങ്കിൽ കുഞ്ഞിക്കുട്ടന് ഒരു ജോലിക്കുവേണ്ടി അലഞ്ഞുതിരിഞ്ഞ് പാണ്ഡവപുരത്ത് വന്നുപെടേണ്ട ഒരു കാര്യവുമില്ലായിരുന്നു. എന്നോട് എല്ലാം പറഞ്ഞിട്ടുണ്ട്, കുഞ്ഞിക്കുട്ടൻ.... എനിക്കെല്ലാമറിയാം.’

അപ്പോഴേക്കും ചെറുപ്പക്കാരൻ മുറക്കാൻകടക്കാരനുമായി മടങ്ങിവന്നിരുന്നു. ചുവന്ന വായിലെ തേഞ്ഞുതുടങ്ങിയ പല്ലുകൾ പുറത്തുകാട്ടിക്കൊണ്ട് വെന്തിങ്ങയിട്ട മാപ്ല പറഞ്ഞു:

‘മാഷ് പറയണ വീട് ഏതാന്നു മനസ്സിലായില്ല. കളരിപ്പാടത്തുകാരുതന്നെ ഇവിടെ അഞ്ചെട്ടു താവഴിക്കാരുണ്ട്. തറവാട്ടു ഭാഗംവെച്ചപ്പോ ഓരോരുത്തരും ഓരോ വഴിക്കായി. അവരുതന്നെ തമ്മിൽത്തമ്മില് അറിയോന്ന് സംശയാണ്. മാഷ് എവിടന്നു വര്വാ?’

‘ഞാൻ വടക്ക് പാണ്ഡവപുരത്തുനിന്ന് വര്വാണ്. കുഞ്ഞിക്കുട്ടൻറെ ജോലിസ്ഥലത്തുനിന്ന്. കുഞ്ഞിക്കുട്ടൻറെ വീട്ടിൽപോയിട്ട് ഇത്തിരി കാര്യമുണ്ടായിരുന്നു.’

‘മാഷൊരു കാര്യം ചെയ്യൂ. ഈ കളരിപ്പാടത്തുകാരില് ഇത്തിരി പച്ച പിടിച്ച ഒരു കൂട്ടരുണ്ട്. അവിടെ സംബന്ധംചെയ്ത ഉണ്ണിമേനോൻ മാഷോടു ചോദിച്ചാൽ

വിവരമറിയാം. അങ്ങേര് തെക്കേപ്പുറം സ്കൂളിലെ മാഷാണ്. കര യോഗത്തിൻറെ പ്രസിഡണ്ടാണ്. ഇവിടത്തെ എല്ലാ നായന്മാരേം മൂപ്പരറിയും.'

'അങ്ങേരടെ താമസം?'

'കളരിപ്പാടത്തെ തറവാട്ടിലാണ്. പഴയ വീടൊക്കെ തട്ടിപ്പൊളിച്ച് വാർത്ത് മൂപ്പരങ്ങ് ജോറാക്കിയില്ലേ! ദാ നേരേ പോയാൽ മതി.'മാപ്ല തെക്കോട്ട് വിരൽ ചൂണ്ടി, കരിങ്കൽച്ചില്ലുകൾ ചിതറിക്കിടക്കുന്ന കുണ്ടും കുഴിയുമുള്ള വടിവില്ലാത്ത നിരത്ത്. 'അപ്പുട്ടൻവൈദ്യര്ടെ വൈദ്യശാലേടെ അടുത്തൂന്ന് പടിഞ്ഞാട്ട് തിരിയണം. ഇത്തിരി പോവുമ്പോ ഒരമ്പലോം ആൽത്തറേം കാണും. ആൽത്തറ ചുറ്റി പിന്നേം തെക്കോട്ടു പോകണം. അതായത്, അമ്പലക്കുളത്തിൻറെ സൈഡീക്കൂടി....'

'അധികം പോണ്ട.' ചെറുപ്പക്കാരൻ ഇടയിൽക്കയറി പറഞ്ഞു: 'ഇടതുവശത്തായിട്ട് വെള്ളപൂശിയ ഒരു മതിലും പടിപ്പുരയും കാണാം. വീട് തെറ്റില്ല. മതിലിൻറെ മോളീക്കൂടി മുറ്റത്തെ ചെമ്പരത്തിക്കാട് കാണാം. അതാ ഉണ്ണി മേനോൻമാഷടെ വീട്.'

'ഈ വഴീക്കൂടിയൊക്കെ വണ്ടി പോവോ?' ഡ്രൈവർ തെല്ലു സംശയത്തോടെ ചോദിച്ചു.

'വണ്ടി പോവോന്നോ? നല്ല കാര്യായി!' ചെറുപ്പക്കാരൻ ചിരിച്ചു. ഉണ്ണി മേനോൻമാഷ് കരയോഗത്തിൻറെ പ്രസിഡണ്ടാണ്. അടുത്ത തവണ പഞ്ചായത്ത് പ്രസിഡണ്ടിന് നിക്കാൻപോണ ആളാണ്....'

വണ്ടി നീങ്ങി.

ഒരു സിഗരറ്റ് കത്തിച്ചുകൊണ്ട് യാത്രക്കാരൻ ഡ്രൈവറോടു ചോദിച്ചു:

'ഈ വണ്ടി നിങ്ങളുടെ സ്വന്തമാണോ?'

'അല്ല സർ. അയമുകുട്ടി ഹാജീട്യാണ്.'

'നല്ല ഓട്ടമുണ്ടോ?'

'എന്ത് ഓട്ടം സാർ? ഡ്രൈവർ നെടുവീർപ്പിട്ടു.'ഇവിടങ്ങളില് ആരാ സാർ ടാക്സി വിളിക്കുക! വല്ലപ്പഴാണ് ആരെങ്കിലും വണ്ടീല് വന്നെറങ്ങുക. ഇങ്ങട്ട് വരാൻ പ്രൈവറ്റ് ബസ്സുണ്ട്. കൊറെ കാത്തുനിന്നാലും എഴുപതു പൈസ കൊടുത്താൽ മതില്ലോ. അപ്പൊപ്പിന്നെ ആർക്കുവേണം ടാക്സി? ദിവസോം കാലത്ത് ഒരു ഡ്യൂട്ടിപോലെ സ്റ്റേഷൻറെ മുമ്പില് വണ്ടി കൊണ്ടന്നിടും. വല്ലതും തടഞ്ഞാലായി... പിന്നെ, ഹാജ്യാർക്ക് സ്വന്തം ഓട്ടംതന്നെ ജാസ്തീണ്ട്ന്ന് വെക്ക്യാ.'

അപ്പുക്കുട്ടൻ വൈദ്യര്ടെ വൈദ്യശാല കണ്ടു. അവിടന്ന് പടിഞ്ഞാറോട്ടു തിരിഞ്ഞു.

പഴയ അമ്പലം. ആനപ്പന്തലിൻറെ കഴുക്കോലുകൾ ഒടിഞ്ഞുതൂങ്ങി നിൽക്കുന്നു. ആൽത്തറയിൽ ചിതറിക്കിടക്കുന്ന കാക്കകാഷ്ഠത്തിനിടയിൽ, മുടി നീട്ടിവളർത്തിയ രണ്ടു ചെറുപ്പക്കാർ ചടഞ്ഞിരിപ്പുണ്ട്. പുറകിൽ, പാട്ടക്കഷണത്തിൽ കരികൊണ്ടെഴുതിയ ചൂണ്ടുപലക 'വിജയകേരള ട്യൂട്ടോറിയൽ കോളേജ്.'

വണ്ടി വളവുതിരിഞ്ഞ്, ഒരു ഇടവഴിയിൽ കയറി. ഇരുവശത്തും മുള്ളുവേലികൾ. ഒരു കാറിന് കഷ്ടിച്ച് പോകാനുള്ള വീതിയേയുള്ളൂ. എതിരെ മീൻകുട്ടയുമായിവന്ന അരയത്തി ഇത്തിരിനേരം പകച്ചിട്ടു പ്രാകിക്കൊണ്ട്, മുള്ളുവേലിയോടു ചേർന്നുനിന്ന്, വണ്ടിക്കുപോകാൻ ഇടമുണ്ടാക്കി.

ഇടവഴിയിൽനിന്നു വീണ്ടും തിരിഞ്ഞ് വെളിമ്പറമ്പിലേക്കു കയറി. പുതുതായി വെള്ളപൂശിയ മതിൽ, പുതുക്കിപ്പണിത പടിപ്പുര. മതിലിനു മുകളിൽ വിരിഞ്ഞുനിൽക്കുന്ന ചെമ്പരത്തിപ്പൂക്കൾ.

'ഇതായിരിക്കും സാർ വീട്' ഡ്രൈവർ പറഞ്ഞു. യാത്രക്കാരൻ ഇറങ്ങി.

വണ്ടിയുടെ ശബ്ദം കേട്ടിട്ടായിരിക്കണം, പടിപ്പുര വാതിൽതുറന്ന് ആരോ പുറത്തേക്ക് എത്തിനോക്കി.

'ഉണ്ണിമേനോൻമാഷ്ടെ വീട് ഇതാണോ?' യാത്രക്കാരൻ ചോദിച്ചു.

'അതെ.'

പടിപ്പുരവാതിൽ മുഴുവനും തുറന്ന് അയാൾ പുറത്തേക്കുവന്നു. അല്പം നരവീണ കുറ്റിത്തലമുടിയുള്ള തടിയൻ, കൂട്ടുപുരികങ്ങൾ. വലിയ മുലകൾ. വലിയ കുടവയറ്. പൊക്കിളിൻറെ സ്ഥാനത്ത് ഒരു മുഴ. കഴുത്തിൽ നീളത്തിലുള്ള പുലിനഖം കെട്ടിയ മണിമാല.

നിൽക്കൂ, ഒരു ശത്രുവിൻറെ മുഖം, എൻറെ ഉള്ളിൽ നുരഞ്ഞുപൊങ്ങുന്ന വെറുപ്പിൽ ചാലിച്ച്, എല്ലാ ഭീകരതയുമോടെ വരച്ചെടുക്കാൻ എനിക്ക് കെല്പുണ്ടോ? അല്ലെങ്കിൽ ഇറവെള്ളം ഒലിച്ചിറങ്ങി പൂപ്പൽപൊതിഞ്ഞ അമ്പലച്ചുവരിൽ, കരികൊണ്ടു കോറിയിട്ട അനേകം മുഖങ്ങളിൽ ഒന്നു ഞാൻ ആ മനുഷ്യന് സമ്മാനിക്കട്ടേ? പക്ഷേ, ഉണ്ണിമേനോൻമാഷ്ക്ക് ഉറച്ച ഒരു മുഖമുണ്ടല്ലോ. എന്നാലും, ഒരേ മുഖം പലരും പല തരത്തിലാണ് കാണുന്നതെന്ന് തോന്നിപ്പോകുന്നു. എൻറെ പ്രിയപ്പെട്ടവൻറെ മുഖത്തേക്ക് കാർക്കിച്ചുതുപ്പാനും കാണും ആളുകൾ, അല്ലെങ്കിൽത്തന്നെ മുഖവും മനുഷ്യനും തമ്മിൽ എന്തു ബന്ധം? പൊയ്മുഖങ്ങൾ അടർത്തിയെടുത്തുകളയാൻ കെല്പുള്ളവരാണോ നമ്മൾ?

അതുകൊണ്ട് ഉണ്ണിമേനോൻമാഷ്ക്ക് അങ്ങേരുടെ മുഖംതന്നെ കൊടുക്കുകയാണ് ഞാൻ.

'ഉണ്ണിമേനോൻമാഷല്ലേ?' യാത്രക്കാരൻ ചോദിച്ചു.

'അതെ.... എനിക്ക് മനസ്സിലായീല്ലാ, ട്ടോ.'

'ഞാൻ കളരിപ്പാടത്ത് കുഞ്ഞിക്കുട്ടൻറെ വീടന്വേഷിച്ചുവന്നതാണ്.'

'കുഞ്ഞിക്കുട്ടനോ?' ഉണ്ണിമേനോൻറെ പുരികങ്ങൾ വളഞ്ഞു. കുറ്റിമീശ തലോടിക്കൊണ്ട് അയാൾ ഇത്തിരിനേരം എന്തോ ഓർത്തുകൊണ്ടുനിന്നു.

'അങ്ങ് വടക്ക്, പാണ്ഡവപുരത്ത്, ജോലിയുള്ള ആള്...'

‘ഉവ്വ്വ്! മനസ്സിലാവാഞ്ഞിട്ടല്ല. അതിനിപ്പൊ കുഞ്ഞിക്കുട്ടൻ ഇവിടെയില്ലല്ലോ. എവിട്യാന്ന് ആർക്കാപ്പൊ നിശ്ശം?

“ഞാൻ അയാളുടെ ജോലിസ്ഥലത്തുനിന്നാണ് വരുന്നത്.

‘ഇങ്ങട്ട്തന്ന്യായിട്ടാണോ പോന്നത്?’

ഒന്നു മടിച്ചിട്ട് അയാൾ പറഞ്ഞു:

‘അതെ.’

പെട്ടെന്ന് ഉണ്ണിമേനോൻറെ കണ്ണുകളിൽ വികൃതമായ ഒരാർത്തി തെളിഞ്ഞു. അയാൾ ശബ്ദം താഴ്ത്തി ചോദിച്ചു:

‘കുഞ്ഞുട്ടൻ വല്ലതും തന്നെയച്ചിട്ടുണ്ടോ?വല്ല പണോ സാധനങ്ങളോ മറ്റോ..?

‘അത്...’ യാത്രക്കാരൻ ഒന്നു പരുങ്ങി: ഞാൻ ഇത്തിരി തിടുക്കം പിടിച്ചാണ് പോന്നത്. പോരണതിനുമുമ്പ് കുഞ്ഞിക്കുട്ടനെ കാണാൻ പറ്റിയില്ല.’

‘എന്തായാലും കഷ്ടാണ്! പറഞ്ഞുവരുമ്പഴ് അവരും കളരിപ്പാടത്തെ തറവാട്ടിലന്നെ. എന്നാലും ഇപ്പഴത്തെ ഒരു ഗതി കാണുമ്പോ.....’ അയാൾ ഒന്നു മടിച്ചിട്ട് ഒരപരിചിതനോട് എന്തിനിതൊക്കെ വിസ്തരിക്കുന്നു എന്ന ഭാവത്തിൽ നിറുത്തി.

‘കുഞ്ഞിക്കുട്ടൻ പണമൊന്നും അയച്ചുകൊടുക്കാറില്ലേ?’ അയാൾ അന്വേഷിച്ചു.

‘പണം അയച്ചുകൊടുക്കാറില്ലേന്ന്, ഫൂ!’ ഉണ്ണിമേനോൻമാഷ് കാറിത്തുപ്പി.‘കളരിപ്പാടം തറവാട്ടിലെയല്ലേ വിത്ത്? അങ്ങനെയൊരു ചൊല്ലുളിയുണ്ടാകുമോ? പണം പോയിട്ട്, ഭാര്യാന്ന് പറഞ്ഞ ഒരുത്തി ഇവിടെയിരിപ്പുണ്ടല്ലോ. അവൾക്കൊരു കത്തെങ്കിലും അയച്ചൂടെ...?’

‘അപ്പൊ ഞാൻ പൊയ്ക്കോട്ടെ, സർ?’ ടാക്സിഡ്രൈവർ തല ചൊറിഞ്ഞു കൊണ്ടു ചോദിച്ചു ‘കുഞ്ഞിക്കുട്ടൻറെ വീടൊന്നു കാട്ടിത്തന്നാൽ ഉപകാരമായിരുന്നു.’ അയാൾ ഉണ്ണിമേനോനോട് പറഞ്ഞു: ഈ വണ്ടി വിടാമല്ലോ?’

‘വണ്ടി വിട്ടോളൂ. ഇവിടെ അടുത്തുതന്ന്യാണ്. ഞാൻ കാട്ടിത്തരാം.’

കാറിൻറെ ഡിക്കിതുറന്ന് ഡ്രൈവർ ഒരു കറുത്ത സൂട്ട്കേസും എയർ ബാഗും പുറത്തെടുത്തു. ഉണ്ണിമേനോൻറെ കണ്ണുകൾ ആർത്തിയോടെ ആ സ്യൂട്ട്കേസിനെ ഉഴിയാൻതുടങ്ങി.

പറഞ്ഞതിൽ രണ്ടു രൂപ കൂടുതൽ കിട്ടിയപ്പോൾ ഡ്രൈവർക്ക് സന്തോഷമായി. അയാൾ സലാംവെച്ചുകൊണ്ട് ഭവ്യതയോടെ ചോദിച്ചു:

‘സാറിന്നു തിരിച്ചുപോകുന്നില്ലല്ലോ?’

അയാൾ അതേക്കുറിച്ച് ആലോചിച്ചിട്ടില്ലായിരുന്നു.

മറുപടി പറഞ്ഞത് ഉണ്ണിമേനോനായിരുന്നു. ‘നേരം ഇത്ര്യായില്ലേ, ഇന്നിനിപോകണ്ട.’

അയാളുടെ കണ്ണുകൾ അപ്പോഴും ആ സ്യൂട്ട്കേസിൽത്തന്നെ തറച്ചിരിക്കുകയായിരുന്നു.

‘നാളെ കാലത്തെ വണ്ടിക്ക പോയാൽമതി. ദൂരെനിന്നു വരല്ലേ? ഒരുദിവസം ഇവിടെ തങ്ങീട്ടു പോവ്വാം.’

അയാൾ എതിരൊന്നും പറഞ്ഞില്ല.

ഡ്രൈവർ പിന്നെയും പോകാതെ ചുറ്റിപ്പറ്റി നിൽക്കുകയായിരുന്നു:

‘എന്നാൽ നാളെ കാലത്ത് വണ്ടീംകൊണ്ടു വരാം.’

‘അതുവേണ്ട.’ ഉണ്ണിമേനോൻ തടഞ്ഞു: ‘ആവശ്യംണ്ടെങ്കിൽ വിളിപ്പിച്ചോളാം.’

ഒന്നുകൂടി സലാംവെച്ച് ഡ്രൈവർ വണ്ടി സ്റ്റാർട്ടു ചെയ്തു.

ഇതിനകം ഉണ്ണിമേനോൻ സൂട്ട്കേസ് കടന്നെടുത്ത് അകത്തേക്കു കയറിക്കഴിഞ്ഞിരുന്നു.

‘ഇങ്ങോട്ട് കേറിയിരിക്കാമല്ലോ.’ അയാൾ ക്ഷണിച്ചു.

‘പിന്നീടാവാം. കുഞ്ഞിക്കുട്ടൻറെ വീട്ടിലൊന്നു പോയിട്ടാവാം.’

‘ആയ്ക്കോട്ടെ. അത് ഇഷ്ടപ്പെട്ടില്ലെങ്കിലും നീരസം പുറത്തു കാണിക്കാതെ സൂട്ട്കേസും പൊക്കിയെടുത്തുകൊണ്ട് ഉണ്ണിമേനോൻ നടന്നു. പുറകെ അയാളും.’

‘മാഷ് വിഷമിക്കേണ്ട. പെട്ടി ഞാൻ പിടിച്ചോളാം.’

‘ഇതിലെന്താത്ര വെഷമം? സാരല്യാ.’

വെളിമ്പറമ്പിൽനിന്ന് അവർ ഒരു ഇടവഴിയിലേക്കു കയറി. നന്നേ വീതി കുറഞ്ഞ ഇടവഴി. കലക്കവെള്ളം കെട്ടിക്കിടക്കുന്ന കുഴികൾ. കാലത്ത് മഴ പെയ്തിരിക്കണം. വേലിപ്പത്തലുകൾക്കിടയിലുള്ള ഇലപ്പടർപ്പുകൾ നനഞ്ഞു കുതിർന്നിരിക്കുന്നു.

‘കുഞ്ഞുട്ടൻറെ വീട്ടിലെ കാര്യോക്കെ കഷ്ടംതന്ന്യാണേയ്’ ഉണ്ണിമേനോൻ എന്തൊക്കെയോ പറയാൻ വീർപ്പുമുട്ടുകയായിരുന്നു: ‘തറവാട്ടീന്നു ഭാഗം കിട്ടിയ വകയില് ഒരു മുപ്പത്തേഴു സെൻറ് തെങ്ങിൻ പറമ്പുണ്ട്. അതിലൊരു കൊച്ചുവീടും. അതിലന്നെ ഒരു കൊങ്ങിണിക്ക് രണ്ടായിരം ഉറുപ്യേടെ പണയംണ്ട്. തെങ്ങ് കേറിക്കണത് കൊങ്ങിണ്യാണ്. പലിശേം മുതലിൻറെ ഓഹരീം തട്ടിക്കിഴിച്ച് അയാളു വല്ലതും കൊടുത്താലായി. അല്ലെങ്കിലും ആ പറമ്പ് പോയതുതന്നെ. പിന്നെ ആ കുട്ടിക്ക് സ്കൂളീന്ന് വല്ലതും നാല് കാശ് ശമ്പളം കിട്ടണതോണ്ട് അന്നം മുട്ടാതെ കഴിഞ്ഞുപോണു. അതിശയം തോന്നുവാണ്. കുഞ്ഞൂട്ടനു ജോലീം ശമ്പളോം ഒക്കെയില്ലേ? അയാള് കൂട്യാൽ ഈ രണ്ടായിരം ഉറുപേടെ പണയം തീർക്കാൻ പറ്റില്ലേ?’

അയാളൊന്നും പറഞ്ഞില്ല. വാസ്തവത്തിൽ, കുഞ്ഞിക്കുട്ടന് ജോലിയില്ലേ? സ്ഥിരമായ വരുമാനമില്ലേ? അയാളു വിചാരിച്ചാൽ രണ്ടായിരം ഉറുപ്പയുടെ കടം തീർക്കാൻ കഴിയില്ലേ?

എന്താണ് മറുപടി പറയുക?

‘കഴിയാഞ്ഞിട്ടല്ലെന്ന് എനിക്കറിയാം.’ ഉണ്ണിമേനോൻ മറുപടിക്കുവേണ്ടി കാത്തുനിൽക്കാതെ തുടർന്നു: ‘വേണംന്നുള്ള വിചാരം വേണം. തറവാട്ടീന്ന് ഓഹരികിട്ടിയ സ്ഥലത്ത് കണ്ണിക്കണ്ടോര് കേറി തേങ്ങയിടീക്കുന്നത് കാണുമ്പോൾ

പോക്കണംകേട് തോന്നണം. കാലാകാലായിട്ട് പുലിവീരമ്മാര് കാരണോമ്മാര് ഭരിച്ചിരുന്ന തറവാടിൻറെ ഒരു കഷണം കൈവിട്ടുപോവാന്നുവെച്ചാല്, ശരീരത്തിൻറെ ഒരു ഭാഗം അങ്ങട് മുറിഞ്ഞുപോവാന്നുള്ള വിചാരം വേണം. അല്ലെങ്കിലും ഇവിടത്തെ നായന്മാർക്ക് അങ്ങനേയുള്ള വിചാരൊന്നു ല്യല്ലോ? അതല്ലേ എങ്ങാണ്ടുന്നോ വന്നുകയറണ ക്രിസ്ത്യാനികള മോഹവിലയ്ക്ക് തെങ്ങിൻതോപ്പുകള് വാരിക്കൂട്ടണത്? ഇവിടേള്ളോരിക്ക് അന്നന്നത്തെ അഷ്ടി അങ്ങട് കഴിച്ചുകൂട്ട്യാൽ മത്യല്ലോ. പിന്നെങ്ങന്യാ തറവാട്ടു മുടിയാണ്ടിരിക്ക്യാ? എൻറെ ഭാര്യേടെ താവഴിൽത്തന്നെ ഞാൻ വന്നു സംബന്ധം കഴിച്ചില്ലെങ്കില് കാണായിരുന്നു. കുറെപ്പേര് കുത്തുപാളയെടുക്കണത്...'

സംസാരം ആ വഴിക്കു നീണ്ടുപോകാൻ അയാൾ ഇഷ്ടപ്പെട്ടില്ല. വിഷയം മാറ്റാനായി അയാൾ ചോദിച്ചു:

'കുഞ്ഞിക്കുട്ടൻറെ വീട്ടില് ആരൊക്കെയുണ്ട്?'

'ഭാര്യേണ്ട്. ഒരു ആൺകുട്ടീണ്ട്. കുഞ്ഞിക്കുട്ടൻറെ അനിയത്തീണ്ട്. പിന്നെ അയാൾടെ മുത്തശ്ശീം.'

'കഷ്ടം!' അയാൾ പിറുപിറുത്തു.

'ഒരു കഷ്ടോല്യ. എല്ലാം നടപടിദൂഷ്യംതന്നെ. കാരണോമ്മാരായിട്ട് താന്തോന്നിത്തംകാട്ടി ഉള്ളതെല്ലാം മുടിച്ചു. അതു നമുക്കു മനസ്സിലാക്കാം. അവര്ടെ കാലം അങ്ങനെയായിരുന്നു. പോയതുപോട്ടെ. എന്നാലും പഠിത്തോം വിവരോമുള്ള മരുമക്കളായിട്ട് ശേഷിച്ചതൊക്കെ നേരാംവണ്ണം നോക്കി നടത്ത്വാ; അതും ഉണ്ടായില്ല. അവരും അമ്മാമന്മാരെപ്പോലെ ദീപാളി കുളിക്ക്യാന്നുവെച്ചാ എന്താ കഥ? അമ്മാമന്മാർ തീറ്റേം സംബന്ധോം ദുരഭിമാനംകൊണ്ടുള്ള ആർഭാടോമായി പറമ്പുകള് തീറെഴുതിയപ്പോ, മരുമക്കള് ചീട്ടുകളിക്കാനും കള്ളുകുടിക്കാനും സെറ്റുകൂടാനുമായിട്ട് ബാക്കീള്ളതൊക്കെ തൊലിച്ചു. ഞാനിവിടെ വന്നുകേറിയതുകൊണ്ട് ഒരു ശാഖയെങ്കിലും രക്ഷപ്പെട്ടു. അല്ലെങ്കില്...'

ഉണ്ണിമേനോൻ പറഞ്ഞതുതന്നെ വീണ്ടും ആവർത്തിക്കുകയായിരുന്നു. അയാൾ അസഹ്യതയോടെ മുഖം തിരിച്ചു.

വീടെത്തി.

ചെറിയ മുളമ്പടി. ചെറിയ മുറ്റം. നടുവിൽ, നെടുകെ പൊട്ടിവീണ ഒരു കൊച്ചു തുളസിത്തറ. തെക്കേ മൂലയിൽ ഒരു മൂവാണ്ടൻമാവ്. അതിനു ചുവട്ടിൽ ചിതറിക്കിടക്കുന്ന മാവിലകൾ, ഓടിട്ട ഒരു ചെറിയ വീട്.

'ഇതാണു വീട്' സൂട്ട്കേസ് താഴെവെച്ചുകൊണ്ട് ഉണ്ണിമേനോൻ പറഞ്ഞു.

'ഞാനങ്ങോട്ട് കടക്കില്ല.'

മുളമ്പടിയിൽ ഒരു കാല് കയറ്റിവെച്ച് വേലിയിൽനിന്ന് ഒരു മുള്ളൊടിച്ച് പല്ലിട കുത്തിക്കൊണ്ട് മാഷ് നീട്ടിവിളിച്ചു.

'ദേവിട്ടീച്ചറേ...!'

അതാ അവൻ വന്നുകഴിഞ്ഞു. മുളമ്പടിയിൽ കാലുകയറ്റിവെച്ച് തെല്ലൊരമ്പരപ്പോടെ ചുറ്റും നോക്കുന്ന ചെറുപ്പക്കാരൻറെ രൂപം, ഈ ഇരുണ്ട മുറിയിൽ നിന്ന് എനിക്കു സങ്കല്പിക്കാം. ഒരു നീണ്ട യാത്രയുടെ അവസാനത്തിൽ, മുഷിഞ്ഞ മനസ്സും തളർന്ന ശരീരവുമായി വന്നുകയറുന്നവൻ ഏതു തരത്തിലുള്ള സ്വീകരണമാണ് എന്നിൽനിന്നു പ്രതീക്ഷിക്കുക? ആ കിളിവാതിലിലൂടെ ഒന്നെത്തിനോക്കാൻപോലും എനിക്കു കഴിയുന്നില്ലല്ലോ. എല്ലാം മറന്ന് പടിക്കലേക്കോടിച്ചെന്ന് അവൻറെ നീണ്ട കൈകളിലേക്ക് ഞാൻ കുഴഞ്ഞു വീഴുമെന്ന് അവൻ കരുതുന്നുവോ?

അതിനാണോ ഞാൻ അവനെ ആവാഹിച്ചു വരുത്തുന്നത്?

എന്തിനെന്ന് എനിക്കുതന്നെ രൂപമില്ലല്ലോ, ഭഗവതീ!

കുന്നിൻമുകളിൽ പാണ്ഡവപുരത്തെ ദേവീക്ഷേത്രം. കരിങ്കൽച്ചുമരുകൾക്കുനടുവിലുള്ള ശ്രീകോവിലിൽ ചുവന്ന ഉടയാടകളണിഞ്ഞ്, നെറുകയിൽ സിന്ദൂരമണിഞ്ഞ ദേവി ചമ്രംപടിഞ്ഞിരുന്നു. ധ്യാനത്തിൻറെ അഗ്നിയിൽ അവളുടെ മുഖം പൊടുന്നനേ ജ്വലിച്ചു. സിന്ദൂരം പൊഴിഞ്ഞുവീണു. മുഖമാകെ ചുവന്നു. ആ തീയിൽ പാണ്ഡവപുരത്തെ ജാരന്മാർ ഓരോരുത്തരായി ഈയലുകൾപോലെ വന്നുവീണു കരിഞ്ഞു.

അകത്ത് അനക്കമൊന്നും കേട്ടില്ല. വീതി കുറഞ്ഞ ഉമ്മറത്തെ വരാന്തയുടെ അരമതിലിൽ ചുരുണ്ടുകൂടിയിരുന്നിരുന്ന ഒരു വെള്ളപ്പൂച്ച പതുക്കെ കണ്ണു തുറന്ന് ചുറ്റും നോക്കിയിട്ട് വീണ്ടും കണ്ണടച്ചു.

ഉണ്ണിമേനോൻ വീണ്ടും വിളിച്ചു:

'ദേവിട്ടീച്ചറേ..! '

ഉമ്മറവാതിൽ തുറന്ന് ഒരു സ്ത്രീ വരാന്തയിലേക്കിറങ്ങിവന്നു. ചുവന്ന ജാക്കറ്റും മുഷിഞ്ഞ കരയൻമുണ്ടുമുടുത്ത ഒരു സ്ത്രീ. ഉണ്ണിമേനോനെ കണ്ടിട്ടായിരിക്കണം, അവരുടെ മുഖം പെട്ടെന്ന് കറുത്തത് അയാൾ ശ്രദ്ധിച്ചു. അരമതിലിൽ ചാരി ഒരു നിമിഷം സംശയിച്ചുനിന്നിട്ട് അവർ പെട്ടെന്ന് അകത്തേക്കു പോയി.

'കണ്ടോ അവളുടെയൊരു ഭാവം' ഉണ്ണിമേനോൻ പിറുപിറുക്കുന്നതുകേട്ടു.'കഞ്ഞികുടിക്കാൻ ഗതീല്യാ. എന്നാലും ഉർവശിയാന്നാ വിചാരം.'

അയാൾ ഒന്നും പറയാതെ മൂവാണ്ടൻമാവിൻറെ കൊമ്പുകളിൽ കല പിലകൂട്ടുന്ന കാക്കകളെ നോക്കിക്കൊണ്ടു വെറുതെ നിന്നു.

അല്പം കഴിഞ്ഞപ്പോൾ ഒരു മുഷിഞ്ഞ തോർത്തുമുണ്ട് തോളത്തിട്ട് മാറ് മറച്ചുകൊണ്ട് അവളിറങ്ങിവന്നു. തുളസിത്തറയിൽ കൈയൂന്നി, അപരിചിതൻറെ നേർക്കൊന്നു ചുഴിഞ്ഞുനോക്കിയിട്ട് അവൾ ചോദിച്ചു:

'ആരാ?

'കുഞ്ഞൂട്ടൻറെ ജോലിസ്ഥലത്തുനിന്ന് വര്വാണ്.'

‘ങേ…?’

‘പാണ്ഡവപുരത്തുനിന്ന്.’ അയാൾ പറഞ്ഞു.

അതു കേട്ടിട്ടും ദേവിയുടെ മുഖത്ത് യാതൊരു ഭാവവ്യത്യാസവുമില്ലായിരുന്നു. അവൾ ദൂരെയെങ്ങോ കണ്ണുനട്ട് അതേ നില്പ നിൽക്കുകയായിരുന്നു.

‘അകത്തേക്കു കേറിക്കോളൂ.’ ഉണ്ണിമേനോൻമാഷ് കുറ്റിത്തലമുടിയിൽ വിരലോടിച്ചുകൊണ്ടു പറഞ്ഞു.

‘ഞാൻ പോവ്വാണ്. നിങ്ങള് ഇത്തിരി കഴിഞ്ഞിട്ട് അങ്ങോട്ടിറങ്ങുമല്ലോ?’

‘വരാം.’ അയാൾ ആരോടെന്നില്ലാതെ പറഞ്ഞു.

തളർന്ന കാലുകൾ നന്നേ പണിപ്പെട്ട് മുളമ്പടിയുടെ മുകളിലൂടെ പൊക്കി വെച്ച് അയാൾ അകത്തേക്കു കടന്നു. പെട്ടിയും ബാഗും തൂക്കിക്കൊണ്ട് അല്പം ഇടതുവശത്തേക്ക് ചെരിഞ്ഞു നടന്നു.

ദേവിട്ടീച്ചർ വരാന്തയിൽ കയറി ചുമരുചാരി നിൽക്കുകയായിരുന്നു. നടക്കല്ലിൽ പെട്ടി ഇറക്കിവെച്ച്, അവൾ എന്തെങ്കിലും പറയുമെന്നു കരുതി ഇത്തിരിനേരം കാത്തുനിന്നിട്ട്, അവൾ തൻറെ നേർക്ക് നോക്കുകകൂടി ചെയ്യുന്നില്ലെന്നറിഞ്ഞ് തെല്ലൊന്നു പരുങ്ങി, ചെറിയൊരു ചിരിയിൽ ജാള്യത മറച്ച് അയാൾ അരമതിലിൽ കയറിയിരുന്നു. മയങ്ങിക്കിടന്നിരുന്ന വെള്ളപ്പൂച്ച ഞെട്ടിയുണർന്ന് ഒരു മുരൾച്ചയോടെ അയാളുടെ നേർക്ക് നോക്കിയിട്ട് മുറ്റത്തേക്കെടുത്തു ചാടി.

‘ഞാൻ പാണ്ഡവപുരത്തുനിന്ന് വരികയാണ്.’ അയാൾ ആരോടെന്നില്ലാതെ പിറുപിറുത്തു.

അതിനുള്ള മറുപടി അലസമായ ഒരു മുളലായിരുന്നു.

മൂന്ന്

അയാൾ വീണ്ടും ആവർത്തിക്കുകയായിരുന്നു:

'ഞാൻ പാണ്ഡവപുരത്തുനിന്നും വരികയാണ്.'

പാണ്ഡവപുരം എന്ന പേർ അവളുടെ മുഖത്ത് യാതൊരു ഭാവവ്യത്യാസവും ഉണ്ടാക്കുന്നില്ലെന്നുകണ്ട അയാൾ വീണ്ടുമൊരു വങ്കനെപ്പോലെ ചിരിക്കാൻ ശ്രമിച്ചു. ദേവിയുടെ കണ്ണുകൾ അപ്പോഴും ദൂരെയെങ്ങോ ഉള്ള ഒരു അദൃശ്യബിന്ദുവിൽത്തന്നെ തറച്ചുനിൽക്കുകയായിരുന്നു.

ഇതെന്തു മാറ്റം? അയാൾ അത്ഭുതപ്പെട്ടു.

അല്പനേരം നിശ്ശബ്ദനായിരുന്നിട്ട് അയാൾ പറയാൻതുടങ്ങി:

'പാണ്ഡവപുരത്ത് ഞാനും കുഞ്ഞിക്കുട്ടനും ഒരേ ഫാക്ടറിയിലാണ് ജോലിചെയ്യുന്നത്.' അങ്ങനെ പറഞ്ഞുതുടങ്ങിയപ്പോൾ അതെന്തൊരു വിഡ്ഢിത്തമാണെന്ന് അയാൾക്കുതന്നെ തോന്നി. എന്തൊരു വികൃതമായ ഓർമപ്പെടുത്തൽ. അയാൾ തുടർന്നു:

'നിങ്ങൾ അവിടെനിന്നുപോന്നിട്ട് ഒരുപാട് കാലമായല്ലോ. എന്നിട്ടും എന്തുകൊണ്ട് ഇതേവരെ ഞാൻ തേടിവന്നില്ലെന്ന് അത്ഭുതപ്പെടുകയായിരിക്കും, അല്ലേ? വാസ്തവത്തിൽ കാരണം എനിക്കുതന്നെ അറിയില്ല. ഒരു പക്ഷേ, ദൂരങ്ങൾ താണ്ടിയുള്ള മനസ്സിൻറെ യാത്രയിൽ അയഞ്ഞും മുറുകിയും പോകുന്ന വിചിത്രബന്ധങ്ങളുടെ പൊരുൾ ആർക്കറിയാം, അല്ലേ?'

ദേവിയൊന്നു മൂളിയെന്നു തോന്നി. അവളുടെ മുഖത്ത് അപ്പോഴും അതേ കനത്ത ഭാവമായിരുന്നു. അവളുടെ കണ്ണുകൾ മുളമ്പടിയും ഇടവഴിക്കപ്പുറത്തെ മുള്ളുവേലികളും കടന്ന്, ദൂരെയെങ്ങോ എന്തോ തിരയുകയായിരുന്നു.

അവർക്കിടയിൽ തെല്ലുനേരത്തേക്കു വികൃതമായൊരു നിശ്ശബ്ദത പരന്നു.

കുറെ കഴിഞ്ഞ്, ഒരു സിഗരറ്റ് കത്തിച്ച് പുക വിഴുങ്ങിക്കൊണ്ട് അയാൾ ചോദിച്ചു:

'എന്നെ മനസ്സിലായില്ലേ?'

പെട്ടെന്ന് ദേവി മുഖമുയർത്തി. അവളുടെ തളർന്ന കണ്ണുകൾ അയാളുടെ മുഖത്ത് വന്നുവീണു. അവളുടെ മുഖത്ത് പെട്ടെന്നൊരു അമ്പരപ്പ് പരക്കുന്നതും മനസ്സിലാക്കാനാവാത്തമട്ടിൽ അവൾ പകച്ചുനോക്കുന്നതും അയാൾ കണ്ടു.

അയാൾ തുടർന്നു:

'ഞാൻ വരുമെന്ന്, എന്നെങ്കിലുമൊരിക്കൽ വരാതിരിക്കില്ലെന്ന്, അറിയാമായിരുന്നില്ലേ? റെയിൽവേ സ്റ്റേഷനിൽ കാത്തുനിൽക്കുമെന്നു ഞാൻ

കരുതി.'

അവൾ അതിനും മറുപടി പറഞ്ഞില്ല.

അയാൾ പതുക്കെ തുടർന്നു:

'എട്ടൊമ്പതു വർഷമായിക്കാണും. പാണ്ഡവപുരത്ത്, കുഞ്ഞിക്കുട്ടൻറെ ക്വാർട്ടേഴ്സിൽവെച്ചാണ് ഞാൻ ദേവിയെ ആദ്യമായി കണ്ടത്. കുഞ്ഞിക്കുട്ടൻറെ പുതുതായി കല്യാണംകഴിച്ച് വന്നതിൻറെ ആഘോഷം നടക്കുകയായിരുന്നു. അന്നു ശരിക്കുമൊരു നാടൻപെൺകുട്ടിയായിരുന്നു. നാണംകുണുങ്ങി, അകത്തെവിടെയോ ഒളിച്ചുനിന്ന ആളെ കുഞ്ഞിക്കുട്ടൻ ബലമായി പിടിച്ചു വലിച്ച് ഞങ്ങളുടെ മുമ്പിലേക്കു കൊണ്ടുവന്നു. അന്നു ശരിക്ക് സാരിയുടുക്കാൻ പോലും അറിഞ്ഞുകൂടായിരുന്നെന്ന് ഞാനിപ്പോഴും ഓർക്കുന്നു. ചുവന്ന പുള്ളിക്കുത്തുകളുള്ള ഒരു സാരി എങ്ങനെയോ വലിച്ചുവാരി ചുറ്റിയിരിക്കുകയായിരുന്നു. ആൾക്കൂട്ടത്തിനു നടുവിൽ വന്നുപെട്ട അമ്പരപ്പോടെ, ഞങ്ങളുടെ മുഖത്തേക്ക് പകച്ചുനോക്കി ഒരു നില്പ്. ഒടുവിൽ, ഞാനാണ് നിങ്ങളെ ആ ബഹളത്തിൽനിന്നു രക്ഷപ്പെടുത്തിയത്.'മിസ്സിസ് കുഞ്ഞിക്കുട്ടന് യാത്രാക്ഷീണം കാണും.' ഞാൻ പറഞ്ഞു.'പോയി കിടന്നുറങ്ങട്ടെ.' അപ്പോൾ മദ്യത്തിൻറെ ലഹരിയിൽ ആ വഷളൻ കുറുപ്പ് ചോദിച്ചു: 'തനിച്ചോ? അതുകേട്ടപ്പോൾ നിങ്ങളങ്ങു ചൂളിപ്പോയി.'

ദേവി തൻറെ മുഷിഞ്ഞ കരിപുരണ്ട മുണ്ടിലേക്കും മാറുമറയ്ക്കുന്ന കാറിയ എണ്ണയുടെ മണമുള്ള തോർത്തിലേക്കും മാറിമാറി നോക്കുകയായിരുന്നു.

പൊടുന്നനേ അവൾ പിറുപിറുക്കുന്നത് അയാൾ കേട്ടു:

'നിങ്ങൾക്ക് ആള് മാറിക്കാണും. ഞാൻ ഈ വീടുവിട്ട് പുറത്തെങ്ങും പോയിട്ടില്ല.'

'അല്ല അല്ല.' അയാൾ വാശിയോടെ ആവർത്തിച്ചു: 'ഞാൻ പലതവണ നിങ്ങളുടെ വീട്ടിൽ വന്നിട്ടുണ്ട്. അന്നത്തെ ആ ആഘോഷത്തിൻറെ രാത്രി എനിക്കിപ്പോഴും നല്ല ഓർമയുണ്ട്. ഞങ്ങൾ കുറെ ചങ്ങാതികൾ നിങ്ങളുടെ സ്വീകരണമുറിയിൽ കൂടി. പട്ടാളക്കാരനായ കുറുപ്പ് രണ്ടു കുപ്പി മദ്യം കൊണ്ടു വന്നിരുന്നു. അതിൻറെ വൃത്തികെട്ട മണം അവിടമാകെ പരന്നപ്പോൾ കുടിച്ച് പിമ്പിരിയായ ഞങ്ങൾ നാവു കുഴഞ്ഞ് തിരിയാത്തമട്ടിൽ എന്തൊക്കെയോപുലമ്പാൻ തുടങ്ങിയപ്പോൾ നിങ്ങൾ കണ്ണുപൊത്തിക്കൊണ്ട് അകത്തേക്കോടി. അന്നു രാത്രി മുഴുവൻ ഞങ്ങൾ കുടിച്ചും വൃത്തികെട്ട തമാശകൾ പറഞ്ഞ് കുഞ്ഞിക്കുട്ടനെ കളിയാക്കിയും കഴിച്ചുകൂട്ടി. ഞാനൊരിക്കലും ഒരു മദ്യപാനിയായിരുന്നില്ലെന്ന് അറിയാമല്ലോ. പക്ഷേ, അന്നുരാത്രി ഞാനും ഒരുപാടു കുടിച്ചു. ഒടുവിൽ കുഞ്ഞിക്കുട്ടൻ ഛർദ്ദിക്കാൻ തുടങ്ങി. ആ ഛർദ്ദിയിൽക്കിടന്നുതന്നെയായിരിക്കണം അയാൾ ആ രാത്രി ഉറങ്ങിയത്'.

ഒന്നു നിർത്തിയിട്ട് അയാൾ തുടർന്നു.

'ഓർത്തുനോക്കൂ. പാണ്ഡവപുരത്തെ അഭയാർത്ഥികളുടെ കോളനിക്കപ്പുറത്ത് ഒട്ടകങ്ങളും പുള്ളിപ്പശുക്കളും മേഞ്ഞുനടക്കുന്ന ഒരു പുൽ മൈതാനം ഉണ്ടായിരുന്നു. അതിനുമുമ്പിലുള്ള ഫാക്ടറിവക കോളനിയിലായിരുന്നു നിങ്ങൾ താമസിച്ചിരുന്നത്.

അച്ചിൽ വാർത്തിട്ടപോലെ മഞ്ഞച്ചായമടിച്ച കുറെ വീടുകൾ. ഭിത്തിയിൽ കുറിച്ചിട്ട ഓരോ നമ്പറുകളായിരുന്നു അവയെ തമ്മിൽ വേർതിരിച്ചിരുന്നത്. പാണ്ഡവപുരത്തെ മനുഷ്യരെപ്പോലെ തന്നെ ലക്ഷണംകെട്ടവയാണ് ആ വീടുകളുമെന്ന് നിങ്ങളൊരിക്കൽ പറഞ്ഞു. വലിയ സൗകര്യമൊന്നുമില്ലാത്ത കൊച്ചുകൊച്ചു മുറികളിൽ ശരിക്ക് കാറ്റും വെളിച്ചവും കയറുകയില്ലായിരുന്നു. കമ്പിവലകളിട്ടു മറച്ച നിങ്ങളുടെ പടിഞ്ഞാറേ കോലായിൽ നിന്നാൽ അകലെ, റെയിൽവേ എഞ്ചിനുകൾ ഷണ്ടിങ് നടത്തുന്നത് കാണാമായിരുന്നു.'

ദേവിയുടെ വരണ്ട ചുണ്ടുകളുടെ കോണിൽ പുച്ഛം നിറഞ്ഞ ഒരു ചിരി വിരിയുകയായിരുന്നു.

അവൾ ചോദിച്ചു:

'ഉണ്ണിമേനോൻമാഷ് പറഞ്ഞുതന്നതാണോ ഇതൊക്കെ? അങ്ങേരാണോ ഇങ്ങട്ട് കൂട്ടിക്കൊണ്ടുവന്നത്?'

അതെന്തു ചോദ്യം എന്നമട്ടിൽ അയാൾ അവളുടെ മുഖത്തേക്ക് ഉറ്റു നോക്കി. 'അയാൾ അതും ചെയ്യും, അതിനപ്പുറവും ചെയ്യും. അയാളുടെ സൂത്രോന്നും എൻറടുക്കല് നടക്കില്ല. അതാത്ര വാശി.'

'ഉണ്ണിമേനോൻമാഷ് എന്നോടൊന്നും പറഞ്ഞില്ല. അങ്ങേരെ ഞാനിന്നാണ് ആദ്യമായി കാണുന്നത്.'

ഉമ്മറവാതിൽക്കൽ ഒരു നരച്ച തല പ്രത്യക്ഷപ്പെട്ടു. വളഞ്ഞു കുനിക്കൂടിയ ഒരു ശരീരം. കുനിഞ്ഞുകുനിഞ്ഞ് ഉയരമുള്ള ഉമ്മറപ്പടി കടന്ന് തിണ്ണയുടെ നേർക്കുവന്നു. കൈപ്പത്തികൾ വളച്ച് നെറ്റിയോടു ചേർത്തുപിടിച്ച്, പാട കെട്ടിയ കണ്ണുകൾകൊണ്ട് അയാളെ ഉഴിഞ്ഞിട്ട് അവർ ചോദിച്ചു:

'ആരാ?'

'ഏതോ ഒരാള്, എനിക്കറിയില്ല.' ദേവി വെറുപ്പോടെ മുഖം തിരിച്ചു.

'ഞാൻ കുഞ്ഞിക്കുട്ടൻറെ ജോലിസ്ഥലത്തുനിന്നു വരാണ്, മുത്തശ്ശീ.' അയാൾ പറഞ്ഞു.

'ങേ...' ചെവി വട്ടംപിടിച്ച്, തൊണ്ണുകാട്ടി ചിരിച്ചുകൊണ്ട് മുത്തശ്ശി ചോദിച്ചു.

'കുഞ്ഞിക്കുട്ടൻറെ ജോലിസ്ഥലത്തുനിന്നു വരാണെന്ന്.' അയാൾ ഉറക്ക ആവർത്തിച്ചു.

എന്തോ മനസ്സിലായമട്ടിൽ അവർ തലയാട്ടി. പിന്നീടൊന്നും പറയാതെ കുനിക്കുനി അതേപടി അകത്തേക്കു പോയി.

അയാൾ വീണ്ടും ദേവിയുടെ മുഖത്തേക്ക് ഉറ്റുനോക്കി. അവളാകട്ടെ അതേപടി ചുമരുംചാരി ദൂരെയെങ്ങോ നോക്കിനിൽക്കുകയായിരുന്നു.

'ഓർത്തുനോക്കൂ. പാണ്ഡവപുരത്തെ മഹിളാസമാജം അടുത്ത കൊല്ലം ഓണം ആഘോഷിച്ചപ്പോൾ തിരുവാതിരകളിയുടെ ചുമതല നിങ്ങൾക്കായിരുന്നു. അക്കൊല്ലത്തെ ഓണപ്പരിപാടികൾ പൊടിപാറിയത്... അതിൻറെ പേരിൽ നിങ്ങൾ മിസ്സിസ് പണിക്കരുമായി പിണങ്ങിയത്.... പാണ്ഡവപുരത്ത് സുന്ദരിയായ ഒരു

നാടൻപെൺകുട്ടി വന്നുചേർന്നിരിക്കുന്നുവെന്ന് ജനമാകെ അറിഞ്ഞത്. പാവം കുഞ്ഞിക്കുട്ടന് അതു കഴിഞ്ഞ് കുറെ നാളത്തേക്ക് വിരുന്നുകാരുടെ ബഹളമായിരുന്നു. അവരൊക്കെ വന്നത് നിങ്ങളെ കാണാനും നിങ്ങളോട്ടു സംസാരിക്കുവാനും മാത്രമായിരുന്നു....'

അവൾക്ക് ബോറടിക്കുന്നുണ്ടെന്നു തോന്നിയപ്പോൾ, അവളുടെ മയങ്ങിക്കിടക്കുന്ന ഓർമകളെ തട്ടിയുണർത്താൻ തനിക്കു കഴിയുന്നില്ലെന്ന് മനസ്സിലായപ്പോൾ, അയാൾ നിറുത്തി. വിഷയം മാറ്റാനായി ചോദിച്ചു.

'മോനെവിടെ?'

'കുളിക്കാൻ പോയിരിക്കുന്നു.'

'ഏതു ക്ലാസ്സിൽ പഠിക്കുന്നു?'

'മൂന്നാം ക്ലാസ്സില്.'

'നിങ്ങളുടെ സ്കൂളിൽത്തന്നെയാണോ?'

'അതെ.'

വീണ്ടും ഉത്തരംമുട്ടിയപ്പോൾ, അയാൾക്കു തൻറെ പ്രിയപ്പെട്ട പാണ്ഡവപുരത്തേക്കുതന്നെ മടങ്ങിവരേണ്ടിവന്നു. ഓർമകളിൽ തലപൂഴ്ത്തിക്കൊണ്ട്, വിടർന്ന കണ്ണുകളോടെ അയാൾ പറയാൻ തുടങ്ങി:

'പാണ്ഡവപുരത്ത് ഇപ്പോൾ മഞ്ഞുകാലത്തിൻറെ തുടക്കമായിരിക്കും. പട്ടണം നിറങ്ങൾ വാരിപ്പൂശുന്നത് ഇക്കാലത്താണ്. പല നിറങ്ങളിലുള്ള കമ്പിളിക്കുപ്പായങ്ങളണിഞ്ഞ ജനം തെരുവുകളിലൂടെ ഒഴുകുന്നു. ആ പഴയ ചുവന്ന പുള്ളോവർ ഇപ്പോഴും കൈയിലുണ്ടോ? ഒരുപക്ഷേ, മറന്നുകാണും; അല്ലെങ്കിൽത്തന്നെ എല്ലാം പെട്ടെന്നു മറക്കുന്ന പ്രകൃതക്കാരിയാണല്ലോ. ആ പുളോവർ പിറന്നാൾ സമ്മാനമായി തന്നത് ഞാൻതന്നെയായിരുന്നു. ചുവപ്പാണ് നിങ്ങൾക്കിണങ്ങുന്ന നിറമെന്നു പറഞ്ഞപ്പോൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ചുവന്ന സാരി, ചുവന്ന പുള്ളോവർ, നെറ്റിയിൽ കുങ്കമപ്പൊട്ട്, നെറുകയിൽ സിന്ദൂരം. നിങ്ങളൊരു തീജ്വാലയായിരുന്നു. അതിൽ കരിഞ്ഞു വീണതു ഞാൻ മാത്രമല്ല. ആരാധകരായി, ഒരുപക്ഷേ, നിങ്ങൾക്കറിഞ്ഞുകൂടാത്ത ഒരുപാട്ടു ചെറുപ്പക്കാർ പാണ്ഡവപുരത്തുണ്ടായിരുന്നു...'

'നിർത്തൂ.' ദേവി പെട്ടെന്ന് പൊട്ടിത്തെറിച്ചു: 'നിങ്ങൾക്ക് ഒന്നുകിൽ ഭ്രാന്താണ്. അല്ലെങ്കിൽ നിങ്ങൾ സമർത്ഥമായി അഭിനയിക്കുകയാണ്. രണ്ടായാലും എനിക്കി കെട്ടുകഥകൾ ഇനി കേൾക്കേണ്ട. ഞാൻ പാണ്ഡവപുരത്തെന്നല്ല, ഈ വീടുവിട്ട് എവിടെയും പോയിട്ടില്ല. കുഞ്ഞിക്കുട്ടേട്ടൻ എൻറെ കഴുത്തിൽ താലികെട്ടിയത് ശരിയാണ്. വളരെ കുറച്ചു കാലത്തേക്കു മാത്രമേ ഞങ്ങൾ ഒരുമിച്ചു കഴിഞ്ഞിട്ടുള്ളൂ. ഒരുദിവസം രാത്രി അങ്ങേര് എങ്ങോട്ടോ ഒളിച്ചോടിപ്പോയി. അതിനുശേഷം ഞങ്ങൾ തമ്മിൽ കണ്ടിട്ടില്ല. അങ്ങേര് എവിടെയാണെന്നുതന്നെ എനിക്കുയാതൊരു വിവരവുമില്ല. നിങ്ങൾ എന്തു ഭംഗിയായി നുണ പറയുന്നു...'

ദേവി തിടുക്കംപിടിച്ച് അകത്തേക്കു പോകുന്നതും നോക്കി അയാൾ ഇത്തിരിനേരം പകച്ചുനിന്നു. എന്നിട്ട് ഒരു നെടുവീർപ്പോടെ പിറുപിറുത്തു:

'അത്ഭുതംതന്നെ, സ്ത്രീകൾക്ക് എത്രവേഗം എല്ലാം മറക്കാൻ കഴിയുന്നു!'

നാല്

ഉണ്ണിമേനോൻമാഷ്ടെ പൂമുഖം പുതുതായി പണിതതായിരുന്നു. ഓടിട്ട പഴയ പുരയോട് ഒട്ടിച്ചുചേർത്ത ഒരു കഷണംപോലെ അത് വേറിട്ടു നിന്നു. മിന്നുന്ന കറുത്ത തറ. ഇളം ചുവപ്പുചായം പൂശിയ വൃത്തിയുള്ള ചുമരുകൾ. മൂലയിൽ ഒരു പീഠത്തിൽ വലിയൊരു നിലവിളക്ക്. ആകക്കൂടി ഐശ്വര്യമുള്ള വീട് അയാൾക്കു തോന്നി.

ഉണ്ണിമേനോൻ കളരിപ്പാടം തറവാടിൻറെ നല്ലകാലത്തെക്കുറിച്ചു പറയുകയായിരുന്നു:

'നിങ്ങള് വരണവഴിക്ക് കണ്ടുകാണും ഇപ്പഴത്തെ സ്കൂളിന് തെക്കു വശത്തായി, വഴിവക്കത്തൊരു അത്താണി, ഇത്തിരി വെഷമിച്ചാൽ അതില് കൊത്തിയിട്ടിരിക്കണത് വായിക്കാൻ പറ്റും. 'കളരിപ്പാടത്തെ കുഞ്ഞുണ്ണി മേനോൻ അവർകൾ വഹ' എന്ന്. പണ്ട്, പുലർച്ചയ്ക്ക് കിഴക്കുനിന്ന് പച്ചക്കറികൾ ചുമന്ന് കൊണ്ടുവന്നിരുന്ന പെണ്ണുങ്ങൾ ചുമടിറക്കിയിരുന്നത് ആ അത്താണിയിലായിരുന്നു. അല്ലെങ്കിലും, കുഞ്ഞുണ്ണിമേനോൻ നാട്ടുകാർക്കാകെ ഒരു അത്താണിയായിരുന്നു. പറഞ്ഞുകേട്ടിട്ടുണ്ട്. അക്കാലത്ത് നാട്ടില് ഭാഗവഴക്കും അലശണ്ടേം ഒക്കെണ്ടായാല് ആളുകള് ആദ്യം ഓടിയെത്തണത് കുഞ്ഞുണ്ണിമേനോൻറെ പടിപ്പുരേലേക്കാണ്. പടിപ്പുരമുറിയിലെ ചാരുകസേരയിൽ ഒരു പാളവിശറീം പിടിച്ചുകൊണ്ട് അങ്ങേരങ്ങനെ മലർന്നുകിടക്കും. രാജകലയാണ് മൊഖത്ത്. അധികൊന്നും സംസാരിക്കില്ല. രണ്ടോ മൂന്നോ വാചകം വീണുകിട്ടിയാലായി. അതന്നെ മതീല്ലോ, അധികെന്തിനാ സംസാരിക്കണേ? അത്രയ്ക്ക് നീതിമാനായിരുന്നു അങ്ങേര്...'

ഉണ്ണിമേനോൻ, ആ പഴങ്കഥകൾ രസിക്കുന്നുണ്ടോ എന്നറിയാനായി അയാളുടെ മുഖത്തേക്ക് ഒളികണ്ണിട്ടു:

'അത്താണിക്കപ്പുറത്തൂടെ കുറച്ച് പടിഞ്ഞാട്ടു പോയാൽ, കുന്നിലേക്കുള്ള കയറ്റത്തിൽ ഒരു പടിപ്പുര ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നത് കാണാം. ഇപ്പോഴതൊരു ക്രിസ്ത്യാനീടെ കൈയിലാണ്. കുഞ്ഞുണ്ണിമേനോൻറെ കാലത്ത് അതൊരു തണ്ണീർപ്പന്തലായിരുന്നു. അങ്ങേരുടെ കാലശേഷവും ഒരുപാടുകാലം അതുനിലനിന്നു. തൃക്കോവിലിലെ അഷ്ടമിക്കും കാളികാവിലെ ഭരണിക്കും പുഴ കടന്ന് കിഴക്കുന്ന് ഒരുപാട്ടു ജനങ്ങള് വരും. ആൺ പെൺ വ്യത്യാസമില്ലാതെ കൂട്ടംകൂട്ടമായാണ് അവർ വരിക. അന്ന് ഇന്നത്തെപ്പോലെ കാറും ബസ്സുമൊന്നുമില്ലല്ലോ. ഏഴെട്ടു നാഴിക ഒരേ കാലിൽ നടക്കന്നേ വഴിള്ളു...'

അയാൾക്ക് ആ ചരിത്രം കേൾക്കാൻ തീരെ താൽപര്യം തോന്നിയില്ല. സിഗരറ്റ് കത്തിച്ച് പുകവിഴുങ്ങിക്കൊണ്ട് അയാൾ ജനലിലൂടെ നോക്കി. വലിയൊരു തൊടി. വരിവരിയായി, കൃത്യമായ അകലംവെച്ച് വളർന്നു പൊങ്ങുന്ന തൈത്തെങ്ങുകൾ. അവയെല്ലാം ഉണ്ണിമേനോൻറെ അദ്ധ്വാനത്തിൻറെ ഫലമാണെന്നുതോന്നി. കളരിപ്പാടത്തെ തറവാട്ടിൽ ഇത്തിരി തഴച്ചു നിൽക്കുന്നത് ഈ താവഴിമാത്രം. പറഞ്ഞത് നേരുതന്നെ.

ഉണ്ണിമേനോൻ തുടരുകയായിരുന്നു:

‘കാളികാവിലെ ഭരണീടെ ചെലവുമുഴുവൻ പണ്ടുമുതലേ കളരിപ്പാടത്തെ തറവാട്ടീന്നാണ്. നാനാദേശങ്ങളിൽനിന്നും ഒരുപാടാളുകള് അന്നേദിവസം കാവില് വന്നുകൂടും. അശ്വതിയുടന്ന്, ഉച്ചയ്ക്ക് കാവിലെത്തിയാൽ, പിറ്റേന്ന്, ഭരണിയുടന്ന്, ആയിരം തിരിയും ചാടിലെ തൂക്കവും കണ്ടേ മടങ്ങൂ. ആ ദിവസങ്ങളിൽ തണ്ണീർപ്പന്തലിൽ തറവാട്ടുവക സംഭാരം വീഴ്ത്തുണ്ടായിരുന്നു. ഒരു വലിയ ഓട്ടുഗ്ലാസ്സ് നിറയെ സംഭാരവും ഉള്ളംകൈയിൽ ഇത്തിരി കടുമാങ്ങാക്കറിയും. ആ കടുമാങ്ങേടെ സ്വാദ് അടുത്ത ഭരണിവരെ ദേശത്തുള്ളോരടെ നാവിലുണ്ടാവും. കുലയോടെ പറിച്ചെടുത്ത ഉണ്ണിമാങ്ങകളുടെ ചുനകളയാതെയാണ് കറീണ്ടാക്കുക.’

അയാൾക്കു മടുപ്പുതോന്നി. കളരിപ്പാടത്തെ തറവാട്ടുപുരാണത്തെക്കുറിച്ച് കേട്ടിട്ടെന്തു കാര്യം? സംഭാഷണം കുഞ്ഞിക്കുട്ടനിലേക്കും ദേവിയിലേക്കും തിരിച്ചുകൊണ്ടുവരാൻ അയാൾ ശ്രമിച്ചു:

‘കുഞ്ഞിക്കുട്ടൻ ഇവിടന്ന് ഒളിച്ചോടിപ്പോകുകയായിരുന്നോ?’ അയാൾ പെട്ടെന്നു ചോദിച്ചു.

‘ഒന്നും പറയണ്ട, എൻറെ ചങ്ങാതീ.’ ഉണ്ണിമേനോൻ താമ്പാളം അടുപ്പിച്ചു വെച്ച്, മുറുക്കാനുള്ള വട്ടത്തിലായിരുന്നു. വെറ്റിലയിൽ ചുണ്ണാമ്പ് തേച്ചു കൊണ്ട് അയാൾ തുടർന്നു. അരിഞ്ഞ പുകയിലയുടെയും കളിയടയ്ക്കയുടെയും വാസനച്ചുണ്ണാമ്പിൻറെയും മിശ്രഗന്ധം പരന്നു.

‘ചെറുപ്പത്തിലേ തലതിരിഞ്ഞു പോയാൽപ്പിന്നെ എന്താ ചെയ്യാ? വല്യ തറവാട്ടിലെയാന്നോക്കെ പറഞ്ഞിട്ടെന്തു പുണ്യം? കുട്ടിക്കാലംമുതലേ ഹീന ജാതിക്കാരുമായിട്ടായിരുന്നു അവൻറെ സഹവാസം. കളരിപ്പറമ്പിലിരുന്ന് ചീട്ടുകളിക്ക്യാ, വീടിവലിക്ക്യാ, ചാരായം കുടിക്ക്യാ, ഇതൊക്കെ സ്കൂളിൽ പഠിക്കുമ്പഴേ തൊടങ്ങിയിരിക്കുന്നു. ഏത് തറവാടായാലും തറവാടിൻറെ അന്തസ്സ് കളഞ്ഞുകുളിക്കാനായിട്ട് ചില പട്ടുമുളകള് പൊട്ട്വല്ലോ, അതിപ്പെട്ടതായിരുന്നു. കുഞ്ഞുട്ടൻ, ആ തള്ളയാണെങ്കില് ഐശ്വര്യോള്ള സ്ത്രീയായിരുന്നു. ആറ്റുനോറ്റുണ്ടായ ആൺസന്തതിയാണ്. ഇവൻറെ തല കണ്ടതിപ്പിന്നെ അവരുടെ ഗതീം അധോഗതിയായി. അത്രയ്ക്കുണ്ടു വർക്കത്ത്. മുജ്ജന്മ സുകൃതംതന്നെ. അല്ലാണ്ടെന്താ പറയാ?’

അയാൾക്കറിയേണ്ടത് മറ്റൊന്നായിരുന്നു:

‘കുഞ്ഞിക്കുട്ടൻ ഒളിച്ചോടിപ്പോകാൻ എന്താണു കാരണം?’

‘ആർക്കാപ്പോ അതൊക്കെയറിയാ?’ ഉണ്ണിമേനോൻ ചുമല്വ വെട്ടിച്ചു: ‘കല്യാണം കഴിഞ്ഞാലെങ്കിലും നന്നാവ്വോന്നു നോക്കാനായിട്ടാണു പിടിച്ച പിടിയാലേ കൊണ്ടോയി സമ്മന്തം കഴിപ്പിച്ചത്. കാശും പണോം കൊറവാണെങ്കിലും നല്ല കുടുമ്മത്തിൽ പിറന്ന കുട്ടി. അച്ഛനമ്മമാരുടെ ഒറ്റമോള്. ഉർവശിക്കുട്ടി. അവളുടെ ചന്തം കണ്ടിട്ടെങ്കിലും ഇവൻ ഇവിടെയൊരിടത്ത് അടങ്ങിയൊതുങ്ങി കഴിഞ്ഞുകൂടുമെന്നാ ഞങ്ങളൊക്കെ കരുതിയത്. വെളുക്കാൻ തേച്ചതു പാണ്ടായി. അതിൻറെ ജീവിതോം തുലഞ്ഞു. കല്യാണം കഴിഞ്ഞ് ഒരു മാസം കഴിഞ്ഞപ്പോഴേക്കും തൊടങ്ങി കുഞ്ഞിക്കുട്ടന് എളക്കം. മുമ്പൊക്കെ ചെറിയൊരു എളക്കമേ പതിവുണ്ടായിരുന്നുള്ളൂ. ഇത്തവണ എളക്കത്തിൻറെ ലൈനൊന്നു മാറി. ശരിക്കും പിരിലൂസന്നെ.’

‘ഭാര്യയോട്ടു തെറ്റിയിട്ടാണോ ഒളിച്ചോടിപ്പോയത്?’

‘തെറ്റീന്നോ. നല്ല തമാശ്യായി!’ ഉണ്ണിമേനോൻ ജനാലയിലൂടെ നീട്ടിത്തുപ്പി. വെള്ളമണലിൽ ചുവന്ന പൊട്ടുകൾ തെളിഞ്ഞു.‘തെറ്റുന്നതിലൊക്കെ ഒരന്തസ്സില്ലേ? ഈ കല്യാണംന്ന് പറയണത് കുട്ടിക്കളിയാണോ? അവൻറെയൊരു കാട്ടായം പറയണ്ട. ഭാര്യേ എപ്പഴും സംശയമാണ്. അവള് കണ്ണെഴുതിയാൽ, പൊട്ടുകുത്തിയാൽ, പുതിയ സാരിയുടുത്താൽ സംശയം. കൈവിഷം കൊടുത്തു ഭാര്യവീട്ടുകാർ അവനെ മയക്കിയെടുത്തതാണെന്നാണു വിചാരം. പെണ്ണുകാണാൻ പോയപ്പോൾ അവിടെ ഒരു പൂജ നടക്കുകയായിരുന്നത്രെ. പൂജാരിടെ കൈയോണ്ടുതന്നെ നേദിച്ച ഒരു പഴം കൊടുത്ത്വത്രെ. അതു തിന്നപ്പഴേ തുടങ്ങി ഉള്ളിലൊരു മനംമറിച്ചില്. ആ പെണ്ണുതന്നെ മതീന്നു തോന്നി. കൈവിഷമായിരുന്നത്രെ പഴത്തില്.’

‘എന്നിട്ട്?’അയാൾ കസേരയിൽ നിവർന്നിരുന്നു കൗതുകത്തോടെ ചോദിച്ചു.

‘ആ പെണ്ണ്, നമ്മടെ ഉർവശിക്കുട്ടി, കൈയും കാലും പിടിച്ചു പറഞ്ഞു നോക്കിയിട്ടും മനസ്സു മാറണ്ടേ?ഇരുചെവിയറിയാതെ ചോറ്റാനിക്കരെ കൊണ്ടോയി ഛർദിപ്പിച്ചുനോക്കി. എന്നിട്ടും മാറ്റമില്ല. ദേവിയെ കണ്ടാൽ മിണ്ടാതായി. അവളുടെ കൈയീന്നു പച്ചവെള്ളംപോലും വാങ്ങി കുടിക്കില്ല. ഏതിലൊക്കെയാണു കൂടോത്രം ചെയ്തുവെച്ചിരിക്കുന്നതെന്ന് എങ്ങനെയറിയും? അനങ്ങിയാൽ സംശയം, തിരിഞ്ഞാൽ സംശയം. ഒടുവില് കിടപ്പും വെവ്വേറെ മുറിയിലായി. അവൾക്കു വയറ്റിലുണ്ടെന്നറിഞ്ഞ ദിവസം വീട്ടിലൊരു ഭൂകമ്പമായിരുന്നു. കുട്ടീടെ അച്ഛൻ ആരാണെന്നറിയണം കുഞ്ഞൂട്ടന്. അങ്ങനെ, ഒരിക്കല്, അന്ന് തിരുവാതിരക്കാലമായിരുന്നു. വെളുപ്പിന് ദേവി കുളിക്കാൻ എഴുന്നേറ്റപ്പഴ് കുഞ്ഞുട്ടൻറെ മുറി തുറന്നുകെടക്കുന്നു. കൊറേ ദിവസം പലരും പല സ്ഥലത്തും അന്വേഷിച്ചുനടന്നു. ഒടുവായപ്പോൾ എല്ലാവർക്കും മടുത്തു. പിന്നെ എങ്ങനെയാണാവോ നിങ്ങടെസ്ഥലത്തു വന്നെത്തിയത്? എന്താ ആ സ്ഥലത്തിൻറെ പേര്?

‘പാണ്ഡവപുരം.’

‘നല്ല പേര്. അജ്ഞാതവാസത്തിനു പറ്റിയ സ്ഥലന്നേ.’

ഉണ്ണിമേനോന് ഓർത്തപ്പോൾ ചിരിവന്നു. ഭാര്യയെ പേടിച്ച് ഒരാൾ അജ്ഞാതവാസത്തിനു പോയിരിക്കുന്നു. പാണ്ഡവപുരത്ത്.

'പോയതിൽപ്പിന്നെ ഒരു വിവരവുമില്ലായിരുന്നു. ഞങ്ങളുവിചാരിച്ചു. എവിടേങ്കിലും കെടന്നു ചത്തുകാണുമെന്ന്. അല്ലാപ്പൊ ജീവനൊണ്ടായിരുന്നാൽത്തന്നെ അവനെക്കൊണ്ടു കുടുമ്മത്തിന് ഒരു പ്രയോജനോമില്ല. പിന്നെ ചത്താലും ജീവിച്ചിരുന്നാലും ആർക്കെന്താ പുണ്യം?

ചായ വന്നു. ചൂടുചായ മൊത്തിക്കുടിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ ചെറുപ്പംവിടാത്ത ദേവിയുടെ മുഖം അടുത്തുകണ്ടു. കുഞ്ഞിക്കുട്ടനെ കൈവിഷം കൊടുത്തു മയക്കിയതാണോ? അവൾക്കതിനുള്ള ധൈര്യമുണ്ടാകുമോ? അങ്ങനെ മയക്കിയെടുക്കാൻ പാകത്തിന് എന്തു പ്രത്യേകതകളായിരുന്നു കുഞ്ഞിക്കുട്ടനുണ്ടായിരുന്നത്?

അയാൾ ചോദിച്ചു:

'കുഞ്ഞിക്കുട്ടൻറെ സംശയത്തിനു വല്ല അടിസ്ഥാനവുമുണ്ടായിരുന്നോ?'

'എന്ത് അടിസ്ഥാനം?' ഉണ്ണിമേനോൻറെ മുഖം ചുവന്നു: 'നിങ്ങൾക്കും പിടിച്ചോ നൊസ്സ്? കുടോത്രം ചെയ്തു സമ്മന്തം ചെയ്യിക്കാൻ പാകത്തിന് ഇവനെന്താ ഇളയമ്പ്രാനോ?'

അയാൾ ഉറക്കെ ഒച്ചയുണ്ടാക്കിക്കൊണ്ട് ജനലിലൂടെ നീട്ടിത്തുപ്പി.

'അത്രയ്ക്കു മോഹം തോന്നാൻ എന്താവ്ടെ കെടക്കണത്?കളരിപ്പാടത്തെ തറവാട്ടിൻറെ പേരു കേട്ടാണു പാവം അവര് ഇതില് കുടുങ്ങിപ്പോയത്.'

കുറെനേരം കഴിഞ്ഞ് അയാൾ എഴുന്നേറ്റു.

ഇരുട്ടിയിരുന്നു. അയാൾ തെല്ലൊരു ഭീതിയോടെ പുറത്തേക്കു നോക്കി. ആ വലിയ വീടും, അതിനകത്തെ മനുഷ്യരും, ചുറ്റുമുള്ള വലിയ തൊടിയുമെല്ലാം അജ്ഞാതമായ രഹസ്യങ്ങൾ വീർപ്പുമുട്ടിനിൽക്കുന്ന ഏതോ പ്രാചീനമായ ഇരുട്ടിലേക്കു മുങ്ങിപ്പോകുന്നതായി അയാൾക്കു തോന്നി. കുഞ്ഞിക്കുട്ടൻ, ദേവി, കുടോത്രം, പാണ്ഡവപുരം, ജാരനാകാനുള്ള നിയോഗം. യുക്തിക്കു നിരക്കാത്ത ഒട്ടേറെ സംഭവങ്ങളിൽ അവയെല്ലാം കെട്ടിപ്പിണഞ്ഞുകിടക്കുന്നു. ഏതാണ് ഉണ്മ? ഏതാണ് പൊയ്? കുഞ്ഞിക്കുട്ടൻറെ വിചിത്രമായ പെരുമാറ്റം പോലും ഇപ്പോൾ ഏറക്കുറെ മനസ്സിലാക്കാമെന്നു തോന്നിപ്പോകുന്നു. പാണ്ഡവപുരത്തെ കോളനിക്കു മുകളിൽ മഞ്ഞമുഖവുമായി വാപിളർന്നു നിൽക്കുന്ന ഭൂതത്തെപ്പോലെ ഏതോ ഒരു കറുത്ത ശക്തി ഇവിടെയും മുകളിൽ തൂങ്ങിനിൽക്കുന്നു. അതിൻറെ കത്തുന്ന നോട്ടം വീണ അജ്ഞരായ പാവം മനുഷ്യർ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു. യുക്തിക്കു നിരക്കാത്ത ഒട്ടേറെ കാര്യങ്ങൾ, അല്ലെങ്കിൽത്തന്നെ യുക്തിക്കു നിരക്കാത്ത എന്തെല്ലാമുണ്ട് ഈ പ്രപഞ്ചത്തിൽ?

'നിങ്ങളെന്തുചെയ്യാൻ പോണു?' ഉണ്ണിമേനോൻ അന്വേഷിച്ചു.

'ഇന്നു രാത്രി അവിടെ കൂടും. നാളെ കാലത്തെ വണ്ടിക്കു തിരിച്ചു പോകും.'

‘അതു വേണ്ട.’ ഉണ്ണിമേനോൻ തടഞ്ഞു:‘ രാത്രി ഇവിടെ കൂടാം. അവിടെ സ്ഥലസൗകര്യമുണ്ടാവില്ല.’

ഉണ്ണിമേനോൻറെ ശബ്ദത്തിൽ അനാവശ്യമായ ഒരസൂയ മറഞ്ഞുകിടപ്പുണ്ടെന്ന് അയാൾക്കു തോന്നി. അയാൾ ഓർക്കുകയായിരിക്കും, ആ കൊച്ചു വീട്ടിൽ സുന്ദരിയായൊരു ചെറുപ്പക്കാരിയും താനും മാത്രമായാൽ... അതും വർഷങ്ങൾക്കുമുമ്പ് ഭർത്താവ് ഉപേക്ഷിച്ചുപോയ, എല്ലാ വികാരങ്ങളും കടിച്ചമർത്തിവെച്ചിരിക്കുന്ന സ്ത്രീ.

‘എനിക്കങ്ങനെ പ്രത്യേക സൗകര്യങ്ങളൊന്നും വേണ്ടല്ലോ.’ അയാൾ പറഞ്ഞു: ‘ഒരു പായും തലയണയും കിട്ടിയാൽ പുറത്തെ വരാന്തയിൽ കിടക്കാമല്ലോ.’

ഉണ്ണിമേനോന് അതു തീരെ ഇഷ്ടപ്പെട്ടില്ലെന്നു തോന്നി.

‘എന്നാൽ, അത്താഴം ഇവിടെ കഴിക്കാം. അവിടെ അതിനൊക്കെ ഇത്തിരി ബുദ്ധിമുട്ടാവും.’ ഉണ്ണിമേനോൻ പറഞ്ഞു.

അയാൾ എതിർത്തില്ല. ഊണുമേശയ്ക്കരികിൽ ഇരിക്കുമ്പോഴും ഉണ്ണി മേനോൻ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. കുഞ്ഞിക്കുട്ടനെപ്പറ്റി. ദേവിയെപ്പറ്റി. കളരിപ്പാടം തറവാടിനെപ്പറ്റി. അയാൾക്ക് അതിലൊന്നും തീരെ താൽപര്യം തോന്നിയില്ല. അയാളുടെ മനസ്സ് പാണ്ഡവപുരത്തെ ആ വലിയ ഫാക്ടറിയിലേക്കും മൈതാനത്തിനു മുമ്പിലുള്ള കോളനിയിലേക്കും വഴുതിച്ചെല്ലുകയായിരുന്നു. വരിവരിയായ മഞ്ഞച്ചായം പൂശിയ വീട്ടുകൾ. ചുവരിൽ കറുത്ത ചായംകൊണ്ടെഴുതിയ വീട്ടുനമ്പറുകൾ. എല്ലാ വീടും ഒരുപോലെയായിരുന്നു. നമ്പറുകൾമാത്രം വേറേ. ആ നമ്പറുകളുടെ വ്യത്യാസമായിരുന്നു ആ വീടുകളിൽ കഴിഞ്ഞിരുന്ന ഒരേ മുഖമുള്ളവരെയും വ്യത്യസ്തരാക്കിയിരുന്നത്. മദ്യപിച്ചു പിമ്പിരിയായിവരുന്ന രാവുകളിൽ ആ നമ്പറുകൾ വായിച്ചെടുക്കാൻ നന്നേ പണിപ്പെട്ടിരുന്നു. ഒടുവിലൊരു സൂത്രം കണ്ടു പിടിച്ചു. ഒരു പഴയ മാസികയിൽനിന്നു മനോഹരമായി ചിരിക്കുന്ന മധുബാലയുടെ ചിത്രം വെട്ടിയെടുത്തു വാതിലിൽ പതിച്ചുവെച്ചു. ബോധം നഷ്ടപ്പെട്ടരാവുകളിൽ അങ്ങനെ മധുബാല വഴികാട്ടി.

ഊണു കഴിഞ്ഞ്, അയാൾ ഇറങ്ങാൻ തുടങ്ങുകയായിരുന്നു. ഉണ്ണി മേനോൻ പുറകെവന്നു.

‘പിന്നെ... നിങ്ങളോടു പറയാൻ മടീണ്ട്.’ ഉണ്ണിമേനോൻ ചുറ്റും നോക്കി സംശയത്തോടെ നിറുത്തി. അകത്തെവിടെയോ പാത്രം കഴുകുന്ന ഭാര്യ കേൾക്കില്ലെന്ന് ഉറപ്പായപ്പോൾ അയാൾ പതുക്കെ പറഞ്ഞു: ‘ഇപ്പഴത്തെ ചുറ്റുപാടില് നിങ്ങളവിടെ പോകാതിരിക്കുകയാണ് നല്ലത്.’

‘അതെന്താ?’

‘ചില കുഴപ്പമൊക്കെയുണ്ട്. അതൊക്കെ ഞാൻ പിന്നീടു വിശദമായിട്ടു പറയാം. ആ പെട്ടീം സാധനോക്കെ അവിടെ കൊണ്ടോയി വെക്കണ്ടായിരുന്നു.’

‘കുഞ്ഞിക്കുട്ടനുമായുള്ള അടുപ്പം ആലോചിക്കുമ്പോൾ വേറൊരു വീട്ടിൽ താമസിക്കുന്നതിനെക്കുറിച്ച് എനിക്ക് ഓർക്കാനേ വയ്യ.’

‘ ഉണ്ണിമേനോൻ ഒന്ന് ഇരുത്തിമൂളി. ഡപ്പിയിൽനിന്ന് ഒരു നുള്ളു പൊടിയെടുത്ത് ആഞ്ഞുവലിച്ചുകൊണ്ട് അയാൾ നീരസത്തോടെ പറഞ്ഞു:

‘ആയ്ക്കോട്ടെ, നാളെ കാലത്തു പോണതിനുമുമ്പ് ഇങ്ങോട്ടിറങ്ങല്ലോ.’

‘ഇറങ്ങാം.’

‘എന്നാലിനി വൈകിക്കണ്ട. ഭയങ്കര ഇരുട്ടാണ്. ടോർച്ചെടുത്തോളൂ. വഴി അറിയാല്ലോ. ഞാൻ കൂടെ വരണ്ടല്ലോ?’

‘വേണ്ട’

അയാൾ ഇരുട്ടിലേക്കിറങ്ങി.

കുഞ്ഞിക്കുട്ടൻറെ വീട്ടിൽ കയറിച്ചെല്ലുമ്പോൾ അവിടെയെങ്ങും ആൾപ്പെരുമാറ്റമുള്ള മട്ടുകണ്ടില്ല. വരാന്തയിൽ കരുത്തില്ലാത്ത ഒരു ബൾബ് മങ്ങിക്കത്തുന്നു.അകത്തെ മുറിയിലെങ്ങോ മങ്ങിയ വെളിച്ചമുണ്ട്.

അയാൾ വരാന്തയിൽ ഇത്തിരിനേരം പരുങ്ങിനിന്നു. എന്തു പറഞ്ഞാണ് വിളിക്കുക?

അയാളൊന്നു ചുമച്ചു.

ജനാലയ്ക്കൽ ദേവിയുടെ തല കണ്ടു. അവൾ കതകുതുറന്ന് ഒഴിഞ്ഞു നിന്നു.

‘ഞാൻ വൈകിയോ?’ അയാൾ വെറുതെ ചോദിച്ചു.

‘ഇല്ല.’ദേവിയുടെ ശബ്ദം നിർവികാരമായിരുന്നു.

അയാൾ പതുക്കെ അകത്തേക്കു കയറി. വീതികുറഞ്ഞ ഇടനാഴി. ഇരുവശത്തും ഓരോ ചെറിയ മുറികളുണ്ടെന്നു തോന്നി, മങ്ങിയ വെളിച്ചത്തിൽ, അടുക്കളയിലേക്കുള്ള വാതിൽ കാണാം.

‘ഞാൻ വന്നത് വലിയ അസൗകര്യമായി, അല്ലേ?’

തൻറെ ശബ്ദത്തിൽ അനാവശ്യമായ കുറ്റബോധമുണ്ടെന്ന് അയാൾക്കുതോന്നി.

‘ഇല്ല.’ ദേവിയുടെ ശബ്ദത്തിൽ അപ്പോഴും യാതൊരു മാറ്റവുമുണ്ടായിരുന്നില്ല.

‘ഞാൻ നാളെ കാലത്തേ പൊയ്ക്കോള്ളാം.’

അതിനുള്ള മറുപടി താൽപര്യമില്ലാത്തമട്ടിലൊരു മൂളലായിരുന്നു.

ചുറ്റും നോക്കിയിട്ട്, വേദന കലർന്ന സ്വരത്തിൽ അയാൾ പറഞ്ഞു:

‘ഈ മാറ്റം എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. തീർച്ചയായും നിങ്ങളെന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. അത്ര പെട്ടെന്നു മറക്കാൻ കഴിയുമോ? എനിക്കറിയാം ദിവസങ്ങളായി, മാസങ്ങളായി, നിങ്ങൾ എനിക്കുവേണ്ടി കാത്തിരുന്നിരിക്കണം. പക്ഷേ, ഞാൻ ആദ്യമേ ഒരബദ്ധംകാട്ടി. വിശ്വസിപ്പിക്കാൻ തെളിവുകൾ വേണ്ടിവന്നേക്കുമെന്നു കരുതി സംഭവങ്ങളുടെ വലിയൊരു മാറാപ്പുംപേറി ഞാൻ കടന്നുവന്നു. ഇപ്പോഴെനിക്ക് ആ തെളിവുകൾകൊണ്ട് എന്തുചെയ്യണമെന്ന് ഒരു രൂപവുമില്ല. ഒരിക്കൽമാത്രം വെട്ടാവുന്ന വാളു പോലെ, ഒറ്റ ഉണ്ടമാത്രം ശേഷിച്ച കൈത്തോക്കുപോലെ, ഞാനവയെ കരുതിവെക്കുകയായിരുന്നു. കൈവിടാനുള്ള

മടിയോടെ, വിശ്വസിപ്പിക്കാനുള്ള വ്യഗ്രതയോടെ. നിങ്ങളുടെ മുഖം പറയുന്നു. എന്നെ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന്. പിന്നെ എന്തിനീ മറ?

അല്പം കഴിഞ്ഞ് അയാൾ തുടർന്നു:

'പാണ്ഡവപുരത്തായിരുന്നപ്പോൾ ഒരിക്കൽപ്പോലും ഇങ്ങനെ എൻറെയടുത്തു പെരുമാറിയിട്ടില്ലല്ലോ. കുഞ്ഞിക്കുട്ടൻ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും ഞാൻ എത്ര തവണ നിങ്ങളുടെ ക്വാർട്ടേഴ്സിൽ വന്നിട്ടുണ്ട്. എത്ര തവണ ഊണുമേശയ്ക്കരികിലിരുന്ന നമ്മള് തമാശകള് പറഞ്ഞു പൊട്ടിച്ചിരിച്ചിട്ടുണ്ട്. ചിരിക്കുമ്പോൾ പല്ലുകൾ കാണാൻ ഭംഗിയുണ്ടെന്ന് ഞാനൊരിക്കൽ രഹസ്യമായി പറഞ്ഞപ്പോൾ നിങ്ങൾ പറഞ്ഞു. സ്കൂളിൽ പഠിക്കുന്ന കാലത്ത് കൂട്ടുകാരികൾ പല്ലി എന്നാണ് വിളിച്ചിരുന്നതെന്ന്...'

ദേവി പെട്ടെന്ന് ഇടയിൽക്കയറി ചോദിച്ചു:

'ഊണു കഴിക്കണ്ടേ?'

'വേണ്ട. ഞാൻ ഉണ്ണിമേനോൻ മാഷ്ടെ വീട്ടിൽനിന്നു കഴിച്ചു.'

'ഓ.' അവൾ പുരികം ചുളിച്ചു:'നന്നായി.'

'എല്ലാവരും കിടന്നോ?'

'ആ, പായും തലയണയും വെച്ചിട്ടുണ്ട് വരാന്തേല്.'

അയാൾ വരാന്തയിലേക്കു കാലെടുത്തുവെച്ചപ്പോഴേക്കും പുറകിൽ വാതിൽ ശക്തിയോടെ അടഞ്ഞു. ഒരു മൂലയിൽ ചാരിവെച്ചിരിക്കുന്ന ചുരുട്ടിവെച്ച പായിൻറെ നേർക്ക് അയാൾ വെറുപ്പോടെ, അരിശത്തോടെ, തുറിച്ചു നോക്കി.

വരാന്തയിലെ ലൈറ്റണഞ്ഞു.

അയാൾ പായ നിവർത്തിയിട്ട് മലർന്നുകിടന്നു. ഓട്ടിൻതുമ്പുകൾ ഈർന്നു മുറിച്ചിട്ട ആകാശം. ചാണകംമെഴുകിയ നിലത്തു ചിതറിക്കിടക്കുന്ന അരിമണികൾപോലെ നക്ഷത്രങ്ങൾ. തണുത്ത കാറ്റുണ്ട്. ഇളംകാറ്റിൽ കവുങ്ങുകൾ ഒരു നേർത്ത കരച്ചിലോടെ ഉലയുന്നു. ഇരുട്ടിൽ പുതഞ്ഞ തൊടിയിൽ വികൃതമായ നിഴലുകൾ കൂടിപ്പിണയാൻ തുടങ്ങിയപ്പോൾ, അപരിചിതമായ കുറെ ശബ്ദങ്ങൾ ഉയർന്നപ്പോൾ, താൻ ഏതോ മാന്ത്രികവലയത്തിൽ വന്നു കുടുങ്ങിയതായി അയാൾക്കു തോന്നി.

എന്തിനീ ശിക്ഷ? എന്തിന് ഞാനീ ദൂരം മുഴുവൻ താണ്ടി ഇവിടെ വന്നെത്തി? അയാൾ സ്വയം ചോദിച്ചു.

അതിനു മറുപടിയായി, തൊടിയുടെ അതിരിലുള്ള പുളിമരത്തിലിരുന്ന ഒരു കാലൻകോഴി നീട്ടിക്കൂവി. ഉറക്കെ ചിറകടിച്ചുകൊണ്ട് ഒരുപറ്റം കടവാതിലുകൾ ഇരുട്ടിലേക്ക് ഊളിയിട്ടുപോയി. അയാൾ ഉൾക്കിടിലത്തോടെ കണ്ണുകൾ ഇറുകെപ്പൂട്ടി ഉറക്കംവരാനായി പ്രാർത്ഥിച്ചുകൊണ്ടു തിരിഞ്ഞു കിടന്നു.

പിന്നീട്, എപ്പോഴോ പാണ്ഡവപുരത്തെ മൈതാനത്തിൽനിന്നുവന്ന കുതിരച്ചാണകത്തിൻറെ ഗന്ധമുള്ള കാറ്റ് അയാളെ തഴുകി. അതിൻറെ പരിചിതമായ തലോടലിൽ അയാൾ മയങ്ങി.

അഞ്ച്

സൂര്യരശ്മികൾ മുഖത്തുവീണു തറച്ചപ്പോഴാണ് അയാൾ എഴുന്നേറ്റത്. മേലാകെ വേദനിക്കുന്നു. യാത്രാക്ഷീണത്തിൽ ഉറങ്ങിപ്പോയതറിഞ്ഞില്ല.

തിണ്ണയിൽ കൗതുകത്തോടെ തന്നെ നോക്കുന്ന രണ്ടു കൊച്ചുകണ്ണുകൾ അയാൾ കണ്ടു. വള്ളിനിക്കറു മാത്രമിട്ട ഒരു കുട്ടി. നെറ്റിയിലേക്കു വീണു കിടക്കുന്ന നീണ്ട മുടി. തുടുത്ത കവിളുകൾ.

അയാൾ പായ ചുരുട്ടിവെച്ചു. ഒരു സിഗരറ്റും കത്തിച്ച് മുറ്റത്ത് ഉലാത്തുമ്പോഴും അവൻറെ കണ്ണുകൾ അയാളുടെ ഓരോ ചുവടുകളോടൊപ്പം നീങ്ങിക്കൊണ്ടിരുന്നു.

പല്ലു തേച്ചു. മുഖം കഴുകി. അപ്പോഴേക്കും കുട്ടി ചായയുമായെത്തി. ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ ചോദിച്ചു:

'മോൻറെ പേരെന്താ?'

'രഘു'

'ഏതു ക്ലാസ്സിലാ പഠിക്കുന്നത്?'

'മൂന്നില്.'

അയാൾ അവൻറെ മുഖത്തുതന്നെ ഇത്തിരിനേരം നോക്കിയിരുന്നു പോയി. കുഞ്ഞിക്കുട്ടൻറെ ഛായയാണോ? അതോ ദേവിയുടേതോ?

രഘുവിനെ അടുത്തു വിളിച്ചുനിറുത്തി, അവൻറെ നീണ്ട മുടിയിലൂടെ വിരലോടിച്ചുകൊണ്ട് അയാൾ ചോദിച്ചു:

'രഘു അച്ഛനെ കണ്ടിട്ടുണ്ടോ?'

രഘു ഇല്ലെന്ന് തലയാട്ടി.

'അച്ഛൻ എങ്ങനെയിരിക്കുമെന്ന് അറിയാമോ?'

'കാണാതെ എങ്ങന്യാ അറിയ്വാ?'

'മിടുക്കൻ, അയാൾ ചിരിച്ചുകൊണ്ട് അവൻറെ പുറത്തു തട്ടി: 'അങ്ങനെ തന്നെ ചോദിക്കണം.'

'അച്ഛനും അമ്മയുംകൂടി നിൽക്കുന്ന ഫോട്ടോ?'

'ഇല്ല.'

'ഇവിടെ അച്ഛൻറെ ഫോട്ടോ ഒന്നുമില്ലേ?'

'ഇല്ല.'

അയാൾ ഒരു നിമിഷം ആലോചിച്ചിട്ടു തുടർന്നു:

'മോൻറെ സ്ലേറ്റും പെൻസിലും എടുത്തുകൊണ്ടു വരു. ഞാൻ വരച്ചു കാണിച്ചുതരാം.'

രഘു സ്ലേറ്റ് എടുത്തുകൊണ്ടുവന്നു. അതിൽ വരച്ചിട്ടിരിക്കുന്ന ഒട്ടകത്തിൻറെ പടം പച്ചകൊണ്ടു മാച്ചിട്ട് സ്ലേറ്റും കൈയിൽപിടിച്ച് അയാൾ ഇത്തിരി നേരം ഇരുന്നു.

എങ്ങനെയായിരിക്കും കുഞ്ഞിക്കുട്ടൻറെ രൂപം? വട്ടമുഖമോ? നീളൻ മുഖമോ? മുടി എങ്ങനെയാണ് കോതിവെക്കുക? മീശയുണ്ടോ? രഘു അയാളുടെ മുഖത്തേക്കുതന്നെ ഉറ്റുനോക്കിയിരിക്കുകയായിരുന്നു. അവൻറെ കൗതുകം നിഴലിക്കുന്ന കൊച്ചുകണ്ണുകളിലേക്കു നോക്കിയപ്പോൾ അയാൾക്കു വിഷമം തോന്നി. താൻ വഞ്ചിക്കാൻ നോക്കുന്നത് അവനെയല്ല. തന്നെത്തന്നെയല്ലേ?

പിന്നീട് രണ്ടും കല്പിച്ച് അയാൾ വരയ്ക്കാൻ തുടങ്ങി.

'ദാ, ഏതാണ്ട് ഇതുപോലെയിരിക്കും. വലിയ തല, വട്ടമുഖം. രഘുവിനെപ്പോലെതന്നെ. പിറകോട്ട് ചീകിവെച്ച ചുരുളൻ മുടി. വലിയ കണ്ണുകൾ. കവിളിൽ മുറിവിൻറെ പാട്. വീതിയുള്ള കറുത്ത മീശ. നല്ല ഉയരം. മെലിഞ്ഞിട്ടാണ്. നടക്കുമ്പോൾ ഇടതുവശത്തേക്ക് അല്പം ചെരിഞ്ഞ്, ദാ ഇതു പോലെയാണ് നടക്കുക. രഘുവിൻറെ ഛായതന്നെ.'

'ഹേയ്... തെറ്റിപ്പോയി... തെറ്റിപ്പോയി.' രഘു കൈകൊട്ടിച്ചിരിച്ചു.

'എന്താ?'

'അച്ഛനു മീശേല്യല്ലോ അച്ഛനു മീശേല്യല്ലോ...'

അവൻ ഈണത്തിൽ പാടി.

'ആരു പറഞ്ഞു മീശയില്ലാന്ന്?'

'അമ്മ പറഞ്ഞിട്ടുണ്ടല്ലോ അച്ഛനു മീശേല്യാന്ന്.'

രഘു അപ്പോഴും അതേ ഈണത്തിൽ പാടി.

ആദ്യം ഒന്നു പതുങ്ങിയെങ്കിലും ഉടനെ അയാൾക്ക് പറഞ്ഞൊപ്പിക്കാൻ കഴിഞ്ഞു:

'പാണ്ഡവപുരത്ത് വന്നശേഷമായിരിക്കും മീശവെച്ചത്.'

'ഈ പടം ഞാൻ അമ്മയെ കൊണ്ടോയി കാണിക്കട്ടെ?' രഘു ചോദിച്ചു.

'വേണ്ട' അയാൾ തടഞ്ഞു, എനിക്കങ്ങനെ വരയ്ക്കാനൊന്നും അറിയില്ല. രഘുവിനെ കാണിക്കാനായിട്ടു തമാശയ്ക്കു വരച്ചതല്ലേ.

രഘു അപ്പോഴും ആ പടത്തിൽത്തന്നെ തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അവൻ ആ നേർത്ത വരകളിലൂടെ, അച്ഛൻറെ മുഖത്തു കൂടെ വിരലോടിക്കുകയായിരുന്നു. ഒരിക്കലും നേരിൽ കാണാത്ത അച്ഛൻ, പലപ്പോഴും സ്വപ്നം കണ്ടിട്ടുള്ള അച്ഛൻ. സ്വപ്നത്തിൽ കണ്ടിട്ടുള്ള അച്ഛൻറെ മുഖമിതല്ല. സ്വപ്നത്തിലെ അച്ഛന് വിജയകുമാറിൻറെ അച്ഛനെപ്പോലെ തടിച്ചുചുവന്ന മുഖവും താടിയിലൊരു കുഴിയുമുണ്ടായിരുന്നു. പുള്ളിക്കുത്തുകളുള്ള ചുവന്ന ഷർട്ടും കറുത്ത കാലുറയുമുണ്ടായിരുന്നു. അച്ഛൻ അടുത്തുവരുമ്പോൾ, അവനെ ചേർത്തുപിടിക്കുമ്പോൾ, ഹെയറോയിലിൻറെയും പൗഡറിൻറെയും മണം

മൂക്കിലേക്കടിച്ചുകയറും. വാസന്തിയുടെ അച്ഛനെപ്പോലെ പച്ചനിറമുള്ള സ്കൂട്ടർ ഇരമ്പിച്ചുകൊണ്ടാണ് വരിക. സ്കൂട്ടറിൻറെ മുമ്പിൽ അച്ഛൻറെ കാലുകൾക്കിടയിലാണ് അവൻ നിൽക്കുക. ഇടയ്ക്ക് അച്ഛൻ കാണാതെ ഹോൺ അമർത്തുമ്പോൾ, കീ കീ എന്ന ശബ്ദം കേൾക്കുമ്പോൾ, റോഡിൽനിന്നു കുട്ടികൾ ഓടിമാറും. സ്കൂളിലെ മുറ്റത്തു പുതിയ കെട്ടിടത്തിൻറെ ഒതുക്കുകൾക്കടുത്തായി സ്കൂട്ടർ നിർത്തുമ്പോൾ അല്പം ഒരു പത്രാസോടെ ചാടിയിറങ്ങും. ചുറ്റും കൂടി നിൽക്കുന്ന കുട്ടികൾ വിടർന്ന കണ്ണുകളോടെ പറയും: 'കെ.കെ. രഘുനാഥൻറെ അച്ഛനു സ്കൂട്ടറുണ്ട്.'

'രഘു എന്താ ആലോചിക്കുന്നത്?അവൻറെ ലേശം വിടർന്ന വായിലേക്കും സ്വപ്നങ്ങൾ വിടരുന്ന കണ്ണുകളിലേക്കും ഉറ്റുനോക്കിക്കൊണ്ട് അയാൾ ചോദിച്ചു:

'മാമനു സ്കൂട്ടറുണ്ടോ?'

'ഉവ്വ്.'

'എവിടെ?'

'പാണ്ഡവപുരത്ത്.'

'അതെവട്യാ?'

'അങ്ങു വടക്ക്. ആയിരം നാഴിക ദൂരെ, രണ്ടു ദിവസം വണ്ടിയിലിരിക്കണം അവിടെയെത്താൻ.'

'അവിടെയാണോ എൻറെ അച്ഛൻ?'

'അതെ.'

'എന്നിട്ടെന്താ വരാത്തത്? ദാസേട്ടൻറെ അച്ഛനെപ്പോലെ പെട്ടിയും തൂക്കിപ്പിടിച്ച്...'

ദാസേട്ടൻറെ അച്ഛൻ പട്ടാളക്കാരനാണ്. കൊല്ലത്തിലൊരിക്കൽ അവധിയിൽ വരുമ്പോൾ പച്ചപാൻറും കറുത്ത ഷൂസുമൊക്കെയിട്ടു കാറിലാണ് വന്നിറങ്ങുക. പെട്ടി നിറയെ സാധനങ്ങളായിരിക്കും. പുതിയ ഉടുപ്പുകൾ, അനിയത്തിക്കുവേണ്ടി കുറെ പാവകൾ, താക്കോൽ കൊടുത്താൽ കാറോടിക്കുന്ന കുരങ്ങൻ. ഇടയ്ക്കിടെ കണ്ണടച്ചു തുറക്കുന്ന പാവ. ബിസ്കറ്റ് ടിന്നുകൾ, മിഠായിപ്പായ്ക്കറ്റുകൾ. അച്ഛൻ വന്നുപോണതുവരെ ദാസേട്ടൻറെ പത്രാസൊന്നു കാണണം. പുതിയ ഉടുപ്പും പുതിയ ചെരിപ്പുമൊക്കെയിട്ടു ടൗണില് സിനിമ കാണാൻ ഒരു പോക്കുണ്ട്, അച്ഛൻറെ കൈയിൽ തൂങ്ങി. കണ്ടാൽ മിണ്ടുകകൂടിയില്ല.

രഘു ചോദ്യം ആവർത്തിച്ചു:

'എൻറച്ഛനെന്താ വരാത്തത്?'

അയാൾക്ക് അതിനു പെട്ടെന്നു മറുപടി പറയാൻ കഴിഞ്ഞില്ല. ഇത്തിരി നേരം ആലോചിച്ചിട്ട്, ചുറ്റും നോക്കി ആരുമില്ലെന്ന് ഉറപ്പുവരുത്തിയിട്ട് അയാൾ പിറുപിറുത്തു:

'രഘുവിൻറെ അച്ഛൻ വരും. ഒരു ദിവസം വരാതിരിക്കില്ല.'

'ഇല്ലില്ല. മാമൻ നുണ പറയുകയാണ്.'

'നുണ പറയുകയല്ല, സത്യമായിട്ടും വരും.'

'അമ്മ പറഞ്ഞല്ലോ അച്ഛൻ മരിച്ചുപോയീന്ന്!'

അയാൾക്കു വീണ്ടും ഉത്തരംമുട്ടി. വാസ്തവത്തിൽ കുഞ്ഞിക്കുട്ടൻ ഇപ്പോൾ എവിടെയാണ്? പാണ്ഡവപുരത്താണോ? എന്താണയാളുടെ സ്ഥിതി?

അപ്പോഴേക്കും അകത്തുനിന്ന് ദേവി വിളിക്കുന്നതു കേട്ടു:

'രഘൂ, കുളിക്കാൻ വരൂ. സ്കൂളിൽ പോണ്ടേ?'

ഇഷ്ടപ്പെടാത്തമട്ടിൽ ഒറ്റക്കാലിൽ തൊങ്കിക്കൊണ്ട് രഘു അകത്തേക്കു പോകുന്നതും നോക്കി അയാളിരുന്നു.

കുറെ കഴിഞ്ഞപ്പോൾ ദേവി പുറത്തേക്കു വന്നു:

'ഇന്നു പോകുന്നില്ലേ?'

'പോകണോ?' അവളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ടാണ് അയാളതു ചോദിച്ചത്.

'ചോയ്ച്ചെന്നേയുള്ളൂ.'

'എനിക്കിതു മനസ്സിലാവുന്നില്ല.' അയാൾ ആവർത്തിച്ചു: " ഈ കരുതിക്കൂട്ടിയുള്ള പരിചയക്കേട്. മനപ്പൂർവമായ താൽപര്യക്കുറവ്. അറിഞ്ഞുകൊണ്ട് ഇങ്ങനെയൊരു നാടകം കളിക്കുന്നതിലുള്ള വിമ്മിട്ടം നിങ്ങളുടെ മുഖത്തു നിന്ന് എനിക്കു വായിച്ചെടുക്കാം. അതെന്നെ വേദനിപ്പിക്കുന്നു. വേറേ ആരെങ്കിലുമായിരുന്നെങ്കിൽ ഞാനിതു മറന്നുകളയുമായിരുന്നു. പക്ഷേ, നിങ്ങളാവുമ്പോൾ. എനിക്കതൊക്കെ ആവർത്തിച്ചു പറയാൻ വിഷമമുണ്ട്. അത്തരത്തിലുള്ളൊരു വിചിത്രമായ ബന്ധമായിരുന്നല്ലോ നമ്മൾ തമ്മിലുണ്ടായിരുന്നത്.'

' ദേവി മുഖംതാഴ്ത്തി നിൽക്കുകയായിരുന്നു. ഒരു നിമിഷത്തിൻറെ പൊട്ടിത്തെറിയിൽ ആ മുഖത്തു പല വികാരങ്ങളും മിന്നിമറയുന്നത് അയാൾ കണ്ടു.

അയാൾ തുടർന്നു. പതിഞ്ഞ ശബ്ദം വികാരത്താലുലാൽ ഇടയ്ക്കിടയ്ക്കു ചിലമ്പി. വരണ്ട ചുണ്ടുകൾ ഇടയ്ക്കിടയ്ക്കു നനച്ചുകൊണ്ട് അയാൾ പറഞ്ഞു.

'എൻറെ മുറിയുടെ ജനാലയ്ക്കൽ നിന്നാൽ നിങ്ങളുടെ കിടപ്പുമുറി കാണാമായിരുന്നു. എത്രയോ രാത്രികളിൽ മുറിയിലെ വിളക്കണച്ച്, ജനാലയഴികളിൽ മുഖം അമർത്തി അരണ്ട വെളിച്ചത്തിൽ നിങ്ങളുടെ മുറിയിൽ നിഴലുകൾ കെട്ടിപ്പിണയുന്നത്. അപ്പോൾ പിറകിലൂടെ ഒരു ലോക്കൽ വണ്ടി കിതച്ചുകൊണ്ട് പുക തുപ്പി കടന്നുപോകുന്നത്, ആ വണ്ടി ഉയർത്തിയ കോലാഹലങ്ങൾക്കുശേഷം നിഴലുകൾ പെട്ടെന്നു. ശാന്തമായത്, എല്ലാമെല്ലാം എത്ര തവണ ഞാൻ നോക്കിനിന്നിട്ടുണ്ട്! അപ്പോഴൊക്കെ എൻറെ മനസ്സിലുണ്ടായിരുന്നത് അസൂയയോ, വെറുപ്പോ, നിസ്സഹായതയോ എന്തായിരുന്നെന്ന് എനിക്കിപ്പോഴും നിശ്ചയമില്ല. കുഞ്ഞിക്കുട്ടൻ ഭാഗ്യവാനാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ടെങ്കിലും എന്തുകൊണ്ടോ, എനിക്കയാളെ വെറുക്കാൻ ഒരിക്കലും കഴിഞ്ഞിട്ടില്ല. നിങ്ങളൊക്കെ എന്തുതന്നെ പറഞ്ഞാലും നിങ്ങളുടെ വാദങ്ങൾ സമർത്ഥിക്കാനായി നൂറായിരം സംഭവങ്ങളുടെ തെളിവുകൾ നിരത്തിയാലും ഞാൻ പുരപ്പുറത്തു കയറിനിന്നു വിളിച്ചുപറയാൻ തയ്യാറാണ്. കുഞ്ഞിക്കുട്ടൻ ഒരു പാവമായിരുന്നു. വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടവനായിരുന്നു. എല്ലാവരെയും വിശ്വസിക്കാനും എല്ലാവരെയും

സംശയിക്കാനും വിധിക്കപ്പെട്ടതാണ് അയാളുടെ ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം.'

ഒന്നു പതറിയെങ്കിലും അതു മറച്ച് ആകാവുന്നത്ര കരുത്തു മാടിയെടുത്ത ദേവി പറഞ്ഞു:

'നിങ്ങളീ കെട്ടുകഥകളൊക്കെ എന്തിന് എന്നോടു പറയുന്നു?എന്താണ് നിങ്ങളുടെ ഉദ്ദേശ്യം? ഇന്നലെയാണ് ജീവിതത്തിലാദ്യമായി ഞാൻ നിങ്ങളെ കണ്ടത്. പാണ്ഡവപുരത്തെ ക്വാർട്ടേഴ്സും അതിനു പിറകിലുള്ള റെയിൽപ്പാളവും ഞങ്ങളുടെ കിടപ്പുമുറിയും നിങ്ങൾതന്നെയും വലിയൊരു കെട്ടുകഥയുടെ ഭാഗമല്ലേ? എന്തിനിതൊക്കെ പടച്ചുണ്ടാക്കുന്നു? എന്നെ വേദനിപ്പിക്കാനാണോ? എങ്കിൽ നിങ്ങൾക്കു തെറ്റിപ്പോയി. കുത്തിയാൽ മുറിവേൽക്കുന്ന കാലമൊക്കെ എന്നേ കഴിഞ്ഞുപോയി.'

അത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ അവൾക്ക് അല്പം ആശ്വാസം കിട്ടിയതുപോലെ തോന്നി. തിണ്ണയിലിരുന്ന ചായഗ്ലാസ്സ് കടന്നെടുക്കാൻ മുതിരുമ്പോൾ, മനപ്പൂർവ്വമായി മുന്നോട്ടാഞ്ഞ അയാളുടെ ശരീരത്തിലുരസാതെ ഒഴിഞ്ഞുകൊണ്ട് അവൾ ചിരിക്കാൻ ശ്രമിച്ചു.

അയാളാകട്ടെ വാശിയോടെ, ആവേശത്തോടെ തുടരുകയായിരുന്നു:

'നിങ്ങളുടെ വിവാഹത്തെപ്പറ്റി, കുഞ്ഞിക്കുട്ടൻ്റെ അന്തമില്ലാത്ത സംശയങ്ങളെപ്പറ്റി, അങ്ങനെ നിങ്ങൾ തെറ്റിപ്പിരിഞ്ഞതിനെപ്പറ്റി എല്ലാം എനിക്കറിയാം.'

അകത്തേക്കു കടക്കാൻതുടങ്ങുകയായിരുന്ന ദേവി പെട്ടെന്നു തിരിഞ്ഞുനിന്നു. ഒരു ഞെട്ടലോടെ അവൾ ചോദിച്ചു:

'നിങ്ങളെന്താണു പറഞ്ഞത്?'

'എല്ലാം എനിക്കറിയാമെന്നുതന്നെ.' വലിയൊരു വിജയത്തിൻ്റെ ആഹ്ലാദത്തോടെ അയാൾ പറഞ്ഞു: 'നിങ്ങളെ കുഞ്ഞിക്കുട്ടൻ കാണാൻവന്നയന്ന് നിങ്ങളുടെ വീട്ടിൽ ഒരു പൂജ നടക്കുന്നുണ്ടായിരുന്നു. പൂജാരിയുടെ കൈയിൽ നിന്നു നേദിച്ച പഴം വാങ്ങി തിന്നതുകൊണ്ടാണ് നിങ്ങളെ കല്യാണം കഴിക്കേണ്ടിവന്നതെന്ന്, കുഞ്ഞിക്കുട്ടൻ എങ്ങനെയോ സംശയിക്കാനിടയായി. അയാളുടെ ഉള്ളിൽ ഏതോ അപകർഷതാബോധം പതിയിരിപ്പുണ്ടായിരുന്നിരിക്കണം. സംശയങ്ങൾ അയാളുടെ ഉള്ളിൽ കിടന്നു പെരുകി. നിത്യ ജീവിതത്തിലെ നിസ്സാര ഉരസലുകൾകൂടി അയാൾ കാര്യമായെടുത്തു. നിങ്ങളുടെ ഓരോ ചലനങ്ങളിലും സംശയിക്കാൻ പാകത്തിന് അയാൾ ഒരുപാടുകാരണങ്ങൾ കണ്ടെത്തി. അനാവശ്യമായി അവസരങ്ങൾ കണ്ടുപിടിച്ച അയാൾ പലപ്പോഴും നിങ്ങളുമായി വഴക്കുകൂടി. അയാൾക്കു നിങ്ങളെ കാണുന്നതേ കലിയായി. ഒടുവിൽ നിങ്ങൾ കിടപ്പുകൂടി വെവ്വേറേ മുറികളിലാക്കി. ഒരു തിരുവാതിരക്കാലത്തു രാത്രിയിൽ...'

‘മതി മതി.’ ദേവി ബോധം നഷ്ടപ്പെട്ടപോലെ പുലമ്പി: ‘നിങ്ങളിതൊക്കെ എങ്ങനെയറിഞ്ഞു? സത്യം പറയൂ. നിങ്ങളെന്തിന് എന്നെയിങ്ങനെ അലട്ടുന്നു? ആരാണു നിങ്ങൾ? എന്താണു നിങ്ങളുടെ ഉദ്ദേശ്യം?’

ചോദ്യങ്ങൾ ഒന്നിനു പുറകെ ഒന്നായി തെറിച്ചുവീണുകൊണ്ടിരുന്നു. എന്താണു ചോദിക്കുന്നതെന്നോ, എന്തിനാണു ചോദിക്കുന്നതെന്നോ അവൾക്ക് ഒരു രൂപവുമില്ലായിരുന്നു. വർഷങ്ങളായി അടിച്ചുവാരി കൂട്ടിയിട്ട കുപ്പക്കുനയിൽ ആരോ കുന്താലികൊണ്ടു വാരിയെറിയുകയാണ്.

എന്തിന്? എന്തിന്?

അയാളാകട്ടെ, ഒരു ഭാവഭേദവുമില്ലാതെ, ക്രൂരമായ നിസ്സംഗതയോടെ പറഞ്ഞവസാനിപ്പിക്കുകയായിരുന്നു:

‘അങ്ങനെയാണ് കുഞ്ഞിക്കുട്ടൻ പാണ്ഡവപുരത്തു വന്നെത്തിയത്.’

‘ഇത്രയും ശരിയാണ്.’അവൾ കടുത്ത സ്വരത്തിൽ പറഞ്ഞു: ‘ഇനി അങ്ങോട്ടു നിങ്ങൾ പറയാൻ പോകുന്നതൊക്കെ പച്ചക്കള്ളമാണ്. അതൊന്നും ഇനി ആവർത്തിക്കണ്ട, എനിക്കതു കേൾക്കണ്ട.’

‘കേൾക്കണം. തീർച്ചയായും കേൾക്കണം.’ അയാളുടെ ശബ്ദത്തിന് അജ്ഞാതമായ ഏതോ അധികാരത്തിൻറെ കരുത്തുണ്ടായിരുന്നു: ‘നിങ്ങൾ സംശയിക്കുന്നതുപോലെ എനിക്കങ്ങനെയാതൊരു പ്രത്യേക ഉദ്ദേശ്യവുമില്ല. അങ്ങനെയുണ്ടായിരുന്നുവെങ്കിൽ പാണ്ഡവപുരത്തുവെച്ചുതന്നെ എനിക്കതു സാധിക്കാമായിരുന്നു. എത്രയോ എത്രയോ അവസരങ്ങൾ എന്നെ തേടി വന്നിട്ടും ഞാൻ ഒഴിഞ്ഞുമാറി. കാരണം, എനിക്കു നിങ്ങളെ ഇഷ്ടമായിരുന്നു. വെറുതെ വെറുതെ ഇഷ്ടമായിരുന്നു. അതിനപ്പുറമൊന്നും ഞാൻ കൊതിച്ചില്ല. ഓർമയുണ്ടോ, ഡിസംബറിലെ കുളിർന്നുവിറയ്ക്കുന്ന രാവുകളിൽ, പാണ്ഡവപുരമാകെ കമ്പിളിപ്പുതപ്പിൻറെ, ഇണയുടെ, ചൂടിൽ അഭയം തേടി മയങ്ങുമ്പോൾ, കുഞ്ഞിക്കുട്ടൻ ഡ്യൂട്ടിക്കുപോയ രാവുകളിൽ, നിങ്ങളൊരു ചുവന്ന പുള്ളോവറും ധരിച്ച് എൻറെ മുറിയിലേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ട് ജാലകത്തിനരികിൽവന്നു നിൽക്കാറില്ലേ? ഏതൊരു ചെറുപ്പക്കാരനെയും ഭ്രാന്തുപിടിപ്പിക്കുന്ന നിമിഷങ്ങളായിരുന്നു അവ. ഞാനൊന്നു കണ്ണുകാട്ടിയാൽ, വിരലനക്കിയാൽ, നിങ്ങൾ എൻറെ മുറിയിലേക്ക് ഓടിപ്പോരുമായിരുന്നു. എൻറെ ചൂടിൽ ഒതുങ്ങുമായിരുന്നു. പക്ഷേ, ഞാനതു ചെയ്തില്ല. കാരണം, നിങ്ങളെ ഒരു സുന്ദരിയായ അയൽപക്കക്കാരിയായിമാത്രം കാണാൻ ഞാൻ ഇഷ്ടപ്പെട്ടു. ഒരിക്കൽ എൻറെ നിയന്ത്രണം തകർന്നുപോകുമെന്നു ഭയപ്പെട്ടപ്പോൾ ഞാൻ വിളിച്ചു പറഞ്ഞു:‘പോകൂ. ജനാലയടച്ചു പോയി കിടന്നുറങ്ങൂ.’

‘നുണ, കല്ലുവെച്ച നുണ. കുഞ്ഞിക്കുട്ടേട്ടനെയല്ലാതെ മറ്റൊരു പുരുഷനെക്കുറിച്ചും ഞാനിതേവരെ അങ്ങനെ സങ്കല്പിച്ചിട്ടില്ല. ഞാൻ കൊടുത്ത സ്നേഹത്തിൻറെ നൂറിലൊന്ന് കുഞ്ഞിക്കുട്ടേട്ടൻ തിരിച്ചുതന്നിരുന്നെങ്കിൽ എനിക്കിന്നീഗതി വരുമായിരുന്നില്ല.’

‘എന്തു ഭംഗിയായി നുണ പറയുന്നു! എനിക്കതിൽ അതിശയമില്ല. എല്ലാ സ്ത്രീകളും ആണയിട്ടു പറയുന്ന വാചകമാണത്. സ്വന്തം ഭർത്താവിനെയല്ലാതെ മറ്റൊരു പുരുഷനെക്കുറിച്ചും സ്വപ്നത്തിൽക്കൂടി ഓർമിക്കാൻ കഴിയില്ലെന്ന്.എന്നാൽ സ്വന്തം ഭർത്താവിൻറെ മരണം എപ്പോഴെങ്കിലും സ്വപ്നം കാണാത്ത ഒരു സ്ത്രീയും ഈ ഭൂമുഖത്തുണ്ടാവില്ല.’

എന്തു മനോഹരമായ നുണ! വീണ്ടും അതോർത്തപ്പോൾ അയാൾക്കു ചിരിയടക്കാൻ കഴിഞ്ഞില്ല. പൊട്ടിപ്പൊട്ടി ചിരിച്ചു. മുഖം ചുവന്നു. കഴുത്തിലെ ഞരമ്പുകൾ പിടച്ചു. തൊണ്ടയടച്ചപ്പോൾ ചുമ വന്നു. അയാൾ കൊക്കിക്കൊക്കി ചുമച്ചു. തികട്ടിവന്ന കഫം മുറ്റത്തേക്കു തുപ്പിക്കളഞ്ഞു.

ആ ബഹളം കേട്ടായിരിക്കണം, രഘു ഉമ്മറപ്പടിയിൽവന്ന് എത്തിനോക്കി. അവൻ കുളിച്ചു വൃത്തിയുള്ള നിക്കറും ഷർട്ടുമിട്ടിരുന്നു. ഒരു കൈയിൽ അലൂമിനിയത്തിൻറെ ചോറ്റുപാത്രവും കക്ഷത്തിൽ റബ്ബറിട്ടു കെട്ടിയ ഒരടുക്കു പുസ്തകങ്ങളുമുണ്ടായിരുന്നു. ഈ കൊച്ചുപ്രായത്തിൽത്തന്നെ അവൻ തനിയെ ഒരുങ്ങാൻ പഠിച്ചിരിക്കുന്നു. അയാൾ അത്ഭുതത്തോടെ ഓർത്തു. രഘുവിനെ കാണുമ്പോഴൊക്കെ പ്രായത്തിൽ കവിഞ്ഞ പാകത അവനുണ്ടെന്നു തോന്നിപ്പോകുന്നു.

‘അമ്മേ ഞാൻ പൂവ്വാണ്.’ അവൻ വിളിച്ചുപറഞ്ഞുകൊണ്ടു മുറ്റത്തേക്കു ചാടി.

ദേവി മൂളി.

പെട്ടെന്ന് എന്തോ മറന്നപോലെ തിരിഞ്ഞുനിന്നിട്ട് രഘു ചോദിച്ചു:

‘മാമൻ ഇന്നു പൂവ്വോ?’

അയാൾ ദേവിയുടെ മുഖത്തേക്കു നോക്കി. അവിടെ യാതൊരു ഭാവഭേദവുമില്ലായിരുന്നു. അവൾ പതിവിൻപടി അയാളുടെ കണ്ണുകളെ നേരിടാതെ, ദൂരെയെങ്ങോ നോക്കുകയായിരുന്നു. ‘ഞാനിന്നു പോണില്ല.’ അയാൾ ആരോടെന്നില്ലാതെ പറഞ്ഞു.

അതു കേട്ടിട്ടും ദേവിയുടെ മുഖത്തു യാതൊരു ഭാവപ്പകർച്ചയുമില്ലായിരുന്നു.

അവൾ കേട്ടിരിക്കുകയില്ല എന്ന സംശയത്തിൽ അയാൾ ഒരിക്കൽക്കൂടി ആവർത്തിച്ചു.

‘ഞാനിന്നു പോണില്ല.’

അതിനു മറുപടിയായി, പിറകിൽ, വാതിൽ ഒരു ഞരക്കത്തോടെ അടഞ്ഞു.

അവനെപ്പറ്റി ഇങ്ങനെയൊക്കെത്തന്നെയാണോ ഞാൻ സങ്കല്പിക്കേണ്ടത്! അവൻറെ രൂപം മെനഞ്ഞെടുത്തപ്പോൾ തോന്നിയ ലാഘവം എന്തുകൊണ്ടോ ഇപ്പോൾ തോന്നുന്നില്ല.

ചിലപ്പോൾ അവൻറെ പെരുമാറ്റം ഇങ്ങനെയായെന്നുവരില്ല. ഒരു ജാരൻറെ വികൃതമായ പരുങ്ങൽ ഉള്ളിലൊതുക്കി ഒരു തൻറേടിയുടെ മുഖംമൂടിയണിഞ്ഞ്

തെല്ലൊരു അധികാരഭാവത്തോടെ അമർത്തിച്ചവിട്ടി അവൻ കടന്നുവന്നേക്കാം. അവൻറെ തടിച്ചുരുണ്ട കൈവിരലുകളുടെ ചലനങ്ങളോടൊത്ത് അനങ്ങുന്ന പാവയായിത്തീർന്ന എന്നെ കുരങ്ങുകളിപ്പിക്കാൻ അവൻ മുതിർന്നേക്കാം. എന്തിനവന് ഒരു മാന്യനായ കാമുകൻറെ മുഖഭാവം നൽകുന്നു. അല്ലേ? എന്തോ, എനിക്കറിഞ്ഞുകൂടാ. എൻറെ മനസ്സിൻറെ അടിത്തട്ടിലെ കുപ്പക്കുനയിൽ അടിഞ്ഞുകൂടിക്കിടക്കുന്നത് എന്തൊക്കെയാണെന്ന് എനിക്കുതന്നെ നല്ല രൂപമില്ല.

ചിലപ്പോൾ, ഒരിക്കൽ, അവനൊരു ശത്രുവിൻറെ മുഖം കൊടുക്കാൻ എനിക്കു കഴിഞ്ഞേക്കും.

എന്നെ വിശ്വസിപ്പിക്കാനായി, തെളിവുകളുടെ മാറാപ്പഴിക്കാൻ അവൻ മുതിർന്നേക്കുമെന്ന് എനിക്കുറപ്പാണ്.

തെളിവുകൾ!

പായൽ മൂടി മാഞ്ഞുതുടങ്ങിയ സംഭവങ്ങളുടെ പിൻബലമുള്ള ധാരാളം തെളിവുകൾ വേണമെനിക്ക്. ഒരുപാട്ടു കാരണങ്ങൾ വേണം. ഇല്ലാത്ത ഒരു ഭൂതകാലം മെനഞ്ഞുണ്ടാക്കാൻ പണിപ്പെടുമ്പോൾ മുറിഞ്ഞു ചോര കിനിയുന്നത് എൻറെയുള്ളിലാണ്. എന്തിന് കുഞ്ഞിക്കുട്ടേട്ടൻ ഒരു പഴന്തുണിക്കെട്ടുപോലെ എന്നെ വലിച്ചെറിഞ്ഞ് ഓടിക്കളഞ്ഞു? ഞാനെന്തു തെറ്റു ചെയ്തു? എന്തെങ്കിലും കാരണങ്ങൾ കാണും, അല്ലേ? മനുഷ്യമനസ്സിൻറെ ആഴം കണ്ടവരാരുണ്ട്?

അതെ, ഞാനിപ്പോൾ തെളിവുകൾ തേടിപ്പിടിക്കുകയാണ്.

യുക്തിക്കു നിരക്കുന്ന ഒരു ഭൂതകാലം വേണം എനിക്ക്. ഈ പഴയ വീടിൻറെ ഇരുളടഞ്ഞ മുറികളിൽ, ഇല്ലനക്കരിയിൽ വെള്ളം ഒലിച്ചിറങ്ങി അമൂർത്ത ചിത്രങ്ങൾ വരച്ചിട്ട അടുക്കളച്ചുവരുകൾക്കിടയിൽ, എൻറെ മുഖത്തേക്കു കണ്ണുംനട്ടിരിക്കുന്ന കുറെ കുഞ്ഞുമുഖങ്ങൾ ചിതറിക്കിടക്കുന്ന ക്ലാസ്സുമുറിയിൽ, എൻറെ ഭൂതകാലം വിങ്ങിപ്പൊട്ടിനിൽക്കുന്നു. അതിൻറെ വികൃതമായ പോറലുകളിൽ ഒരെത്തും പിടിയുമില്ലാതെ ചായങ്ങൾ വാരിത്തേയ്ക്കുകയാണു ഞാൻ.

പക്ഷേ, വ്യക്തമായ അതിരുകളുള്ള ഒരു ഭൂതകാലം അതെൻറെ വിദൂര സ്വപ്നമാണ്. അതിൽനിന്നു ചുവന്ന പുകച്ചുരുളുകൾ ഉയരുമ്പോൾ പാണ്ഡവപുരം രൂപംകൊള്ളുന്നു. സ്നേഹം തേടിയലയുന്ന, മനസ്സിനു കുളിർമ പകരുന്ന പാണ്ഡവപുരം. ഒരു പെണ്ണിനുവേണ്ടി ചോരചിന്താനൊരുവെട്ട സഹോദരന്മാരുടെ പാണ്ഡവപുരം. നിറങ്ങൾ വാരിപ്പൂശിയ തെരുവുകളിൽ, ആർത്തിപൂണ്ട കണ്ണുകളുമായി ജാരന്മാർ പുളച്ചുനടക്കുന്ന പാണ്ഡവപുരം.

സ്നേഹിക്കപ്പെടാൻ കൊതിക്കുന്നവരുടെ, സ്നേഹം നടിക്കുന്നവരുടെ, ചതിയന്മാരുടെ, കൊല്ലുന്നവരുടെ, മരിക്കാൻ വെമ്പുന്നവരുടെ, പാണ്ഡവ പുരം.

എൻറെ പ്രിയപ്പെട്ട പാണ്ഡവപുരം. ആശ്വാസം തേടുന്നവരുടെ മനസ്സുകളിൽ പാണ്ഡവപുരം രൂപംകൊള്ളുന്നു.

ആറ്

ആകെയുള്ളരണ്ടു മുറികളിലൊന്ന് ധൃതിപ്പെട്ട് തനിക്കായി ഒഴിച്ചുവൃത്തിയാക്കുന്നതു കണ്ടപ്പോൾ അയാൾക്കു തീരെ അത്ഭുതം തോന്നിയില്ല. അയാളതു പ്രതീക്ഷിച്ചതായിരുന്നു. അജ്ഞാതമായ ഏതോ ആഹ്ലാദം ഉള്ളിലെവിടെയോ മുളപൊട്ടിയപ്പോൾ അയാളതിനെ ഞെരിച്ചമർത്താൻ ബദ്ധപ്പെട്ടു. അരുത്, ഒന്നും പുറത്തുകാണിക്കരുത്. പാണ്ഡവപുരത്തുനിന്ന് ഏതോ അജ്ഞാതമായ നിയോഗത്തിൻറെ ശക്തിയിൽ ഇങ്ങോട്ടു യാത്രയായപ്പോൾ തീരുമാനിച്ചുറപ്പിച്ചിരുന്നു. ഈ യാത്രയിൽ ഒന്നും മോഹിക്കില്ല. ചപലമായ മനസ്സിനെ എപ്പോഴും കടിഞ്ഞാണിട്ടുനിർത്തും. പാണ്ഡവപുരംപോലെയുള്ള ചതിയന്മാരുടെ സ്ഥലംവിട്ട വിശുദ്ധമായൊരു നാട്ടിൻപുറത്തേക്കാണു പോകുന്നത്. എൻറെ വിഷഗന്ധമുള്ള മഞ്ഞപ്പുക അവിടെ പരത്താൻ പാടില്ല.

പാണ്ഡവപുരം എന്തു വിചിത്രമായ സ്ഥലമാണ്. ഇവിടെ ഇത്ര അകലെയിരുന്നാലോചിക്കുമ്പോൾ അത് എന്തു ശപിക്കപ്പെട്ട പട്ടണമാണെന്നു തോന്നിപ്പോകുന്നു. അവിടെ പിറന്നുവീഴുന്ന ഓരോ ആൺകുഞ്ഞും നന്നേ ചെറുപ്പത്തിലേ വഴിതെറ്റിപ്പോകുന്നു. കൂടപ്പിറപ്പുകളുമായിട്ടു വഴക്കടിക്കുന്നു. ക്ഷുദ്രമായ മോഹങ്ങളുടെ പുറകേ പോയി മല്ലടിക്കുന്നു. കള്ളച്ചൂതു കളിക്കുന്നു. ചതിയന്മാരാകുന്നു. ജാരന്മാരാകുന്നു. പാണ്ഡവപുരത്തെ പഴുത്ത മുഖമുള്ള ഓരോ പുരുഷനും ഓരോ ചതിയനാണ്. അവരുടെ പെണ്ണുങ്ങളാവട്ടെ, തീ തിന്നാനും കണ്ണീർകുടിക്കാനും വിധിക്കപ്പെട്ടവർ.

നന്നേ ചെറിയ മുറി. മൂലയിൽ ചുരുട്ടിവെച്ചിരിക്കുന്ന തലേന്നു താൻകിടന്ന പായ. കൊലേരിപ്പാടുകൾ തെളിഞ്ഞുകിടക്കുന്ന ചാരനിറത്തിലുള്ള വൃത്തിയില്ലാത്ത നിലം. കാലൊടിഞ്ഞ ഒരു മരപ്പെട്ടി.

മുകളിൽ കെട്ടിയിരിക്കുന്ന അയക്കയറുകളുടെ കെട്ടുകൾ അഴിച്ചെടുക്കാൻ ദേവി നന്നേ വിഷമിക്കുന്നതു കണ്ടപ്പോൾ അയാൾ പറഞ്ഞു: ‘വേണ്ട, അവിടെ നിന്നോട്ടെ.’ അതു കേട്ടതായിപ്പോലും ഭാവിക്കാതെ അവൾ തൻറെ പണി തുടർന്നപ്പോൾ അയാൾ കട്ടിളയിൽ ചാരിനിന്ന് ഒരു സിഗരറ്റ് കൊളുത്തി.

കുറെ കഴിഞ്ഞ് എല്ലാമൊതുക്കി, അടിച്ചുവാരി, തുണി നനച്ചുതുടച്ചു നിലം വൃത്തിയാക്കി, ഇപ്പോൾ എങ്ങനെയുണ്ട് എന്ന ഭാവത്തിൽ അവൾ അയാളുടെ നേർക്കു നോക്കിയപ്പോൾ അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

‘കൊള്ളാം.’

അവൾ പോകാൻ തുടങ്ങുകയായിരുന്നു. അയാൾ വിളിച്ചു:

'ദേവീ!'

തെല്ലൊരു അധികാരഭാവത്തോടെയാണ് അങ്ങനെ വിളിച്ചതെങ്കിലും ഉടനെ വിശദീകരിക്കാൻ അയാൾ ബദ്ധപ്പെട്ടു:

'ഞാനങ്ങനെ വിളിച്ചോട്ടെ? വിരോധമില്ലെങ്കിൽ ഇതു വാങ്ങിക്കോളൂ. നിത്യചെലവിന് ആവശ്യം വരുമല്ലോ. തെറ്റിദ്ധരിക്കൊന്നും വേണ്ട. കുഞ്ഞിക്കുട്ടൻ തരുന്നതുപോലെ കണക്കാക്കിയാൽ മതി.'

അയാളുടെ കൈയിൽ ഒരു നൂറു രൂപാനോട്ടുണ്ടായിരുന്നു.

യാതൊരു മടിയും കൂടാതെ അവൾ അതു വാങ്ങി മടിയിൽ തിരുകിയപ്പോൾ അത്ഭുതപ്പെട്ടത് അയാളാണ്.

ഉച്ചയായി. മുറിക്കകത്തേക്ക് ഒരു നേർത്ത പൊടിക്കാറ്റ് അടിച്ചുകയറുന്നുണ്ടായിരുന്നു. നനവുമായാത്ത, ഈർപ്പമുള്ള നിലത്ത് അയാൾ പലതവണ എഴുതി:

ദേവി. ദേവി. ദേവി.

അതു തീരെ തെളിഞ്ഞില്ലെങ്കിലും ഉടനെ ചവിട്ടിത്തേച്ചു മായ്ക്കാൻ അയാൾ ബദ്ധപ്പെട്ടു.

പുറത്ത്, തെങ്ങിൻതലപ്പുകൾക്കു മുകളിൽ, ആകാശക്കീറിൽ ഇരുണ്ട മേഘങ്ങൾ ഉരുണ്ടുകൂടുന്നുണ്ടായിരുന്നു.

അയാളുടെ ഓർമകൾ വീണ്ടും തെന്നിപ്പോകുകയായിരുന്നു.

വേനലിൻറെ അവസാനത്തിൽ, രാത്രിയിൽ, പൊട്ടുന്നനേതാഴുന്ന ചൂടിനോടൊപ്പം മുളയ്ക്കുന്ന പൊടിക്കാറ്റിനെക്കുറിച്ചോർത്ത് മുകൾത്തട്ടിൽ, മുളങ്കട്ടിലിൽ, നക്ഷത്രങ്ങൾ വാരിവിതറിയ ആകാശത്തേക്കു നോക്കിക്കൊണ്ടു കണ്ണുമിഴിച്ചു കിടക്കുമ്പോൾ ദൂരെയെവിടെയോ കാറ്റിരമ്പുന്ന ശബ്ദം കേൾക്കുന്നു. പിന്നീടത്, പെരുകി ഒരലർച്ചയായി അടുത്തെത്തുമ്പോഴേക്കും അഭയാർത്ഥിക്കോളനിയുടെ മുമ്പിലുള്ള നിരത്തിലെ ചുവന്ന പൊടി അടിച്ചു കയറിവരുന്നു. ചെവിയിൽ വിരലുകൾ തിരുകി, കണ്ണുകൾ ഇറുകെപ്പൂട്ടി കിടക്കുന്നു. ചെവിയടച്ചിട്ടും കാറ്റിൻറെ ഇരമ്പം കേൾക്കാം. അനിവാര്യതയുടെ ആവരണംപോലെ പതുക്കെപ്പതുക്കെ, മേലാകെ പൊടിവന്ന് പൊതിയുന്നു. മുഖത്തും കഴുത്തിലും ചെവിയിലുമെല്ലാം നനുത്ത പൊടിയുടെ സ്പർശം. അതു നുണഞ്ഞുകൊണ്ടു മലർന്നുകിടക്കുന്നു. കൂറ്റൻ പുളിമരങ്ങളിൽ നിന്നു കാറ്റിൽ പിടഞ്ഞുവീഴുന്ന പക്ഷികളുടെ കരച്ചിൽ കേൾക്കാൻപോലും ശ്രമിക്കാതെ അങ്ങനെ വെറുതെ കിടക്കുന്നു. തൊട്ടപ്പുറത്തുനിന്ന്, അലക്കുകാരൻ കിഴവൻറെ മയിൽ ഞെട്ടിയുണർന്ന് പൂച്ചയുടെ ശബ്ദത്തിൽ ഉറക്കെ കരയുന്നു.

കുട്ടിക്കാലത്തു പറങ്കിയണ്ടികൾ തേടി കുന്നിൻചരിവുകളിൽ അലഞ്ഞു തിരിയുമ്പോൾ ഓർക്കാപ്പുറത്തു പെയ്യുന്ന തുലാവർഷത്തിൽ കുടുങ്ങി നനഞ്ഞുകുതിരുക

ഒരു രസമായിരുന്നു. കരുതിവെക്കാവുന്ന ഓർമകളുടെ കൂട്ടത്തിൽ അതോടൊപ്പം പാണ്ഡവപുരത്തെ പൊടിക്കാറ്റിൻറെ യുദ്ധവും ചേർക്കാം.

ഊണുകഴിഞ്ഞ് ഇത്തിരിനേരം ഉറങ്ങി.

മയക്കത്തിൽനിന്നു പെട്ടെന്നു ഞെട്ടിയുണർന്നു.

കട്ടിലിനരികിൽ ആരോ നിൽക്കുന്നുണ്ടെന്നു തോന്നി. കണ്ണുമിഴിച്ചു നോക്കി. വെളുത്തു മെലിഞ്ഞ ഒരു പെൺകുട്ടി. പതിനേഴു പതിനെട്ടു വയസ്സായിക്കാണും. ചുവന്ന പുള്ളിക്കുത്തുകളുള്ള ബ്ലൗസ്. ചുവന്ന പാവാട, കുഞ്ഞിക്കുട്ടൻറെ അനിയത്തിയായിരിക്കും.

'ഉറങ്ങായിരുന്നോ?' അവൾ വരിയൊത്ത പല്ലുകൾ കാട്ടി ചിരിച്ചു.

അയാൾ കട്ടിലിൽ എഴുന്നേറ്റിരുന്ന് ഒരു സിഗരറ്റ് കത്തിച്ചു.

'ഏട്ടത്തി വെളിയിൽ പോയിരിക്കാണ്.' അവൾ പറഞ്ഞു.

'ഇന്ന് അവധിയിലാണെന്നു പറഞ്ഞല്ലോ. കാലത്തു സ്കൂളിൽ പോകുന്നതും കണ്ടില്ല.'

'ട്യൂഷനുണ്ടു പലേടത്തും. കുട്ടികളെ നിലത്തെഴുത്തു പഠിപ്പിക്കാൻ ദേവിയേട്ടത്തി വലിയ മിടുക്കത്തിയാണത്രെ.'

അതായിരിക്കും പ്രധാന വരുമാനമാർഗം. അയാൾ ഓർത്തു.

'മുത്തശ്ശിയോ?'

'പേരെന്താ?'

'എൻറേയാ?

'അല്ലാണ്ടു പിന്നെ മുത്തശ്ശിയുടെയാണെന്നു കരുതിയോ?'

'ശ്യാമള.'

'ശ്യാമള എന്തു ചെയ്യുന്നു?'

'പത്താംക്ലാസ്സ് പാസ്സായി. ടൈപ്പ് പഠിക്കണംന്നുണ്ടായിരുന്നു. ഏട്ടത്തി ചോദിച്ചു. അതുകൊണ്ട് എന്താ പുണ്യംന്ന്. അതോണ്ടു പോയില്ല. ഇവിടെയിരുന്നു ചൊറികുത്ത്വാണ്.'

അയാൾക്ക് വേറൊന്നും ചോദിക്കാനില്ലായിരുന്നു. പുറത്തു വെയിൽ മങ്ങിയിരുന്നു. ആകാശം മൂടിക്കെട്ടിയിരുന്നു.

അല്പം കഴിഞ്ഞപ്പോൾ ചെറുവിരൽ കടിച്ചുകൊണ്ട് ശ്യാമള പറഞ്ഞു:

'കാലത്തു നിങ്ങൾ പറഞ്ഞതൊക്കെ ഞാൻ കേട്ടു.'

അയാൾ അമ്പരന്നുപോയി:

'എന്നിട്ട്?'

'കൊറെ മനസ്സിലായി. കൊറെ മനസ്സിലായില്ല.'

അയാൾക്കു ചിരി വന്നു.

'ഏതാ മനസ്സിലാകാതിരുന്നത്?'

'പാണ്ഡവപുരത്തെ കാര്യങ്ങള്... കേൾക്കാൻ രസമുള്ള പേരുതന്നെ... പാണ്ഡവപുരം വാസ്തവത്തിൽ അങ്ങനെയൊരു സ്ഥലംതന്നെയുണ്ടോ?'

‘എല്ലാം കേട്ടുവെന്നല്ലേ പറഞ്ഞത്? അപ്പോൾ അങ്ങനെയൊരു സ്ഥലമുണ്ടെന്നു തോന്നിയോ?’

‘ആവോ, ആർക്കാപ്പൊ അറിയാ? ശ്യാമള വീണ്ടും ചിരിച്ചു. ‘ഇതിൻറെയുള്ളിൽ നിന്നു പൊറത്തുപോയിട്ടു വേണ്ടേ വല്ലതുമറിയാൻ?’

‘ആട്ടെ, അയോദ്ധ്യാന്നു പറഞ്ഞ ഒരു സ്ഥലമുണ്ടോ?’

‘അതു പിന്നെ ഉണ്ടാവാണ്ടിരിക്ക്യോ. അവിടെയല്ലേ രാമൻ’

‘അപ്പൊപ്പിന്നെ ഇതും അങ്ങോട്ടു വിശ്വസിക്കുകതന്നെ പാണ്ഡവപുരം എന്നൊരു സ്ഥലമുണ്ടെന്ന്. നേരിൽ കാണാത്ത ഒരുപാടു കാര്യങ്ങള് നമ്മള് വിശ്വസിക്കുന്നില്ലേ. അതുപോലെതന്നെ.’

‘എന്നാലും...’ ശ്യാമള നഖംകടിച്ചു സംശയത്തോടെ പറഞ്ഞു: ‘ദേവിയേട്ടത്തി പറയണ കേട്ടപ്പോ സംശയം തോന്നി.’

‘ദേവിയേട്ടത്തി അങ്ങനെ പലതും പറയും. അല്ലാ, ഇനിയിപ്പോ അങ്ങനെയൊരു സ്ഥലമില്ലെന്നുതന്നെ വെക്കുക. എന്നാലും ഉണ്ടെന്നു സങ്കല്പിക്കുന്നതിൽ തെറ്റൊന്നുമില്ലല്ലോ? നമ്മളൊക്കെ ധാരാളം സ്വപ്നങ്ങൾ കാണുന്നവരല്ലേ. ഇത്തരം സ്വപ്നങ്ങളില്ലെങ്കിൽ എന്തു ബോറാണ് ജീവിതം.’

ശ്യാമളയ്ക്ക് അതിനു മറുപടിയുണ്ടായിരുന്നില്ല.

അല്പം കഴിഞ്ഞ് അയാൾ ഗൗരവഭാവത്തിൽ തുടർന്നു:

‘പാണ്ഡവപുരം എന്നൊരു സ്ഥലം തീർച്ചയായും ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഉണ്ട്. എവിടെയോ, എങ്ങോ, എൻറെ, നമ്മുടെ കിനാവുകളിൽ ഒരു പാണ്ഡവപുരം. നമ്മള് കൊതിക്കുന്ന, ഇഷ്ടപ്പെടുന്ന, വെറുക്കുന്ന പാണ്ഡവപുരം... പണ്ട് അവിടമൊക്കെ കാടായിരുന്നത്രെ. പാണ്ഡവന്മാരു വനവാസം കഴിഞ്ഞ്, അജ്ഞാതവാസക്കാലത്തു കുറെക്കാലം ആ കാട്ടിൽ ചുറ്റിത്തിരിഞ്ഞിരുന്നുവത്രെ. ഇപ്പോൾ കാടുംപോയി, എല്ലാം പോയി. സായിപ്പന്മാര് അവിടന്ന് എന്തൊക്കെയോ കുഴിച്ചെടുത്തു. കാടിൻറെ ഒരു ഭാഗം വെട്ടിത്തെളിച്ചു ഫാക്ടറി പണിതു. ഫാക്ടറിയോടു ചേർന്നു കോളനിയുണ്ടായി. അതിനു ചുറ്റും പട്ടണമുണ്ടായി. പട്ടണം പടർന്നുകയറിയപ്പോൾ ശേഷിച്ചിരുന്ന കാടും വെളുത്തു. കാട്ടാളന്മാരും കാട്ടുമൃഗങ്ങളും ഓടിയൊളിച്ചു. കൊന്നും തിന്നും നശിപ്പിച്ചും പരിഷ്കാരികൾ മുന്നേറി. വീണ്ടും പുതിയ ഫാക്ടറികൾ വന്നു. പുഴയ്ക്കു മുകളിലൂടെ പാലം വന്നു. തീവണ്ടിപ്പാത വന്നു. അഭയാർത്ഥികൾ വന്നു. അവർക്കു മറ്റൊരു കോളനിയുണ്ടായി.’

‘പാവം പാണ്ഡവന്മാർ!’ ശ്യാമളയ്ക്കു ചിരി വന്നു: ‘ഇനിയിപ്പോ ഒരു അജ്ഞാതവാസമോ മറ്റോ വേണംന്നുവെച്ചാൽ എന്തു ചെയ്യും?’

അയാൾക്കും ചിരിവന്നു. അയാൾ പറഞ്ഞു:

‘ഒരു കാടു പോയെങ്കിലും പകരം മറ്റൊന്ന് ഉണ്ടായല്ലോ. മഞ്ഞപ്പക ചെകുത്താനെപ്പോലെ വായും പിളർന്ന്, മുകളിൽ തൂങ്ങിനിൽക്കുന്ന പാണ്ഡവപുരത്തെ ഫാക്ടറിക്കോളനിതന്നെ മതി ധാരാളം. അച്ചിൽ വാർത്തിട്ട കെട്ടിടങ്ങളിൽ

എത്രകാലം വേണമെങ്കിലുമാവാം അജ്ഞാതവാസം. ആരും കണ്ടുപിടിക്കുമെന്നു ഭയം വേണ്ട. നമ്പർ മറന്നുപോയാൽ സ്വന്തം വീട്ടിൽത്തന്നെ തിരിച്ചെത്താൻ പാടാണ്.'

ശ്യാമള കട്ടിൽപ്പടിയിൽ കൈയൂന്നി കുലുങ്ങിച്ചിരിച്ചു. ദേവിയെപ്പോലെയല്ല, ഇവൾ മിടുക്കത്തിയാണ്. അയാൾ ഓർത്തു.

'അല്ലെങ്കിൽത്തന്നെ ആരാപ്പോ അജ്ഞാതവാസത്തിനൊക്കെ പോവ്വാ, അല്ലേ, ഇന്നത്തെക്കാലത്ത്?'

'പോകുന്നവര് കുറവായിരിക്കും. പക്ഷേ, പോകാൻ ഇഷ്ടമുള്ളവരു ധാരാളം കണ്ടേക്കും.'

ശ്യാമള നിശ്ശബ്ദയായി. അവൾ ഉള്ളിൽ ഏതോ ചില വാക്കുകൾ പെറുക്കിവെക്കുന്നതായി അയാൾക്കു തോന്നി.

അയാളുടെ കണക്കുകൂട്ടലുകൾ തെറ്റിയില്ല. അല്പം കഴിഞ്ഞ്, കട്ടിൽപ്പടിയിൽ നേർത്ത വിരലുകൾകൊണ്ടു താളം കൊട്ടിക്കൊണ്ടുതെല്ലൊരു മടിയോടെ ശ്യാമള ചോദിച്ചു:

'ഒന്നു ചോദിച്ചോട്ടെ, ദേഷ്യപ്പെടരുത്. സത്യത്തില് കുഞ്ഞൂട്ടേട്ടൻ ഇപ്പഴ്. പാണ്ഡവപുരത്തുണ്ടോ?'

അതിനു പെട്ടെന്നു മറുപടി പറയാനാകാതെ അയാൾ ഒന്നു പരുങ്ങി. പിന്നെ സൂത്രത്തിൽ പറഞ്ഞൊഴിയാൻ നോക്കി:

'ഞങ്ങളു തമ്മില് സംസാരിച്ചതൊക്കെ കേട്ടുവെന്നല്ലേ പറഞ്ഞത്?'

'അതെ.'

'പിന്നെ എന്തായിത്ര സംശയം?'

'എന്നാലും ചോയിക്കേയ്. കുഞ്ഞൂട്ടേട്ടൻ എവടെങ്കിലുമുണ്ടെങ്കില് ഇങ്ങോട്ടൊരു കത്തയയ്ക്കാണ്ടിരിക്ക്യോ? പിണക്കം ദേവിയേട്ടത്തിയോടല്ലേ ഉള്ളൂ? എന്നോടും മുത്തശ്ശിയോടുമില്ലല്ലോ. പോണ തലേന്നുവരെ ഏട്ടൻ എന്നോടൊരു കറുത്ത വാക്കു പറഞ്ഞിട്ടില്ല. ഇവിടെ നാട്ടില്, ഓരോരുത്തര് ഓരോന്നൊക്കെ ഏട്ടനെപ്പറ്റി പറയാറുണ്ടായിരുന്നു. തല്ലിപ്പൊളിയായിട്ടുനടക്കാണ്, നിഷേധിയാണ്, നൊസ്സാണ് എന്നൊക്കെ. ആരെന്തു പറഞ്ഞാലും എനിക്കങ്ങനെയൊന്നും തോന്നീട്ടില്യാ. എനിക്ക് ഏട്ടനെ ശരിക്കും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ഏട്ടൻറെ സ്ഥാനത്തു ഞാനായിരുന്നെങ്കിലും ചെലപ്പഴ് അങ്ങനെയൊക്കെത്തന്നെ ചെയ്യുമായിരുന്നേനെ.'

'ആകക്കൂടി ഒരു ഏട്ടനല്ലേയുള്ളൂ. അപ്പോൾ ഏട്ടൻ ചെയ്യുന്നതൊക്കെ ന്യായീകരിക്കാനുള്ള വെപ്രാളം എനിക്കു മനസ്സിലാക്കാം. പക്ഷേ, സ്വന്തം ഭാര്യയോടും കുട്ടിയോടും അയാളുചെയ്ത കടുംകൈ ശരിയായിരുന്നെന്നു പറയാൻ എനിക്കു കഴിയില്ല.'

'ദേവിയേട്ടത്തിയുടെ കാര്യമല്ല ഞാൻ പറഞ്ഞത്. ഏട്ടന് എങ്ങനെ അങ്ങനെയൊക്കെ തോന്നീന്ന് എനിക്കറിഞ്ഞുകൂടാ. മുത്തശ്ശി പറഞ്ഞുകേട്ടിട്ടുണ്ട്, ഏട്ടൻ കുട്ടിക്കാലംമുതൽക്കേ വലിയ തന്നിഷ്ടക്കാരനായിരുന്നെന്ന്, ദുർവാശിക്കാരനായിരുന്നെന്ന്. ഏട്ടൻറെ മുറിയിൽ ആരും കയറാൻ പാടില്ല.

ഏട്ടൻറെ കളിപ്പാട്ടങ്ങൾ ആരും തൊടാൻ പാടില്ല. ഊണുകഴിക്കാൻ ഏട്ടനുതന്നെ ഒരു പ്രത്യേകം പിഞ്ഞാണാണ്. അത് ആരെങ്കിലുമെടുത്താൽ ബഹളമായി, പിണക്കമായി. മിണ്ടിയാൽ പിണങ്ങുന്ന പ്രകൃതമാണ്. സ്കൂളിൽ പഠിക്കുമ്പോൾത്തന്നെ ഒന്നു രണ്ടു തവണ അമ്മയോടു പിണങ്ങി വീട്ടിൽ നിന്ന് ഒളിച്ചോടിപ്പോയിട്ടുണ്ട്. വിഷുവിന് പടക്കം മേടിക്കാൻ ചോദിച്ച കാശു കൊടുക്കാത്തതോ മറ്റോ ആയിരുന്നു കാരണം.'

'അങ്ങനെ തിരഞ്ഞുപോയാൽ ഒരുപാടു കാരണങ്ങൾ കാണും. പക്ഷേ, അതുകൊണ്ടൊന്നും ചെയ്തത് ഇല്ലാതാകാൻ പോകുന്നില്ല.'

'അതൊക്കെ എന്തെങ്കിലുമായിക്കൊള്ളട്ടെ. എനിക്ക് അതൊന്നുമറിയില്ല. പക്ഷേ, ഇന്നു കാലത്തു നിങ്ങളു രണ്ടു പേരും വർത്തമാനം പറയുന്നതു കേട്ടപ്പഴ് എനിക്കു തോന്നി രണ്ടിലൊരാൾ നുണ പറയുകയാണെന്ന്.'

'എന്നാലത് ഏട്ടത്തിയാണെന്നു കരുതിക്കൂടേ?'

'ഇല്ല.' അവൾ തറപ്പിച്ചു പറഞ്ഞു: 'ദേവിയേട്ടത്തി ഒരിക്കലും നുണ പറയില്ല. അതും ഇങ്ങനത്തെ കാര്യത്തിൽ, നുണ പറഞ്ഞിട്ട് ദേവിയേട്ടത്തിക്കെന്തു കിട്ടാൻ പോകുന്നു? പിന്നെ, വേറൊരു കാര്യം ഞങ്ങൾക്കൊക്കെ അറിയാവുന്നതാണല്ലോ.'

' എന്തു കാര്യം!'

'ദേവിയേട്ടത്തി പാണ്ഡവപുരത്തു പോയിട്ടില്ലെന്ന്. ഈ വീടുവിട്ടു പുറത്തെങ്ങും പോയിട്ടില്ലെന്ന്.' ശ്യാമള വീണ്ടും കുലുങ്ങിച്ചിരിച്ചു.

അയാൾക്കതിനു മറുപടിയില്ലായിരുന്നു. അയാൾ പൊടുന്നനേ തളർന്നു. ഈ തെറിച്ച പെൺകുട്ടിയുടെ നാവിനു മുമ്പിൽ എളുപ്പം തോറ്റുപോകുന്നു.

വലിയൊരു തത്ത്വംപോലെ അയാൾ പറഞ്ഞു:

'സത്യം കെട്ടുകഥകളേക്കാൾ വിചിത്രമാണു പലപ്പോഴും.'

'അതു ഞങ്ങള് സ്കൂളിലെ ടെക്സ്റ്റ്ബുക്കിൽ പഠിച്ചിട്ടുണ്ട്.'

ജാള്യത മറയ്ക്കാനായി അയാൾ എഴുന്നേറ്റു.

'ഒരു ഗ്ലാസ് ചായ തരാമോ?' അയാൾ ചോദിച്ചു.

'നോക്കട്ടെ, പാലുണ്ടാവ്വോന്നറീല്ല'

'കട്ടൻ ചായ മതി.'

ശ്യാമള തിരക്കിട്ട് അടുക്കളയിലേക്കു പോയപ്പോൾ അയാൾ ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

പക്ഷേ, തനിച്ചായപ്പോൾ അയാൾ വീണ്ടും അസ്വസ്ഥനായി. ഉത്തരം കിട്ടാത്ത ഒരുപാടു ചോദ്യങ്ങൾ വീണ്ടും മുളപൊട്ടി.

എന്തിനീ ദൂരം മുഴുവൻ താണ്ടി ഇവിടെയെത്തി?

എന്തിന്? എന്തിന്?

പാണ്ഡവപുരത്ത് ഇപ്പോൾ തണുപ്പുകാലത്തിൻറെ വരവായിരിക്കും. ശൈത്യകാലത്തിനു മുമ്പുള്ള ആദ്യത്തെ മഴ പെയ്തുകഴിഞ്ഞിരിക്കും. അതിൽ മനസ്സു കുളിർത്ത ചെറുപ്പക്കാരായ ജാരന്മാർ, ഇപ്പോൾ നിറപ്പകിട്ടുള്ള

കമ്പിളിക്കുപ്പായങ്ങളുമണിഞ്ഞ്, സുഗന്ധതൈലങ്ങൾ വാരിപ്പൂശി, പൂന്തോട്ടത്തിലൂടെ, തെരുവിലൂടെ, അലഞ്ഞുനടക്കുന്നുണ്ടാകും. അവരുടെ ആർത്തി പൂണ്ട കണ്ണുകൾ ജാലകമറകളും മഞ്ഞഭിത്തികളും തുളച്ച് അനാഥരായ സ്ത്രീകളെ മാനഭംഗപ്പെടുത്തുകയാവും.

പെട്ടെന്ന് അയാളുടെ മനസ്സു വിങ്ങി. പാണ്ഡവപുരത്തെ മനോഹരമായൊരു സീസൺ കൈപ്പിടിയിൽനിന്നു വഴുതിപ്പോകുകയാണ്. ഇവിടെ സ്വബോധം നഷ്ടപ്പെട്ട ഒരു സ്ത്രീയെ തെളിവുകൾ നിരത്തി വിശ്വസിപ്പിക്കാൻ പാടുപെടുമ്പോൾ പാണ്ഡവപുരത്ത് ഒരു സീസൺ.

അടുത്ത വണ്ടിക്കുതന്നെ തിരിച്ചുപോയാലോ?

അപ്പോൾ ഇങ്ങനെ തിരക്കിട്ടുവന്നതെന്തിന്?

അയാൾ നിസ്സഹായതയോടെ പല്ലുകടിച്ച് പാണ്ഡവപുരത്തെക്കുറിച്ചുള്ള ഓർമകൾ മനപ്പൂർവം ഉള്ളിൽ താഴ്ത്തിയിടാൻ തുനിഞ്ഞു.

പക്ഷേ, എത്രകണ്ടു താഴ്ത്തിയിടാൻ നോക്കുന്തോറും ഇരട്ടി ശക്തിയോടെ പൊങ്ങിവരുന്നവയാണ് പാണ്ഡവപുരത്തെക്കുറിച്ചുള്ള വശീകരിക്കുന്ന ഓർമകൾ എന്ന് അയാൾക്കുതന്നെ അറിയാമായിരുന്നു.

ഏഴ്

പ്രതീക്ഷിച്ചപോലെ വൈകുന്നേരം ഉണ്ണിമേനോൻ മാഷ് അന്വേഷിച്ചുവന്നു. സ്കൂൾ വിട്ടപടി നേരേ വരുന്ന മട്ടുണ്ടായിരുന്നു. മുഴുകൈ മഞ്ഞഷർട്ട്, ശീലക്കുട, കക്ഷത്തിൽ തോൽബാഗ്.

ഉണ്ണിമേനോൻ പടിക്കൽ പരുങ്ങിനിൽക്കുന്നത് അയാൾ മുറിയിലിരുന്നു കണ്ടു. അകത്തേക്കു കാലെടുത്തു കുത്തില്ലെന്ന് ആണയിട്ടിട്ടുണ്ട്. ഇപ്പോൾ ആരെ വിളിക്കണമെന്ന് സംശയിക്കുകയാവും. തൻറെ പേർ അയാൾക്കറിഞ്ഞുകൂടാ. അറിഞ്ഞാലും നേരെയെങ്ങനെ നീട്ടിവിളിക്കും? അല്പം കഴിഞ്ഞ് അയാൾ അല്പമൊരു സംശയത്തോടെ വിളിക്കുന്നതു കേട്ടു:

'രഘൂ...'

അയാൾ പുറത്തേക്കിറങ്ങിവന്നു.

മുണ്ട് മാടിയൊതുക്കി, മടക്കിക്കുത്തിക്കൊണ്ട് പടിക്കലേക്കു ചെന്നു.

'അല്ല, പോയില്ലാല്ലേ. ഞാൻ വിചാരിച്ചു. കാലത്തെ വണ്ടിക്കു പോയിക്കാണുമെന്ന്.' ഉണ്ണിമേനോൻ പറഞ്ഞു.

അയാൾക്കു പെട്ടെന്നൊരു നുണ പറയാൻ കഴിഞ്ഞു:

'കാലത്തെണീറ്റപ്പോൾ ഒരുപാടു വൈകി. പിന്നെ കുളീം ഒക്കെ കഴിഞ്ഞപ്പോഴേക്കും വണ്ടീടെ സമയം കഴിഞ്ഞു.'

'മൂന്നരേടെ പാസഞ്ചറിനു പോകായിരുന്നല്ലോ?'

'അതുവ്വോ? ഞാനറിഞ്ഞില്ല.' അയാൾ അത്ഭുതം കാട്ടി: 'അല്ലെങ്കിൽത്തന്നെ അതിൽ പോയാല് ഒരുപാട് സ്ഥലത്തു മാറിക്കേറേണ്ടേ?എന്തായാലും ഇനി നാളെ കാലത്തെ വണ്ടിക്കു പോകാം.'

ഉണ്ണിമേനോൻറെ മുഖത്തു സംശയങ്ങൾ ഉരുണ്ടുകൂടുന്നതും അയാൾ കണ്ടു. പ്രാകൃതമായ അസൂയതന്നെ. രണ്ടു ചെറുപ്പക്കാരികൾ തനിയെ താമസിക്കുന്ന വീട്ടിൽ അപരിചിതനായ ഒരു ചെറുപ്പക്കാരൻ. വലിയ സൂട്ട്കേസ്. അതു നിറയെ വിലപിടിച്ച സാധനങ്ങൾ കാണും. കീശ നിറയെ പച്ചനോട്ടുകൾ കാണും.

'ഉം.' ഒന്നിരുത്തി മൂളിയിട്ട് ഉണ്ണിമേനോൻ അർത്ഥംവെച്ചു പറഞ്ഞു: 'ഒന്നോർക്കുമ്പഴ് നാളെത്തന്നെ പോവ്വാണ് നല്ലത്.'

അതിലെ ദുഃസൂചന മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അയാൾ അലസമായി മറുപടി പറഞ്ഞത്.

‘ആ, മിക്കവാറും നാളെത്തന്നെ പോകും. അതു പറ്റില്ലെങ്കില് മറ്റന്നാള്. അല്ലെങ്കില് അതിൻറടുത്ത. ദിവസം...’

പിന്നീടൊന്നും പറയാൻ നിൽക്കാതെ, മുള്ളുവേലിയിലേക്കു കാറിത്തുപ്പിക്കൊണ്ടു തിരിഞ്ഞുനടക്കുമ്പോൾ പെട്ടെന്നു തിരിഞ്ഞുനിന്നിട്ട് മാഷ് ചോദിച്ചു:

‘വൈകിട്ട് വീട്ടിലേക്കിറങ്ങ്വോ?.’

‘നോക്കാം.’

മാഷ് തിടുക്കംപിടിച്ചു നടക്കുന്നതു കണ്ടപ്പോൾ അയാൾക്ക് ഉള്ളിൽ ഒരു ചിരി തികട്ടിവന്നു. പാവം മാഷ്! ആരോടാണ് മാഷ്ക്ക് പരിഭവം? ദേവിയോടോ, കുഞ്ഞിക്കുട്ടനോടോ? അതോ തന്നോടോ?

വൈകിട്ടു കുന്നിൻചെരിവിലേക്കു നടക്കാൻ കൊണ്ടുപോകാമെന്ന് രഘുവിനു വാക്കുകൊടുത്തിരുന്നു. അതിൻറെ മൂച്ചിലാണ് അവനിപ്പോൾ അടുക്കളത്തിണ്ണയിലിരുന്നു വീട്ടുപാഠങ്ങൾ പഠിച്ചുതീർക്കുന്നത്.

മുറ്റത്ത് ഉലാത്തുമ്പോൾ രഘുവിനോടു പറയേണ്ട കാര്യങ്ങൾ അയാൾ മനസ്സിൽ ഏതാണ്ടു രൂപപ്പെടുത്തിയെടുത്തു. ചെറിയ കുട്ടികളുടെ വലിയ ചോദ്യങ്ങൾ ചിലപ്പോൾ ഉത്തരംമുട്ടിക്കുന്നവയായിരിക്കും. ഒരിക്കലും ഉത്തരം മുട്ടരുത്. എല്ലാം കൃത്യമായി, കണിശമായി പറയണം. ജീവിച്ചുതീർക്കുന്നതിനേക്കാൾ വിഷമമാണ് ഇല്ലാത്ത ഒരു ഭൂതകാലം മിനഞ്ഞുണ്ടാക്കുക എന്നത്.

കുഞ്ഞിക്കുട്ടനും ദേവിക്കും രഘുവിനുമൊക്കെ ഓരോ പുതിയ ഭൂതകാലം. അവർക്കുതന്നെ പരിചയമില്ലാത്ത, നിറപ്പകിട്ടുള്ള ഭൂതകാലം. അയാൾക്ക് ഓർത്തപ്പോൾ രസം തോന്നി.

കുഞ്ഞിക്കുട്ടൻ അങ്ങനെയൊക്കെത്തന്നെയായിരിക്കുമോ ജീവിച്ചിരിക്കുക?

അരുത്. ചോദ്യങ്ങൾ അരുത്. കഥയിൽ ചോദ്യമില്ല. സാമാന്യബുദ്ധിക്കു നിരക്കുന്ന ഒരു ഭൂതകാലം അത്രയും മതി.

അയാളുടെ ചിന്തകൾ അവിടെ മുറിഞ്ഞു. രഘു തുള്ളിച്ചാടി മുറ്റത്തേക്കോടിവന്നു.

‘പുവ്വാ?’ അവൻ ഉത്സാഹത്തോടെ വിളിച്ചുപറഞ്ഞു.

‘ഇത്തിരി കഴിയട്ടെ. വെയിലാറട്ടെ.’ അയാൾ പറഞ്ഞു.

‘വെയിലാറി.’ അവൻ കൊഞ്ചി.

‘കുറച്ചുകൂടി കഴിയട്ടെ.’

‘കുന്നിൻറടീലേക്ക് സൂര്യൻ പോണത് കാണണെങ്കില് ഇപ്പൊത്തന്നെ പോണം.’

അയാൾ സമ്മതിച്ചു. തൻറെ മുറിയിലേക്കു നടന്നു. രഘു കൈയിൽ തൂങ്ങിക്കൊണ്ട് ഒപ്പം വന്നു. കൂറഗുളികകളുടെ മണമുള്ള പെട്ടി തുറന്നപ്പോൾ രഘുവിൻറെ കണ്ണുകൾ വിടർന്നു. മടക്കിവെച്ച ഷർട്ടുകളുടെയും പാൻറുകളുടെയും ഇടയിൽ അയാൾ തിരയുന്നതും നോക്കി അവൻ മുട്ടുകുത്തിനിന്നു. ഒരു ചുവന്ന ഷർട്ടും നിക്കറുമെടുത്തു കൊടുത്തിട്ട് അയാൾ പറഞ്ഞു:

‘പാകമാകുമോന്ന് നോക്കു.’

വിശ്വാസം വരാത്തപോലെ, അതു തിരിച്ചും മറിച്ചും നോക്കിക്കൊണ്ട് അവൻ ഇത്തിരിനേരം നിന്നു. കോടിക്കുപ്പായം ഒന്നു മണത്തുനോക്കിയിട്ട് അവൻ സംശയത്തോടെ ചോദിച്ചു.

'ഇതെനിക്കാ?'

'പാകമാകുമോന്ന് നോക്കു.'

അവൻ തുള്ളിച്ചാടിക്കൊണ്ട് അകത്തേക്കുപോയപ്പോൾ അയാൾ ശ്രദ്ധയോടെ വേഷംമാറാൻ തുടങ്ങി. കൈലി മാറ്റി പുതിയ ഡബിൾ മുണ്ടുടുത്തു. നീല വരയുള്ള ടെർലിൻ ഷർട്ടിട്ടു. മുഖത്ത് പൗഡർ പൂശി. നേർത്തു വരുന്ന നീണ്ട മുടി പിറകോട്ടു ചീകിയൊതുക്കുമ്പോൾ ഇടയിൽ കണ്ട നരച്ച ഇഴകൾ കരുതലോടെ പിഴുതെടുത്തു. ചെറിയ കുപ്പി തുറന്ന് പെർഫ്യൂമിൻറെ തുള്ളികൾ കൈയിൽ വീഴ്ത്തി ഷർട്ടിൽ അങ്ങിങ്ങായി പുരട്ടി.

പുതിയ കുപ്പായവുമണിഞ്ഞു പട്ടാളക്കാരനെപ്പോലെ മാർച്ചു ചെയ്തു വരികയായിരുന്നു രഘു. പിറകിൽ കുലുങ്ങിച്ചിരിച്ചുകൊണ്ട് ശ്യാമളയും.

"നല്ല പാകം. ഈ അളവെങ്ങനെ അറിഞ്ഞു?' ശ്യാമള അത്ഭുതത്തോടെ ചോദിച്ചു.

'ഏഴു വയസ്സുകാരൻറെ അളവുകൾ കടക്കാർക്ക് അറിയാം.'

രഘു ജനലിൽ കയറിനിന്നു ചുവരിലെ കൊച്ചുകണ്ണാടിയിൽ ചാഞ്ഞും ചെരിഞ്ഞും നോക്കി, തൻറെ പുതിയ വേഷം കണ്ടു രസിക്കുകയായിരുന്നു.

ശ്യാമളയുടെ കണ്ണുകൾ തുറന്ന പെട്ടിയിൽ കൗതുകത്തോടെ, ആർത്തിയോടെ പരതിനടക്കുന്നതു കണ്ടപ്പോൾ അയാൾ ചോദിച്ചു:

'എന്താ?'

'സാര്യൊക്കെ ഉണ്ടല്ലോ. ആർക്കാ? നിങ്ങളുടെ ഏട്ടത്തിയമ്മയ്ക്കാ?'

അയാൾ മറുപടി പറയാതെ ചിരിച്ചു.

'ഞാനൊന്നു നോക്കിക്കോട്ടെ.'

അയാൾ തലയാട്ടി.

അവൾ ഒരു നീലസ്സാരിയെടുത്തു നിവർത്താൻ തുടങ്ങുമ്പോഴേക്കും പിറകിൽ ദേവിയുടെ വിളികേട്ടു. കുറ്റബോധത്തോടെ സാരി മടക്കി പെട്ടിയിൽ വെച്ചിട്ട് അവൾ മനസ്സില്ലാമനസ്സോടെ ഇറങ്ങിപ്പോയി.

"ശ്യാമളേട്ടത്തി വല്യ കൊതിച്ചിയാണ്, എന്തു കണ്ടാലും അപ്പോ വേണം.' രഘു പറഞ്ഞു: അമ്മ എപ്പഴും വഴക്കു പറയും.'

'ഏട്ടത്തിയെന്നാണോ വിളിക്കുന്നത്? അമ്മായിയല്ലേ?'

'അമ്മായീന്ന് വിളിക്കണത് ഇഷ്ടമല്ല. ഏട്ടത്തീന്ന് വിളിക്കണത്രെ.'

അകത്തു ശബ്ദങ്ങൾ കേട്ടു. ദേവി ശ്യാമളയെ ശകാരിക്കുകയായിരിക്കും.

വെയിലാറുന്നതിനുമുമ്പ് അവർ ഇറങ്ങി.

രഘു വലിയ ഉത്സാഹത്തിലായിരുന്നു. സ്കൂൾവരെയുള്ള വഴിയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളെല്ലാം അവൻ അയാൾക്കു പറഞ്ഞുകൊടുത്തു. നാരായണൻ നായരുടെ

'ശ്രീ ഭൂതവിലാസം നായർ ഹോട്ടൽ', ഉസ്മാൻറെ മുറുക്കാൻ കട, കൈത്തറിത്തുണികൾ വിൽക്കുന്ന അമ്പത്തേഴാം നമ്പർ സൊസൈറ്റി, അതിൻറെ തട്ടിൻപുറത്തു കരികൊണ്ടെഴുതിയ തകര ബോർഡ് - നവകേരള കലാസമിതി.

ചായയടിച്ചുകൊണ്ടിരുന്ന ചെറുപ്പക്കാരൻ മരയഴികൾക്കിടയിലൂടെ സൂക്ഷിച്ചുനോക്കിയിട്ട് അയാളെ ചൂണ്ടിക്കാട്ടി ബഞ്ചിലിരിക്കുന്ന വയസ്സനോട് എന്തോ പറഞ്ഞു. വയസ്സൻ വയറും കുലുക്കിക്കൊണ്ട് ഉറക്കെ ചിരിക്കുന്നതു കേട്ടു.

'വേഗം നടക്കു.' അയാൾ രഘുവിനോടു പറഞ്ഞു.

മുറുക്കാൻകടയുടെ അടുത്തെത്തിയപ്പോൾ രഘു പറഞ്ഞു:

'ഇവിടൊരു ദിവസം പോലീസു വന്നു. ഞങ്ങള് സ്കൂൾ വിട്ട് വരുമ്പഴ്. ഒരു ജീപ്പില് കൊറെ പോലീസുകാര് വന്നു പടപടാന്ന് ചാടിയിറങ്ങി. എനിക്കങ്ങ് പേടിയായി. ഞങ്ങള് ഓടി സൊസൈറ്റിയിലെ തിണ്ണയില് കേറിനിന്നു. അവര് ഉസ്മാൻറെ പീടികേക്കേറി കൊറെ സർവത്തു കുപ്പികളെടുത്തു. അയാളേം ജീപ്പിക്കേറ്റി അങ്ങനെ സ്പീഡില് പോയി.' അവൻ ജീപ്പ് ഇരമ്പിപ്പോയ വഴി കാണിച്ചുകൊടുത്തു.

അത്താണിയുടെ അടുത്തെത്തിയപ്പോൾ ഇടത്തോട്ടു ചൂണ്ടിക്കാട്ടിക്കൊണ്ട് രഘു പറഞ്ഞു:

'അങ്ങോട്ടാ പോണ്ടത്.'

വെളിമ്പറമ്പുകളുടെ നടുവിലൂടെ പലരും നടന്നുണ്ടായ വഴി, ഇരുവശത്തും ഓലമേഞ്ഞ ചെറിയ പുരകളിൽ തടികളുടെ താളമൊപ്പിച്ച ശബ്ദം.

രഘുവിന് ആ വഴി അത്ര പരിചയമില്ലെന്നു തോന്നി. അവൻ നിശ്ശബ്ദനായിരുന്നു.

'രഘു ഇതിലൂടെ വന്നിട്ടില്ലേ?' അയാൾ ചോദിച്ചു.

'ഒരുസം പോയിട്ടുണ്ട്.' രഘു പറഞ്ഞു: 'പത്താമതയത്തിന് അമ്മേം ശ്യാമളേട്ടത്തീംകൂടെ തൊഴാൻ പോയപ്പോ...'

'അതൊക്കെ ഓർമേണ്ടോ?'

'പിന്നെ നല്ല ഓർമ്യാണ്. അന്ന് കുന്നിൻറെ എടേക്കൂടി സൂര്യൻ വീഴണതു കാണാൻ അമ്മ സമ്മതിച്ചില്ല. അപ്പഴേക്കും അമ്മയ്ക്ക് പോരാൻ തിടുക്കായി. ഇരുട്ട്യാൽ പേട്യാവുത്രെ.'

ഏറെ നടന്നിരിക്കണം. കട്ട വിണ്ടുകിടക്കുന്ന പാടങ്ങളിൽ പോക്കു വെയിൽ തളർന്നുമയങ്ങുന്നു. ലോറിച്ചക്രങ്ങൾക്കടിയിൽപ്പെട്ടു ചതഞ്ഞു വടിവു നഷ്ടപ്പെട്ട നിരത്തുവക്കത്ത് കരിങ്കൽച്ചില്ലുകൾ കൂട്ടിയിട്ടുണ്ട്, പാടങ്ങളുടെ നടുവിലൂടെ വളഞ്ഞുപുളഞ്ഞൊഴുകുന്ന കൈത്തോടിനു മുകളിലുള്ള കലുങ്കിനു മുകളിൽ രഘു നിന്നു.

'രഘുവിന് കാല് കഴയ്ക്കുന്നുണ്ടോ?' അയാൾ ചോദിച്ചു.

'ഇല്ലില്ല. നമുക്ക വേണങ്കിൽ കുന്നുവരെ ഓടാം.'

'വഴി തെറ്റിയിട്ടില്ലല്ലോ?'

രഘുവിന് ഒരു ഏഴു വയസ്സുകാരനേക്കാൾ അറിവുണ്ടായിരുന്നു.

'ഇതന്നെ വഴി, ഇവിടെ ഒരു വഴേ്യുള്ളൂ. കൊറെ പോവുമ്പോ ഒരു കുണ്ടൻ കിണറുണ്ട്. അതില് കല്ലിട്ടാല് ഒരുപാടുനേരം കഴിഞ്ഞാ ശബ്ദം കേൾക്ക്വാ.'

വളവുതിരിഞ്ഞപ്പോൾ കയറ്റം കണ്ടു. ചുവന്ന ഉരുളൻകല്ലുകളിൽ ശ്രദ്ധിച്ചു ചവിട്ടിക്കൊണ്ട് അയാൾ നടക്കുമ്പോൾ രഘു ഓടിക്കയറുകയായിരുന്നു.

'രഘു പതുക്കെ. ഉരുണ്ടുവീഴും.'

അതിനു മറുപടി മുകളിൽനിന്നൊരു ചിരിയായിരുന്നു.

അണപ്പോടെ അയാൾ കയറ്റം കയറിച്ചെന്നപ്പോൾ രഘു കുണ്ടൻ കിണറ്റിലേക്കു കല്ലുകൾ പെറുക്കിയെറിയുന്നത് കണ്ടു. കനത്ത പൂപ്പൽ പൊതിഞ്ഞ പൊന്തക്കാടുകൾ നിറഞ്ഞ്, ആഴം കാണാനാവാത്ത, കുണ്ടൻകിണറ്.

പടിഞ്ഞാറ് സൂര്യൻ ചെരിയുകയായിരുന്നു.

'വരൂ. പോകാം,' അയാൾ പറഞ്ഞു: 'സൂര്യനെ കാണണമെങ്കിൽ വേഗം നടക്കണം.'

അയാൾ തിടുക്കംപിടിച്ചു നടന്നു. രഘു അയാളെ വെട്ടിച്ച് ഓടിക്കയറിപ്പോയി.

അയാൾ കയറ്റംകയറി കുന്നിൻറെ ഉച്ചിയിലെത്തിയപ്പോൾ രഘു ഒരു പാറയിൽ ചാരിനിന്നു കൈ വീശുന്നുണ്ടായിരുന്നു.

അയാൾ പാറപ്പുറത്തിരുന്നു.

താഴെ, തെങ്ങിൻതലപ്പുകൾക്കപ്പുറം ഗ്രാമത്തെ ചുറ്റിപ്പോകുന്ന ചെറിയ പുഴ, പുഴയുടെ അതിരിൽ പടിഞ്ഞാറൻകുന്നുകളുടെ ഇടയിലൂടെ ഊർന്നിറങ്ങുന്ന സൂര്യൻ.

അയാൾ ഒരു കഥ പറയാൻ തുടങ്ങി:

'പണ്ട്, എന്നുവെച്ചാൽ വളരെ പണ്ട്, പാണ്ഡവപുരവും അതിൻറെ ചുറ്റുമുള്ള പ്രദേശങ്ങളും വലിയൊരു കാടായിരുന്നത്രെ. അതിൻറെ അങ്ങേത്തലയ്ക്കലും ഇങ്ങേത്തലയ്ക്കലും രണ്ടു കൊച്ചുഗ്രാമങ്ങളുണ്ടായിരുന്നു. അവിടത്തെ ജനങ്ങളിലധികവും തനി കാടന്മാരായിരുന്നു. തമ്മിൽ തമ്മിൽ മല്ലടിച്ചും ഇടയ്ക്കിടെ കാട്ടിൽക്കയറി മൃഗങ്ങളെ കൊന്നുവീഴ്ത്തി ചുട്ടുതിന്നും കാടന്മാർ ജീവിച്ചപ്പോൾ കൂട്ടത്തിൽ അല്പം ഭേദക്കാരായ നാടന്മാർ അവിടവിടെയായി കാട് കുറേശ്ശയായി വെട്ടിത്തെളിച്ചു ഗോതമ്പും ചോളവും കൃഷിചെയ്യാൻ തുടങ്ങി. ക്രമേണ കാടന്മാരും നാടന്മാരും ഇടകലർന്ന് ആ ഗ്രാമങ്ങളിൽ ഒരു സങ്കര സംസ്കാരമുണ്ടായി. അവരുടെ സന്തതികളുടെ ഞരമ്പുകളിലൂടെ കാടന്മാരുടെയും നാടന്മാരുടെയും സങ്കര രക്തം ഒഴുകിയിരുന്നതുകൊണ്ട് അവർ കാടന്മാരെയും നാടന്മാരെയുംപോലെ ജീവിക്കാൻ തുടങ്ങി.

ആയിടയ്ക്ക് തെക്കേ ഗ്രാമത്തിൽ എവിടെനിന്നോ ഒരു സ്വാമി വന്നു ചേർന്നു. നീട്ടിവളർത്തിയ, ജടപിടിച്ച, നരച്ച മുടി. നരച്ച താടി. നെറ്റി നിറയെ ഭസ്മം. അപൂർവമായ ഒരു തേജസ്സുള്ള മുഖം. ചെമ്മൺപാതയുടെ അരികിൽ ഒരു വയസ്സൻ അരയാലുണ്ടായിരുന്നു. അതിൻറെ പടർന്നുകിടക്കുന്ന തടിച്ച വേരുകളിൽ ഒരു പീഠമിട്ട് സ്വാമി ഇരുന്നു. പകൽ മുഴുവൻ സ്വാമി ധ്യാനത്തിലായിരിക്കും. അന്തിയാവുമ്പോൾ ആലിൻകൊമ്പത്ത് തലകീഴായി തപസ്സുചെയ്യുന്ന വവ്വാലുകൾക്ക്

അനക്കംവെച്ചു തുടങ്ങുമ്പോൾ സ്വാമി ഉണരുന്നു. അപ്പോഴേക്കും സ്വാമി ഉണരുന്നതും കാത്തു വലിയൊരു ജനക്കൂട്ടം ആലിനുചുറ്റും തടിച്ചുകൂടിയിരിക്കും. കണ്ണുകൾ തുറക്കുമ്പോൾ ആരുടെ മുഖത്താണോ ആദ്യം നോട്ടം വീഴുന്നത് അയാളെ കൈകാട്ടി അടുത്തേക്കു വിളിക്കും. അയാൾ മുട്ടുകുത്തി കുമ്പിട്ടുനിൽക്കെ നെറുകയിൽ കൈവെച്ചു കൊണ്ട് അയാളുടെ മുജ്ജന്മകഥകൾ പറയാൻതുടങ്ങും. ഇജ്ജന്മത്തിലെ കെട്ടുകളുടെ ഇഴകളിൽപിടിച്ചു സ്വാമി പിറകോട്ടു നടക്കുകയായിരുന്നു. എന്നിട്ട് മുജ്ജന്മത്തിലെ ഏതോ ചില അജ്ഞാതമായ രൂപങ്ങളിൽ കൊണ്ടു ചെന്ന് ബന്ധിക്കും. ഇജ്ജന്മത്തിലെ ഓരോ ചെയ്തികൾക്കും സ്വാമി മുജ്ജന്മത്തിൽ വേരുകൾ കണ്ടുപിടിച്ചു. ആർക്കും സ്വാമിയെ അവിശ്വസിക്കാനായില്ല. അത്രകണ്ട് ഭ്രമിപ്പിക്കുന്നവയായിരുന്നു സ്വാമി പറഞ്ഞ കഥകൾ.

സ്വാമിയുടെ പേര് ദേശങ്ങളുടെ അതിരുകളുംതാണ്ടി പരന്നു. അടുത്ത ഗ്രാമത്തിൽനിന്നു മാത്രമല്ല, ദൂരെ നാനാദേശങ്ങളിൽനിന്നുവരെ ഭക്തന്മാർ സ്വാമിയെ കാണാൻ വന്നു. സ്വാമിയുടെ ഒരു നോട്ടത്തിനുവേണ്ടി അവർ ദിവസങ്ങളോളം കാത്തുകിടന്നു. പലപ്പോഴും അതു കിട്ടാതെ അവർ നിരാശരായി തിരിച്ചുപോയി. പക്ഷേ, വീട്ടിൽ അവർക്കു സ്വസ്ഥത കിട്ടിയില്ല. അവർ അധികം താമസിയാതെ വീണ്ടും തിരിച്ചുവന്നു...

ഒരിക്കൽ ഒരു അവിശ്വാസിയായ നാടൻ മാത്രം സ്വാമിയോട് നേരിട്ടു പറഞ്ഞു: 'സ്വാമി ഈ പറഞ്ഞതൊക്കെ ശരിതന്നെ, സമ്മതിക്കുന്നു. പക്ഷേ, സ്വാമിക്കു ദിവ്യത്വമുണ്ടെന്നു സമ്മതിക്കണമെങ്കിൽ എൻറെ ഭാവിയും പറയാൻ കഴിയണം.' അപ്പോൾ സ്വാമി ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ ദിവ്യത്വം അവകാശപ്പെടുന്നില്ല, മകനേ. അനാവശ്യമായ പരിവേഷം എനിക്കു തരാതിരിക്കുക. പക്ഷേ, ഒന്നോർക്കുക: കാലം മഹത്തായൊരു തുടർച്ചയാണ്, ഭൂതത്തിൽനിന്നു വർത്തമാനത്തിലൂടെ ഭാവിയിലേക്ക്. അതിനെ മുറിക്കാൻ എനിക്കോ നിനക്കോ അവകാശമില്ല. ഭാവി വെറുമൊരു കൗതുകം മാത്രമാണ്. അതുകൊണ്ട് നിൻറെ വേരുകൾ ആദ്യം ഭൂതത്തിൽ തിരയുക. എന്നിട്ട് വർത്തമാനത്തിലൂടെ നീങ്ങുക.'

പിന്നീടൊരിക്കൽ ഒരു അമാവാസി രാത്രിയിൽ, ചുറ്റുമുള്ള കൊഴുത്ത ഇരുട്ടിനെ സാക്ഷിയാക്കിക്കൊണ്ട് സ്വാമി ഗ്രാമത്തെ നടുക്കുന്ന ഒരു പ്രവചനം നടത്തി:

'ഇവിടെ ഒരു അത്യാഹിതമുണ്ടാകാൻ പോകുന്നു. നിങ്ങൾക്കു നിങ്ങളുടെ സംസ്കാരംതന്നെ നഷ്ടപ്പെടാൻ പോകുന്നു... അധികം താമസിയാതെ, നിങ്ങളുടെ നിലനില്പുതന്നെ അപകടത്തിലാവാൻ പോകുന്നു.'

അത് സ്വാമിയുടെ ആദ്യത്തേതും അവസാനത്തേതുമായ പ്രവചനമായിരുന്നു.

രഘുവിനൊന്നും മനസ്സിലായില്ല. അവൻ വാ പൊളിച്ചിരിക്കുകയായിരുന്നു.

'എന്നിട്ട് സ്വാമിക്കെന്തു പറ്റി?' അവൻ ചോദിച്ചു.

'എന്തു പറ്റാനാണ്?' അയാൾ നെടുവീർപ്പിട്ടു: 'ഒരുനാൾ സ്വാമിയെ കാണാതായി. എവിടന്നോ വന്നതുപോലെ എവിടേക്കോ തിരിച്ചുപോയി.'

'എന്നിട്ട്?"

‘സ്വാമിയുടെ പ്രവചനം ശരിയായി.’ അയാൾ നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു:’

‘ഒരുനാൾ ചില യന്ത്രങ്ങളുമായി കുറെ സായിപ്പന്മാർ ഗ്രാമത്തിൽ വന്നു. അവർ ഗ്രാമത്തിൽ കൂടാരമടിച്ചു. വിചിത്രമായ ഭാഷ സംസാരിച്ചുകൊണ്ട് ഗ്രാമത്തിൽ ചുറ്റിനടന്നു. ആ ചുവന്ന തൊലിയുള്ള വിചിത്ര ജന്തുക്കളെ കണ്ട നാട്ടുകാർ അന്തംവിട്ടുനിന്നു. അവരുടെ കൂർത്ത കണ്ണുകളിൽനിന്ന് രക്ഷപ്പെടാനായി മാറുമറയ്ക്കാത്ത നാടൻപെൺകുട്ടികൾ പുരയ്ക്കകത്ത് ഓടിയൊളിച്ചു. തൻറേടമില്ലാത്ത പുരുഷന്മാരാകട്ടെ അവർ വലിച്ചെറിഞ്ഞു കൊടുത്ത സ്വർണനാണയങ്ങളുടെ തിളക്കത്തിൽ തങ്ങളുടെ പെണ്ണുങ്ങളെ അവരുടെ കൂടാരത്തിൽ കൊണ്ടുപോയി കാഴ്ചവെച്ചു... സായിപ്പന്മാർ നിത്യവും രാവിലെ കാട്ടിലേക്കു പോകും. സന്ധ്യയ്ക്കുമുമ്പ് വിയർത്തുകുളിച്ചു തളർന്നു തിരിച്ചുവരും. അവർ അവിടെ എന്താണ് ചെയ്തിരുന്നതെന്ന് നാട്ടുകാർക്ക് ഒരു പിടിയുമില്ലായിരുന്നു. ഒരിക്കൽ കാട്ടുകിഴങ്ങുകൾ തേടിപ്പോയ ചിലർ കണ്ടുപിടിച്ചു, സായിപ്പന്മാർ കാടിനു നടുവിൽ കുഴിക്കുകയാണെന്ന്. യന്ത്രങ്ങൾ വെച്ചുണ്ടാക്കുന്ന ആഴത്തിലുള്ള കുഴി. ഒരു പൗർണമി രാത്രിയിൽ സായിപ്പന്മാർ നാടൻ ചാരായം കുടിച്ചു മത്തരായി, കൂടാരത്തിനു മുമ്പിൽ കെട്ടിപ്പിടിച്ചു നഗ്ന നൃത്തംചെയ്യുന്നത് നാട്ടുകാർ കണ്ടു. അവർ അമ്പരപ്പോടെ, അകലെനിന്ന് ആ കോലാഹലം മുഴുവൻ ശ്രദ്ധിച്ചതേയുള്ളൂ. സായിപ്പന്മാർ നാളുകളായി തേടിയിരുന്ന സാധനം കണ്ടുകിട്ടിയെന്ന് അവർക്കു മനസ്സിലായി. പക്ഷേ, അതിൻറെ വരുംവരായ്കകകളെക്കുറിച്ച് അവർക്കൊരു ബോധവുമില്ലായിരുന്നു. പിന്നെപ്പിന്നെ, ആ സായിപ്പന്മാർക്കു പിറകെ വേറെയും സായിപ്പന്മാർ വന്നു. കറുത്ത തൊലിയുള്ള, കറുത്ത കാലുറയിട്ട അന്യനാട്ടുകാർ വന്നു. പൊടിപറത്തിക്കൊണ്ടു ജീപ്പുകൾ വന്നു. ലോറികൾ വന്നു. ക്രമേണ അവർ ആ കാടു മുഴുവനും വെട്ടിത്തെളിച്ചു തീയിട്ടു. കാട്ടിനകത്തു പലപ്പോഴും വെടിയുടെ ശബ്ദം മുഴങ്ങി. തീയിൽനിന്ന്, സായിപ്പന്മാരുടെ വെടിയുണ്ടകളിൽ നിന്ന് മൃഗങ്ങൾക്ക് രക്ഷപ്പെടാനായില്ല. പാവം മനുഷ്യർ മാത്രം അവരുടെ കാലുകൾ നക്കി അടിമകളായി കഴിഞ്ഞുകൂടി.

‘സായിപ്പന്മാരുടെ കൈയിൽ വലിയ തോക്കുണ്ടായിരുന്നു, അല്ലേ?’ രഘു ചോദിച്ചു.

അയാൾ തലയാട്ടി:

‘ആ തോക്കുകളുടെ മുമ്പിൽ നാട്ടുകാർ അട്ടകളെപ്പോലെ ചുരുണ്ടു. സായിപ്പന്മാർ ബലം പ്രയോഗിച്ച് കുടിലുകളിൽ കയറിച്ചെന്നു. പുരുഷന്മാരെ വലിച്ചു പുറത്തിട്ടു. മരങ്ങളിൽ കെട്ടിയിട്ടു. അവരുടെ പെണ്ണുങ്ങൾ പിന്നീട് വെള്ളാരങ്കണ്ണുകളും ചെമ്പൻതലമുടിയുമുള്ള കൊഴുത്ത കുട്ടികളെ പെറ്റു. കാടിൻറെ അങ്ങേത്തലയ്ക്കൽ സായിപ്പന്മാർ കുഴിച്ചിരുന്ന സ്ഥലത്തുനിന്നും വളരെ അകലെ പുതിയ കെട്ടിടങ്ങൾ പൊങ്ങി. ഫാക്ടറിയുണ്ടായി. പുകക്കുഴലുകളുണ്ടായി. ജോലിക്കാർക്കു താമസിക്കാനായി കോളനിയുണ്ടായി. അങ്ങനെ പാണ്ഡവപുരമുണ്ടായി. അന്നത്തെ ആ സങ്കരരക്തം നേർത്തുണ്ടായതാണ് ഇപ്പോൾ പാണ്ഡവപുരത്തെ തലമുറ.’

രഘു അപ്പോഴും കണ്ണുമിഴിച്ചിരിക്കുകയാണ്.’

അയാൾക്കു ചിരിവന്നു. ഈ കൊച്ചുകുട്ടിയോടാണോ പാണ്ഡവപുരത്തിൻറെ ചരിത്രം പറയേണ്ടത്?

അയാൾ മെല്ലെ ചോദിച്ചു:

'രഘുവിന് പാണ്ഡവപുരത്തിൻറെ കഥ ഇഷ്ടമായോ?'

'ഉവ്വ്.' രഘു പറഞ്ഞു: 'അവിടെ ഇപ്പഴും സായിപ്പന്മാരുണ്ടോ?'

'ഇല്ലില്ല. ആ തനി സായിപ്പന്മാരൊക്കെ എന്നേ പോയി. പക്ഷേ, അതിനു പകരം നാടൻ സായിപ്പന്മാരുണ്ട്.'

'അവരും സായിപ്പന്മാരെപ്പോലെയാരിക്ക്യോ?'

'ങാ, ഏതാണ്ടൊക്കെ. പക്ഷേ, തൊലിമാത്രം കറുത്തിരിക്കും.'

'പാണ്ഡവപുരത്തെപ്പറ്റി മറ്റൊരു കഥയുണ്ട്. ഒരു പെണ്ണിനുവേണ്ടി വഴക്കടിച്ചു നശിക്കാൻപോയ അഞ്ചു സഹോദരന്മാരുടെ കഥ. അതു ഞാൻ പിന്നീടൊരിക്കൽ പറയാം.'

' കുറെ കഴിഞ്ഞ്, പടിഞ്ഞാറൻകുന്നുകൾ പെട്ടെന്നു കറുത്തപ്പോൾ, കറുത്ത മരങ്ങളുടെ ഇടയിലൂടെ ലേശം തണുപ്പുള്ള കാറ്റ് അടിച്ചുകയറാൻ തുടങ്ങിയപ്പോൾ അയാൾ രഘുവിൻറെ കൈപ്പത്തി മെല്ലെ അമർത്തിക്കൊണ്ടു ചോദിച്ചു:

'രഘു എൻറെ ഒപ്പം വരുന്നോ?'

'എവടെക്ക്?' അയാളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ടാണ് രഘു ചോദിച്ചത്.

'പാണ്ഡവപുരത്തേക്ക്.'

'അച്ഛൻറെ അടുക്കലേക്കോ?'

ഒരു നിമിഷം സംശയിച്ചശേഷം അയാൾ പറഞ്ഞു:

'അതെ.'

'അമ്മേം വരോ?'

അയാൾ മൂളി.

രഘുവിൻറെ കണ്ണുകൾ വിടർന്നു. ആകാശച്ചുവപ്പിൽ കണ്ണുനട്ടുകൊണ്ട് അവൻ എന്തോ ഓർക്കുകയായിരുന്നു. നേരിൽ കാണാത്ത അച്ഛനെപ്പറ്റി. പാണ്ഡവപുരം എന്ന മായാലോകത്തെപ്പറ്റി.

അവൻ ചോദിച്ചു:

'പാണ്ഡവപുരത്താണോ ഈ പാണ്ഡവന്മാരൊക്കെ താമസിക്കുന്നത്?'

'അതെ.'

'ഭീമനെ കണ്ടിട്ടുണ്ടോ മാമൻ? ഈ കുന്നുപോലത്തെ തലേം, കുണ്ടൻ കിണറുപോലത്തെ വായും തെങ്ങുപോലത്തെ കൈയും ഒക്കെണ്ടോ ഭീമന്?'

'ഉം.'

'ബകനെ കൊന്നതു പാണ്ഡവപുരത്തുവെച്ചോ?'

'ഉം.'

'മാമൻ കണ്ടോ ബകനെ കൊല്ലണത്?'

'ഞാനപ്പോൾ ഓഫീസിലായിരുന്നു.'

'ഹാവൂ. എന്തു രസായിരിക്കും ബകൻ ചോറുണ്ണുന്നതു കാണാൻ. വലിയ തേങ്ങേടെ അത്രേണ്ടാവും ഒരു ഉരുള. ഒരു കാളവണ്ടി നിറച്ച ചോറു കൊണ്ടെന്നാൽ ബകൻ ഒറ്റയടിക്കു സാപ്പിട്ടുകളയും.

'ഇതൊക്കെ ആരു പറഞ്ഞുതന്നു?'

'ശ്യാമളേട്ടത്തി. തീറ്റേടെ കാര്യം പറയുമ്പോ ശ്യാമളേട്ടത്തിക്കു വലിയ രസമാണ്.'

പിന്നെ, ഏറെക്കഴിഞ്ഞ്, നേർത്ത ഇരുട്ടിലൂടെ കുന്നിൻചരിവിറങ്ങുമ്പോൾ രഘുവിൻറെ കൊച്ചുകൈകൾ തൻറെ കൈപ്പത്തികൾക്കുള്ളിലൊതുക്കി അയാൾ പറയാൻതുടങ്ങി:

'രഘു എന്തിനാണ് അച്ഛനെ കാണുന്നത്? അച്ഛന് രഘുവിനെ കാണാൻ ഇഷ്ടമില്ലെങ്കിലോ? ഇഷ്ടമുണ്ടായിരുന്നെങ്കിൽ എത്രയോ മുമ്പേ വരുമായിരുന്നു. രഘുവിനറിയോ, നിന്നെ പ്രസവിക്കുന്നതിനു മുമ്പുതന്നെ അമ്മയെ തനിച്ചാക്കിയിട്ട് ഒളിച്ചോടിപ്പോയതാണ് അച്ഛൻ. പാണ്ഡവപുരത്തു വെച്ച് നിങ്ങളെ കണ്ടാൽ അയാൾ കണ്ട ഭാവം നടിച്ചില്ലെങ്കിലോ? അയാൾക്കവിടെ വേറെ ഭാര്യയും കുട്ടികളുമുണ്ടെങ്കിലോ? സ്വന്തം മക്കളോടു സ്നേഹമില്ലാത്ത അച്ഛനെ ആര് അച്ഛനെന്നു വിളിക്കും?'

പിന്നീടോർത്തു, ഈ കുട്ടിക്ക് ഓർക്കാൻ കഴിയുന്ന ഒരു ഭൂതകാലമില്ലല്ലോ. അവനുള്ളതു ഭാവി മാത്രമല്ലേ? പിന്നെ എന്തിന് ഒരു ഭൂതകാലത്തിൻറെ ഭാരം അവൻറെ തലയിൽ കെട്ടിവെക്കണം?

അവൻറെ മുടിയിഴകളിലൂടെ വിരലോടിച്ചുകൊണ്ട് അയാൾ തുടർന്നു: 'പാണ്ഡവപുരത്ത് ഞങ്ങളുടെ, നമ്മളുടെ കോളനിയിൽത്തന്നെ ഒരു സ്കൂളുണ്ട്. രഘുവിനെ അവിടെ ചേർക്കാം. അവിടെ ഇവിടത്തെപ്പോലൊന്നുമല്ല, വലിയ സ്കൂളാണ്. പച്ചനിറമുള്ള യൂണിഫോമിട്ടാണ് കുട്ടികൾ വരിക.

പഠിപ്പിക്കുന്നത് ഇംഗ്ലിഷിലും. ഒരു കൊല്ലം കഴിയുമ്പോൾ രഘുവും സായിപ്പന്മാരെപ്പോലെ മണിമണിയായിട്ട് ഇംഗ്ലിഷിൽ സംസാരിക്കാൻ തുടങ്ങും.'

രഘു ഇടയിൽക്കയറി ചോദിച്ചു:

'സായിപ്പന്മാരെപ്പോലെ വലിയ തോക്കുകൊണ്ട് വെടിവെക്കാൻ പഠിപ്പിക്ക്യോ?'

അയാൾ അതു കേൾക്കാത്തമട്ടിൽ തുടർന്നു:

ആ സ്കൂളിലെ പഠിത്തം കഴിയുമ്പോൾ രണ്ടു നാഴികയകലെ ഹൈസ്കൂളുണ്ട്. സ്റ്റൈലില് പോയിവരാൻ സ്കൂളുവക പച്ച ബസ്സുണ്ട്. സ്കൂള് കഴിഞ്ഞാൽ കോളജ്. അങ്ങനെ പഠിച്ചുപഠിച്ചു വല്യ ആളാകുമ്പോൾ സൂട്ടും ടൈയും വല്യ ജോലിയും കാറും ബംഗ്ലാവും...'

അയാൾ അവിടെ നിർത്തി. പഞ്ചായത്തുവിളക്കിൻറെ അരണ്ട വെളിച്ചത്തിൽ കുറുകെ ഓടിയ തവളയെ കല്ലെറിയുകയായിരുന്നു രഘു.

അയാൾ തെല്ലൊരു നിരാശയോടെ ചോദിച്ചു:

‘ഞാൻ പറഞ്ഞതൊക്കെ കേട്ടോ?’

‘ഉം.’

‘എന്താ കേട്ടത്?’

‘പച്ച ബസ്സിൽക്കേറി സ്കൂളിൽ പോവുംന്ന്.’

‘ആ, അതുതന്നെ. രഘു എൻറൊപ്പം പാണ്ഡവപുരത്തേക്കു വരാൻ തയ്യാറാണല്ലേ?

രഘു മറുപടി പറഞ്ഞില്ല.

തിരിഞ്ഞ്, അത്താണിയുടെ അടുത്തുവെച്ചു പ്രധാന നിരത്തിലേക്കു കയറുമ്പോൾ രഘു സംശയത്തോടെ ചോദിച്ചു:

‘അമ്മേം ശ്യാമളേട്ടത്തീം മുത്തശ്ശീം ഒക്കെ വരില്ലേ?’

ഇത്തവണ അയാൾക്കു മടിക്കാതെ പറയാൻ കഴിഞ്ഞു:

‘വരും, തീർച്ചയായിട്ടും വരും.’

എട്ട്

അയാൾ ഉറക്കംവരാതെ പായിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. നിലാവുള്ളരാത്രി ജാലകത്തിലൂടെ നക്ഷത്രങ്ങൾ പൂത്ത തെളിഞ്ഞ ആകാശം കാണാം.

പെട്ടെന്നു കതകു തുറക്കുന്ന ശബ്ദം കേട്ടു.

അയാൾ അത്ഭുതത്തോടെ നോക്കി-ദേവി!

കട്ടിലിൽ എഴുന്നേറ്റിരുന്ന് എന്താണു പറയേണ്ടതെന്നറിയാതെ ഒന്നു പകച്ചിട്ട്, അയാൾ പറഞ്ഞു:

'ഇരിക്കൂ.'

പറഞ്ഞശേഷമാണ് ഓർത്തത്, ഈ മുറിയിൽ ഇരിക്കുവാൻ ഒരു കട്ടിൽ മാത്രമേ ഉള്ളുവല്ലോ എന്ന്.

അതു കേട്ടതായി ഭാവിക്കാതെ, ദേവി ഒരു മൂലയിലായി ഒതുങ്ങിനിന്നു. ചുവരിൽ പതിച്ച ഷേഡിൽനിന്നു വീഴുന്ന വെളിച്ചം അയാളുടെ മുഖത്തായിരുന്നു. അവളാകട്ടെ, പാതിയും ഇരുട്ടിലായിരുന്നു. ഭസ്മക്കുറിക്കു താഴെ അവളുടെ മുഖഭാവങ്ങൾ അയാൾക്കു ശരിക്കു കാണാൻ കഴിഞ്ഞിരുന്നില്ല.

'ഞാൻ ഒരു കാര്യം ചോദിക്കാനാണു വന്നത്.'

' അവളുടെ ശബ്ദത്തിൽ അസാധാരണമായ ഒരു ദൃഢതയുണ്ടെന്ന് അയാൾക്കു തോന്നി. അവൾ തുടരാൻവേണ്ടി അയാൾ കാത്തിരുന്നു.

'വീണ്ടും ചോദിക്കുകയാണ്, മറ്റൊരു വഴിയില്ലാഞ്ഞിട്ട് നിങ്ങൾ എന്തിനിങ്ങോട്ടു വന്നു? എങ്ങനെ ഈ വീട്ടു മനസ്സിലാക്കി? എന്താണു നിങ്ങളുടെ ഉദ്ദേശ്യം?

ഒരു പൊട്ടിത്തെറിപോലെ തുരുതുരെ കുറെ ചോദ്യങ്ങൾ അയാളുടെ മുഖത്തേക്കു വലിച്ചെറിഞ്ഞിട്ട് അവൾ കിതച്ചുകൊണ്ടു ചുവരിൽ ചാരിനിന്നു.

അയാൾ അതിനു മറുപടി പറയാതെ പതുക്കെ, ശബ്ദമില്ലാതെ ചിരിച്ചു. അയാൾക്കപ്പോൾ ചിരിക്കാൻ മാത്രമാണു തോന്നിയത്.

അവൾ പറഞ്ഞു:

'നിങ്ങളെ എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല.'

'ദേവിയെ എനിക്കും.'

'ഞാൻ നിങ്ങളോട് ഒരു തെറ്റും ചെയ്തിട്ടില്ലല്ലോ? പിന്നെ എന്തിന് എന്നെയിങ്ങനെ അലട്ടുന്നു? അന്ന് ആദ്യം നിങ്ങളതൊക്കെ പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു, നിങ്ങൾ തമാശ പറയുകയാണെന്ന്. പിന്നീടു പല തവണ നിങ്ങളത്

ആവർത്തിച്ചപ്പോൾ എനിക്കല്പം സംശയം തോന്നിയെങ്കിലും പിറ്റേന്നു കാലത്തെ വണ്ടിക്കുതന്നെ സ്ഥലം വിടുമല്ലോ എന്നു ഞാൻ ആശ്വസിച്ചു. പക്ഷേ, നിങ്ങൾ മനഃപൂർവം പോകാതെ ഇവിടെ തങ്ങി. ആദ്യം പറഞ്ഞതൊക്കെ ഇപ്പോഴും തത്തമ്മയെപ്പോലെ വീണ്ടും വീണ്ടും ഉരുവിടുകയാണ്...' ശബ്ദം ഇടറാതിരിക്കാൻ അവൾ പണിപ്പെടുന്നുണ്ടെന്ന് അയാൾക്കു തോന്നി.

ശാന്തമായ സ്വരത്തിൽ അയാൾ പറഞ്ഞു:

'ഞാൻ പോകണമെന്ന് ദേവി ഇതേവരെ പറഞ്ഞിട്ടില്ല. അങ്ങനെ ഒരു വാക്കു പറഞ്ഞാൽ ഞാൻ പൊയ്ക്കൊള്ളാം. നാളെ കാലത്തെ വണ്ടിക്കുതന്നെ. അല്ലെങ്കിൽ ഈ നിമിഷംതന്നെ.'

അയാൾ മറുപടിക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു.

അവൾ പൊടുന്നനേ എന്തോ പറയാനാഞ്ഞെങ്കിലും ഉടനെ ആ വാക്കുകൾ തിടുക്കപ്പെട്ടു വിഴുങ്ങിക്കളഞ്ഞു. അയാൾ ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

അല്പം കഴിഞ്ഞപ്പോൾ, ചിലമ്പിയ ശബ്ദത്തിൽ അവൾ തുടർന്നു:

'കുഞ്ഞിക്കുട്ടേട്ടൻ എന്നെ വിട്ടുപോയപ്പോൾ ഞാൻ തളർന്നില്ല. എല്ലാറ്റിനും കാരണക്കാരി ഞാനാണെന്ന് എൻറെ വീട്ടുകാരുകൂടി കുത്തുവാക്കു പറഞ്ഞപ്പോഴും ഞാൻ തളർന്നില്ല. ഇത്രേം കാലം ദുരിതപ്പെട്ടുകഴിഞ്ഞു. ഒരു കുട്ടിയെ വളർത്തി. എൻറെ കഷ്ടപ്പാടുകൾ ഞാനാരോടും ഒരിക്കലും പറഞ്ഞിട്ടില്ല. പട്ടിണികിടന്നു നരകിച്ചാലും എനിക്കു സ്വാതന്ത്ര്യമുണ്ടാവുമല്ലോ എന്നു ഞാൻ മോഹിച്ചു. അപ്പോഴാണ് ഒട്ടും വിചാരിക്കാതെ ഇതാ നിങ്ങള്...'

തൻറെ മനസ്സ് അലിഞ്ഞുപോകുമോ എന്ന് അയാൾ ഭയന്നു. സ്വയം നിയന്ത്രിച്ച് അയാൾ പറയാൻ തുടങ്ങി:

'നോക്കു, നാഴികകൾക്കകലെയുള്ള പാണ്ഡവപുരം എന്ന പഴയ പട്ടണത്തെ ഞാനെൻറെ ഓർമകളിൽ സൃഷ്ടിക്കാൻ നോക്കുകയാണ്. ഓർമകളുടെ നേർത്ത ചായപ്പാളികളോടൊപ്പം വടിവും നിറവും മാറുന്ന പട്ടണം. വിലപിടിച്ച ഓർമകളെ കരുതലോടെ പെറുക്കിയെടുത്തുവെക്കുവാൻ പാടുപെടുകയാണ് ഞാൻ. ഒന്നിനുയിര് ഊതിക്കൊടുക്കുമ്പോഴേക്കും, മറ്റൊരു അറിവു പടർന്നുകയറി. ചട്ടക്കൂടുകൾ തകർത്ത്, വീണ്ടും എല്ലാം ചിതറിത്തെറിച്ച്, മറ്റേതോ കാണാത്ത, അറിയാത്ത, ആകൃതികളാകുന്നു.'

ഒന്നു നിറുത്തിയിട്ട് അയാൾ വീണ്ടും പറയാൻ തുടങ്ങി:

ഇപ്പോൾ ഉറക്കം വരാതെ, തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ ഞാൻ ദേവിയെക്കുറിച്ചാണ് ഓർത്തിരുന്നതു-ദേവിയിൽ വന്ന മാറ്റത്തെപ്പറ്റി. അതിനുള്ള കാരണങ്ങൾ കണ്ടുപിടിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഞാൻ തെളിവുകൾ നിരത്തുകയാണെന്ന് പരാതിയുണ്ടല്ലോ. അതുകൊണ്ടുതന്നെ മറ്റൊരു തെളിവുകൂടി തരാം. ഇനി ഒരുപക്ഷേ, ഞാനതിനു മിനക്കെട്ടെന്നു വരില്ല... കുന്നിൻപുറത്തുള്ള ദുർഗാക്ഷേത്രത്തിൽ നമ്മൾ ദർശനത്തിനു പോയത് ഓർമയുണ്ടോ? അതു ശ്രാവണത്തിലെ ഏതോ വിശേഷദിവസങ്ങളായിരുന്നു. കുതിരക്കുളമ്പടികൾ

താളമൊപ്പിച്ച് വീഴുന്നതും നോക്കി പതുപതുപ്പുള്ള സീറ്റുകളിൽ നമ്മൾ മുട്ടിയുരുമ്മിയിരുന്നു. ഒരു പകൽക്കിനാവിൻറെ അതിരിൽ ചെങ്കൽക്കഷണംകൊണ്ടു കോറിയിട്ടതുപോലെ പലവുരു മാഞ്ഞും തെളിഞ്ഞുംപോയ ഒരു ചുവന്ന രേഖാചിത്രം ഇപ്പോഴെനിക്കോർക്കാൻ കഴിയുന്നുണ്ട്. ദേവി അന്ന് ഒരു ചുവന്ന സാരിയാണ് ഉടുത്തിരുന്നത്. നെറുകയിൽ സിന്ദൂരമുണ്ടായിരുന്നു. നെറ്റിയിൽ വലിയൊരു കുങ്കമപ്പൊട്ടുണ്ടായിരുന്നു. ദുർഗയോട് എന്താണ് പ്രാർത്ഥിക്കാൻ പോകുന്നതെന്നു ഞാൻ ചോദിച്ചപ്പോൾ നിങ്ങൾ ആദ്യം മറുപടി പറഞ്ഞില്ല. ഒടുവിൽ, അല്പമൊരു നാണത്തോടെ പറഞ്ഞു: 'ഒരു കരുത്തനായ, ആണത്തമുള്ള, മകനുവേണ്ടി പ്രാർത്ഥിക്കു' മെന്ന്. വിശേഷദിവസമായതുകൊണ്ട് അമ്പലത്തിൽ വലിയ തിരക്കായിരുന്നു. ഇരുണ്ട നിറമുള്ള നാടൻപെണ്ണുങ്ങളുടെ നടുവിൽ നിങ്ങളൊരു തീനാമ്പുപോലെ നിൽക്കുന്നതു ഞാൻ അസൂയയോടെ, അഭിമാനത്തോടെ നോക്കിനിന്നു. നടയ്ക്കൽ തൊഴാൻനിന്നവരുടെ കണ്ണുകളൊന്നും ദുർഗയുടെ വിഗ്രഹത്തിലായിരുന്നില്ല, നിങ്ങളുടെ മുഖത്തായിരുന്നു. ദീപാരാധന കഴിഞ്ഞ് പൂജാരി കർപ്പൂരത്തട്ടം നിങ്ങളുടെ മുമ്പിൽ കൊണ്ടുവന്നുപിടിച്ചപ്പോൾ, ആ ജ്വാലയിൽ കണ്ട സിന്ദൂരം പടർന്ന മുഖവും അഴിച്ചിട്ട നീണ്ട തലമുടിയും ചുവന്ന ചുണ്ടുകളും ചുവന്ന വസ്ത്രങ്ങളും-എനിക്കതു മറക്കാൻ കഴിയുന്നില്ല. ഒരുപക്ഷേ, ഞങ്ങളെല്ലാവരും തൊഴുതുകൊണ്ടുനിന്നതു നിങ്ങളെയായിരിക്കണം.'

ദേവി അപ്പോഴും അതേ നിഴൽപ്പാടിൽ നിൽക്കുകയായിരുന്നു. അവളുടെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടെന്ന് അയാൾക്കു തോന്നി. അവൾക്കെന്തെങ്കിലും പറയാൻ കഴിയുന്നതിനുമുമ്പ് അയാൾ വീണ്ടും പറഞ്ഞുതുടങ്ങി:

'നിങ്ങളും കുഞ്ഞിക്കുട്ടനും തമ്മിൽ ആദ്യമായി പിണങ്ങിയ ദിവസം എനിക്ക് ഇപ്പോഴും നല്ല ഓർമയുണ്ട്. നല്ല തണുപ്പുള്ള രാത്രിയായിരുന്നു. ഞാൻ എൻറെ മുറിയിൽ മൂടിപ്പുതച്ചിരുന്ന് ഏതോ പുസ്തകം വായിക്കുകയായിരുന്നു. തണുപ്പുള്ള കാലമായതുകൊണ്ട് കോളനിയിലെ എല്ലാ വീടുകളിലും നേരത്തേ വിളക്കണഞ്ഞിരുന്നു. ഓർക്കാപ്പുറത്തു നിങ്ങളുടെ വീട്ടിൽ നിന്ന് ഒരു പൊട്ടിത്തെറിപോലെ ഒച്ചയും ബഹളവും കേട്ടപ്പോൾ ആദ്യം ഞാനതു ശ്രദ്ധിച്ചില്ല. അന്നു ഞാൻ നിങ്ങളുമായി അത്രയ്ക്ക് അടുത്തിരുന്നില്ലല്ലോ. കുഞ്ഞിക്കുട്ടൻ എന്ന ചങ്ങാതിയുടെ സുന്ദരിയായ ഭാര്യ എന്ന കൗതുകത്തിൽ കവിഞ്ഞ് എനിക്കു നിങ്ങളിൽ യാതൊരു പ്രത്യേക താൽപര്യവുമുണ്ടായിരുന്നില്ല. വഴക്കു മൂത്തപ്പോഴും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള കലഹത്തിൽ നമ്മൾ എന്തിന് ഇടപെടുന്നു എന്നുകരുതി അതിൽ ശ്രദ്ധിക്കാതെ വായന തുടർന്നു. പിന്നീട് കുഞ്ഞിക്കുട്ടൻറെ ക്രൂരമായ ശകാരവാക്കുകൾ കുറെക്കൂടി വ്യക്തമായപ്പോൾ, നിങ്ങളുടെ തുടർച്ചയായുള്ള ഏങ്ങലടി കാതിൽ വന്നു വീണപ്പോൾ, എനിക്ക് ഇരിപ്പുറച്ചില്ല. മുറിപൂട്ടി ഞാൻ ഓടിച്ചെന്നു. അപ്പോൾ കണ്ട കാഴ്ച എന്നെ നടുക്കുന്നതായിരുന്നു. കുഞ്ഞിക്കുട്ടൻ നിങ്ങളുടെ മുടിക്കു ചുറ്റിപിടിച്ചു കിടപ്പുമുറിയിൽനിന്നു പുറത്തേക്കു വലിച്ചിഴയ്ക്കുകയായിരുന്നു. ഒരുപക്ഷേ, നിങ്ങളെ വീട്ടിനുവെളിയിലാക്കി

നിരത്തിലേക്കു തള്ളുകയായിരുന്നിരിക്കണം അയാളുടെ ഉദ്ദേശ്യം. അയാളുടെ മുഖം ഒരു പിശാചിൻറേതുപോലിരുന്നു. പ്രേതബാധയേറ്റപോലെ അയാൾ കലികൊണ്ടു വിറയ്ക്കുന്നുണ്ടായിരുന്നു. ഞാൻ ബലം പ്രയോഗിച്ച് ഒരുവിധത്തിൽ അയാളുടെ കൈ വിടുവിച്ച് നിങ്ങളെ അകറ്റിനിറുത്തി. അയാൾക്ക് എൻറെ പാതി കരുത്തില്ലായിരുന്നുവെങ്കിലും അയാൾ എൻറെ പിടിയിൽനിന്നു കുതറിച്ചാടാനായി പിടഞ്ഞുകൊണ്ടിരുന്നു. ഏറെ പണിപ്പെട്ടശേഷം തനിക്കതിനുള്ള കഴിവില്ലെന്നു മനസ്സിലായപ്പോൾ അയാളുടെ കലി കുറെ അമർന്നു. അയാളൊരു ഓടിത്തളർന്ന നായയെപ്പോലെ കിതച്ചുകൊണ്ടിരുന്നു. അരിശംപോകാതെ പല്ലിറുമ്മി മുരണ്ടുകൊണ്ടിരുന്നു. ഒരുവിധത്തിൽ ഞാൻ അയാളെ പിടിച്ചു കസേരയിൽ കൊണ്ടുചെന്നിരുത്തി: ‘കുഞ്ഞിക്കുട്ടാ, എന്തു കടുംകൈയാണീ കാണിക്കുന്നത്?’ ഞാൻ കയർത്തു: ‘അയൽപക്കത്തുകാരറിഞ്ഞാൽ എന്തു വിചാരിക്കും?’ അതിനു മറുപടിയായി അയാൾ അപ്പോഴും നിങ്ങളുടെ മുഖത്തേക്കുനോക്കിക്കൊണ്ട് ശകാരവാക്കുകൾ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു; കൈവിഷത്തെപ്പറ്റിയും പൂജയെപ്പറ്റിയുമൊക്കെ. അന്ന് അതിൻറെ അർത്ഥം എനിക്കു പിടികിട്ടിയില്ല. വളരെക്കഴിഞ്ഞു മുഴുവൻ ചരിത്രവും അറിഞ്ഞപ്പോൾ എനിക്കയാളെ ഏറക്കുറെ മനസ്സിലാക്കുവാൻ കഴിഞ്ഞു. എനിക്കയാളോട് സഹതാപം തോന്നി. എന്തായാലും അന്നു തക്ക സമയത്തു ഞാൻ ഇടപെട്ടില്ലായിരുന്നുവെങ്കിൽ അയാൾ നിങ്ങളെ ആ കൊടും തണുപ്പിലേക്ക് ഇറക്കിവിടുമായിരുന്നു. ഏറെക്കഴിഞ്ഞ് കലിയൊന്നമർന്നപ്പോൾ ചിലമ്പിയ ശബ്ദത്തിൽ കുഞ്ഞിക്കുട്ടൻ ചോദിച്ചു: ‘നിങ്ങൾ പോയശേഷം ഞാനിവളെ ഇറക്കിവിട്ടാലോ,’ എന്ന് ഞാൻ ഉടൻതന്നെ ഒട്ടും സംശയമില്ലാതെ മറുപടി കൊടുത്തു: ‘എങ്കിൽ ഞാനവരെ എൻറെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുമെന്ന്, ‘എനിക്കുമൊരു കൂട്ടായല്ലോ’ എന്ന്. അയാൾ അന്തംവിട്ടിരുന്നുപോയി. അങ്ങനെയൊന്ന് അയാൾ തീരെ പ്രതീക്ഷിച്ചിരുന്നില്ല. അയാളുടെ കൂർത്തകണ്ണുകൾ ആദ്യമായി കാണുന്നതുപോലെ, നിങ്ങളെ പലവുരു ഉഴിയുന്നതു ഞാൻ കണ്ടു. അയാളുടെ മുഖത്ത് അസൂയ പതയുകയായിരുന്നു. അയാൾ എന്നെയൊരു ശത്രുവായി, ജാരനായി കാണുകയായിരുന്നിരിക്കണം. എനിക്കു ക്രൂരമായ സംതൃപ്തി തോന്നി. ആ രാത്രിയിലെങ്കിലും അയാൾ നിങ്ങളെ ഇറക്കിവിടാൻ പോകുന്നില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു...’

‘ഈശ്വരാ...’ ദേവി മന്ത്രിക്കുന്നത് അയാൾ കേട്ടു.

“ദേവീ...” അയാളുടെ ശബ്ദം ആർദ്രമായിരുന്നു:

‘എനിക്ക് ഒരപേക്ഷയുണ്ട്. ദേവി എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ പോട്ടെ, എന്നെ തെറ്റിദ്ധരിക്കരുത്. എനിക്കുയാതൊരു ദുരുദ്ദേശ്യവുമില്ലെന്ന് ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞു. എന്നെ ഭ്രാന്തുപിടിപ്പിക്കേണ്ട എത്രയോ നിമിഷങ്ങളിൽ നിങ്ങൾ പോരിൽ തോറ്റ് ആകെ തളർന്ന് അവശയായി, അഭയംതേടി എൻറെ മുറിയിൽ വന്നിട്ടുണ്ട്! ഒരിക്കൽപ്പോലും അതിരുവിട്ട് ഞാൻ നിങ്ങളുടെ അടുത്ത് പെരുമാറിയിട്ടില്ല. അത്തരം നിമിഷങ്ങളിൽ ഒരു ചെറുപ്പക്കാരൻ കാണിക്കാവുന്ന

ചാപല്യങ്ങളൊന്നും ഞാൻ കാട്ടിയില്ല. ഒരു പക്ഷേ, ഞാനൊരു അരസികനായ ചെറുപ്പക്കാരനാണെന്നുവരെ നിങ്ങൾക്കു തോന്നിയിരിക്കണം. പുരാണങ്ങളിൽ പറയുന്ന പാതിവ്രത്യത്തിൻറെ വിശുദ്ധി തുടങ്ങിയ സങ്കല്പങ്ങളൊന്നുമല്ല എന്നെ തടുത്തുനിറുത്തിയത്. നിങ്ങളെ അശുദ്ധമാക്കുന്നതിനെക്കുറിച്ച് എനിക്കോർക്കാൻ വയ്യായിരുന്നു. എനിക്കു നിങ്ങളെ വെറുതെ വെറുതെ ഇഷ്ടമായിരുന്നു.'

മൂലയിലെ നിഴൽ പതുക്കെ അനങ്ങി. അയാളെ അമ്പരപ്പിച്ചുകൊണ്ട് ദേവി പൊട്ടിത്തെറിച്ചു:

'എങ്കിൽ... എങ്കിൽ നിങ്ങളെന്തിന് ഇത്ര വൈകി? പാണ്ഡവപുരത്തു നിന്ന് ഒരു പിഞ്ചുകുഞ്ഞുമായിട്ട് ഞാൻ മടങ്ങിപ്പോന്നിട്ട് എത്രയോ വർഷങ്ങളായി. ഒരിക്കൽപ്പോലും നിങ്ങളെന്നെ തേടിവന്നില്ല. വിവരം അന്വേഷിച്ചു കൊണ്ട് ഒരു കത്തുപോലും അയച്ചില്ല. ഇഷ്ടമാണത്രെ! ആരുമില്ലാത്ത ഞാൻ പട്ടിണികിടന്നു മരിച്ചോ എന്നെങ്കിലും നിങ്ങൾക്കു തിരക്കാമായിരുന്നില്ലേ...? എത്രനാൾ ഞാൻ നിങ്ങളെ കാത്തിരുന്നു! ഓരോ ദിവസവും നിങ്ങളുടെ കത്തിനുവേണ്ടി ഞാൻ കാത്തിരുന്നു. ഓരോ വണ്ടിയും വരുന്നതുകാത്ത് നിത്യവും വൈകുന്നേരം റെയിൽവേ സ്റ്റേഷനിൽ കാവൽകിടന്നു. ഇഷ്ടമാണത്രെ...'

അവൾ ജനാലയിലൂടെ കാർക്കിച്ചുതുപ്പുന്നതു കേട്ടപ്പോൾ അയാൾ നടുങ്ങിപ്പോയി.

അവൾ പറഞ്ഞത്...

അയാൾ അന്തം വിട്ടിരിക്കുകയായിരുന്നു.

കാത്തിരുന്നെന്നോ? ആരെ? എന്തിന്?

പാണ്ഡവപുരത്തുനിന്ന് പിഞ്ചുകുഞ്ഞുമായി തിരിച്ചുപോന്നെന്നോ? എന്ന്? എന്ന്?

ദേവി ഞാൻ കൊടുത്ത അതേ നാണയത്തിൽ തിരിച്ചടിക്കുകയാണോ? എന്നെ കളിപ്പിക്കാൻ നോക്കുകയാണോ?

ഉമിനീരിറക്കാൻ പണിപ്പെടുമ്പോൾ കതകു ചേർത്തടച്ച് ദേവി ഇറങ്ങിപ്പോകുന്നത് അയാൾ കണ്ടു.

ഓർക്കുന്തോറും രഹസ്യങ്ങളുടെ വലക്കണ്ണികൾ കൊരുത്തുകൂടുന്നതായി അയാൾക്കു തോന്നി. ആ തൊടിയും നടുവിലുള്ള കൊച്ചുവീടും അതിനകത്തുള്ള മനുഷ്യരുമെല്ലാം രഹസ്യങ്ങളുടെ ചതുപ്പിലേക്കു മുങ്ങിപ്പോകുകയാണ്. പാണ്ഡവപുരത്തെപ്പോലെതന്നെ ഒരേസമയം യഥാർത്ഥവും അയഥാർത്ഥവുമാകുകയാണോ ഇവിടം. ഏതാണ് ഉണ്മ. ഏതാണ് പൊയ്യ്?

അതു മനസ്സിലാക്കാനാവാതെ അയാൾ കുഴങ്ങി.

ഒൻപത്

ഉവ്വ്. എനിക്കിപ്പോൾ എല്ലാം വിശ്വസിക്കാൻ കഴിയും. സങ്കല്പത്തിനും സത്യത്തിനുമിടയ്ക്കുള്ള നേർത്ത ജലരേഖകൾ എന്നേ മാഞ്ഞുകഴിഞ്ഞു! എല്ലാം സത്യമാണ്. അയാളുടെ തളർന്ന മുഖവും അതിനു ജന്മംകൊടുത്ത പാണ്ഡവപുരം

എന്ന നേരിൽക്കാണാത്ത വിചിത്രലോകവും അവിടത്തെ ദേവീക്ഷേത്രവും എല്ലാമെല്ലാം സത്യമാണ്.

ദാ, ആ മുറിയിൽ അയാളുണ്ട്. കട്ടിലിൽ ചാരിക്കിടന്നു സ്വപ്നം കാണുകയായിരിക്കും. ഇന്നലെ രാത്രി അയാൾക്കൊരു പുതിയ മുഖം കൊടുക്കാൻ എനിക്കു കഴിഞ്ഞു. അതിലെനിക്കു തൃപ്തിയുണ്ട്. ഒട്ടും കരുതാത്ത ഒരു നിമിഷത്തിൽ, കുഞ്ഞിക്കുട്ടേട്ടനോടുള്ള വെറുപ്പും പകയുമെല്ലാം പുകഞ്ഞു പൊങ്ങിയപ്പോൾ, എന്തോ എനിക്ക് അങ്ങനെ പറയാനാണ് തോന്നിയത്.

ഇപ്പോൾ എൻറെ ചിന്തകൾ മറ്റൊരു വഴിയിലൂടെ തിരിഞ്ഞുപോകുകയാണ്.

ഞാൻ അയാളെ ആവാഹിച്ചുവരുത്തിയതുതന്നെ ഇത്തരമൊരു ഏറ്റുമുട്ടലിനുവേണ്ടിയല്ലേ? അയാളുടെ, കുഞ്ഞിക്കുട്ടേട്ടൻറെ, പുരുഷൻറെ പത്തി എൻറെ കാൽക്കീഴിലമർത്തി ചവിട്ടിഞെരിക്കാൻ ഞാൻ കൊതിച്ചിട്ടില്ലേ? അതിന് എനിക്ക് കരുത്തു തരൂ, ദേവീ!

ഇരുണ്ട് പകൽ പുഴയിലേക്കലിയുകയായിരുന്നു.

വെള്ളമണലിൽ വിരലോടിച്ചുകൊണ്ട് അയാളിരുന്നു. ഇപ്പോൾ, ഇന്നലെ രാത്രിക്കുശേഷം, പാണ്ഡവപുരം അമ്പരപ്പിക്കുന്ന ഒരു യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. ദേവാലയത്തിലെ പ്രാർത്ഥനാമുറിയിലെ ഏഴു നിറങ്ങളിലുള്ള കണ്ണാടിക്കഷണങ്ങൾ പതിച്ച ശരറാന്തൽ വീണ്ടും വീണുടഞ്ഞു. ആദ്യം കണ്ടത് ചുവന്ന തറയോടുകൾ പാകിയ, മഞ്ഞച്ചായമടിച്ച തകരത്തിൻറെ മേൽക്കൂരകളുള്ള കുറെ കൊച്ചുകൊച്ചു വീടുകളാണ്. പിന്നെ പിറകിലായി അച്ചിൽ വാർത്തിട്ട മഞ്ഞനിറമുള്ള കെട്ടിടങ്ങളും. കോളനിക്കാകെ ഒരു അഴുക്കുപുരണ്ട മഞ്ഞ നിറമായിരുന്നു. ഫാക്ടറിയുടെ നീണ്ട പുകക്കുഴൽതുപ്പുന്ന വിഷവാതകം ശ്വസിച്ചു പഴുത്ത മുഖമുള്ള മനുഷ്യർ. ഫാക്ടറിയെ കോളനിയുമായി ബന്ധിക്കുന്ന കറുത്ത നിരത്തിൻറെ വക്കത്തു മഞ്ഞവെളിച്ചം തുപ്പുന്ന വിളക്കുകാലുകൾ. കോളനിക്കു മുകളിൽ വൃത്തികെട്ട മഞ്ഞപ്പുക ഒരു മേഘപടലംപോലെ തൂങ്ങിനിന്നിരുന്നു. പലപ്പോഴും ഓർക്കാപ്പുറത്ത്, അതിൻറെ വടിവു മാറിക്കൊണ്ടിരുന്നു. അത് മുക്കുവൻറെ ഭൂതമായി, സർവസംഹാരിയായ ദുർഗയായി, ശാന്തസ്വരൂപിണിയായ അമ്മയായി...

മൈതാനത്തിനപ്പുറം അഭയാർത്ഥികളുടെ താവളങ്ങൾക്കും വടക്കൻകുന്നുകൾക്കുമിടയിലുള്ള കൊച്ചുതടാകത്തിൽ മീനുകൾ വെട്ടിപ്പുളയുന്നതും നോക്കി, കരയിൽ വെള്ളക്കൊക്കുകൾ ഒറ്റക്കാലിൽ തപസ്സുചെയ്യാറുണ്ടായിരുന്നു...

പാണ്ഡവപുരം അമ്പരപ്പിക്കുന്ന ഒരു യാഥാർത്ഥ്യമായിത്തീരുകയാണ്.

ഇപ്പോൾ ആ അമ്പരപ്പുപോലും അലിഞ്ഞുപോയിരിക്കുന്നു. കുന്നിൻ ചരിവിലെ കുറ്റിക്കാടുകളിൽ ഇരുണ്ട പുഴയിൽ, നിത്യവും അലിഞ്ഞുചേരുന്ന പകൽപോലെ, എൻറെ ഈ ശപിക്കപ്പെട്ട ഏകാന്തതപോലെ, താളം, കൊട്ടിക്കൊണ്ടു സ്റ്റേഷൻ

വിട്ടുപോകുന്ന അവസാനത്തെ കറുത്ത ചതുരംപോലെ, എല്ലാം എല്ലാം സത്യമാകുകയാണ്.

ശരറാന്തലും ഓറഞ്ചുതോട്ടങ്ങളും പുൽമൈതാനവും വെള്ളക്കൊക്കുകളും കിഴവൻ കുതിരവണ്ടിക്കാരനും എല്ലാമെല്ലാം...

എന്നിട്ടും മനസ്സ് വിങ്ങുന്നു. നീ തന്നെ ഓർമകളെ അടുക്കിപ്പെറുക്കി വെച്ച് അജ്ഞാതമായ പലതരം രൂപങ്ങൾ മെനഞ്ഞുണ്ടാക്കാൻ തുനിയുമ്പോൾ ഞാൻ എന്തൊരു വങ്കനാണെന്നു വീണ്ടും വീണ്ടും തോന്നിപ്പോകുന്നു. ആദ്യം വിചിത്രമായൊരു കൗതുകമായി തുടങ്ങി പിന്നെ എങ്ങനെയോ പടർന്നുകയറി മുറിച്ചുകളയാനാവാത്ത അടുപ്പമായി. സ്നേഹത്തിൻറേതായ മടുപ്പിക്കുന്ന വാക്കുകൾ ഒരിക്കലും കൈമാറിയില്ല. പക്ഷേ, ഊഷ്മളമായ അടുപ്പത്തിൻറെ കെട്ടുകൾ വരിഞ്ഞുമുറുക്കിയിരുന്നു. അതുണർത്തിയ അറിവ് സ്നേഹമാണെന്നറിഞ്ഞു. നീ തനിച്ചാവുന്ന അപൂർവം ചില നിമിഷങ്ങളിൽ നിൻറെ അരികിൽ ഓടിയെത്തിനിൻറെ മടുപ്പിക്കുന്ന ഏകാന്തതയെ പങ്കിട്ട അങ്ങനെ അറിയാത്ത ഏതോ ചില പൊരുളുകൾ തിരഞ്ഞുപോകാൻ എന്നെ പ്രേരിപ്പിച്ചത് ഏതു ശക്തിയാണെന്നറിയില്ല. പക്ഷേ, അതു വാക്കുകൾക്കും ശബ്ദങ്ങൾക്കും ഗന്ധങ്ങൾക്കും മുകളിലായി ഏതോ വലിയൊരറിവായിരുന്നു. അതിനെ സ്നേഹമെന്നു വിളിക്കാൻ എനിക്കു ഭയമാകുന്നു. ഒരു ജാരന് സ്നേഹം ഒരാവശ്യമല്ല. അനാവശ്യമായ ഒരു ആർഭാടമാണ്. പക്ഷേ, ഒന്നു വിശ്വസിക്കു. നീയുമായി അടുത്ത നിമിഷംതന്നെ ഞാനെൻറെ ജാരൻറെ മുഖാവരണം വലിച്ചെറിഞ്ഞുകഴിഞ്ഞിരുന്നു. എൻറെ അസ്വസ്ഥമായ രാത്രികൾ നീണ്ടുപോയപ്പോൾ, അടുക്കാനും അകലാനും വയ്യാതെ കുടുങ്ങിയപ്പോൾ, പറിച്ചുമാറ്റാനാവാതെ നീ എൻറെ സ്വപ്നങ്ങളിൽ പറ്റിപ്പിടിച്ചുനിന്നു. നിൻറെ തിണർപ്പുകളിൽ ചുംബിച്ചു നിൻറെ നീണ്ട മുടിയിലൂടെ വിരലോടിച്ചു നിൻറെ നനഞ്ഞ ചുണ്ടുകളിൽ മുഖം അമർത്തി ഞാൻ എവിടെയോ അഭയംതേടുകയായിരുന്നു. അതെ, അന്നൊക്കെ എൻറെ ഉള്ളിൽ നീ മാത്രമേ ഉണ്ടായിരുന്നുള്ളു ഒരു ജാരനാകാനുള്ള നിയോഗവുംപേറി പിറന്നുവീണ എനിക്ക് അങ്ങനെയൊക്കെ സ്വപ്നം കാണാനുള്ള അർഹതയില്ലെന്നു തളർന്ന ബുദ്ധി ഉപദേശിക്കാൻ തുടങ്ങിയപ്പോൾ ആകാവുന്നത്ര കരുത്തുമാടിയൊതുക്കി ഒരു ജാരൻറെ സ്വാർത്ഥതയുടെ കറ വീണ അടുപ്പം മാത്രമാണ് അതെന്ന് ആണയിട്ടുറപ്പിക്കാൻ ഞാൻ തുനിഞ്ഞു. ഇന്നലെ നിൻറെ മുഖത്തു കണ്ട ആ വിചിത്രഭാവം ഇഴപിരിച്ചെടുക്കാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ നിങ്ങളെ വെറുക്കുന്നു. കടന്നുപോകു എൻറെ ജീവിതത്തിൽനിന്ന് എന്നു നീ കാറിത്തുപ്പിക്കൊണ്ടു പറഞ്ഞിരുന്നുവെങ്കിൽ, വന്നതുപോലെ രാപകലുകൾ താളത്തിലിയിക്കുന്ന വണ്ടിയിൽ കയറി ഞാൻ തിരിച്ചുപോകുമായിരുന്നു. കരുതിക്കൂട്ടിയായിരിക്കണം, നീ അങ്ങനെയൊന്നും പറഞ്ഞില്ല. നിൻറെ മുഖത്തുകണ്ട ആ വരണ്ട ചിരി എന്നെ അമ്പരപ്പിച്ചു. അതിൽ എനിക്കറിയാത്ത എന്തൊക്കെയോ മറഞ്ഞുകിടന്നിരുന്നു. അതു ഞാൻ ആരാധിച്ചിരുന്ന ദേവിയുടെ ചിരി അല്ലായിരുന്നു. നീ ഏതോ ചില കറുത്ത ശക്തികളുടെ പിടിയിലമർന്നിരിക്കുന്നുവെന്ന് എനിക്കു

തോന്നിപ്പോയി. നിൻറെ ആകർഷണശക്തിക്ക് എനിക്കു മനസ്സിലാക്കാനാവാത്ത മറ്റേതോ നിറം വീണിരുന്നു. ദേവി എന്നെ കാത്തിരിക്കുകയായിരുന്നുവെന്ന് പറഞ്ഞത് വലിയൊരു നുണയാണ്. അങ്ങനെയൊക്കെ എന്നെ പറഞ്ഞു വിശ്വസിപ്പിക്കാമെന്ന് നീ കരുതുന്നുവോ?

സ്വപ്നം കാണാനുള്ള കഴിവുണ്ടാകുക ഏറ്റവും വലിയ ശാപമാണ്.

ഞാനിവിടെ അനാഥനാകുകയാണ്. മഞ്ഞിൻപടലങ്ങളിൽ അലിഞ്ഞു പോകുന്ന മുഖങ്ങളും കാറ്റുവീണുമായുന്ന കാൽപ്പാടുകളും. മഞ്ഞത്തോടു പൊട്ടിത്തെറിക്കുന്ന കറുത്ത കുരുക്കൾപോലെ, ആശിനത്തിൽ തെളിയുന്ന പൂത്തിട്ടുകളിൽ ഒന്നു ചിരിച്ചു വാടിപ്പോകുന്ന മഞ്ഞപ്പൂക്കൾപോലെ, പൊടിക്കാറ്റിൽ മരക്കൊമ്പുകളിൽനിന്ന് ഒരു കരച്ചിലോടെ തെറിച്ചുവീണു പോകുന്ന പക്ഷികളെപ്പോലെ...

എനിക്ക് ഇതൊന്നും ഉള്ളിലൊതുക്കാനുള്ള കരുത്തില്ല.

പാണ്ഡവപുരം എന്നെ മാടിവിളിക്കുകയാണ്. എൻറെ അഭയസ്ഥാനം അവിടെയാണ്. എപ്പോഴും ഞാൻ അവിടെത്തന്നെ തിരിച്ചെത്തുന്നു. വിചിത്രമായ ബന്ധങ്ങളുടെ ഇഴകളിൽപിടിച്ച് ഞാൻ ഇവിടെ വരാൻപാടില്ലായിരുന്നു. ഞാനിവിടെ ആരുമല്ല. എന്നെ തിരിച്ചറിഞ്ഞുവെന്ന് ഭാവിക്കുന്നവരുടെ മുഖത്തുകൂടി അപരിചിതത്വത്തിൻറെ മറയുണ്ട്. ബന്ധങ്ങളിൽ വേരുറപ്പിക്കാൻ നോക്കുന്നത് അബദ്ധമാണെന്ന് എനിക്കിപ്പോൾ മനസ്സിലാകുന്നു. അടുക്കരുത്, ആരുമായും അടുക്കരുത്. ആർക്ക് ആരോടാണ് സ്ഥായിയായ ബന്ധമുള്ളത്? തരത്തിന് എടുത്തണിയുന്ന മുഖംമൂടികൾ.

പാണ്ഡവപുരം, എൻറെ പ്രിയപ്പെട്ട പാണ്ഡവപുരം.

പാണ്ഡവപുരം ഒരാശ്വാസമാണ്. അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരത്തെ ദേവാലയത്തിലെ കണ്ണാടിക്കഷണങ്ങൾ പതിച്ച ശരറാന്തൽ വീണുടയുന്നു. നിറക്കൊഴുപ്പുള്ള കുപ്പിച്ചില്ലുകൾ ചിതറിത്തെറിക്കുന്നു. മറവിയിലൂടെയല്ല, ഓർമകളിലൂടെയാണ് പാണ്ഡവപുരം ആശ്വാസം തരുന്നത്. അവിടെ മറവിയില്ല. വേദനയിലൂടെ ആശ്വാസം തരുന്ന ഓർമകൾ മാത്രമേയുള്ളൂ.

ഒരിക്കൽ പതിനാറു വയസ്സുള്ള ഒരു പെൺകുട്ടിയെ കണ്ടുമുട്ടി. മുഖക്കുരുക്കൾ കുമ്പിനിൽക്കുന്ന കൊച്ചുമുഖം. അവൾ അഭയാർത്ഥിക്കോളനിയിലാണ് താമസിച്ചിരുന്നത്. മടിക്കുത്തിൽ ഞാവൽപ്പഴങ്ങളുമായി ഒരു നട്ടുച്ചയ്ക്ക് എന്നെ കാണാൻ വന്നു. പാണ്ഡവപുരത്തെ സൂര്യൻ കത്തിയൊലിക്കുകയായിരുന്നു. വെയിലിൽ, കരിവാളിച്ച മുഖത്ത് വിയർപ്പുതുള്ളികൾ ഉരുണ്ടുകൂടിനിന്നിരുന്നു. വിയർപ്പിൻറെ നാറ്റമുള്ള നീണ്ട ഉടുപ്പ്. രണ്ടായിപകുത്തിട്ട, ചെമ്പിച്ചു. ജടപിടിച്ച മുടി. അവൾ കുളിച്ചിട്ടു മാസങ്ങൾതന്നെയായിരിക്കണം. ‘ബാബുജീ, എനിക്കൊരു ജോലി തരൂ.’ അവൾ കെഞ്ചി. ‘ദാ,’, ഇവിടെയാണ് അമ്മ ഇന്നലെ ചൂടുവെച്ചത്.’’ അവൾ ഉടുപ്പിൻറെ അറ്റം പൊക്കി ചുവന്ന തുടയിലെ കരിവാളിച്ചപാടു കാട്ടിത്തന്നു.

‘ഇന്നേദിവസം പച്ചവെള്ളമല്ലാതെ ഒന്നും കഴിച്ചിട്ടില്ല. ഇന്നലെയാണെങ്കിൽ ഒരു റൊട്ടിക്കഷണമെങ്കിലും കിട്ടി...”

മുറിക്കുള്ളിൽ ചൂട്ട കനക്കുകയായിരുന്നു. സിമൻറുചുവരുകൾ ചൂട്ട ുപ്പിക്കൊണ്ടിരുന്നു. രാമച്ചമിട്ട മൺകലത്തിൽനിന്ന് അവൾ രണ്ടുമൂന്ന് ഗ്ലാസ് വെള്ളം ആർത്തിയോടെ കുടിച്ചു. ‘നിനക്ക് എന്തു ജോലിയറിയാം?’ ‘എന്തും ചെയ്യാം ബാബുജീ.’ ‘എന്തും?’ അവൾ മുഖം കുനിച്ച തലയാട്ടി. ഒരു സോപ്പുകട്ടയെടുത്ത് കൊടുത്തിട്ട പറഞ്ഞു: ‘കുളിച്ചിട്ട് വാ.’ അവൾ കുളികഴിഞ്ഞുവന്നിട്ട് ഉടുത്തത് എൻറെ കൈലിയായിരുന്നു... നിത്യവും മടിക്കുത്തിൽ ഞാവൽപ്പഴങ്ങളുമായി അവൾ വന്നു. മുറി അടിച്ചുവാരി വൃത്തിയാക്കി. പാത്രങ്ങൾ കഴുകി വെടിപ്പാക്കി. നന്നേ രാവിലെ കൽക്കരിയടുപ്പ് കത്തിച്ച ചായയുണ്ടാക്കിത്തന്നു. രണ്ടു നേരം ആഹാരം കിട്ടിയപ്പോൾ അവളുടെ കവിളുകൾ ചുവന്നു. ഉടുപ്പിനു താഴെമഞ്ഞച്ച അടിവയറിനു കനംവെച്ചു. അവളുടെ മുടിക്ക് കടുകെണ്ണയുടെ ഗന്ധം വീണു. ശ്വാസത്തിനു വെള്ളുള്ളി യുടെ ഗന്ധവും.

അവളുടെ കരച്ചിൽ മുറിവേറ്റ പക്ഷിക്കുഞ്ഞിൻറേതുപോലെയായിരുന്നു. അവളുടെ കരച്ചിൽ ഇതാ ഇപ്പോഴും തലയ്ക്കു മുകളിൽ തൂങ്ങിനിൽക്കുന്നു.

അവളുടെ മാത്രമല്ല, പാണ്ഡവപുരത്തെ അനേകം പെൺകുട്ടികളുടെ ശാപം.

കുന്നിൻമുകളിൽ ധ്യാനത്തിലമർന്നിരിക്കുന്ന ദുർഗയുടെ ശാപം.

അവയെല്ലാം ചേർന്ന് ഇപ്പോൾ എന്നെ കീഴടക്കുകയാണ്, ദേവിയിലൂടെ... അയാൾ രണ്ടു കൈകൊണ്ടും മണലിൽ ചെറിയൊരു കുഴിയുണ്ടാക്കി. മുട്ടുകാലിൽനിന്ന്, കൊടുംകൈ കുത്തി ഒട്ടകപ്പക്ഷിയെപ്പോലെ ആ കുഴിയിലേക്കു തലപൂഴ്ത്തി. നനവുള്ള അടിമണലിൻറെ നനുത്ത സ്പർശം. മുകളിലൂടെ ഇളം കുളിരുള്ള ഒരു കാറ്റു കടന്നുപോകുന്നു.

ഏറെനേരം അങ്ങനെ നിന്നു. അയാൾക്കുചുറ്റും പകൽ ഇരുണ്ടു. പുഴ ഇരുണ്ടു. അജ്ഞാതമായ ഏതോ വിഷാദത്തിൻറെ നേർത്ത ഈണവുമായി രാത്രി അരിച്ചുവന്നു.

കത്തിച്ചുനിറുത്തിയ തിരികളുടെ പ്രകാശം ദേവാലയത്തിലെ പ്രാർത്ഥനാമുറിയിൽ ഏഴു നിറങ്ങളായി വിരിഞ്ഞു. ഉയർന്ന തറയിൽ, ഒരു കറുത്ത പീഠത്തിൽ, നീട്ടിയ കൈകളുമായിനിന്ന കറുത്ത ഉടുപ്പിട്ട പുരോഹിതൻറെ മുഖം ശാന്തമായിരുന്നു. അയാൾക്കു മുകളിൽ ഒരുകെട്ടു കയറു തൂങ്ങിക്കിടന്നിരുന്നു. പശ്ചാത്തലത്തിൽ, പിറകിലെ ചുവരിൽ തൂക്കിയിട്ട കറുപ്പുവേഷമണിഞ്ഞു, കൊമ്പൻമീശക്കാരനായ പ്രവാചകൻറെ എണ്ണച്ചായാച്ചിത്രത്തിൽ വെളിച്ചവും നിഴലും മാറിമാറി വീണുകൊണ്ടിരുന്നു. പിൻമുറിയിൽനിന്നു ഗായകസംഘം പതിഞ്ഞ ശബ്ദത്തിൽ കറുത്ത പ്രവാചകൻറെ ശാന്തിഗീതം പാടിക്കൊണ്ടിരുന്നു. അവരുടെ താഴ്ന്ന ഈണത്തിനു മുകളിൽ, അലിയാതെ, പുരോഹിതൻറെ ചിലമ്പിയ ശബ്ദം ചിതറിവീണുകൊണ്ടിരുന്നു. അയാൾ ഭൂമിയിൽ സമാധാനം വിതയ്ക്കുന്നവരുടെ സ്തുതിഗീതം പാടുകയായിരുന്നു. ഭൂമിയിൽ സമാധാനം തേടുന്നവർ ഇതാ എൻറെ ഈ

കറുത്ത കൈകളിലേക്ക്, എൻറെ ശാശ്വതമായ ഇരുട്ടിലേക്ക്, വരിക അയാൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. പുറത്ത്, വരാന്തയിലെവിടെയോ അക്ഷമനായ പോത്ത് ഉറക്കെ ചുര മാന്തിക്കൊണ്ട് അമറിക്കൊണ്ടിരുന്നു.

കറുത്ത നിലത്തു മുട്ടുകുത്തിയിഴഞ്ഞുകൊണ്ട് അയാൾ പുരോഹിതൻറെ മുമ്പിലെത്തി. മുഖമുയർത്തി അയാളുടെ എല്ലാം ഒതുക്കുന്ന കണ്ണുകളിലേക്ക് ആശയോടെ ഉറ്റുനോക്കി. ഏതോ കനത്ത് കൈപ്പത്തിതൻറെ നെറുകയിൽ പതിഞ്ഞതായി അയാൾക്കു തോന്നി. അതിൻറെ തണുത്ത സ്പർശം മഞ്ഞുകട്ടകളായി അയാളുടെ ഞരമ്പുകളിലൂടെ ഒഴുകി. ഒന്നു വിറച്ച്, അയാളുടെ ശരീരം മരവിക്കാൻതുടങ്ങി. മൂർദ്ധാവിൽനിന്നു വിരൽത്തുമ്പുകളിലേക്കു തണുപ്പു പടർന്നുകയറി. അപൂർവമായ തണുപ്പിൽ അയാളുടെ ഞരമ്പുകൾ അയഞ്ഞ്, ചുരുങ്ങി. ഉള്ളിലെവിടെയോ ചോര ഉറഞ്ഞുകട്ടപിടിക്കുന്നത് അയാൾ അറിഞ്ഞു.

പിൻമുറിയിൽ ഗായകസംഘം അപ്പോഴും പ്രവാചകൻറെ ശാന്തിഗീതം പാടിക്കൊണ്ടിരുന്നു.

ഭൂമിയിൽ സമാധാനം തേടുന്നവർ എൻറെ ഈ കറുത്ത കൈകളിലേക്ക്, എൻറെ ശാശ്വതമായ ഇരുട്ടിലേക്ക്, വരിക പുരോഹിതൻ ആവർത്തിച്ചുകൊണ്ടിരുന്നു.

പുറത്ത്, പോത്ത് അക്ഷമയോടെ അമറിക്കൊണ്ടിരുന്നു.

അയാൾ കേണു:

സമാധാനത്തിൻറെ പ്രവാചകാ! ഈ അറിവ്, സ്വപ്നം കാണാനുള്ള കഴിവ്, എന്നിൽനിന്ന് എടുത്തുമാറ്റുക.

പിന്നെ എപ്പോഴോ അയാൾ എഴുന്നേറ്റു.

ഇരുട്ടിക്കഴിഞ്ഞിരുന്നു. ഒരു മഴ പെയ്തൊട്ടുങ്ങിയിരുന്നു.

മുടിയിൽ പറ്റിപ്പിടിച്ച മണൽത്തരികൾ തട്ടിക്കളഞ്ഞുകൊണ്ട് തിടുക്കം പിടിച്ചു നടക്കുമ്പോൾ അയാൾ പിറുപിറുത്തു.

എൻറെ പാണ്ഡവപുരം, എൻറെ പ്രിയപ്പെട്ട പാണ്ഡവപുരം.

പാണ്ഡവപുരം ആശ്വാസമാണ്, ആശ്വാസം മാത്രമാണ്. അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരം രൂപംകൊള്ളുന്നു.

പത്ത്

എന്തോ, ഇപ്പോൾ അയാളോട്ടു വെറുപ്പുപോലും തോന്നുന്നില്ലല്ലോ, ദേവിഓർത്തു. ഓർക്കാപ്പുറത്തു കിട്ടിയ തിരിച്ചടിയിൽ മലർന്നടിച്ചു വീണതുപോലെ, കാൽക്കീഴിൽ ഒരു പിടച്ചിൽ, അല്പം കനിവിനുവേണ്ടി കെഞ്ചുന്ന ഭാവം മുഖത്ത്. ഏതാനും നിമിഷങ്ങളിൽ ഒരു ജന്മത്തിൻറെ, പൊരിച്ചിൽ മുഴുവൻ ഉള്ളിലൂടെ കടന്നുപോയിരിക്കണം. ആ മുഖത്തെ തോൽവിയും കീഴടങ്ങലും കണ്ടപ്പോൾ എന്തിനോ പൊങ്ങിയ കാല്പത്തി താനേ നീങ്ങിപ്പോയി.

ഇതൊരു നിയോഗമാണ്.

അയാളിൽ ജീവൻറെ കണിക ആദ്യമായി തുടിച്ച നിമിഷത്തിൽത്തന്നെ ഈ വിധി എവിടെയോ കുറിച്ചിട്ടുകാണണം.

ഒന്നിലും എങ്ങും വേരുറയ്ക്കാതെ ആസക്തിയുടെ വീശുവലകളുമായുള്ള അലച്ചിൽ, പുതുമഴയിൽ പൊങ്ങുന്നു. തീനാളങ്ങൾക്കു ചുറ്റും വട്ടമിട്ടുപറക്കുന്ന ഈയാംപാറ്റകളുടെ ജീവിതം. ഒരു നിമിഷത്തിൽ ജനിച്ച്, ജീവിച്ച്, അതേ നിമിഷത്തിൽ ഒടുങ്ങൽ.

അത് ജാരവംശത്തിൻറെ ശാപമായിരിക്കാം.

സ്നേഹം അവർക്ക് ഒരാവശ്യമല്ല. ഒരാർഭാടം മാത്രം.

ഉള്ളുറപ്പിച്ച്, ചുറ്റുമുള്ള ലോകത്തെ മറന്ന്, ഭ്രാന്തുപിടിച്ച്, ഒരു പിശാചിനെപ്പോലെ അള്ളിപ്പിടിച്ച് സ്നേഹിക്കാൻ അവർക്കാകുന്നില്ലല്ലോ. സ്നേഹം എപ്പോഴും അങ്ങനെയാണ്. തിരികെക്കിട്ടുമെന്ന മോഹമില്ലാതെ, ഒരേ വഴിയിലൂടെ നീങ്ങുന്ന, ഒരാളുടെ കിനാവുകളിൽമാത്രം ഒതുങ്ങുന്നു...

തിരികെക്കിട്ടുന്ന സ്നേഹം വെറുമൊരു സാധാരണ കൊടുക്കലും വാങ്ങലുമായിത്തീരുന്നു. തള്ളിക്കളയലിലൂടെ ഇഴകൾ അടുക്കുന്നു. പിരിമുറുകുന്നു. മോഹങ്ങൾ പെരുകുന്നു.

എനിക്കിപ്പോൾ അയാളോട് ഒരുതരം അലിവുപോലും തോന്നിപ്പോകുന്നു.

പണ്ടുകേട്ട കഥയാണ്. നാടൻപാട്ടുകളായി, മോഹിപ്പിക്കുന്ന ഈണമായി, പാണ്ഡവപുരത്തെ ഇളംകാറ്റിൽ ഒഴുകിനടന്ന ഒരു പഴയ കഥ.

നേരാവാം, തെറ്റാവാം.

പാണ്ഡവപുരത്തെ ചുറ്റിപ്പറ്റിയുള്ള ഒരുപാടു കഥകളെപ്പോലെ ഇവിടെയും ഉണ്മയും പൊയ്യും തമ്മിലുള്ള അതിർവരമ്പു നേർത്തുപോകുന്നു. പണ്ട്, സായിപ്പന്മാരുടെ കുപ്പിണി പാണ്ഡവപുരത്ത് വന്നിറങ്ങുന്നതിനുമുമ്പ്, ഫാക്ടറികൾ

മുളയ്ക്കുന്നതിനുമുമ്പ്, നിരത്തുവക്കത്ത് ഒരു കൊല്ലൻറെ ആലയുണ്ടായിരുന്നു. പരദേശത്തുനിന്നു വന്നുചേക്കേറിയവനായിരുന്നു കൊല്ലൻ. അതുകൊണ്ട് അയാൾക്ക് ഗോതമ്പിൻറെ നിറവും വെള്ളാരങ്കണ്ണുകളുമുണ്ടായിരുന്നു. ലേശം ചെമ്പിച്ച മുടിയായിരുന്നു അയാൾക്ക്. അയാൾ ഗ്രാമത്തിലെ ആദ്യത്തെ കൊല്ലനായിരുന്നു. അതുകൊണ്ട് അയാൾ തുകൽസഞ്ചി പോലത്തെ ഉലയിലൂടെ കാറ്റൂതുമ്പോൾ കനൽക്കട്ടകൾ നീറിച്ചുവക്കുന്നത് ഗ്രാമത്തിലെ കുട്ടികൾക്ക് പുതുമയുള്ള കാഴ്ചയായിരുന്നു. ഇരുമ്പുകഷണങ്ങൾ കനൽക്കട്ടകളിൽക്കിടന്നു പഴുത്തു ചുവക്കുന്നതും കൊല്ലൻ കൂടംകൊണ്ട് അവയെ അടിച്ചുപരത്തുമ്പോൾ അയാളുടെ കൈയിലെ മാംസപേശികൾ ഉരുണ്ടുകയറുന്നതുമൊക്കെ കുട്ടികൾ വിടർന്ന കണ്ണുകളോടെ നോക്കി നിന്നു. ഇരുമ്പിനെ മെരുക്കാനും കഴിവുള്ള അയാൾ വളരെ പെട്ടെന്നു ഗ്രാമത്തിലെ ഇരുമ്പുമനുഷ്യനായി.

കൊല്ലൻ അകത്തും പുറത്തും ഒരുപോലെ പരുക്കനായിരുന്നു. അയാൾ ഗ്രാമവാസികളെ എപ്പോഴും അകറ്റിനിറുത്തി. കരുത്തില്ലാത്ത, ഉന്നമില്ലാത്ത ജനം. പരദേശിയുടെ ഉന്നത്തിനു മുമ്പിൽ അവർ എത്ര പെട്ടെന്നു വിരണ്ടുപോകുന്നു! കൂട്ടത്തിൽ കരുത്തരായ നാടന്മാരെ തിരഞ്ഞുപിടിച്ച് അവരെ അമർത്തുക അയാളുടെ ക്രൂരമായ വിനോദമായിരുന്നു. നാട്ടുമൂപ്പൻറെ അഭ്യാസിയായ മൂത്തമകനെക്കൊണ്ട് അയാൾ തൻറെ പണിപ്പെട്ടി ചുമപ്പിച്ചത് ഗ്രാമത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയെങ്കിലും ആരും കൊല്ലനെതിരെ ഒരു വിരൽപോലും അനക്കാൻ ധൈര്യപ്പെട്ടില്ല.

കൊല്ലൻറെ ഭാര്യയും പരദേശിയായിരുന്നു. അവൾ കാണാൻ ചന്തമുള്ളവളായിരുന്നു. ഗോതമ്പുനിറം, ചപ്പിയ മൂക്ക്, ആഴമുള്ള നീൽക്കണ്ണുകൾ, നീണ്ടമുടി, കുണുങ്ങിക്കുണുങ്ങിയുള്ള നടത്തം, കൊല്ലൻ അവളുടെ മുമ്പിൽ മാത്രം ഒതുങ്ങി, വാലാട്ടി. തൻറെ ഭാര്യയുടെമേൽ നാട്ടുകാരായ ചെറുപ്പക്കാരുടെ കണ്ണുകൾ ആർത്തിയോടെ വന്നുവീഴുന്നത് അയാൾ അഭിമാനത്തോടെ നോക്കിക്കണ്ടു. നാലാളു കൂടുന്നയിടത്തെല്ലാം തൻറെ ഭാര്യയെ പ്രദർശിപ്പിക്കാൻ കൊല്ലനു വലിയ ഉത്സാഹമായിരുന്നു. ഉത്സവപ്പറമ്പുകളിൽ, ചന്തകളിൽ, അങ്ങനെ നാട്ടുകാർ തിങ്ങിക്കൂടുന്നയിടത്തെല്ലാം അയാൾ ഭാര്യയെയും കൊണ്ടുപോയി. ചെറുപ്പക്കാരുടെ കൂർത്തകണ്ണുകൾ അവളെ വട്ടമിട്ട് ചുഴുന്നത് അയാൾ ഒളികണ്ണാൽ നോക്കിക്കണ്ടു. അയാളുടെ കുടിലിനു ചുറ്റും അയാളില്ലാത്ത അവസരങ്ങളിൽ ചൂളംവിളികളുമായി ചെറുപ്പക്കാർ കറങ്ങി നടക്കാറുണ്ടായിരുന്നെങ്കിലും അവർക്കെല്ലാം കൊല്ലൻറെ ഇരുമ്പുകൈകളെ ഭയമായിരുന്നു. പാദസരങ്ങൾ കിലുക്കിക്കൊണ്ട് അവൾ ഗ്രാമത്തിലെ കിണറ്റിൽനിന്നു വെള്ളംകോരാൻപോകുമ്പോൾ, കൊല്ലൻ അറിയാതെ അവർ ഒളിഞ്ഞും മറഞ്ഞും അവളെ പിന്തുടർന്നു. പക്ഷേ, അവളുടെ മുമ്പിൽ വരാൻ, അവളോട് ഒരു വാക്ക് ഉരിയാടാൻ, അവർക്ക് തൻറേടമുണ്ടായിരുന്നില്ല. കൊല്ലൻറെ ഇരുമ്പുകൂടം വന്നുവീഴുന്ന ശബ്ദം അവരുടെ കാതുകളിൽ എപ്പോഴും മുഴങ്ങിക്കേട്ടിരുന്നു.

ഇരുമ്പുപണിയും കത്തിയുണ്ടാക്കാൻ മാത്രമല്ല, കത്തിയേറിനും കൊല്ലൻ വിരുതനായിരുന്നു. അയാളുടെ ഉന്നംപിഴയ്ക്കാത്തതായിരുന്നു. അയാളുടെ ചീറിപ്പുളഞ്ഞുപോകുന്ന നായാട്ടുകത്തിയിൽനിന്നു കാട്ടുമൃഗങ്ങൾക്ക് ഒരിക്കലും രക്ഷപ്പെടാനായില്ല. ഒരിക്കൽ അമ്പും വില്ലുമേന്തിയ വേടന്മാരെ നാണിപ്പിക്കാനായി അയാളൊരു പ്രകടനം നടത്തി. പോതുപിടിച്ച തള്ള പ്ലാവിൻറെ തായ്ത്തടിയിൽ അയാൾ ഒരു ആൾരൂപം വരച്ചിട്ടു. കരിക്കട്ടകൊണ്ട് രണ്ടിടങ്ങളിൽ ഓരോ ചെറിയ വട്ടങ്ങൾ വരച്ചിട്ടു പറഞ്ഞു: ഇതു ചങ്ക്, ഇതു നാഭി.

ഇരുകൈകളിലും കത്തികളുമായി ഒരു നൂറടി പുറകോട്ടു നീങ്ങിയിട്ട് അയാൾ ഒരു നിമിഷം കണ്ണടച്ചുനിന്നു. ജനം ശ്വാസമടക്കിനിൽക്കെ കത്തികൾ ചീറിപ്പാഞ്ഞു പ്ലാവിൽ തറച്ചു. ഒന്നു ചങ്കിൽ, മറ്റേതു നാഭിയിൽ. അതിൽപ്പിന്നെ ഗ്രാമത്തിലെ ചെറുപ്പക്കാരാരും കൊല്ലൻറെ ഭാര്യയുടെ നേർക്കു നോക്കാൻകൂടി ധൈര്യപ്പെട്ടില്ല. അവളുടെ നീലക്കണ്ണുകളിൽ രണ്ടു കത്തികളുണ്ടായിരുന്നു.

പക്ഷേ, കൊല്ലൻ ഭാഗ്യംകെട്ടവനായിരുന്നു.

കാലമേറെ കഴിഞ്ഞിട്ടും കൊല്ലത്തി പെറ്റില്ല. പരദേശത്തും ഇദ്ദേശത്തും പോകാത്ത കോവിലുകളില്ല. നോൽക്കാത്ത നോയ്മ്പുകളില്ല. കൊല്ലനു പതുക്കെപ്പതുക്കെ തൻറെ കരുത്തിനോടു തന്നെ വെറുപ്പായിത്തുടങ്ങി. ആയിടയ്ക്ക് ആദ്യമായി കൊല്ലൻറെ ഉന്നംതെറ്റി. അയാളെ കളിയാക്കി ചിലച്ചുകൊണ്ട് ഒരുപറ്റം മുയലുകൾ കാട്ടിനുള്ളിലേക്കു പാഞ്ഞുപോയി. പാഴ്മരത്തിൽ തറച്ച നായാട്ടുകത്തി വലിച്ചൂരിയെടുത്ത് അരിശത്തോടെ മുളങ്കൂട്ടങ്ങളും കാട്ടുവള്ളികളും അരിഞ്ഞുവീഴ്ത്തിക്കൊണ്ട് അയാൾ ആ പകൽ മുഴുവനും അലഞ്ഞുനടന്നു. തൻറെ കത്തിയേറിനെ മൃഗങ്ങൾപോലും ഭയപ്പെടാതായി എന്ന് അയാൾക്കു മനസ്സിലായി. തോൽവിയുടെ മൂർച്ചയിൽ അയാളുടെ മനസ്സ് മുറിഞ്ഞു. ഇരുമ്പുപണിത കൈകൾ പെട്ടെന്നു തളർന്നു. പരുക്കൻ തൊലിക്കു മയംവെച്ചു. അയാളുടെ ഉള്ളിൽ പൊരുളറിയാത്ത ഏതോ ഭയം ഉറഞ്ഞുകൂടിനിന്നു. താൻ ഇനി അടിക്കടി തോൽക്കാൻപോകുകയാണോ? ഈ ഇരുമ്പിൻറെ കൈകളും ഉറച്ച ശരീരവും എന്തിന്? തൻറെ മജ്ജയിൽ നിന്നു കരുത്തു ക്രമേണ വാർന്നുപോകുമ്പോൾ, തൻറെ ഞരമ്പുകൾ കാലപ്പഴക്കത്തിൽ അയയാൻ തുടങ്ങുമ്പോൾ, കൂടംപൊക്കാൻകൂടി വയ്യാതാകുമ്പോൾ, തൻറെ കുലത്തൊഴിൽ തുടർന്നുപോകാൻ ഒരു ആൺകുട്ടിയില്ലെങ്കിൽ...

കൊല്ലൻറെ ഭാര്യയുടെ മനസ്സും കലങ്ങിത്തുടങ്ങിയിരുന്നു. പാദസരങ്ങൾ കിലുക്കിക്കൊണ്ട് ഒക്കത്ത് ചെമ്പുകുടവുമായി, കുണുങ്ങിക്കുണുങ്ങി കിണറ്റുവക്കത്തേക്കു പോകാനും അണിഞ്ഞൊരുങ്ങി ഉത്സവപ്പറമ്പിലും ആഴ്ച്ചച്ചന്തകളിലും പോകാനും അവൾക്കു മടിയായി. ഇതെല്ലാം ആർക്കു വേണ്ടി? അവൾ സ്വയംചോദിച്ചു. രാത്രിയിൽ പറ്റിച്ചേർന്നുകിടക്കുമ്പോൾ കൊല്ലൻറെ പിടിയിൽ മുമ്പത്തെയത്ര മുറുക്കമോ ചൂടോ ഇല്ലെന്ന് അവൾക്കു തോന്നിത്തുടങ്ങി. അയാൾക്കു പ്രായമേറുകയാണോ? അയാളുടെ പൗരുഷത്തിനു തളർച്ച വീണുതുടങ്ങിയോ?

ശൈത്യത്തിലെ കുളിർന്നുവിറയ്ക്കുന്ന രാവുകളിൽ, ചാരായത്തിൻറെ ലഹരിയിൽ ചുരുണ്ടുകൂടി മയങ്ങുന്ന ഭർത്താവിൻറെ അടുക്കൽ അവൾ ഉറക്കംവരാതെ കണ്ണുമിഴിച്ചു കിടന്നു. കൊല്ലനുതന്നിലുള്ള കമ്പം ശമിച്ചുതുടങ്ങിയിരിക്കുന്നുവെന്ന് അവൾക്കു തോന്നി. ഒരു വിത്തുപോലും പൊട്ടാത്ത ഊഷരമായ മണ്ണിനെ അവൾ ശപിച്ചു. കാലം കടന്നുപോകേ, പല രാത്രികളിലും കൊല്ലൻ കുടിലിലേക്കു വരാതെയായി. അയാളുടെ പുതിയ ബന്ധങ്ങളെപ്പറ്റി അയൽപക്കത്തുകാർ ഒളിഞ്ഞും തെളിഞ്ഞും ഒരുപാടു കഥകൾ പറയാൻതുടങ്ങി.

ഒരു പാതിരാത്രിയിൽ കൊല്ലൻ കുടിച്ചു പിമ്പിരിയായി കുടിലിൽ വന്നു കയറിയപ്പോൾ അവൾ വേദനയോടെ ചോദിച്ചു:

'നിങ്ങൾക്കെന്നെ മടുത്തോ? നമ്മുടെ ദേശത്തെ പിച്ചക്കാരികൾപോലും അവളേക്കാൾ സുന്ദരിയാണല്ലോ. നിങ്ങളെ വശീകരിക്കാൻ പാകത്തിന് എന്താണ് ആ പെണ്ണിലുള്ളത്?'

അവൾ തുടരെത്തുടരെ ചോദ്യങ്ങൾ എറിഞ്ഞുകൊണ്ടിരുന്നു. അവളുടെ ശബ്ദം അരിശംകൊണ്ട്, വേദനകൊണ്ട് ചിലമ്പിയിരുന്നു.

മറുപടി തുടർച്ചയായ കൂർക്കംവലിയായിരുന്നു.

'പക്ഷേ, ഒന്നോർത്തോളൂ.' പുതപ്പിനടിയിൽ ചുരുണ്ടുകൂടിക്കിടക്കുന്ന ശരീരത്തെ കാലുകൊണ്ടു തട്ടിയുരുട്ടി അവൾ അലറി: 'അവളെ ഈ കുടിലിൽകയറ്റാമെന്ന് മോഹിക്കണ്ട. നിങ്ങൾ അവളെ വെപ്പാട്ടിയായി വെച്ചോളൂ. പക്ഷേ, ഈ കുടിലിനകത്തു കാലുകുത്തിയാൽ ഞാനവളുടെ കാലുകൾ കൊത്തിനുറുക്കും.'

പിറ്റേന്നു രാതിയിലും വളരെ വൈകിയാണ് കൊല്ലൻ വന്നുകയറിയത്. വന്നപാടേ പായയിലേക്കു മറിഞ്ഞുവീണു. കൂർക്കംവലിച്ചുറക്കമായി.

പിന്നീട് പല രാത്രികളിലും അത് ആവർത്തിച്ചപ്പോൾ അവൾക്കു ബോദ്ധ്യമായി, ഭർത്താവിനെ പിടിച്ചുനിർത്താനുള്ള തൻറെ കഴിവു നഷ്ടപ്പെട്ടിരിക്കുന്നുവെന്ന്.

അവൾ നാട്ടുമൂപ്പൻറെ അടുക്കൽ പരാതി പറഞ്ഞുനോക്കി.

'അതു നിങ്ങടെ സ്വന്തം കാര്യം.' മൂപ്പൻ ഭീതിയോടെ ചുറ്റും നോക്കിക്കൊണ്ടു പറഞ്ഞു. ദൂരെ കൊല്ലൻറെ ആലയിൽനിന്നു കൂടം ആഞ്ഞു വീഴുന്നതിൻറെ ശബ്ദം അയാൾക്കു കേൾക്കാമായിരുന്നു. 'പരദേശികളുടെ കാര്യത്തിൽ ഇടപെടാൻ നമ്മളില്ല.'

ഒടുവിൽ, കൊല്ലനെ വരുതിയിൽ നിറുത്താൻ അവളൊരു സൂത്രം കണ്ടു പിടിച്ചു.

ഒരു ദിവസം തൻറെ വീട്ടുമുറ്റത്ത് ഏതോ പുരുഷൻറെ കനമുള്ള കാൽപ്പാടുകൾ പതിഞ്ഞിരിക്കുന്നത് കൊല്ലൻ കണ്ടു. അമർന്ന കാൽപ്പാടുകൾ. അയാളൊരു തടിയനായിരുന്നിരിക്കണം. ആ ഓർമ ആദ്യമൊന്നു തളർത്തിയെങ്കിലും ഒരു മുരൾച്ചയോടെ അയാൾ അത് ഉടനെ വിഴുങ്ങി. എന്നിട്ടും ആ കാൽപ്പാടുകളുടെ വടിവ് അയാളുടെ മനസ്സിൽ മായാതെകിടന്നു. അടുത്ത ദിവസം കണ്ടത് വേറൊരാളുടെ കാൽപ്പാടുകളായിരുന്നു. അയാൾ മുടന്തനായിരുന്നിരിക്കണം. ഇടത്തെ കാൽപ്പത്തി മണ്ണിൽ ശരിക്കുപതിഞ്ഞിരുന്നില്ല.

മൂന്നാമത്തെ ദിവസം വന്നയാൾ കുരുടനായിരുന്നിരിക്കണം. കനമുള്ള രണ്ടു കാൽപ്പത്തികളോടൊപ്പം വടികുത്തി നടന്നതിൻറെ അടയാളവുമുണ്ടായിരുന്നു.

അവരൊക്കെ ആരെന്ന് കലിതുള്ളിക്കൊണ്ട് അയാൾ ചോദിക്കുമെന്നും മുടിക്ക് ചുറ്റിപ്പിടിച്ച് വലിച്ചിഴച്ച് തല്ലിച്ചതയ്ക്കുമെന്നും അവൾ കണക്കുകൂട്ടിയിരുന്നു. പക്ഷേ, അവളെ അമ്പരപ്പിച്ചുകൊണ്ട് അയാൾ ആ കാലടയാളങ്ങളെക്കുറിച്ചു ചോദിച്ചതേയില്ല. പതിവുപോലെ പല രാത്രികളിലും അയാൾ കുടിലിൽ വന്നില്ല. വരുന്ന രാത്രികളിൽത്തന്നെ പാതിരാവിനുശേഷം കുടിച്ചു പിമ്പിരിയായി, കാലുറയ്ക്കാതെയാണു വന്നുകയറുക. വന്നപാടേ പായയിലേക്ക് മറിഞ്ഞ് കൂർക്കംവലിച്ച് ഉറക്കം തുടങ്ങും.

തോൽവിയുടെ ഭാരംവീണ മനസ്സുമായി കൊല്ലത്തി പുതിയ ഉപായങ്ങളെക്കുറിച്ച് ആലോചിക്കുവാൻ തുടങ്ങി.

അങ്ങനെയിരിക്കെ, ഒരു നട്ടുച്ചയ്ക്ക്, കൊല്ലൻറെ ആലയിലേക്കു കടന്നു ചെന്നിട്ട് അവൾ പ്രഖ്യാപിച്ചു, താൻ ഗർഭിണിയാണെന്ന്.

‘ഒന്നു ചുമ്മാതിരിക്കി.’ അവളുടെ അടിവയറ്റിൽ അടിച്ചുകൊണ്ട് കൊല്ലൻ പറഞ്ഞു.

‘നേര്.’ പരദേവതയെപിടിച്ച് ആണയിട്ടുകൊണ്ട് അവൾ ആവർത്തിച്ചു.

‘എങ്കിൽ കുഞ്ഞിൻറെ അച്ഛനാര്?’

‘നിങ്ങൾതന്നെ. അല്ലാതാരാ?’

‘അതുവിട്.’ കൊല്ലനു വിശ്വാസമായില്ല. അയാളുടെ മനസ്സിൽ ആ പരിചിതമായ കാലടികൾ തെളിയുകയായിരുന്നു. അക്കൂട്ടത്തിൽ ആരായിരിക്കും കുഞ്ഞിൻറെ അച്ഛൻ? തടിയനോ, മുടന്തനോ, കുരുടനോ?

‘എന്നെ വിശ്വസിക്കു.’ കൊല്ലത്തി നെഞ്ചത്തു കൈവെച്ചു പറഞ്ഞു. ‘നിങ്ങളെയല്ലാതെ വേറാരെയും ഞാൻ മനസ്സിൽക്കൂടി നിരൂപിച്ചിട്ടില്ല.’

എങ്കിൽപ്പിന്നെ ആ കാൽപ്പാടുകളോ? എന്നു ചോദിക്കാൻ കൊല്ലൻ മുതിർന്നുവെങ്കിലും ഉടനെ അതു വിഴുങ്ങി. അതു പ്രാകൃതമായ അസൂയയാണെന്ന് അയാൾക്കുതോന്നി. തനിക്കതിൽ കാര്യമില്ല. എങ്കിലും തൻറെ ഭാര്യയുടെ വയറ്റിൽ മറ്റൊരുത്തൻറെ വിത്ത്—അയാളുടെ മനസ്സു കലങ്ങുകയും തെളിയുകയും ചെയ്തുകൊണ്ടിരുന്നു. അയാൾക്കു തൻറെ വ്യഥ പങ്കിടാൻ നാട്ടിലൊരു ചങ്ങാതിയുമില്ലായിരുന്നു. വേണമെങ്കിൽ അവളെ മുടിക്കു ചുറ്റിപ്പിടിച്ച്, നിരത്തിലേക്കു വലിച്ചിഴച്ച്, നാലാളുകൾ കാൺകെ ചവിട്ടിത്തേക്കാം. അതു പൗരുഷമാകുമോ? നാട്ടുകാർ അതുകണ്ട് കഴുതപ്പുലികളെപ്പോലെ ചിരിക്കും. പരദേശിക്ക് ഒരു കുഞ്ഞിനെ കൊടുക്കാനുള്ള കഴിവുപോലും ഉണ്ടായില്ല. അതുകൊണ്ട് അവൻറെ ഭാര്യ നാട്ടുകാരനായ ജാരനെ തേടിപ്പോയി അവർ തമ്മിൽ തമ്മിൽ പറഞ്ഞു ചിരിക്കും. അതു വേണ്ട. തൻറെ ദേശത്തിൻറെ വീറു കളഞ്ഞുകുളിക്കാൻ തയ്യാറല്ല.

പക്ഷേ, ഒരു തിരിച്ചടി കൊടുത്തില്ലെങ്കിൽ, ജാരനെ നേരിടാനുള്ള കഴിവുപോലുമില്ലാത്ത ഒരു അഴകൊഴമ്പനായി ജനം തന്നെ കാണില്ലേ? തൻറെ

ഇരുമ്പിൻറെ രൂപം അലിഞ്ഞുപോകില്ലേ? നായാട്ടുകത്തിയുടെ വായ്ത്തല മൂർച്ചവെപ്പിച്ചുകൊണ്ട് അയാൾ തൻറെ ശ്രദ്ധ അജ്ഞാതനായ ജാരനിലേക്കുതിരിച്ചു. ആരാണവൻ?

ഭാര്യയുടെ അടിവയറ്റിലേക്കു നോക്കുമ്പോഴെല്ലാം അയാൾ അസ്വസ്ഥനായി. കൂടം എടുത്തുപൊക്കാനുള്ള കരുത്തുപോലും തനിക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അയാൾക്കു മനസ്സിലായി. കത്തിയെറിയുമ്പോഴാകട്ടെ ഉന്നംപാടേ തെറ്റിപ്പോകുന്നു.

അങ്ങനെ, ഒടുവിൽ മറ്റൊരു പോംവഴിയും കാണാതെ അയാൾ നാട്ടുമൂപ്പൻറെ അടുക്കലെത്തി.

നാട്ടുമൂപ്പന് അക്കാര്യത്തിൽ ഇടപെടാൻ ഭയമായിരുന്നു. ഭീതിയോടെ ചുറ്റും നോക്കിയിട്ട് അയാൾ മുരണ്ടു:

'അതൊക്കെ നിങ്ങള് പരദേശികളുടെ കാര്യം. അതില് ഇടപെടാൻ നമ്മളില്ല.'

പക്ഷേ, കൊല്ലൻറെ കത്തുന്ന കണ്ണുകളിലേക്കു നോക്കിയപ്പോൾ അയാൾ താനേ താഴ്ന്നു. നാട്ടുകാരനായ ജാരനെ കണ്ടുപിടിച്ചു കൊടുത്താൽ അവനെ നാട്ടാചാരമനുസരിച്ച് ശിക്ഷിക്കാമെന്ന് വാക്കുകൊടുത്തു.

'അവനെ ശിക്ഷിക്കാൻ എനിക്കു നിങ്ങടെ സഹായമൊന്നും വേണ്ട.' കൊല്ലൻ ചീറി: 'അവനുള്ള ശിക്ഷ ഞാൻതന്നെ കണ്ടുവെച്ചിട്ടുണ്ട്. പക്ഷേ, അവനാരാണെന്നറിയാൻ എന്താണു മാർഗം?

'അതിപ്പഴ്...' മൂപ്പനു ചിരി വന്നു: 'നിങ്ങടെ ബാര്യല്ലേ പറയേണ്ടത്? നമ്മക്കെങ്ങനെ അറിയാം?

ഭാര്യയോട് ഇനി അക്കാര്യം ചോദിക്കില്ലെന്ന് അയാൾ നേരത്തേ ആണയിട്ടിരുന്നു. അങ്ങനെ അയാളുടെ തിരച്ചിൽ നീണ്ടുപോയി. ചന്തയിൽ, ഉത്സവപ്പറമ്പുകളിൽ, അയാൾ ചുറ്റിനടന്നു. അക്കൂട്ടത്തിലെങ്ങാനും ജാരൻറെ മുഖവും ജാരൻറെ കണ്ണുകളുമുള്ള ഒരു ചെറുപ്പക്കാരനുണ്ടോ?

ഏറെ നാളത്തെ തിരച്ചിലിനുശേഷം, ഒടുവിൽ ഒരുത്തനെ കണ്ടുകിട്ടി. മെലിഞ്ഞുകൊലുന്നനെയുള്ള ഒരു ചെറുപ്പക്കാരൻ. ഇരുണ്ട നിറം. മലർന്ന ചുണ്ടുകൾ. നനുത്ത മീശ. വല്ലാതെ തിളങ്ങുന്ന കണ്ണുകൾ—ജാരൻറെ മട്ട്.

'ഞാനല്ല.' അവൻ ആദ്യമേ പറഞ്ഞു: 'പക്ഷേ, ഒരുകാലത്ത് ഞാനവളെ രഹസ്യമായി മോഹിച്ചിരുന്നു.'

'ഫ.... കൊല്ലൻ അവൻറെ മുഖമടച്ച് ആട്ടി. അവനെ വലിച്ചിഴച്ചുകൊണ്ട് നാട്ടുമൂപ്പൻറെ അടുത്തുചെന്നു.

'ഇവൻതന്നെ നമ്മടെ ആള്.' കൊല്ലൻ മൂപ്പനോടു പറഞ്ഞു.

ചെറുപ്പക്കാരൻറെയും കൊല്ലൻറെയും മുഖങ്ങളിലേക്കു മാറി മാറി നോക്കിയിട്ട് മൂപ്പൻ ചോദിച്ചു:

'അതിന് തെളിവെന്ത്? ഇവൻ സമ്മതിച്ചോ?'

'ആരിവൻറെ സമ്മതം ചോദിക്കുന്നു?' കൊല്ലൻ ചീറി: 'ഇവനല്ലെങ്കിൽ ഇവനെപ്പോലുള്ള വേറൊരുത്തൻ.'

മൂപ്പനൊന്നും പറഞ്ഞില്ല. വെറുതെ തലയാട്ടി.

ചെറുപ്പക്കാരനെ തല മൊട്ടയടിച്ച് കഴുതപ്പുറത്തു കയറ്റി, കൊട്ടും മേളവുമായി ഗ്രാമത്തിലെ പ്രധാനനിരത്തുകളിലൂടെ കൊണ്ടുനടന്നു. എന്നിട്ട് ആ പഴയ തള്ള പ്ലാവിൻറെ തായ്ത്തടിയിൽ കെട്ടിയിട്ടു. അവിടെ കൊല്ലൻ പണ്ടു വരഞ്ഞിട്ട ആൾരൂപം മായാതെകിടന്നിരുന്നു. അതിൻറെ ചങ്കിലും നാഭിയിലും അയാളേൽപ്പിച്ച മുറിവുകളിൽനിന്ന് അപ്പോഴും ചോര പൊടിയുന്നുണ്ടായിരുന്നു.

ചുറ്റും ജനം തടിച്ചുകൂടിയിരുന്നു. കൊല്ലൻ ആ ചെറുപ്പക്കാരനെ എങ്ങനെയാണ് ശിക്ഷിക്കാൻ പോകുന്നതെന്നറിയാനുള്ള ഉത്കണ്ഠയോടെ തമ്മിൽ തമ്മിൽ പിറുപിറുത്ത് അവർ നിന്നു. തങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരുത്തൻ ഒരു പരദേശിയുടെ ഇരയാകുന്നതു തടയാനുള്ള കരുത്തും ഒരുമയും അവർക്കില്ലായിരുന്നു.

ചുട്ടുപഴുപ്പിച്ച രണ്ട് ഇരുമ്പുകമ്പികളുമായി കൊല്ലൻ ചുവടുവെച്ച് മുന്നോട്ടുനീങ്ങി.

ചെറുപ്പക്കാരൻ അപ്പോഴും ഒരു അറവുമാടിനെപ്പോലെ അമറിക്കൊണ്ടിരുന്നു.

'ഞാനല്ല നാട്ടാരേ, ഞാനല്ല....'

ജനം അതു കേൾക്കാത്തമട്ടിൽ തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുക മാത്രം ചെയ്തു.

ഇരുമ്പുകമ്പികളുടെ പഴുത്ത കണ്ണുകൾ ചെറുപ്പക്കാരൻറെ നേർക്ക് നീണ്ടു വന്നു. അതിൻറെ ചൂടിൽ അവൻറെ മുഖം വാടിക്കരിഞ്ഞു. പുരികങ്ങളും നനുത്ത മീശയും കരിഞ്ഞുവീണു. പോർവിളിയോടെ ചുവടുവെച്ച് ഇടിവാൾ പോലെ കൊല്ലൻ ആ കമ്പികൾ അയാളുടെ കണ്ണുകളിലേക്കു കുത്തിക്കയറ്റി. ഒരു അലർച്ച! ഒരു പിടച്ചിൽ. പിന്നെ മാംസം കരിയുന്നതിൻറെ ഗന്ധം...

കൊല്ലൻറെ ഭാര്യ ഒരിക്കലും പ്രസവിച്ചില്ല. കാരണം, അവൾക്കു ഗർഭമുണ്ടായിരുന്നില്ലല്ലോ! ജാരൻറെ അഴുക്കുകെട്ടു പേറാൻ ശപിക്കപ്പെട്ട നിരപരാധിയായ പാവം ചെറുപ്പക്കാരൻ രക്തസാക്ഷിയായി. ദേശത്തെ ചെറുപ്പക്കാർ അവൻറെ ദുരന്തകഥ ഏറെക്കാലം പാടിനടന്നു. അയാളുടെ ചോരയിൽനിന്നു നൂറു നൂറു ജാരന്മാർ വീറോടെ പിറന്നുവീണു. അവർ വാശിയോടെ പരദേശികളായ പെണ്ണുങ്ങളെ വലവീശിപ്പിടിച്ചു. പരദേശികളുടെ കുടുംബം കലക്കി. അങ്ങനെ പാണ്ഡവപുരം പരദേശികൾക്കൊരു പേടിസ്വപ്നമായി.

യുഗങ്ങൾക്കുമുമ്പു രക്തസാക്ഷിയായ ആ ചെറുപ്പക്കാരനായിരുന്നു പാണ്ഡവപുരത്തെ ആദിജാരൻ.

പതിനൊന്ന്

ഉണ്ണിമേനോൻമാഷ്ടെ മുഖം അരിശംകൊണ്ട് ചുവന്നിരുന്നു. താമ്പാളം അടുപ്പിച്ചുവച്ച് വെറ്റിലയിൽ ചുണ്ണാമ്പു തേച്ചുകൊണ്ട് അയാൾ പറഞ്ഞു.

'നിങ്ങളെ വിളിപ്പിച്ചതു പ്രധാനപ്പെട്ടൊരു കാര്യം പറയാനാണ്.'

'മുഖവുരയൊന്നും വേണ്ട, പറഞ്ഞോളൂ.'

'നിങ്ങള് വന്നയന്നു പറഞ്ഞത്, പിറ്റേദിവസംതന്നെ തിരിച്ചുപോകുമെന്നാണ്. പിറ്റേദിവസം പറഞ്ഞു. ഒറങ്ങിപ്പോയതോണ്ട് വണ്ടിപിടിക്കാൻ പറ്റില്യാന്ന്. അപ്പോഴും ഞാൻ വിശ്വസിച്ചു. അതുകഴിഞ്ഞ് പിന്നെ കൊറെ ദിവസം കഴിഞ്ഞു. ഇത്രേം ദിവസം മുഴുവനും നേരത്തേ, ഉറങ്ങിയെണീക്കാൻ പറ്റാത്തതുകൊണ്ടാണ് നിങ്ങളു മടങ്ങിപ്പോകാതിരുന്നതെന്ന് ഞാൻ വിശ്വസിക്കണോ?'

'എന്ന് ഞാൻ പറഞ്ഞില്ലല്ലോ? ഞാനിവിടെ താമസിക്കുന്നതിനു വേറെയും പല കാരണങ്ങൾ ഉണ്ടായിക്കൂടെ?'

ആ കാരണങ്ങളൊന്ന് അറിഞ്ഞാൽ കൊള്ളാം.'

'അതു മുഴുവൻ ഞാൻ മാഷോട് വിശദീകരിക്കേണ്ട ആവശ്യമുണ്ടോ?'

'വിശദീകരിക്കൊന്നും വേണ്ടാ. ഇത്തിരി ബുദ്ധിള്ളോർക്ക് ഊഹിച്ചെടുക്കാവുന്നതേയുള്ളൂ. കുഞ്ഞിക്കുട്ടൻ പണ്ട് കോലാഹലൊക്കെ ഉണ്ടാക്കിയത് വെറുതെയല്ലായിരുന്നെന്ന് ഇപ്പ് മനസ്സിലാവണുണ്ട്.'

ഉണ്ണിമേനോൻ കോളുവെച്ചു സംസാരിക്കുകയാണെന്ന് അയാൾക്കു മനസ്സിലായി. അതിനു ചുട്ട മറുപടികൊടുക്കാൻ നാവു ചൊറിഞ്ഞുവെങ്കിലും അയാൾ പണിപ്പെട്ടു നിയന്ത്രിച്ചു. ഈ മനുഷ്യനോടുതാനെന്തിനു വഴക്കടിക്കണം? അയാൾക്കൊരു വിശദീകരണം കൊടുക്കേണ്ട ബാദ്ധ്യത തനിക്കുണ്ടോ? ആ കുടുംബത്തിൻറെ രക്ഷാകർത്താവെന്ന സ്ഥാനം ഏറ്റെടുക്കാനുള്ള അധികാരം ആരാണ് ഉണ്ണിമേനോന് കൊടുത്തത്?

ഉണ്ണിമേനോൻ തുടർന്നു.

'എനിക്കു പറയാനുള്ളതൊക്കെ ഞാൻ പറഞ്ഞുകഴിഞ്ഞു. ആദ്യം നല്ല ഭാഷയിൽ പറഞ്ഞപ്പോൾ നിങ്ങൾക്കു മനസ്സിലായില്ല. പിന്നെ ഉണ്ടാവാൻ പോകണ ഭവിഷ്യത്തുകളെക്കുറിച്ച് പറഞ്ഞു. എന്നിട്ടും മനസ്സിലായില്ലെങ്കില്, ഇനിയെന്താ ചെയ്യേണ്ടതെന്നു കരക്കാർക്കറിയാം. ഇതു വെള്ളരിക്കാപ്പട്ടണമൊന്നുമല്ലല്ലോ. പഠിത്തോം ലോകപരിചയോം ഒക്കെള്ളവർക്ക് ഒരു കാര്യം പറഞ്ഞാല് അതിൻറെ ഗൗരവം എളുപ്പം മനസ്സിലാകുമെന്നാണ് ഞാൻ നിരീച്ചിരുന്നത്.'

'മാഷ് പറഞ്ഞതിൻറെ ഗൗരവം എനിക്ക് നല്ലവണ്ണം മനസ്സിലാകുന്നുണ്ട്. പക്ഷേ...'

'ഒരു പക്ഷേമില്ല.' ഉണ്ണിമേനോൻ വാശിയോടെ ഇടയിൽക്കയറി പറഞ്ഞു. 'വല്ല ടൗണോ മറ്റോ ആണെങ്കില് കൊഴപ്പല്യാ, എങ്ങാണ്ടുന്നോ വന്ന ഒരാള് ഒരു വീട്ടിക്കേറി താമസിക്ക്യാന്നുവെച്ചാല് ആരും ശ്രദ്ധിക്കാൻപോണില്ല. തൊട്ടടുത്തവീട്ടില് താമസിക്കണതാരെന്ന് ഈ വീട്ടിലുള്ളോർക്കെന്നെ അറിയില്ല. അതാണ് ടൗണിലെ സ്ഥിതി. ഇതുപോലത്തെ നാട്ടുമ്പുറങ്ങളുടെകാര്യം അങ്ങനെയല്ല. എവിടെയെങ്കിലും ഒരു ഈച്ച അനങ്ങിയാൽ അതു നാട്ടുമുഴുവൻ അറിയും. ക്ഷയിച്ചുപോയെങ്കിലും കളരിപ്പാടത്തെ തറവാട്ടില് ഇങ്ങനെയൊരു പേരുദോഷം ആരും ണ്ടാക്കീട്ടില്യാ...'

'മാഷ് ധരിക്കുന്നതുപോലെ യാതൊന്നും ഉണ്ടായിട്ടില്ല.'

'ഉണ്ടാവണ്ടാ, ഉണ്ടാവണ്ടാ. ഉണ്ടാവണംന്ന് ഇപ്പൊ ആർക്കാ മോഹം? പക്ഷേ, നാലുപേർ കൂടണയിടത്തു പറയുന്ന കേട്ടാൽ തൊലി പൊളിഞ്ഞു പോകും. നിങ്ങടെ കാര്യം കഴിഞ്ഞാല് നിങ്ങള് ചന്തിയിലെ പൊടിയും തട്ടി അങ്ങട്ട് പോകും. ബാക്കിയുള്ളോർക്ക് പിന്നേം ഇവിടെ തല പൊക്കി നടക്കണല്ലോ. കളരിപ്പാടത്തുവന്ന് സംബന്ധം ചെയ്തതെങ്കിലും എനിക്കു മുണ്ട് ഒരന്തസ്സ്, ആളുകള് എന്നെയാണ് കുറ്റം പറയണത്. ഇന്നലെ ആ രാമകൃഷ്ണൻ നായര് ഇവിടെ വന്നിരുന്നു. അയാളൊരു പഴയ പട്ടാളക്കാരനാണ്. എൻറെ മുഖമടച്ച് അയാള് ഒരൊറ്റ ചോദ്യാണ്. അവനെ അവിടന്ന് അടിച്ചെറക്കാൻ മാഷ് കൂട്ട്യാ കൂടില്ലെങ്കില് ഇങ്ങട്ട് പറഞ്ഞാൽ മതി. ഞാനൊറ്റയ്ക്ക് മതിയെന്ന്. ഇതിൽപ്പരം പോക്കണംകേട് ഈ ജന്മത്ത് ഉണ്ടാവാനില്ല.'

'മാഷ് ഇക്കാര്യത്തെപ്പറ്റി കുഞ്ഞിക്കുട്ടൻറെ ഭാര്യയോട് ചോദിച്ചോ?'

'ഞാനെന്തിനാ ചോദിക്കണേ? ഫൂ...' മാഷ് മുറ്റത്തേക്കു കാർക്കിച്ചു തുപ്പി. 'അവളൊരു ഉർവശിയല്ലേ? ഞാനവളുടെ പടിക്കകത്തേക്കു കാലെടുത്തുകുത്തില്യാന്ന് ആണയിട്ടിരിക്ക്യാണ്. നിങ്ങക്കറിയ്യോ, കുഞ്ഞൂട്ടൻ ഉപേക്ഷിച്ചു പോയപ്പോ ഒരു ഗതീമില്ലാതെ കെടന്നു നട്ടംതിരിയണതുകണ്ട് ഞാൻതന്ന്യാണ് ആ മാനേജർ പണിക്കരുടെ കാലു കാലുപിടിച്ച് അവൾക്കൊരു ജോലി വാങ്ങിക്കൊടുത്തത്. അയ്യായിരം കൊടുത്താലും കിട്ടാത്ത ജോലി എൻറെ ഒരൊറ്റ വാക്കിലാണ് കിട്ടിയത്. കളരിപ്പാടത്തെ ഒരു പെൺകുട്ടി പെഴച്ചാൽ അതിൻറെ പോക്കണംകേട് എനിക്കാ. അതോണ്ടാ ആ നാണംകെട്ട പണിക്ക് ഒരുമ്പെട്ടത്. അതിൻറെ നന്ദി കാട്ടുണ്ട, ഒരോർമേങ്കിലും വേണ്ടേ..? അയാൾ നിശ്ശബ്ദനായിരുന്നു. ഉണ്ണിമേനോൻ മാഷ്ക്കാവട്ടെ പറഞ്ഞിട്ടും പറഞ്ഞിട്ടും അരിശം തീരുന്നില്ലായിരുന്നു.

'സ്കൂളിലാണെങ്കില് അവള് ആരു പറഞ്ഞാലും ഒന്നും കേൾക്കില്ല. മിക്കദിവസവും വൈകുന്നേരം നേരത്തേ ഇറങ്ങിപ്പോകും.എവിട്യാണ് പോകണതെന്ന് ആർക്കറിയാം? ഒരു ദിവസം ഹെഡ്മാസ്റ്റർ കുറുപ്പുമാഷ് എന്നെ വിളിച്ചു പറയ്യാ, ദേവിട്ടീച്ചറുടെ ഈ പോക്ക് മോശാണ്. മാഷന്നെ ഒന്നു ഗുണദോഷിക്കണംന്ന്. ഗുണദോഷിക്കണത്രെ? കൊച്ചുകുട്ട്യാണോ ഗുണദോഷിച്ചു നന്നാക്കാൻ? ഒന്നിനോളം പോന്ന ഒരു പെണ്ണിന് വരും വരായ്കകകളെക്കുറിച്ച് അറിഞ്ഞുകൂടെങ്കില് അതു

മനസ്സിലാക്കിക്കൊടുക്കാൻ ഞാൻ കൂട്ട്യാ കൂടോ? കണ്ടാൽ മനസ്സിലായില്ലെങ്കില് കൊള്ളുമ്പോൾ പഠിച്ചോളും. ഇനി നിങ്ങള് പോയശേഷം ഒരു കൂട്ടീംകൂടി ആയാല് നടപടി ദൂഷ്യംന്ന് പറഞ്ഞ് സ്കൂളീന്ന്....'

'മാഷ് അനാവശ്യം പറയരുത്.' അയാൾ അരിശംകൊണ്ടു വിറച്ചു.

'അനാവശ്യം പറയുന്നതിലാണു കൊഴപ്പം! അനാവശ്യം കാട്ടാം അല്ലേ?'

'ഞാനൊരു അനാവശ്യവും കാട്ടിയിട്ടില്ല.'

'ഒന്നു ചുമ്മാതിരിക്കണം മിസ്റ്റർ.' മാഷ് പുച്ഛത്തോടെ നീട്ടിത്തുപ്പി. 'നമ്മള് ഇതൊക്കെ കൊറെ കണ്ടതല്ലേ? രണ്ടു ചെറുപ്പക്കാരി കുട്ട്യോള് തനിച്ചു താമസിക്കണവീട്ടിലാണോ എങ്ങാണ്ടുന്നോ വന്ന ഒരുത്തന് കുളിച്ചു താമസിക്കാൻ സ്ഥലം കിട്ടിയത്? കുഞ്ഞൂട്ടൻറെ പരിചയവും പറഞ്ഞു വന്നിരിക്കണു. ഇങ്ങനെയായിരുന്നോ നിങ്ങളും കുഞ്ഞൂട്ടനും തമ്മിലുള്ള പരിചയം?'

'മാഷേ, ഞാൻ പ്രായത്തെ ബഹുമാനിക്കുന്ന കൂട്ടത്തിലൊന്നുമല്ല, കേട്ടോ. തോന്ന്യവാസം പറഞ്ഞാൽ. ഇനിയൊരിക്കല് അങ്ങനെ പറയാൻ, മാഷ്ടെ നാവ് അവിടെ ഉണ്ടാവില്ല.'

'ഇതാപ്പൊ വിശേഷായത്! അരീം തിന്നു. ആശാരിച്ച്യേം കടിച്ചു. പിന്നേം നായയ്ക്കാ മുറുമുറുപ്പ്. കളരിപ്പാടത്തുകാർ ഒരിക്കലും അഭിമാനം പണയം വെച്ച് കളിച്ചിട്ടില്ല. ഇതിപ്പൊ എങ്ങാണ്ടുന്നോ കയറിവന്ന ഒരുത്തൻ എൻറെ ഉമ്മറത്തുവന്നുനിന്ന് എൻറെ മേക്കിട്ടു പിടിച്ചുകെവേ? എന്താതു കഥ? ഇതു വെള്ളരിക്കാപ്പട്ടണമാണോ?'

അയാൾ ക്ഷോഭം അടക്കാൻ പണിപ്പെടുകയായിരുന്നു. ശബ്ദം ആകാവുന്നത്ര താഴ്ത്തിക്കൊണ്ട് അയാൾ പറഞ്ഞു.

'മാഷക്ക് അറിഞ്ഞുകൂടെങ്കിൽ പറഞ്ഞുതരാം. എങ്ങാണ്ടുന്നോവന്നു കയറിയതല്ല. എന്നെ ക്ഷണിച്ചുവരുത്തിയതാണ്. ആവാഹിച്ചുവരുത്തിയതാണ്.'

മാഷക്ക് അതുകേട്ടപ്പോൾ ചിരിവന്നു.

'ആവാഹിക്ക്യേ? ആരാവ്ടെ നിങ്ങളെ ആവാഹിക്കാനിരിക്കണു? മന്ത്രവാദ്യോ?'

'ആരെങ്കിലും ആയ്ക്കോട്ടെ. അതിനൊരാൾ ഉണ്ടെന്നുതന്നെ കരുതി ക്കോളൂ.'

'ദേവ്യായിരിക്കും?'

അയാൾ മറുപടി പറഞ്ഞില്ല.

'അവൾക്ക് അതിനു മന്ത്രവാദം അറിയ്യോ? അതിൻറെ കൊറവേ ഉണ്ടായിരുന്നുള്ളു, ഇപ്പൊ എല്ലാം തികഞ്ഞു.' അതൊരു തമാശയാണെന്ന ഭാവത്തിൽ മാഷ് കുലുങ്ങിച്ചിരിച്ചു. തെല്ലുകഴിഞ്ഞ്, ചിരിനിറുത്തി കനത്ത ഭാവത്തിൽ മാഷ് തുടർന്നു.

'ആവാഹിച്ചു വരുത്തിയതോ, വലിഞ്ഞുകേറിവന്നതോ എന്തെങ്കിലുമായിക്കൊള്ളട്ടെ, എനിക്കതില് കാരില്യാ. പക്ഷേ, കളരിപ്പാടം

തറവാടിൻറെ പേരും പറഞ്ഞു ചന്തപ്പിള്ളേർ കൂക്കിവിളിക്കാൻ ഞാൻ സമ്മതിക്കില്ല. തറവാടിത്തംന്ന് പറഞ്ഞാല് കാശുകൊടുത്താൽ കിട്ടണതല്ല.'

കൂടുതൽ വിശദീകരിക്കാൻ നിന്നിട്ട് കാര്യമൊന്നുമില്ലെന്ന് അയാൾക്ക് മനസ്സിലായി. അതൊരു വലിയ വഴക്കിലേ അവസാനിക്കൂ. ഉള്ളിൽ എന്തൊക്കെയോതികട്ടിവരുന്നു. എൻറെ ശരിക്കുള്ള മുഖം ഇവരാരും കണ്ടിട്ടില്ല. പാണ്ഡവപുരം വിട്ടശേഷം ഞാൻ വളരെയേറെ മാറിയിരിക്കുന്നു. പക്ഷേ, ഇനിയും ഒരൊറ്റ നിമിഷംകൊണ്ട് എനിക്ക് പഴയ ആളാകാൻ കഴിയും. ഈ മനുഷ്യൻറെ മുഖത്തിൻറെ വടിവുമാറ്റാൻ എനിക്കൊരു നിമിഷം മതി.

വേണ്ടാ. അതിൻറെ ഭാരം പേറേണ്ടത് പാവം ദേവിയും അവളുടെ കുടുംബവുമായിരിക്കും.

അയാൾ എഴുന്നേറ്റ് കീശയിൽനിന്ന് സിഗരറ്റ് പായ്ക്കറ്റെടുക്കുമ്പോൾ ഉണ്ണിമേനോൻ വീണ്ടും പറയുന്നതുകേട്ടു. ''

'ഞാൻ അവസാനമായിട്ട് പറയ്വാണ്. നാളെ കാലത്തെവണ്ടിക്കന്നെ സ്ഥലം വിടുന്നതാ നിങ്ങൾക്ക് നല്ലത്.'

അയാൾ നടക്കാൻ തുടങ്ങിയതായിരുന്നു. പക്ഷേ, ആ ഭീഷണിയുടെ സ്വരം അയാൾക്ക് ഇഷ്ടപ്പെട്ടില്ല. അയാൾ തിരിഞ്ഞുനിന്നു.

'ഇല്ലെങ്കിൽ?'

'എന്താ ഉണ്ടാവാൻപോണേന്ന് കണ്ടോളൂ. ഇതൊക്കെ കൈകാര്യം ചെയ്യാൻ കരയില് ആങ്കുട്ടികളുണ്ട്.'

'എന്നാപ്പിന്നെ അതൊന്നു കണ്ടിട്ടുതന്നെ കാര്യം.' അയാളുടെ ശിരസ്സിലേക്ക് ചോര പതഞ്ഞുകയറി. 'ആങ്കുട്ടികളെ കണ്ടുതന്നെയാണ് ഞാനും വളർന്നത്. എൻറെ നാട്ടിലുമുണ്ട് കരക്കാരും ആങ്കുട്ടികളുമൊക്കെ...!'

അങ്ങനെയൊരു തിരിച്ചടി ഉണ്ണിമേനോൻ തീരെ പ്രതീക്ഷിച്ചിരുന്നില്ല. അയാളുടെ പത്തി പെട്ടെന്ന് താഴ്ന്നു. അയാളുടെ മുഖത്തുനോക്കാതെ, ഉണ്ണിമേനോൻ ആരോടെന്നില്ലാതെ പറഞ്ഞു.

'വഴക്കും വക്കാണോം ബായാൽ അതിൻറെ പോക്കണംകേട് നിങ്ങൾക്കല്ല, കളരിപ്പാടത്തുകാർക്കാ. അവിടെ ഒരു പെൺകുട്ടി പ്രായമായി നിക്കണ. മാനം മര്യാദയുള്ള ആരെങ്കിലും അവളെ കൊണ്ടോവാൻ വരോ?'

'ആ അങ്ങനെയൊക്കെ പറഞ്ഞാൽ എനിക്ക് മനസ്സിലാക്കാൻ കഴിയും. ഭീഷണിപ്പെടുത്തി എന്നെ വിരട്ടിയോടിക്കാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്കു തെറ്റിപ്പോയി...'

ഉണ്ണിമേനോൻ തെല്ലൊരു പരുങ്ങലോടെ അയാളുടെ ഉറച്ച ശരീരത്തിലും മാംസപേശികൾ മുഴച്ചുനിൽക്കുന്ന കൈകളിലേക്കും മാറിമാറിനോക്കി.

'നിങ്ങളുടെ പട്ടാളക്കാരൻ കരക്കാരനോട് പറഞ്ചേക്കു പൂതിയൊക്കെമനസ്സില് വെച്ചേക്കാൻ. ഇതിലും വലിയ ചട്ടമ്പിമാരെ ഞാൻ കണ്ടിട്ടുണ്ടെന്ന്.'

‘അങ്ങനെയല്ല മിസ്റ്റർ.’ ഉണ്ണിമേനോൻ മയത്തിൽ കൂടി: ‘വേറൊന്നും വേണ്ടാ. ശ്യാമളേ ഓർത്തിടെങ്കിലും നിങ്ങള് ഇവിടന്ന് വേഗം പോവാണ് നല്ലത്. ദേവീടെ തലേലെഴുത്ത് എന്തായാലും ഇങ്ങന്യായി. ശ്യാമളേങ്കിലും രക്ഷപ്പെടട്ടെ. അവളെ കല്യാണം കഴിച്ചുകൊണ്ട് പോണയാളും നിങ്ങടെ പേരും പറഞ്ഞ് കുഞ്ഞുട്ടനെപ്പോലെ സംശയോം ബഹളോം ഒക്കെ തൊടങ്ങിയാലോ? നാട്ടുമ്പുറല്ലേ, കുത്തിക്കൊടുക്കാൻ കാണും ആളോള്...’

അയാൾ മറുപടി പറഞ്ഞില്ല. അല്പം കഴിഞ്ഞ് എന്തോ ഓർത്തിട്ട് അയാൾ പിറുപിറുത്തു:

‘ദേവിയെ എന്തായാലും കുഞ്ഞിക്കുട്ടൻ ഉപേക്ഷിച്ചുകഴിഞ്ഞു എന്നല്ലേ നിങ്ങള് പറഞ്ഞത്. ആ നിലയ്ക്ക് അവരെ ഞാൻ കല്യാണം കഴിച്ചാൽ കരക്കാരും ആങ്കുട്ടികളും എന്തു പറയും? എതിരുണ്ടാകുമോ?’

ഉണ്ണിമേനോൻ മാഷ് നടുങ്ങുന്നതും മുഖം പെട്ടെന്നു വാടുന്നതും അയാൾ ക്രൂരമായ രസത്തോടെ നോക്കിക്കണ്ടു. മാഷ്ടെ മുഖത്തു തെളിഞ്ഞ വികാരം വികൃതമായ അസൂയയാണെന്ന് അയാൾക്കു മനസ്സിലായി.

‘വേണ്ട മിസ്റ്റർ’ മാഷ് ഉപദേശിച്ചു: “നിങ്ങൾക്കു ചെറുപ്പമാണ്. നല്ല ജോലീമൊക്കെയുണ്ട്. പിന്നെയെന്തിന് ഒരു സെക്കൻറ് ഹാൻഡ് സാധനം വാങ്ങാൻ ഇത്ര കഷ്ടപ്പെടണം?’

അയാൾക്കു ചിരിവന്നു.

‘അല്ല. ഞാൻ വെറുതെ പറഞ്ഞെന്നേയുള്ളൂ കരക്കാർ ഇക്കാര്യത്തില് അത്രകണ്ടു ബേജാറാകേണ്ട കാര്യമൊന്നുമില്ലെന്നു പറയുകയായിരുന്നു.’

അയാൾ മെല്ലെ പുറത്തേക്കിറങ്ങി. പടിപ്പുരവാതിൽ തുറക്കുമ്പോൾ തിരിഞ്ഞുനോക്കി. ഉണ്ണിമേനോൻ അപ്പോഴും അതേപടി അന്തംവിട്ടു നിൽക്കുന്നു.

അതു കണ്ടപ്പോൾ പ്രാകൃതമായൊരു സംതൃപ്തി അയാളുടെ ഉള്ളിൽ നിറഞ്ഞുതുളുമ്പി.

പന്ത്രണ്ട്

അയാൾ പാണ്ഡവപുരത്തെ ദേവിയുടെ കഥ പറയുകയായിരുന്നു. ശ്യാമളയും രഘുവും നിലത്തു ചമ്രംപടിഞ്ഞിരുന്നു കഥ കേൾക്കാൻ തയ്യാറായി.

പണ്ട്, പാണ്ഡവപുരത്തൊരു വീട്ടിൽ അഞ്ചു സഹോദരന്മാർ പാർത്തിരുന്നു. അവർ അഞ്ചു പേരും പരാക്രമികളും പല പ്രകൃതക്കാരുമായിരുന്നുവെങ്കിലും തമ്മിൽ തമ്മിൽ വളരെ ഒരുമയോടെയാണ് കഴിഞ്ഞുകൂടിയിരുന്നത്. പിന്നെ, ചോരയും നീരുമുള്ള ചെറുപ്പക്കാരല്ലേ. വല്ലപ്പോഴും നിസ്സാരമായ വഴക്കിൽ തുടങ്ങിയ ചില അടിപിടികളൊക്കെ ഉണ്ടായെന്നുവരും. അപ്പോഴൊക്കെ അതെല്ലാം ഒതുക്കിത്തീർത്തിരുന്നത് അവരുടെ അമ്മയും സാത്വികനായ മൂത്തമകനും ചേർന്നായിരുന്നു. രണ്ടാമത്തവൻ വലിയ ശക്തിമാനും മൂക്കത്തു ശുണ്ഠിയുള്ളവനുമായിരുന്നു. അയാൾ തൻറെ കൈക്കരുത്ത് കാണിക്കാൻ കിട്ടിയ അവസരങ്ങളൊന്നും പാഴാക്കിയിരുന്നില്ല. തങ്ങൾ മല്ലടിക്കുമ്പോൾ അമ്മ അതിൽ ഇടപെടുന്നത് അയാൾക്കു തീരെ ഇഷ്ടമായിരുന്നില്ല. "ഞങ്ങൾ ജ്യേഷ്ഠാനുജന്മാർ തമ്മിലല്ലേ വഴക്കിടുന്നത്? അതും കളിതമാശയ്ക്ക്. അമ്മ അതിലെന്തിനു തലയിടുന്നു? അയാൾ അരിശത്തോടെ ചോദിച്ചു. ഞങ്ങൾ ഞങ്ങളുടെ ശരീരബലം അയൽപക്കത്തുകാരുടെമേൽ പ്രയോഗിക്കുന്നതിനേക്കാൾ ഭേദം തമ്മിൽ അടിച്ചുതീർക്കുന്നതല്ലേ? ഞങ്ങൾക്കു ഞങ്ങളുടെ കൈക്കരുത്തു കാണിക്കാൻ ഒരവസരം വേണ്ടേ? ഒരു അരങ്ങു കിട്ടിയില്ലെങ്കിൽ ഞങ്ങൾ അഭ്യസിക്കുന്ന വിദ്യകൾ വെറുതെ പാഴായിപ്പോകില്ലേ? അയാൾക്ക് അങ്ങനെ പല ചോദ്യങ്ങളും ചോദിക്കാനുണ്ടായിരുന്നു.

അമ്മയും മൂത്തമകനും അതു കേട്ടു ചിരിക്കുകമാത്രം ചെയ്തു.

"നിങ്ങൾക്കു നിങ്ങളുടെ ശരീരബലം കാണിക്കാനുള്ള ഒരു അരങ്ങുകിട്ടും; അധികം താമസിയാതെതന്നെ." അമ്മ ഭാവിയിലേക്കുറ്റുനോക്കിക്കൊണ്ടു പറഞ്ഞു: 'തിരക്കു കൂടാതെയിരിക്കൂ. അതേവരെ സംയമനത്തോടുകൂടി ജീവിക്കൂ. സഹോദരന്മാർ തമ്മിലായാലും കളിതമാശകൾ മൂത്താണു വലിയ യുദ്ധങ്ങൾവരെ ഉണ്ടാകുന്നത്. അതുകൊണ്ട് ഇന്ദ്രിയങ്ങളെ വരുതിയിൽ നിറുത്താൻ പഠിക്കൂ. ആദ്യം, സ്വന്തം കരുത്ത് അറിയേണ്ടത് അവനവൻ തന്നെയാണ്. അതും നിയന്ത്രണത്തിലൂടെ മാത്രം. വീരന്മാരെ സംബന്ധിച്ചിടത്തോളം യുദ്ധം ചെയ്യുന്നതിനേക്കാൾ വിഷമകരമാണ് യുദ്ധം ചെയ്യാതിരി ചെയ്യാതിരിക്കുകയെന്നത്.'

‘അമ്മ നമ്മളെ തണ്ടപ്പന്മാരാക്കുകയാണ്.’ രണ്ടാമൻ മൂന്നാമനോടു രഹസ്യമായി പരാതി പറഞ്ഞു.

മൂന്നാമനും അതേ അഭിപ്രായംതന്നെയായിരുന്നു. പക്ഷേ, അവരാരും അമ്മയോട് മറുത്തു പറയാൻ ധൈര്യപ്പെട്ടില്ല. അച്ഛൻ മരിച്ചശേഷം അഞ്ചു മക്കളെ പോറ്റിവളർത്താൻ അമ്മ എന്തു പാടുപെട്ടിരിക്കുന്നു! അമ്മയോടുള്ള കടപ്പാടു തീർത്താൽ തീരുന്നതാണോ?

അതുകൊണ്ട് അവർ അടങ്ങിയൊതുങ്ങി കഴിച്ചുകൂട്ടി. പക്ഷേ, ഇടയ്ക്കിടെ അവർക്കുതന്നെ അജ്ഞാതമായ നിമിഷങ്ങളിൽ, അമാനുഷമായകരുത്ത് കൈകളിൽ ചുരമാന്താൻ തുടങ്ങുമ്പോൾ അവർ അസ്വസ്ഥരായി. എന്തിനീ കരുത്ത്? എന്തിനീ മെയ്യൊതുക്കം? അവർ തമ്മിൽത്തമ്മിൽ ചോദിച്ചു. മറ്റൊരു പോംവഴിയും കാണാതെ കാട്ടുമരങ്ങളെ വെട്ടിവീഴ്ത്തി, കാട്ടുമൃഗങ്ങളെ അമ്പെയ്തുവീഴ്ത്തി അവർ തങ്ങളുടെ അരിശം തീർത്തു. അമ്മയും മൂത്തചേട്ടനും കാണാതെ കാട്ടിൽ കെട്ടിമറിഞ്ഞു മല്ലടിച്ചു. സന്ധ്യയ്ക്കു മടങ്ങിയെത്തിയപ്പോൾ അമ്മ പരിഭ്രമത്തോടെ ചോദിച്ചു: “കുഞ്ഞുങ്ങളേ, നിങ്ങളുടെ ദേഹത്തിൽ ചോരപുരണ്ടിരിക്കുന്നുവല്ലോ. നിങ്ങൾക്കെന്തു പറ്റി? അതിനുള്ള മറുപടി പറയാനാവാതെ അവർ ആദ്യം കുഴങ്ങിയെങ്കിലും പിന്നീടു തരത്തിനു നുണകൾ കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞു. അമ്മയുടെ മുഖത്തുനോക്കി നുണപറയാനുള്ള മടി ആദ്യമേ ഉണ്ടായിരുന്നുള്ളൂ. ക്രമേണ അതു മാറി. അമ്മയോടു നുണപറയുകയെന്നത് അവർക്കൊരു ക്രൂരമായ രസമായി തോന്നിത്തുടങ്ങി. ഞങ്ങളുടെ പൗരുഷം തകർക്കുന്ന അമ്മ! ഞങ്ങളെ തണ്ടപ്പന്മാരാക്കുന്ന അമ്മ!

ഒരിക്കൽ മൂന്നാമത്തെ മകൻ താടിയും മീശയും വടിച്ച് ഇരു കൈകളിലും ചുവന്ന വളകളും കാലുകളിൽ ചിലങ്കകളുമണിഞ്ഞ് അമ്മയുടെ മുമ്പിൽ ചെന്നു നിന്നു.

‘മോനേ, നിനക്കെന്തുപറ്റി? അമ്മ വേദനയോടെ ചോദിച്ചു.

“മോളേ എന്നു വിളിക്കു, അമ്മേ.” മകൻ തിരുത്തി.

പിറ്റേന്നു നാലാമൻ ഒരു ചുവന്ന ചേലയും മൂക്കുത്തിയുമണിഞ്ഞാണ് വന്നത്.

‘മോനേ നീയും.’ അമ്മയുടെ തൊണ്ടയിടറി.

‘മോളേ എന്നു വിളിക്കു അമേ മകൻ പറഞ്ഞു.

ആ ക്രൂരമായ വിനോദങ്ങൾ തുടരവേ, മക്കളുടെ അരിശം പുകഞ്ഞു നീറിപ്പിടിക്കുകയായിരുന്നു.

അങ്ങനെ കാലം കടന്നുപൊയ്ക്കൊണ്ടിരിക്കെ, അവരുടെ ജീവിതത്തിലേക്ക് ഒരു പെണ്ണു കടന്നുവന്നു. അതിസുന്ദരിയായ ഒരു പെൺകുട്ടി. അവൾ അടുത്ത ഗ്രാമത്തിലെ തലവൻറെ മകളായിരുന്നു. അവളെ ആദ്യം കണ്ടുമുട്ടിയത് സുന്ദരനായ മൂന്നാമത്തെ മകനായിരുന്നു. അവർ തമ്മിലടുത്തു. ഒരു പഞ്ചമി രാത്രിയിൽ, അയാൾ ആരുമറിയാതെ അവളെ തട്ടിക്കൊണ്ടു തൻറെ ഗ്രാമത്തിലേക്കു പോന്നു.

രാവേറെ ചെന്നിരുന്നു. അമ്മ വീടിനകത്ത്, മകൻ വരുന്നതുംകാത്ത് ഉറക്കമൊഴിച്ചിരിക്കുകയായിരുന്നു.

മകൻ മുറ്റത്തുനിന്ന് ആവേശത്തോടെ വിളിച്ചുപറഞ്ഞു.

'അമ്മേ, ദാ നോക്കൂ, ഞാൻ അമ്മയ്ക്കൊരു സമ്മാനം കൊണ്ടുവന്നിരിക്കുന്നു. വിലപിടിച്ച സമ്മാനം.'

അമ്മ ഒന്നും ഓർക്കാതെ പറഞ്ഞു: 'എനിക്കെന്തിനു സമ്മാനം? നിങ്ങളഞ്ചുപേരും കൂടി സമമായി എടുത്തോളൂ. മോനേ...'

പിന്നീട്, സമ്മാനം എന്താണെന്നറിഞ്ഞപ്പോൾ അമ്മ താനറിയാതെ പറഞ്ഞുപോയതിനെക്കുറിച്ചോർത്തു പശ്ചാത്തപിച്ചു. മൂന്നാമത്തെ മകൻറെ മനസ്സിടിഞ്ഞു. തൻറെ പ്രിയപ്പെട്ട കാമുകിയെ മറ്റു നാലു സഹോദരന്മാരോടൊത്തു പങ്കിടുകയോ? അയാൾക്ക് അതോർക്കാൻകൂടി കഴിഞ്ഞില്ല. പക്ഷേ, അമ്മയുടെവാക്കു തെറ്റി നടക്കാനുള്ള കരുത്ത് അയാൾക്കില്ലായിരുന്നു. അരിശവും ദുഃഖവും കടിച്ചമർത്തി അയാൾ അമ്മയുടെ മുമ്പിൽ ഒരിക്കൽക്കൂടി തല കുനിച്ചു.

അങ്ങനെ അവൾ ആ അഞ്ചു പേരുടെയും ഭാര്യയായി.

അതോടെ അതേവരെ ശാന്തമായിരുന്ന കുടുംബത്തിൻറെ അന്തരീഷം കലങ്ങി.

സഹോദരന്മാർ തമ്മിൽത്തമ്മിൽ അസൂയയോടെ നോക്കാനും, സംശയിക്കാനും തുടങ്ങി, ആ പെൺകുട്ടി ആരെയാണു കൂടുതൽ സ്നേഹിക്കുന്നതെന്ന കാര്യത്തിൽ അവർ തമ്മിൽ തർക്കമായി. അവർ ഓരോരുത്തരും അവളുടെ ഓരോ ചലനങ്ങളെയും സംശയത്തോടെ നോക്കിക്കാണാൻ തുടങ്ങി. അവൾ ഒരാളോട് കൊഞ്ചിക്കുഴഞ്ഞു സംസാരിക്കുന്നതു കണ്ടാൽ മറ്റു നാലു പേരും അസ്വസ്ഥരായി. അങ്ങനെ അനാവശ്യമായ സംശയങ്ങളുടെ നൂലാമാലകൾ കെട്ടുപിണഞ്ഞുകൂടി. ആ കുടുംബത്തിൻറെ സമാധാനം തകർന്നു. അതൊക്കെക്കണ്ടു പാവം അമ്മയുടെ മനസ്സ് നൊന്തുപിടയുകയായിരുന്നു. അവർ മക്കളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു.

'കുഞ്ഞുങ്ങളേ, നിങ്ങൾ ഇരുത്തംവന്ന പുരുഷന്മാരെപ്പോലെ പെരുമാറാൻ ശ്രമിച്ച് ക്ഷുദ്രമായ വികാരങ്ങൾ നിങ്ങളുടെ നിഷ്ഠയെ തകർക്കാതിരിക്കാൻ ശ്രദ്ധിക്കൂ...'

അതൊന്നും ആ തിളച്ചുനിൽക്കുന്ന ചെറുപ്പക്കാരുടെ കാതിൽ വീണില്ല. രണ്ടാമൻ മാംസപേശികൾ ഉരുട്ടിക്കൊണ്ടു മൂന്നാമനോടു രഹസ്യമായി പറഞ്ഞു:

'പുരുഷൻറെ ഏറ്റവും വലിയ സ്വത്ത് അവൻറെ പെണ്ണാണ്. എത്ര കരുത്തനായ പുരുഷനായാലും അവൻറെ പെണ്ണിൻറെ കടക്കണ്ണിനു മുമ്പിൽ അലിഞ്ഞു പോകുന്നു. അവളുടെ നേർക്കു മറ്റൊരാൾ നോക്കുന്നതുപോലും അവനു സഹിക്കാനാവില്ല. ഒരു പെണ്ണ് അഞ്ചു പേരുടെ ഭാര്യയാകുകയെന്നത് എന്തു നികൃഷ്ടമായ ഏർപ്പാടാണ്!'

'അതുതന്നെയാണ് ഞാനും പറയുന്നത്.' മൂന്നാമൻ യോജിച്ചു: 'അവളെ ആദ്യം സ്നേഹിച്ചത് ഞാനാണ്. അവളും ആദ്യം സ്നേഹിച്ചത് എന്നെയാണ്. അവൾ എനിക്കുമാത്രം അവകാശപ്പെട്ടതാണ്. അമ്മ ഓർക്കാപ്പുറത്ത് ഏതോ വിടുവാക്ക് പറഞ്ഞുപോയെന്നുവെച്ച് ഞാൻ അവളെ പങ്കിടാൻ അനുവദിക്കാൻ പാടില്ലായിരുന്നു. എല്ലാം എൻറെ വങ്കത്തരംതന്നെ...'

അതു കേട്ടപ്പോൾ രണ്ടാമൻറെ മുഖത്ത് അസൂയ പതഞ്ഞു. മുഷ്ടിചുരുട്ടി ചുവരിൽ ആഞ്ഞടിച്ചുകൊണ്ട് അയാൾ പറഞ്ഞു:

'അങ്ങനെയങ്ങു പറയാതെ, നമ്മൾ അഞ്ചു പേരിൽ ഏറ്റവും കരുത്ത് എനിക്കാണ്. നമ്മൾ അഞ്ചു പേരും തമ്മിൽ പൊരുതിയാൽ ശേഷിക്കുക ഞാനായിരിക്കും. നിങ്ങൾ നാലു പേരുംകൂടി എൻറെ ഒരു കൈയ്ക്കില്ല. അതുകൊണ്ട് അവൾ എനിക്കവകാശപ്പെട്ടതാണ്!'

മൂന്നാമൻ പുച്ഛഭാവത്തിൽ ചിരിച്ചു.

'അഹങ്കരിക്കാതെ' അയാൾ പറഞ്ഞു: 'ഏട്ടനു കൈക്കരുത്ത് മാത്രമേയുള്ളൂ. ബുദ്ധിയില്ല. ഏട്ടനെ കീഴടക്കാൻ എനിക്ക് ഏതാനും നിമിഷങ്ങൾ മാത്രം മതി.'

അതുകേട്ടുകൊണ്ടുവന്ന സാത്വികനായ മൂത്തമകൻപറഞ്ഞു:

'നിങ്ങൾ തമ്മിൽ പൊരുതി ചോര ചൊരിയേണ്ട കാര്യമില്ല. ഞാനാണ് അമ്മയുടെ മൂത്ത മകൻ. ഞാനാണ് കുടുംബനാഥൻ. എന്നെ നിങ്ങൾ അച്ഛനെപ്പോലെ ബഹുമാനിക്കേണ്ടതാണ്. അപ്പോൾ അവൾ നിങ്ങളുടെ അമ്മയാകുന്നു...'

ജ്യേഷ്ഠാനുജന്മാർ പെട്ടെന്ന് ശത്രുക്കളായി. അവർക്കിടയിൽ ജന്മങ്ങളുടെ പക പുകഞ്ഞുനിന്നു. എവിടന്നോ വന്നുകയറിയ ഒരു പെണ്ണിനുവേണ്ടി തൻറെ ഓമനമക്കൾ ചോര ചൊരിയാൻ വെമ്പുന്നതുകണ്ട് അമ്മയുടെ മനസ്സ് മുറിഞ്ഞു. പക്ഷേ, പറഞ്ഞുമനസ്സിലാക്കാവുന്ന ഘട്ടം കഴിഞ്ഞിരുന്നു. വിചിത്രമായ ഒരുന്മാദത്തിൻറെ വേലിയേറ്റത്തിൽ ബോധം നഷ്ടപ്പെട്ട മക്കൾ അമ്മയുടെ വാക്കുകളെ കാറ്റിൽ പറത്തി. അവർ വാശിയോടെ, പകയോടെ, ആയുധങ്ങൾ തേച്ചുമിനുക്കുകയായിരുന്നു.

അയാൾ പെട്ടെന്നു നിർത്തി.

ശ്യാമളയുടെ വിടർന്ന കണ്ണുകൾ അയാളുടെ മുഖത്തുതന്നെ തറച്ചിരിക്കുകയായിരുന്നു. കഥയുടെ ബാക്കിഭാഗമറിയാനുള്ള തിടുക്കത്തോടെ അവൾ മുന്നോട്ടു നീങ്ങിയിരുന്നു. രഘുവാകട്ടെ, പിളർന്ന വായോടെ മിഴിച്ചുനോക്കിയിരിക്കുകയായിരുന്നു.

അവർക്കിടയിൽ തെല്ലുനേരത്തേക്ക് ഒരു നിശ്ശബ്ദത പരന്നു. ഒരു സിഗരറ്റ് കൊളുത്തിയിട്ട് അയാൾ തുടർന്നു:

'ആ പടപ്പുറപ്പാടിനിടയിൽ അഞ്ചു മക്കളും ഒരു കാര്യം മറന്നിരുന്നു. ആ പെണ്ണിന് ആരോടാണ് കൂടുതൽ സ്നേഹമെന്നു കണ്ടുപിടിക്കാൻ അവരെ സംബന്ധിച്ചിടത്തോളം അവൾ ജീവനില്ലാത്ത ഒരു സുന്ദരമായ കളിപ്പാവ മാത്രമായിരുന്നു. അവളുടെ വികാരങ്ങൾ അവർക്കൊരു പ്രശ്നമായിരുന്നില്ല.'

ഒടുവിൽ ഒരു ദിവസം, ആരും പ്രതീക്ഷിക്കാത്ത ഒരു നിമിഷത്തിൽ അവൾ പൊട്ടിത്തെറിച്ചു. തൻറെ അഞ്ചു പുരുഷന്മാരെയും നിരത്തിനിറുത്തി അവരുടെ മുഖത്തുനോക്കി അവൾ വിളിച്ചുപറഞ്ഞു:

‘ഞാൻ നിങ്ങളെ വെറുക്കുന്നു. അഞ്ചു പേരെയും ഒരുപോലെ വെറുക്കുന്നു. പുഴുവിനെപ്പോലെ, ഉച്ഛിഷ്ടത്തെപ്പോലെ.’

ഭർത്താക്കന്മാർ അഞ്ചു പേരും പകച്ചുനിൽക്കെ, അമ്മ മാത്രം തളർന്ന ശബ്ദത്തിൽ ചോദിച്ചു:

‘എന്താണ് മകളേ, നീ ഈ പറഞ്ഞതിൻറെ അർത്ഥം? നീ നല്ലവണ്ണം ആലോചിച്ചിട്ടുതന്നെയാണോ പറഞ്ഞത്?’

‘അതെ.’ അവളുടെ ശബ്ദം കടുത്തതായിരുന്നു; ‘ആലോചിക്കാതെ ഞാനൊന്നും പറയാറില്ല. ചെയ്യാറില്ല. കുറച്ചുനാളത്തെ പരിചയം മാത്രമുള്ള ഒരു പുരുഷൻറെകൂടെ ഒളിച്ചോടിപ്പോന്നതും നല്ലവണ്ണം ആലോചിച്ചുതന്നെയാണ്. പക്ഷേ, എനിക്കൊരു കാര്യം പറയാതെ വയ്യ. അമ്മയാണ് ഇവരെ നശിപ്പിച്ചത്. അമ്മയാണ് ഇവരെ ആണ്ണും പെണ്ണും കെട്ടവരാക്കിയത്.’

സകല കലഹത്തിൻറെയും ഉറവിടം താനാണെന്ന് അവളറിഞ്ഞു. ഒരുമയിൽ കഴിഞ്ഞിരുന്ന നല്ലൊരു കുടുംബം കലക്കിയത് താനാണ്. അവളുടെ മനസ്സ് നൊന്തു. ഈശ്വരാ, ഇതെന്തു ശിക്ഷ? എനിക്കിഷ്ടപ്പെട്ട പുരുഷനോടൊപ്പം, അതേവരെ പോറ്റിവളർത്തിയ അച്ഛനമ്മമാരെ വെടിഞ്ഞ് ഓടിപ്പോരുമ്പോൾ ഇങ്ങനെയൊരു ദുരന്തം വന്നുകൂടുമെന്ന് ഒരിക്കലും കരുതിയിരുന്നില്ലല്ലോ. ഇതിന് പാകത്തിന് മുജ്ജന്മത്തിൽ താനെന്തു പാപം ചെയ്തു?

ഒടുവിൽ അവൾ തീരുമാനിച്ചുറപ്പിച്ചു. ഈ കുടുംബത്തിൽ ചോരത്തുള്ളികൾ വീഴാൻ പാടില്ല. ഈ അമ്മയുടെ കണ്ണുകളിൽനിന്ന് കണ്ണുനീരൊലിക്കാൻ പാടില്ല.

അന്ന് രാത്രിയിൽ എല്ലാവരും മയങ്ങിക്കിടക്കെ, അവൾ ആ വീടു വിട്ടോടി. പുരുഷൻറെ വേഷമണിഞ്ഞ്, തലപ്പാവ് കെട്ടി, പൊയ്മീശയണിഞ്ഞ് ആളനക്കമില്ലാത്ത രാജവീഥിയിലൂടെ അവൾ ധൈര്യത്തോടെ നടന്നു. തൻറെ തീരുമാനത്തിൻറെ വിശുദ്ധിയായിരുന്നു അവൾക്ക് ആ ധൈര്യം കൊടുത്തത്. അങ്ങനെ നടന്നുനടന്ന് കാടും മേടും താണ്ടി അവൾ ആ കുന്നിൻറെ മുകളിലെത്തി. അവിടം കാടും പടലും പിടിച്ചുകിടക്കുകയായിരുന്നു. വിഷപ്പാമ്പുകൾ പിണഞ്ഞു കിടക്കുന്ന കൂറ്റൻ മരങ്ങളുടെ നടുവിലുള്ള ഒരു കൊച്ചുപാറയിൽ ചമ്രംപടിഞ്ഞിരുന്ന് അവൾ കണ്ണടച്ചു പ്രാർത്ഥിക്കാൻ തുടങ്ങി. പിന്നീടവൾ കണ്ണുതുറന്നില്ല. ഇരുന്നയിരുപ്പിൽനിന്ന് അനങ്ങിയതേയില്ല. ആ തപസ്സ് അങ്ങനെ നീണ്ടുപോയി. അവൾക്ക് മുകളിൽ ആകാശം ഇരുളുകയും മേഘങ്ങൾ വിണ്ടുപൊട്ടി മഴ കോരിച്ചൊരിയുകയും ചെയ്തു. വെയിലും മഞ്ഞും മാറിമാറിവന്നു. ഋതുഭേദങ്ങൾ അവൾ അറിഞ്ഞതേയില്ല. അവളുടെ ഇന്ദ്രിയങ്ങൾ മറ്റേതോ ഉണർവിനുവേണ്ടി കാത്തിരിക്കുകയായിരുന്നു.

ഒടുവിൽ വർഷങ്ങൾക്കുശേഷം അവൾക്കുചുറ്റും ഒരു ക്ഷേത്രമുണ്ടായി. അവൾ അതിനകം ഒരു സ്വർണവിഗ്രഹമായിക്കഴിഞ്ഞിരുന്നു.

അവൾ പാണ്ഡവപുരത്തെ കന്യകകളുടെ, സുമംഗലികളുടെ രക്ഷകയായി.

'ആ പാറയും അതേ വിഗ്രഹവും ഇപ്പോഴുമവിടെത്തന്നെയുണ്ട്.' അയാൾ അവസാനിപ്പിക്കുകയായിരുന്നു: 'ഭക്തന്മാരുടെ പ്രവാഹമുണ്ടായപ്പോൾ കുന്നിൻറെ മുകൾഭാഗം മുഴുവൻ വെട്ടിത്തെളിച്ചു വൃത്തിയാക്കി. വലിയൊരു അമ്പലവും വലിയൊരു മുറ്റവുമുണ്ടായി. താഴെ അടിവാരംവരെ കരിങ്കൽപ്പടവുകളുണ്ടായി. നടവരവു പെരുകിയപ്പോൾ അമ്പലത്തിന് ഉടമസ്ഥ ഉടമസ്ഥന്മാരുണ്ടായി. ആരാണെന്നറിയുമോ? ആ പഴയ അഞ്ചു ഭർത്താക്കന്മാരുടെ താവഴിക്കാർ.

കഥ തീർന്നപ്പോൾ രണ്ടു പേരും, അന്തംവിട്ടിരിക്കുന്നതു കണ്ടപ്പോൾ, അയാൾക്ക് ചിരിവന്നു.

ആരോടാണ് ഇതൊക്കെ പറഞ്ഞത്? ലോകം കാണാത്ത ഒരു പെൺകുട്ടിയോട്. എട്ടും പൊട്ടും തിരിയാത്ത ഒരു പയ്യനോട്.

പക്ഷേ, പാണ്ഡവപുരത്തിൻറെ കഥകൾ പറഞ്ഞാൽ തീരാത്തവയാണെന്ന് അയാൾ ഓർത്തു.

പതിമൂന്ന്

ഒമ്പതു മണി കഴിഞ്ഞു.

അന്നും ദേവിയേട്ടത്തി സ്കൂളിൽ പോകാൻ ഒരുങ്ങിയിട്ടില്ലെന്ന് ശ്യാമളയ്ക്കു മനസ്സിലായി. അവൾ മുറിയുടെ വാതിൽക്കൽ ചെന്ന് എത്തിനോക്കി. ദേവിയേട്ടത്തി കസേരയിൽ ചാരിയിരിക്കുന്നു. മുന്നിൽ ഒരു പുസ്തകം നിവർത്തിപ്പിടിച്ചിട്ടുണ്ടെങ്കിലും കണ്ണുകൾ അതിലൊന്നും കുരുങ്ങാതെ ദൂരെയെങ്ങോ ആണ്. ലേശം വിളർത്ത മുഖത്ത് മനസ്സിലാക്കാനാവാത്തത്ര നനുത്ത ആവരണം. കഴിഞ്ഞ കുറെ ദിവസങ്ങളായി, അയാൾ വന്നുകയറിയതുമുതൽ, ഏട്ടത്തി വളരെയേറെ മാറിയിരിക്കുന്നുവെന്ന് അവൾ വേദനയോടെ ഓർത്തു.

ഇത്രയും കുറച്ച് ദിവസങ്ങൾക്കുള്ളിൽ അയാൾക്ക് അവരെ വശീകരിച്ചെടുക്കാൻ കഴിഞ്ഞുവോ? അത്ര പെട്ടെന്ന് അലിയുന്നതല്ലല്ലോ ഏട്ടത്തിയുടെ മനസ്സ്. എല്ലാം പൊയ്പ്പോയിട്ടും ഇത്രയും കാലം നിന്നകാലിൽത്തന്നെ ഉറച്ചുനിന്നു. പലരും ഒളിഞ്ഞും കേൾക്കെയും ഓരോന്നു പറഞ്ഞിട്ടും കുലുങ്ങാതെ, ആരെയും കൂട്ടാക്കാതെ തല ഉയർത്തിപ്പിടിച്ച്, തൻറെ തണലിൽ നടന്നു. ഒരുപക്ഷേ, ഉള്ളിൻറെയുള്ളിൽ വീർപ്പുമുട്ടി കരയുന്നുണ്ടായിരിക്കണം, ആർക്കറിയാം ഉള്ളിലുള്ളതൊന്നും പുറത്തു കാണിക്കുന്നതല്ലല്ലോ ദേവിയേട്ടത്തിയുടെ മുഖം.

'ഏട്ടത്തീ...' അവൾ പതുക്കെ വിളിച്ചു.

ദേവി അനങ്ങിയില്ല.

ശ്യാമള വീണ്ടും വിളിച്ചപ്പോൾ അവൾ ഞെട്ടിയുണർന്നു. മടിയിലെ പുസ്തകം താഴെവീണു.

'എന്തേ?

'ഇന്നും സ്കൂളിൽ പോണില്ലേ?'

'ഇല്ല.'

'ഇന്നലെ വൈകുന്നേരം സ്കൂളിൽനിന്ന് ശിപായി വന്നിരുന്നു. മാനേജര് അന്വേഷിക്കണെന്ന് പറഞ്ഞു.'

'ഞാൻ ലീവ് ആപ്ലിക്കേഷൻ കൊടുത്തയച്ചിരുന്നല്ലോ?'

'ലീവില്ലാത്രേ.'

'ശമ്പളമില്ലാത്ത ലീവാകാമല്ലോ. സുഖല്യാച്ചാൽ പിന്നെന്താ ചെയ്യാ?'

'എന്താ ഏട്ടത്തീടെ അസുഖം? ഡോക്ടറെ കാണായിരുന്നില്ലേ?'

'വേണ്ട.'

‘പിന്നെ ഇങ്ങനെ ഒരേയിരുപ്പ് ഇരുന്നാൽ?’

‘എനിക്ക് മുഷിയില്ലെന്നുതന്നെ കൂട്ടിക്കോളൂ.’

‘നോക്കു ഏട്ടത്തീ,’ ശ്യാമള കസേരക്കൈയിൽ പിടിച്ചുകൊണ്ട് അവളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ടു പറഞ്ഞു: ‘കുറെ ദിവസായി ഞാനിത് കാണുന്നു. അയാള് വന്നുകയറിയതിൽപ്പിന്നെ ഏട്ടത്തിയുടെ മുഖം ഒരിക്കൽപ്പോലും തെളിഞ്ഞുകണ്ടിട്ടില്ല. മുമ്പൊന്നും ഇങ്ങനെയായിരുന്നില്ലല്ലോ. ഇപ്പോഴെന്താ പെട്ടെന്നൊരു മാറ്റം?’

ദേവി മറുപടി പറയാതെ മുഖം താഴ്ത്തുകമാത്രം ചെയ്തു. അവളുടെ മുഖത്തെ ആ നിർവികാരത ശ്യാമളയ്ക്ക് തീരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ, അതിന് ആഴമുള്ള വേരുകളുണ്ടെന്നും അവൾക്കു തോന്നി.

വെറുപ്പോടെ, വാശിയോടെ അവൾ ചോദിച്ചു:

‘എന്തിനിങ്ങനെ തീ തിന്നുന്നു? ഏടത്തി ഒരു വാക്കു പറഞ്ഞാൽ അയാൾ ഇറങ്ങിപ്പോകില്ലേ?’

‘ആര്?’

‘ആ മുറിയിൽ താമസിക്കുന്ന ആള്.’ അവൾ നേരേ എതിരെ അടഞ്ഞുകിടക്കുന്ന വാതിലിൻറെ നേർക്ക് ചൂണ്ടിക്കാട്ടി.

‘ശ് ശ്... പതുക്കെ...’ ദേവി ചുണ്ടത്ത് വിരൽവെച്ചുകൊണ്ട് പറഞ്ഞു: ‘അയാൾ അകത്തുണ്ട്.’

‘കേട്ടോട്ടെ!’ ശ്യാമള അല്പംകൂടി ഉറക്കെ പറഞ്ഞു: ‘അയാളുകൂടി കേൾക്കാനാണ് ഞാൻ പറഞ്ഞത്.’

‘ശ്യാമളേ!...’ ദേവി കനത്ത സ്വരത്തിൽ വിളിച്ചു: ‘അയാളോടു പോകാൻ പറയാൻ എനിക്കു കഴിയില്ല.’

‘എന്തുകൊണ്ട്? ഏട്ടത്തിക്കു മുഖത്തുനോക്കി പറയാൻ വിഷമമുണ്ടെങ്കിൽ ഞാൻ പറയാം. എനിക്കൊരു മടിയുമില്ല.’

‘മടിയുണ്ടായിട്ടല്ല. പക്ഷേ... പക്ഷേ, എത്ര നാളായി ഞാനയാളെ കാത്തിരിക്കുന്നു! കാത്തുകാത്തിരുന്ന് വന്നുകയറിയ വിരുന്നുകാരനെ പറഞ്ഞയയ്ക്കാൻ എനിക്കെന്താ നൊസ്സുണ്ടോ?’

ശ്യാമളയുടെ കണ്ണുകൾ അത്ഭുതംകൊണ്ടു വിടർന്നു:

‘എന്തൊക്കെയാണീ പറയുന്നത്? അയാളെ കാത്തിരിക്കുകയായിരുന്നെന്നോ? ഏട്ടത്തിക്ക് അയാളെ നേരത്തേ പരിചയമുണ്ടായിരുന്നോ? പാണ്ഡവപുരത്തെപ്പറ്റി അയാൾ പറഞ്ഞ കഥകളൊക്കെ പച്ചക്കള്ളമാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്?’

‘അല്ല കുട്ടീ, അതൊക്കെ നേരാണ്.’

‘വേണ്ടാത്തതൊക്കെ ആലോചിച്ചു വെറുതെ തല പുണ്ണാക്കുകയാണ്. കുറെ പ്രാവശ്യം കേൾക്കുമ്പോൾ ഏതു നുണയും നേരാണെന്നു തോന്നിത്തുടങ്ങും.

അതാണയാളുടെ സൂത്രം. എനിക്കതാദ്യമേ മനസ്സിലായി. പാവം ഏട്ടത്തി, ഇത്രവേഗം അയാളുടെ ജാടയിൽ വീണുപോയല്ലോ...'

'ഞാൻ വീണതല്ല, ശ്യാമളേ.' ഓർമയിൽ ചികഞ്ഞുകൊണ്ട് സ്വപ്നത്തിലെന്നപോലെ ദേവി പറഞ്ഞുതുടങ്ങി: 'വർഷങ്ങളായി ഞാനൊരു വല നെയ്യുകയായിരുന്നു. അയാളെ കുരുക്കാനായിമാത്രം. ഞാൻ അയാളെ നേരിൽ കണ്ടിട്ടില്ല, ഇതിനുമുമ്പ്. പക്ഷേ, ഒരിക്കൽ അയാൾ വന്നുചേരുമെന്നും എൻറെ വലയിൽ കുരുങ്ങുമെന്നും എനിക്കറിയാമായിരുന്നു. എത്രയോ നാളുകളായി ഞാനയാളെ കാത്തിരിക്കുകയായിരുന്നു! കാത്തുകാത്തിരുന്ന എൻറെ ക്ഷമ നശിച്ചുതുടങ്ങിയിരുന്നു. നിത്യവും സ്കൂൾവിട്ടു വരുമ്പോൾ ഞാൻ നിന്നോട് ആദ്യം ചോദിക്കാറുണ്ടായിരുന്ന ചോദ്യം വല്ല കത്തുമുണ്ടായിരുന്നോ എന്നാണ്. പാവം നീ വിചാരിച്ചു, നിൻറെ ഏട്ടൻറെ കത്താണെന്ന്. അല്ല. ഞാൻ കാത്തിരുന്നത് നിൻറെ ഏട്ടനെയല്ല, ഇയാളെയായിരുന്നു. ഇയാളുടെ വരവും കാത്തു പല വൈകുന്നേരങ്ങളിലും ഞാൻ തീവണ്ടിയാപ്പീസിലെ ബഞ്ചിൽ തനിച്ചിരുന്നു. വടക്കുനിന്നുള്ള ഒരേയൊരു വണ്ടിയിൽ വന്നിറങ്ങുന്നവരുടെ കൂട്ടത്തിൽ ഞാൻ ഇയാളുടെ മുഖം ആർത്തിയോടെ തിരഞ്ഞു. പെട്ടിയും തൂക്കി, യാത്രാക്ഷീണംകൊണ്ടു തളർന്ന മുഖവുമായി ഒരു ചെറുപ്പക്കാരൻ വണ്ടിയിറങ്ങുന്നുണ്ടോ? ആൽച്ചുവട്ടിൽ കാത്തുകിടക്കുന്ന ടാക്സിക്കാരനോട് കളരിപ്പാടത്തെ തറവാട്ടിലേക്കുള്ള വഴി ചോദിക്കുന്നുണ്ടോ? എത്രയോ ദിവസം ഞാൻ കാത്തിരുന്നു. പക്ഷേ, അയാൾ വന്നിറങ്ങിയ ദിവസം മാത്രം അയാളെ സ്വീകരിക്കാൻ സ്റ്റേഷനിൽ ഞാനുണ്ടായിരുന്നില്ല. എന്നിട്ടും അയാൾ പിണങ്ങിയില്ല. വണ്ടിപിടിച്ചു വീടന്വേഷിച്ച്, ഇവിടെ വന്നെത്തി. എന്തലിവുള്ള മനുഷ്യൻ! എന്നോടു പിണങ്ങി, അരിശത്തോടെ, ഈ വീടു കണ്ടുപിടിക്കാൻ മിനക്കെടാതെ അയാൾ തിരിച്ചുപോയിരുന്നെങ്കിലോ? എനിക്ക് അതോർക്കാൻകൂടി വയ്യ.'

'നിർത്തു...' ശ്യാമള പറഞ്ഞു: 'കേട്ടുകേട്ടു മതിയായി. ഇതൊരു ശാപം കിട്ടിയ വീടാണ്. ആദ്യം കുഞ്ഞൂട്ടേട്ടൻ. അതുകഴിഞ്ഞ് ഇയാള്. ഇപ്പോ ദേവിയേടത്തിയും. കൊറെ കഴിഞ്ഞാൽ എനിക്കും പിടിക്കും നൊസ്സ്.'

ദേവി ചിരിക്കാൻ ശ്രമിച്ചു. അതൊരു വികൃതമായ പാഴ്ശ്രമമായിരുന്നു.

'ശരിയാണ്. കുറെക്കഴിയുമ്പോൾ, ബുദ്ധിയുറയ്ക്കുമ്പോൾ കുട്ടിയും എന്നെപ്പോലെയായേക്കും. മനുഷ്യജന്മത്തിൻറെ ശാപമാണ്, സ്വപ്നം കാണുകയെന്നത്.'

'എനിക്കീ പുരാണമൊന്നും കേക്കണ്ട.' ശ്യാമള വീറോടെ പറഞ്ഞു: 'എനിക്കെൻറെ പഴയ ദേവിയേട്ടത്തിയെ തിരിച്ചുകിട്ടിയാൽ മതി. കുഞ്ഞൂട്ടേട്ടൻ കല്യാണം കഴിച്ചുകൊണ്ടുവന്ന അന്നുതന്നെ എനിക്ക് ഏടത്തിയെ ഇഷ്ടമായി. ഞാൻ ദേവിയേട്ടത്തിയെപ്പോലെയാവാൻ കൊതിച്ചു. ഏട്ടത്തിയെപ്പോലെ മുടി പിന്നിയിടാൻ, കറുത്ത ഗോപി തൊടാൻ, ഇറക്കം കുറഞ്ഞ ബ്ലൗസിടാൻ. എന്തിന്, ഏട്ടത്തിയെപ്പോലെ നടക്കാനും ചിരിക്കാനും ഞാൻ ശ്രമിച്ചു. നിങ്ങളു രണ്ടു പേരും

തമ്മില് വഴക്കുണ്ടാവുമ്പോളൊക്കെ എനിക്കു തരിച്ചുകയറാറുണ്ട്. ഏട്ടനാണെന്നൊന്നും ഞാൻ കരുതുകയില്ലായിരുന്നു. എൻറെ നാവിൻറെ മൂർച്ച ഏട്ടനുതന്നെ നല്ലോണം അറിയാമായിരുന്നു. പക്ഷേ, ഏട്ടത്തിയെ കരുതിമാത്രം ഞാൻ ക്ഷമിച്ചു.'

'എന്തായാലും കുട്ടി ഇനി എന്നെ ഓർത്തു വിഷമിക്കേണ്ട. എൻറെ ജീവിതം ഇപ്പോൾ എൻറെ പിടിയിലാണ്.'

'വിഷമിക്കാതിരിക്കാൻ വയ്യ. രാത്രിയിൽ ഏട്ടത്തി ഉറക്കംവരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ, പിന്നീട്, വെളുപ്പിന് എപ്പോഴോ മയക്കത്തിൽ പിച്ചും പേയും പറയാൻതുടങ്ങുമ്പോൾ ഞാൻ ഇയാളെ ഉള്ളുനൊന്തു ശപിക്കാറുണ്ട്. ഇയാളൊരാളു കാരണമാണ് ഏട്ടത്തിയുടെ സൈ്വരം നഷ്ടപ്പെട്ടത്.'

'ശ് ശ്, പതുക്കെ.' ദേവി വീണ്ടും ചുണ്ടത്തു വിരൽവെച്ചു: 'അയാൾ അകത്തുണ്ട്.'

ശ്യാമളയ്ക്കു നിയന്ത്രിക്കാൻ വയ്യാതായി. അരിശംകൊണ്ട് അവളുടെ ശബ്ദം വിറച്ചു:

'പതുക്കെയല്ല, ഞാൻ ഉറക്കെ വിളിച്ചുപറയും. അയാളു മാത്രമല്ല, എല്ലാവരും കേട്ടോട്ടെ...'

അപ്പോഴേക്കും കതകു തുറന്ന് അയാൾ പുറത്തുവന്നുകഴിഞ്ഞിരുന്നു. അയാൾ വെള്ളഷർട്ടും വെള്ളമുണ്ടുമണിഞ്ഞിരുന്നു. തോളിൽ എയർ ബാഗുമുണ്ടായിരുന്നു.

കട്ടിളയിൽ പിടിച്ചുകൊണ്ട് അയാൾ ചോദിച്ചു:

'എന്താ, ഏട്ടത്തിയും അനിയത്തിയുംകൂടി കാലത്തേ...'

'ഞങ്ങൾ നിങ്ങളെപ്പറ്റിത്തന്നെ പറയുകയായിരുന്നു.' ശ്യാമള ഈർഷ്യയോടെ പറഞ്ഞു:

'ശ്യാമളേ..!' ദേവിയുടെ ശബ്ദം പൊടുന്നനേ ഉയർന്നു. അവളുടെ മുഖം കോപംകൊണ്ടു ചുവന്നുതുടുക്കുന്നതും കണ്ണുകൾ കത്തുന്നതും ശ്യാമള കണ്ടു. അവൾ പെട്ടെന്നു നിശ്ശബ്ദയായി. പതഞ്ഞുവരുന്ന ക്ഷോഭം അമർത്താനാകാതെ അവൾ എന്തോ പിറുപിറുത്തുകൊണ്ടിരുന്നു.

അതൊരു നേരമ്പോക്കുപോലെ നോക്കിനിൽക്കുകയായിരുന്നു അയാൾ.

അയാൾ പറഞ്ഞു:

'എന്തായാലും നിങ്ങളെക്കൊണ്ടൊക്കെ ഇത്രയും പറയിപ്പിക്കാൻ എനിക്കു കഴിഞ്ഞല്ലോ. അതും കുറച്ചു ദിവസത്തിനുള്ളിൽ...'

ദേവി വിശദീകരിക്കാൻ ബദ്ധപ്പെടുകയായിരുന്നു:

'ഞങ്ങൾ നിങ്ങളെപ്പറ്റിയല്ല സംസാരിച്ചിരുന്നത്.'

'സാരമില്ല, ഞാൻ എല്ലാം കേട്ടു.' അയാൾ പറഞ്ഞു: 'നിങ്ങൾ പറഞ്ഞില്ലെങ്കിൽത്തന്നെ കരക്കാരും ആങ്കുട്ടികളും പറഞ്ഞുതുടങ്ങിയിരിക്കുന്നു.'

'അവർ പറയട്ടെ.' ദേവിയുടെ മുഖത്ത് പുച്ഛമായിരുന്നു: 'ഇത്രേം കാലം എവിടെപ്പോയിക്കിടന്നു, ഈ കരക്കാരും ആങ്കുട്ടികളും? ഒരാള് മുഷിഞ്ഞ പഴന്തുണിപോലെ എന്നെ വലിച്ചെറിഞ്ഞുപോയപ്പോൾ ആരുമുണ്ടായിരുന്നില്ലല്ലോ

ചോദിക്കാൻ. ഇനിയിപ്പോ ഞാൻ ആരെയാണു ഭയപ്പെടേണ്ടത്? എനിക്കാരേം പേടിയില്ല. പണ്ടുണ്ടായിരുന്നില്ല. ഇപ്പോൾ ഒട്ടുമില്ല.'

അയാൾ അപ്പോഴും ചിരിച്ചു. എന്നിട്ടു പതുക്കെ പറഞ്ഞു:

'അതൊരു നല്ല കാര്യമാണ്. പക്ഷേ, ഞാൻ പോകാൻ തീരുമാനിച്ചുകഴിഞ്ഞു. ഞാൻ കാരണം ഈ കുടുംബത്തിൻറെ സൈ്വരം നഷ്ടപ്പെടാൻ പാടില്ല.'

'അങ്ങനെ ആരു പറഞ്ഞു?'

'ആരും പറയാതെതന്നെ എനിക്കതു മനസ്സിലാക്കാം.'

'അങ്ങനെ മനസ്സിലാക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല. നിങ്ങളെ ഇങ്ങോട്ടുവരുത്തിയത് ഞാനാണ്. ഞാൻ പോകാൻ പറയുന്നതുവരെ നിങ്ങൾക്കിവിടെ താമസിക്കാം.'

'എനിക്കത് ഇഷ്ടമല്ലെങ്കിലോ?'

'ഇഷ്ടം!' ദേവിയുടെ ചുണ്ടുകൾ കോടി. മുഖത്തു വികൃതമായൊരു ചിരിവിരിഞ്ഞു: 'നിങ്ങളുടെ ഇഷ്ടവും ഇഷ്ടക്കുറവും ആരു നോക്കുന്നു? സ്വന്തം ഇഷ്ടപ്രകാരമാണോ ഈ ദൂരം മുഴുവൻ താണ്ടി നിങ്ങളിവിടെ വന്നത്?'

അയാൾക്കതിനു മറുപടിയില്ലായിരുന്നു. അയാളുടെ മുഖം പെട്ടെന്ന് ഇരുണ്ടു. ആശയറ്റവനെപ്പോലെ അയാൾ രണ്ടു പേരുടെയും മുഖങ്ങളിലേക്കു മാറിമാറി നോക്കി.

ദേവിയുടെ മുഖം ദൃഢമായി. കനത്ത ശബ്ദത്തിൽ അവൾ പറഞ്ഞു:

'എന്നാൽ, ഞാനൊന്നു പറയാം. വേണ്ടാത്ത മോഹങ്ങളൊന്നും ഉള്ളിൽ സൂക്ഷിക്കേണ്ട. ഒടുവിൽ നിരാശപ്പെടേണ്ടിവരും. നിങ്ങൾ ഇവിടെനിന്നു പോകാൻ പോകുന്നില്ല. നിങ്ങൾക്കൊരിക്കലും പോകാൻ കഴിയില്ല. വർഷങ്ങളായി നെയ്തെടുത്ത വലയിലേക്കു ഞാൻ നിങ്ങളെ ആവാഹിച്ചുവരുത്തുകയായിരുന്നു. അത്ര വേഗം കെട്ടുപൊട്ടിച്ച് ഓടിരക്ഷപ്പെടാൻ നിങ്ങൾക്കു കഴിയുമോ?'

അവളുടെ തുളച്ചുകയറുന്ന കണ്ണുകളെ നേരിടാനാകാതെ അയാൾ കുഴങ്ങി.

ദേവി അതേ സ്വരത്തിൽ തുടർന്നു:

'ഒന്നോർത്തോളൂ. നിങ്ങളെ നിയന്ത്രിക്കുന്നത് ഞാനാണ്; എൻറെ വലതുകൈയിലെ അഞ്ചു വിരലുകളാണ്. വലയുടെ കെട്ടു ഞാൻ അഴിച്ചുവിടാതെ നിങ്ങൾക്കു പുറത്തുകടക്കാൻ കഴിയില്ല. ഞാൻ അതൊട്ടു ചെയ്യാനും പോകുന്നില്ല.'

അവൾ പൊട്ടിച്ചിരിച്ചു. എല്ലാം തകർക്കുന്ന, എല്ലാം കീഴ്പ്പെടുത്തുന്ന, ചിരി. അത് അയാളെ അസ്വസ്ഥനാക്കി. അവളുടെ ജ്വലിക്കുന്ന മുഖത്തേക്കു നോക്കാൻ, കത്തുന്ന കണ്ണുകളെ നേരിടാൻ, അയാൾക്കു ഭയം തോന്നി. അയഞ്ഞ ശബ്ദത്തിൽ അയാൾ പറഞ്ഞു:

'ഇന്നത്തെ വണ്ടിക്കു സ്ഥലം വിടണമെന്നാണ് എനിക്കു കിട്ടിയ അന്ത്യശാസനം.'

'ആരാണതു പറഞ്ഞത്?'

'കരയിലെ ആങ്കുട്ടികള്.'

'കരയിലെ ആങ്കുട്ടികളെ നിങ്ങൾ ഭയപ്പെടുന്നോ?'

‘ഇല്ല.’

‘പിന്നെ?’

‘ഞാൻ കാരണം ഈ തറവാടിന്, നിങ്ങൾ രണ്ടു പേർക്ക്, ചീത്തപ്പേരുണ്ടാകരുതെന്ന് എനിക്ക് നിർബന്ധമുണ്ട്.’

‘ചീത്തപ്പേരോ, ആർക്ക്?’ ദേവി വീണ്ടും വികൃതമായി ചിരിക്കാൻ ശ്രമിച്ചു: ‘നിങ്ങളെ ആവാഹിച്ചു വരുത്തിയതു ഞാനാണ്. ഇതെൻറെ സ്വന്തം കാര്യമാണ്. കരക്കാര് അതിൽ തലയിടേണ്ട കാര്യമില്ല.’

‘ശ്യാമളയുടെ കാര്യംകൂടി ഓർക്കേണ്ടതല്ലേ?’

‘നമ്മളെന്തിന് അങ്ങനെയൊക്കെ കണക്കുകൂട്ടുന്നു? അവളുടെ വിധി അവളും അനുഭവിച്ചേ തീരൂ. ഒരുകാലത്ത് ഞാനും ഒരുപാടു സ്വപ്നം കണ്ടതാണ്. എന്നിട്ട് ഇപ്പോൾ എവിടെയെത്തി?’

അയാളൊന്നും മിണ്ടിയില്ല.

‘അതുകൊണ്ട്’ അയാളുടെ തോളിൽനിന്ന് എയർബാഗ് കടന്നെടുത്തുകൊണ്ട് അവൾ കല്പിച്ചു: ‘ഇതു നിങ്ങളുടെ മുറിയിൽ കൊണ്ടുപോയി വെക്ക്. ഇവിടന്നു പോകുന്നതിനെപ്പറ്റി തൽക്കാലം ആലോചിക്കണ്ട. സമയമാകുമ്പോൾ ഞാൻ പറയാം. അതേവരെ ഈ മുറിതന്നെ നിങ്ങളുടെ വീട്...’

ആജ്ഞാശക്തിയുള്ള ആ കണ്ണുകളുടെ മുമ്പിൽ ഒരു വങ്കനെപ്പോലെ പകച്ചുനിൽക്കുമ്പോൾ പഴയൊരു ഓർമ അയാളുടെ മനസ്സിലേക്ക് അരിച്ചെത്തി. കർപ്പൂരത്തട്ടത്തിലെ ചുവന്ന ജ്വാലയുടെ മുമ്പിൽ, സിന്ദൂരം പടർന്ന നെറ്റിയും അഴിച്ചിട്ട തലമുടിയും ചുവന്ന വസ്ത്രങ്ങളുമായി, തീനാമ്പുപോലെ ഒരു സ്ത്രീരൂപം.

അയാൾക്ക് അപ്പോൾ കൈകൂപ്പി തൊഴാനാണ തോന്നിയത്.

‘അമ്മേ, ദേവീ, മഹാമായേ! രക്ഷിക്കു.’ അയാൾ മന്ത്രിച്ചു. അപ്പോഴേക്കും തൊണ്ട വരണ്ടുകഴിഞ്ഞിരുന്നു.

പതിന്നാല്

വൈകുന്നേരം സ്കൂളിൽനിന്നു വന്നപാടേ രഘു മുറിയിൽ കയറിവന്നു. ഒപ്പം മുത്തശ്ശിയുമുണ്ടായിരുന്നു. അയാൾ കട്ടിൽപ്പടിയിൽ ചാരിയിരിക്കുകയായിരുന്നു. വടി കുത്തിപ്പിടിച്ച് കുനിക്കുനി വന്നു കട്ടിൽപ്പടിയിൽ പിടിച്ചുകൊണ്ടു മുത്തശ്ശി അയാളെ നോക്കി തൊണ്ണുകാട്ടി ചിരിച്ചു:

'മോൻ കുഞ്ഞൂട്ടനെ കാണാറുണ്ടോ?' അവർ ചോദിച്ചു.

അയാൾ ഉണ്ടെന്നോ ഇല്ലെന്നോ പറഞ്ഞില്ല.

അയാൾ എന്തോ പറഞ്ഞെന്നു കരുതി, ചെവി വട്ടംപിടിച്ചുകൊണ്ട് അവർ ചോദിച്ചു:

'ങേ...?

അയാൾ രഘുവിനോടു പറഞ്ഞു:

'മുത്തശ്ശിയോടു പറഞ്ഞേക്കു, കാണാറില്ലെന്ന്.'

രഘു കൈയും കലാശവുംകാട്ടി മുത്തശ്ശിയുടെ കാതിൽ വെടിപൊട്ടുന്ന ഒച്ചയിൽ പറഞ്ഞു:

'അച്ഛനെ കാണാറില്ലാന്ന്.'

മുത്തശ്ശി മനസ്സിലായമട്ടിൽ തലയാട്ടി. അവർ അയഞ്ഞ, തണുത്ത, ശബ്ദത്തിൽ വീണ്ടും ചോദിച്ചു:

'അവന് ഇപ്പഴും ദെണ്ണം വരാറുണ്ടോ? അല്ലെങ്കിലെങ്ങന്യാ ദെണ്ണം വരാണ്ടിരിക്ക്യാ? ആരാവടെ അവൻറെ പാകം നോക്കാൻ ഇരിക്കണേ, അല്ലേ?'

രഘുവഴിയായി മറുപടി കിട്ടി:

'അറിഞ്ഞുകൂടാന്ന്.'

പിന്നീടൊന്നും ചോദിക്കാൻ നിൽക്കാതെ, തന്നോടുതന്നെ അവ്യക്തമായി എന്തോ പിറുപിറുത്തുകൊണ്ട്, കുനിക്കുനി അവർ പുറത്തേക്കു പോയി.

'മുത്തശ്ശിക്കു ചെവി കേട്ടൂടാ.' രഘു അയാൾക്കു പറഞ്ഞുകൊടുത്തു: 'എത്ര ഒറക്കെ പറഞ്ഞാലും പിന്നേം ചോദിക്കും എന്താ എന്താന്ന്.'

അയാൾക്ക് അതിൽ വലിയ താൽപര്യം തോന്നിയില്ല.

രഘു അയാളുടെ പെട്ടിതുറന്ന് അതിൽ തിരയാൻതുടങ്ങിയപ്പോൾ അയാൾ തെല്ലൊരു അസഹ്യതയോടെ പറഞ്ഞു:

'എന്തിനാ അതൊക്കെ തുറക്കുന്നത്?'

'ചുമ്മാ.'

'എന്നാൽ, അടച്ചുവെച്ചേക്കു.'

മനസ്സില്ലാമനസ്സോടെ പെട്ടി അടച്ചുവെച്ചിട്ട് അവൻ വീണ്ടും കട്ടിലിനടുത്തുവന്നു ചുറ്റിപ്പറ്റി നില്പായി.

അല്പം കഴിഞ്ഞ് അവൻ ചോദിച്ചു:

'മാമൻ ഇന്നു കുന്നിൻപുറത്തേക്കു പോണില്ലേ?'

'ഇല്ല.'

'എന്നെ കൊണ്ട്വോവാന്ന് ഇന്നലെ പറഞ്ഞല്ലോ.'

'ഇന്നു പോണില്ല.'

'എന്തേ?'

അതിനു മറുപടി പറയാതെ മുഖംതിരിച്ച്, അയാൾ പപ്പായമരത്തിൽ പഴുത്ത പപ്പായകൾ കൊത്തിവലിക്കുന്ന കാക്കകളെ നോക്കി ഇരിപ്പായി.

'ഞാൻ അമ്മോടും ശ്യാമളേട്ടത്ത്യോടും പറഞ്ഞല്ലോ ഇന്നു പോവുംന്ന്.'

'എന്നാൽ, അവരോടുതന്നെ പറയൂ കൊണ്ടുപോകാൻ.'

തൻറെ വർത്തമാനം അയാൾക്കു രസിക്കുന്നില്ലെന്ന് രഘുവിനുതന്നെ മനസ്സിലായിരിക്കണം. അവൻ പെട്ടെന്ന് വിഷയം മാറ്റി:

'മാമൻ എന്നാ പൂവ്വാ?'

'എങ്ങോട്ട്?'

'പാണ്ഡവപുരത്തേക്ക്.'

'രഘു എന്തിനാ അതറിയണ്?

'പോകുമ്പഴ് എന്നേം കൊണ്ടുപോവ്വാന്നു പറഞ്ഞിട്ടില്ലേ? എന്നെ അവിടത്തെ സ്കൂളില് ചേർക്കാന്ന്. പച്ചബസ്സിൽ കയറി...'

'മതി മതി.' അയാൾ ഈർഷ്യയോടെ പറഞ്ഞു: 'അതൊക്കെ പിന്നീടാലോചിക്കാം. ഇപ്പോഴൊന്നും പറയാൻ വയ്യ.'

അയാൾ വെറുപ്പോടെ ഒരു സിഗരറ്റെടുത്തു കത്തിച്ചു. കട്ടിലിൽ കയറി അടുത്തിരുന്ന് അയാളുടെ മുഖത്തേക്ക് ഉറ്റുനോക്കിക്കൊണ്ട് രഘു ചോദിച്ചു:

'മാമൻ പിണങ്ങിയോ?'

അതിന് അയാൾ മറുപടി പറയാൻ തുടങ്ങുന്നതിനുമുമ്പ് ദേവി കയറിവന്നു. അയാൾ തിരിഞ്ഞുനോക്കി. അവൾ രക്തനിറമുള്ള സാരിയും ബ്ലൗസും ധരിച്ചിരുന്നു. നെറ്റിയിൽ വലിയ സിന്ദൂരപ്പൊട്ടു തൊട്ടിരുന്നു. നെറുകയിലും സിന്ദൂരമുണ്ടായിരുന്നു. ചുണ്ടുകൾ മുറുക്കിച്ചുവപ്പിച്ചിരുന്നു. മാറിലെ ചുവന്ന ലോക്കറ്റിൽനിന്ന്, ചുവന്ന വസ്ത്രങ്ങളിൽനിന്ന്, അപൂർവമായൊരു ചുവപ്പ് അവളുടെ മുഖത്തേക്കു പടർന്നുകയറി.

'രഘു പുറത്തുപോയി കളിക്കൂ. അപ്പുറത്തു ദിനു വന്നിട്ടുണ്ട്.' അവളുടെ ശബ്ദം വികാരത്തള്ളൽകൊണ്ടു വിറയ്ക്കുന്നുണ്ടെന്ന് അയാൾക്കു തോന്നി.

രഘു പോയശേഷം അവൾ വാതിലടച്ചു കുറ്റിയിട്ടു.

പപ്പായമരത്തിൽ, കാക്കകൾ കലമ്പൽകൂട്ടിക്കൊണ്ടിരുന്നു. കൊത്തിപ്പൊളിച്ച വയറ്റിൽനിന്നു കറുത്ത കുരുക്കൾ അടർന്നുവീഴുന്നുണ്ടായിരുന്നു.

അയാളുടെ കണ്ണുകൾ അവളുടെ മുഖത്തുനിന്നു വഴുതിമാറി.

അവൾ കട്ടിലിൽ, അടുത്തുവന്നിരുന്നപ്പോൾ അയാൾ ഒരറ്റത്തേക്കു നീങ്ങിയൊതുങ്ങി ഇരുന്നു.

'ആരോടാ പിണക്കം? എന്നോടാണോ? അവൾ ചോദിച്ചു.

അയാൾക്കു മറുപടിയുണ്ടായിരുന്നില്ല.

'മടിക്കണ്ട. എൻറെ മുഖത്തുനോക്കി പറയൂ. നിങ്ങൾക്കെന്നോടു പിണങ്ങാൻ കഴിയുമോ?'

അയാൾക്ക് ആ ചുവപ്പു ജ്വാലയിലേക്കു രണ്ടാമതൊരിക്കൽക്കൂടി, നോക്കാനുള്ള ധൈര്യമുണ്ടായിരുന്നില്ല.

'വളരെ നാളുകൾക്കുശേഷം ഇന്നുച്ചയ്ക്കു ഞാനൊന്നുറങ്ങി.' ദേവി പറഞ്ഞുതുടങ്ങി: 'ഉറക്കത്തിൽ വളരെ നാളുകളായി കാണാൻ കൊതിച്ചിരുന്ന സ്വപ്നം കണ്ടു. പാണ്ഡവപുരത്ത് നമ്മുടെ കോളനിയുടെ പുറകിൽ, റെയിൽപ്പാളത്തിനപ്പുറത്ത് ഒരു പുൽമൈതാനമില്ലേ? അവിടെ നമ്മൾ രണ്ടു പേരുമിരുന്നു സംസാരിക്കുകയായിരുന്നു. എന്താണു സംസാരിച്ചതെന്ന് ഓർമയില്ല. ഒരുപക്ഷേ, നിങ്ങൾ ഏതോ തമാശകൾ പറയുകയായിരുന്നിരിക്കണം. കാരണം, ഞാൻ പൊട്ടിപ്പൊട്ടി ചിരിച്ചുകൊണ്ടിരുന്നതും നിങ്ങൾ പല തവണ എന്നെ പല്ലീ എന്നു വിളിച്ചതും എനിക്കോർമയുണ്ട്. ഉന്തുവണ്ടിക്കാരൻ കുട്ടിയുടെ കൈയിൽനിന്ന് ഒരു പൊതി കപ്പലണ്ടി വാങ്ങി, ഞാൻ ചിരിക്കുമ്പോഴെല്ലാം നിങ്ങളെൻറെ വായിലേക്കെറിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ വെയിൽ മങ്ങിത്തുടങ്ങിയപ്പോൾ, മഞ്ഞുവീഴാൻ തുടങ്ങിയപ്പോൾ, നമ്മൾ മൈതാനം മുറിച്ചുകടന്ന് കമ്പിവേലി കെട്ടിത്തിരിച്ച ഓറഞ്ചുതോട്ടങ്ങളുടെ നടുവിലുള്ള പാതയിലൂടെ കൈകോർത്തുപിടിച്ചു നടന്നു. നല്ല തണുപ്പുണ്ടായിരുന്നു. നമ്മൾ രണ്ടു പേരും ചുവന്ന കമ്പിളിക്കുപ്പായങ്ങളാണു ധരിച്ചിരുന്നത്. പാതയിൽ ആരുമില്ലായിരുന്നു. നിങ്ങൾ ഇടതു കൈകൊണ്ട് എന്നെ ചുറ്റിപ്പിടിച്ചു വാതോരാതെ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. നനഞ്ഞ പാതയിലൂടെ നമ്മൾ ഏറെ നടന്നിരിക്കണം. പുറകിലൂടെ സൈക്കിളിൽ വന്ന ഒരു നീണ്ട മുടിക്കാരൻ തിരിഞ്ഞ് എന്നെ നോക്കി ചൂളമടിച്ചപ്പോൾ നിങ്ങൾ അവനെ ചീത്ത പറഞ്ഞു. കുറെക്കൂടി നടന്നപ്പോൾ തോട്ടത്തിൻറെ അതിരിലുള്ള കമ്പിവേലി കണ്ടു. ഗേറ്റു തുറന്നുകിടക്കുകയായിരുന്നു. ഒരുപാടു ദൂരം പോന്നിരിക്കുന്നുവെന്നതു മറന്നു നമ്മൾ ആ ഗേറ്റുംകടന്ന് പുറത്തേക്കു നടന്നു. അപ്പോൾ പുറകിൽ വലിയൊരു ശബ്ദത്തോടെ ഗേറ്റ് അടയുന്നതും അതിൽ ചാരി കൊമ്പൻമീശക്കാരനായ ഒരു തടിയൻ നിൽക്കുന്നതും കണ്ടു. അയാളെ എവിടെവെച്ചോ കണ്ടു പരിചയമുള്ളതുപോലെ എനിക്കു തോന്നി. നേരമിരുട്ടി; നമ്മൾ ഒരുപാടു വഴി പിന്നിട്ടിരിക്കുന്നുവല്ലോ, തിരിച്ചുപോകാം, ഞാൻ പറഞ്ഞു. ഭയപ്പെടാതെ മോളേ, എൻറെ തോളത്തു കൈയിട്ട്, മാറത്തുനുള്ളിക്കൊണ്ടു നിങ്ങൾ പറഞ്ഞു. ആ ഗേറ്റ് അടച്ചാലും നമുക്കു പോകാൻ വേറെ എത്രയോ വഴികളുണ്ട്! പക്ഷേ, എൻറെ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. ഗേറ്റിൽ ചാരി നമ്മുടെ നേർക്കുതന്നെ

തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുന്ന തടിയനെ കണ്ടപ്പോൾ ഭയംകൊണ്ട് എൻറെ ഉള്ളുകിടുങ്ങി. ഏതു വഴിയേപോയാലും അയാൾ എന്നെ പിന്തുടർന്നേക്കുമെന്ന് എനിക്കു തോന്നി. വേണ്ട, വേണ്ട, ഞാൻ നിലവിളിച്ചു. നമുക്കു വന്ന വഴിയിലൂടെത്തന്നെ തിരിച്ചു പോകാം. ഈ വഴി മാത്രമേ എനിക്കു പരിചയമുള്ളൂ. നമുക്ക് അതിലൂടെത്തന്നെ തിരിച്ചുപോകാം. ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അതിനു മറുപടിയായി, എന്നെ സമാധാനിപ്പിക്കാനായി നിങ്ങൾ എന്തോ പറഞ്ഞെങ്കിലും കൂട്ടാക്കാതെ ഞാൻ ഗേറ്റിനടുത്തേക്കോടി. നിങ്ങൾ പുറകേ വരുമെന്നായിരുന്നു എൻറെ വിശ്വാസം. പക്ഷേ, നിങ്ങൾ നിന്നനില്പിൽനിന്ന് അനങ്ങിയതേയില്ല. ഞാൻ നോക്കുമ്പോൾ തൊട്ടുമുന്നിൽ വഴിമുടക്കിക്കൊണ്ട് ആ കൊമ്പൻമീശക്കാരൻ നെഞ്ചുവിരിച്ചു നില്പുണ്ടായിരുന്നു. അയാളുടെ ചുണ്ടുകളുടെ കോണിൽ വികൃതമായൊരു ചിരിയുണ്ടായിരുന്നു. പെട്ടെന്ന് ഒരു നടുക്കത്തോടെ ഞാൻ മനസ്സിലാക്കി കൊമ്പൻമീശയും കുട്ടുപുരികവും മാറ്റിയാൽ അയാൾക്ക് കുഞ്ഞൂട്ടേട്ടൻറെ മുഖമാണെന്ന്. ഞാൻ ഉറക്കെ അലറിയിരിക്കണം. ഒരു നീണ്ട കരച്ചിലോടെയാണ് ഞാൻ ഉണർന്നത്...'

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ അവളുടെ മുഖത്തു നോക്കാതെ അയാൾ പിറുപിറുത്തു:

'നിങ്ങൾ ഭംഗിയായി നുണ പറയാൻ പഠിച്ചു കഴിഞ്ഞു.'

'ഇതു നുണയല്ല, സത്യമാണ്.' ദേവി വാശിയോടെ പറഞ്ഞു. 'ഒരു സ്വപ്നത്തിൻറെ കഥ കളവായി പറഞ്ഞിട്ട് എനിക്കെന്തു കിട്ടാൻ പോകുന്നു?'

'അതുതന്നെയാണ് ഞാനും ആലോചിക്കുന്നത്.'

'നിങ്ങൾ വിശ്വസിക്കണമെന്നു നിർബന്ധമില്ല. പക്ഷേ, ഉറക്കം ഞെട്ടിയുണർന്നിട്ട് ഞാൻ ഏറെനേരം അതേ കിടപ്പുകിടന്നു. കുറെ നേരത്തേക്ക് എനിക്ക് അനങ്ങാൻപോലും പേടിയായിരുന്നു. ഞാൻ ആ പേടിസ്വപ്നത്തിൻറെ ചതുപ്പിൽ അത്രകണ്ടു പൂണ്ടുകഴിഞ്ഞിരുന്നു. പിന്നീടാലോചിച്ചു, എന്താണ് വളരെ നാൾകൂടി കണ്ട സ്വപ്നത്തിൻറെ പൊരുൾ? കാത്തുകാത്തിരുന്നു കണ്ട സ്വപ്നത്തിൻറെ അവസാനം എന്നെ നടുക്കുന്നതെന്തുകൊണ്ട്?'

അയാൾ പെട്ടെന്ന് അവളുടെ നേർക്കു തിരിഞ്ഞു:

'ഞാൻ പറയാം.ഞാൻ ഇതേവരെ പറഞ്ഞിരുന്നതെല്ലാം കെട്ടുകഥയാണെന്നു കാണിക്കാനായി ദേവിയും വേറേ കുറെ കെട്ടുകഥകളുണ്ടാക്കുകയാണ്. നുണയെ നുണകൊണ്ടു തോല്പിക്കാൻ നോക്കുകയാണ്.'

'അല്ല, ഒരിക്കലുമല്ല.' ദേവി തറപ്പിച്ചുപറഞ്ഞു: 'നിങ്ങൾ പറയാറുണ്ടായിരുന്നതെല്ലാം സത്യമാണെന്നതുപോലെ ഞാൻ പറയുന്നതും സത്യമാണ്. ആർക്കും ഏറെക്കാലം സത്യത്തെ മറച്ചുവെക്കാൻ കഴിയില്ല.'

'എന്തിനിതൊക്കെ പറയുന്നു? വാസ്തവത്തിൽ, ദേവിയൊരിക്കലും പാണ്ഡവപുരത്തു പോയിട്ടില്ലല്ലോ. ഈ കുഗ്രാമം,വിട്ട് വെളിയിലെങ്ങും പോയിട്ടില്ലല്ലോ?'

‘ഉണ്ട്. ഞാൻ പാണ്ഡവപുരത്തു പോയിട്ടുണ്ട്. കുഞ്ഞൂട്ടേട്ടൻറെ ക്വാർട്ടേഴ്സിൽ താമസിച്ചിട്ടുണ്ട്. എൻറെ തൊട്ടടുത്ത ക്വാർട്ടേഴ്സിലാണ് നിങ്ങൾ താമസിച്ചിരുന്നത്.’

‘വെറും നുണ.’

‘എങ്കിൽ പറയൂ, റെയിൽപ്പാളത്തിനപ്പുറത്ത് പുൽമൈതാനമുണ്ടെന്ന് എനിക്കെങ്ങനെ മനസ്സിലായി? പുൽമൈതാനം കഴിഞ്ഞ് കമ്പിവേലികളിട്ട ഓറഞ്ചുതോട്ടമുണ്ടെന്ന് എനിക്കെങ്ങനെ മനസ്സിലായി? ഞാൻ പറഞ്ഞതു സത്യമല്ലേ? പുൽമൈതാനവും അഭയാർത്ഥിക്കോളനിയും ഓറഞ്ചുതോട്ടവുമൊക്കെ അവിടെയില്ലേ?’

‘ഉണ്ട്.’

‘അപ്പോഴോ?’ അവൾ വിജയഭാവത്തിൽ തറച്ചുനോക്കി.

‘എനിക്കറിഞ്ഞുകൂടാ.’ അയാൾ നിസ്സഹായതയോടെ മുഖം പൊത്തി: ‘എനിക്കൊന്നുമറിഞ്ഞുകൂടാ.’

‘എന്നാൽ ഞാൻ പറയാം.’

അവൾ പറയാൻ തുടങ്ങിയപ്പോൾ അയാൾ മടുപ്പോടെ മുഖം തിരിച്ചിരുന്നു. ചൂടുള്ള ഒരു കൈപ്പത്തി അയാളുടെ തോളിൽ വന്നുവീണു. പൊള്ളുന്ന ഉച്ഛ്വാസം തൻറെ കവിളുകളിൽ തട്ടിയപ്പോൾ അയാൾ കുതറിമാറാൻ ശ്രമിച്ചെങ്കിലും തനിക്കതിനുള്ള കരുത്തില്ലെന്നുകണ്ട് വീണ്ടും ഒതുങ്ങി, ചുരുണ്ടു.

ദേവി പറയുകയായിരുന്നു:

‘ഞാൻ പാണ്ഡവപുരത്തുണ്ടായിരുന്നു. രണ്ടോ, മൂന്നോ കൊല്ലം ആ മഞ്ഞച്ചായമടിച്ച കൊച്ചുകെട്ടിടത്തിനുള്ളിൽ ഞാനും കുഞ്ഞൂട്ടേട്ടനും ഇണങ്ങിയും പിണങ്ങിയും കഴിച്ചുകൂട്ടി. പിന്നീടു മടങ്ങിവന്നു. ഇവിടെ തനിച്ചായതിനുശേഷം എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്, തൊട്ടടുത്ത വീട്ടിൽ നിങ്ങളല്ല, മറ്റൊരാളായിരുന്നുവെങ്കിൽ ഞങ്ങൾ തമ്മിലുള്ള ബന്ധം അത്രയ്ക്കു വഷളാകുമായിരുന്നില്ലെന്ന്. നിങ്ങൾ പെൺകുട്ടികളെ വലവീശിപ്പിടിക്കാൻ അത്രയ്ക്കു മിടുക്കനായിരുന്നു. നിങ്ങളുടെ മുഖത്തു സദാ പറ്റിപ്പിടിച്ചുനിന്നിരുന്ന ആ മയക്കുന്ന ചിരി. ആരും അതിൽ വീണുപോകുമായിരുന്നു. കുഞ്ഞൂട്ടേട്ടൻ രാത്രി ഡ്യൂട്ടിക്കുപോകുമ്പോഴെല്ലാം നിങ്ങൾ ജനാലയ്ക്കരികിൽ സിഗരറ്റും പുകച്ചു ഞങ്ങളുടെ വീട്ടിലേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ടു നിൽക്കാറുണ്ടായിരുന്നു. ജനാലക്കർട്ടനുകൾ പോയിട്ട് ഭിത്തിപോലും തുളച്ചുകയറുന്ന നോട്ടമായിരുന്നു നിങ്ങളുടേത്. ആദ്യമൊക്കെ നിങ്ങൾ അവിടെ നിൽക്കുന്നതു കാണുമ്പോഴേ ഞാൻ ഓടിയൊളിക്കാറുണ്ട്. അത്രയ്ക്കു വെറുപ്പും പുച്ഛവുമായിരുന്നു എനിക്കു നിങ്ങളെ അനാവശ്യമായി ചിരിക്കുന്നവരെ അന്ന് എനിക്ക് വലിയ വെറുപ്പായിരുന്നു. നിങ്ങളെ എപ്പോഴെങ്കിലും അടുത്തുകണ്ടാൽ മുഖമടച്ച് ആട്ടാനും നിങ്ങളുടെ ഇരുണ്ട മുഖത്തു കാർക്കിച്ചുതുപ്പാനുമുള്ള കരുത്ത് അക്കാലത്തു ഞാൻ കരുതിവെച്ചിരുന്നു. പിന്നെപ്പിന്നെ എങ്ങനെയോ, എനിക്കറിഞ്ഞുകൂടാ, എൻറെ മനസ്സ് പതുക്കെ അലിയാൻതുടങ്ങി. നിങ്ങൾ കാണാതെ ഒളിഞ്ഞുനിന്ന് ഞാൻ നിങ്ങളെ ശ്രദ്ധിക്കാൻതുടങ്ങി. നിങ്ങൾക്ക്

ഏതെല്ലാം നിറങ്ങളിലുള്ള ഷർട്ടും പാൻറുമുണ്ടെന്ന് എനിക്കു കൃത്യമായി അറിയാമായിരുന്നു. അങ്ങനെ ഒരിക്കൽ എനിക്ക് ഒരു കുസൃതി തോന്നി. അന്നാണ് ഞാൻ ആദ്യമായി ഒരു കടലാസുതുണ്ടു ചുരുട്ടി അതിലൊരു നെല്ലിക്കയുംവെച്ചു പൊതിഞ്ഞ് നിങ്ങൾക്കെറിഞ്ഞുതന്നത്. അതിൽ കുറിച്ചിട്ടിരുന്നത് എനിക്കിപ്പോഴും ഓർമയുണ്ട്. നീല ഷർട്ടും കറുത്ത പാൻറുമാണ് നിങ്ങൾക്കേറ്റവും ചേരുന്നതെന്ന്...'

അവൾ നിറുത്തി. അതൊക്കെ ശരിയല്ലേ എന്നു ചോദിക്കാനായി അയാളുടെ മുഖംപിടിച്ചു തൻറെ നേർക്കു തിരിച്ചു.

'ദേവി, എന്താണീ കാണിക്കുന്നത്?' അയാൾ അസഹ്യതയോടെ ചോദിച്ചു.

'ദേവീ എന്നല്ല, പല്ലീ എന്നുതന്നെ വിളിച്ചോളൂ' അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു: 'എൻറെ പല്ലുകൾ ഭംഗിയുള്ളവയാണെന്ന് എനിക്കുതന്നെ അറിയാം.'

തെല്ലുനേരത്തേക്ക് അവൾ നിശ്ശബ്ദയായി.

അല്പംകഴിഞ്ഞ് അവൾ തുടർന്നു: 'നിങ്ങളുടെയൊക്കെ പൂർവികനായ ആ ചെറുപ്പക്കാരൻറെ കഥ ഓർമയുണ്ടോ? കൊല്ലൻറെ കൈകൊണ്ട്...?'

'കേട്ടിട്ടുണ്ട്. അതൊരു കെട്ടുകഥയാണ്. അങ്ങനെയൊരു ജാരവംശമില്ല.'

'എല്ലാം കെട്ടുകഥകൾതന്നെ. ഞാനും നിങ്ങളും പാണ്ഡവപുരവും ഈ മഹാപ്രപഞ്ചവുമെല്ലാം...'

അവളുടെ അടുത്ത നീക്കമെന്താണെന്ന് അമ്പരക്കുകയായിരുന്നു അയാൾ. അവൾ ആകെ ഇളകിമറിഞ്ഞിരിക്കുകയാണ്. പരസ്പരബന്ധമില്ലാതെ എന്തൊക്കെയോ പറയുന്നു. എങ്ങനെ ഇത്ര എളുപ്പത്തിൽ അവൾക്ക് ഇതൊക്കെ കെട്ടിച്ചമയ്ക്കാൻ കഴിയുന്നു? ഒടുവിൽ പറഞ്ഞുപറഞ്ഞ് ഞരമ്പുകളിലെ ചോര തിളച്ചുമറിയുമ്പോൾ, ശിരസ്സിലേക്കു ചുടുചോര പതഞ്ഞുകയറുമ്പോൾ, അവൾ എല്ലാം മറന്ന്, ആർത്തിയോടെ തന്നിലേക്കു പടർന്നു കയറുമോ?

അയാളുടെ ചിന്തകളെ അതേ വേഗത്തിൽ പിന്തുടരുകയായിരുന്നു ദേവി.

അയാളുടെ ഭീരുത്വം അവളെ രസിപ്പിച്ചു. ആ അഹന്തയുടെ പത്തിയിൽ ഇനിയുമിനിയും ആഞ്ഞാഞ്ഞു ചവിട്ടി, തൻറെ മനസ്സിൽ അനാവശ്യമായ മോഹങ്ങൾ മുളപ്പിച്ചതിന്, തൻറെ ജീവിതം താറുമാറാക്കിയതിന്, എണ്ണിയെണ്ണി മാപ്പു പറയിപ്പിച്ച് ഒടുവിൽ അവസാനത്തെ ഒറ്റ ചവിട്ടോടെ ചളിക്കുണ്ടിലേക്കു താഴ്ത്താൻ മോഹിക്കുകയായിരുന്നു അവൾ.

അവൾ തുടർന്നു:

'പാവം കുഞ്ഞൂട്ടേട്ടൻ ഒന്നുമറിഞ്ഞില്ല. നിങ്ങൾ സൂത്രത്തിൽ വന്നു പരിചയപ്പെട്ടു. പതുക്കെപ്പതുക്കെ ഞങ്ങളുടെ വീട്ടിലെ ഒരു സ്ഥിരം സന്ദർശകനായിട്ടും ഒരിക്കൽ പോലും നിങ്ങളെ സംശയിച്ചില്ല. ജാരൻറെ ആസക്തിയുള്ള കറുത്ത മുഖം നിങ്ങൾ സമർത്ഥമായി മറച്ചുവെച്ചിരുന്നു. രാത്രി ഡ്യൂട്ടിക്കു പോകുമ്പോൾ വീട്ടിൽ ഞാൻ തനിച്ചേ ഉണ്ടാകുകയുള്ളുവെന്നും ഒരു നോട്ടം അങ്ങോട്ടുകൂടി വേണമെന്നും പറഞ്ഞേല്പിക്കുകവരെ ചെയ്തു. നിങ്ങൾ ആ ബാദ്ധ്യത ഏറ്റെടുക്കാൻ എന്നേ തയ്യാറായിരുന്നു. ഒരു നോട്ടത്തിനു പകരം ആയിരം നോട്ടങ്ങൾ നിങ്ങൾ എൻറെ

വീട്ടിലേക്കു വലിച്ചെറിഞ്ഞു. ആയിരം കണ്ണികളുള്ള വല നെയ്ത് എന്നെ അകപ്പെടുത്തി. ഡ്യൂട്ടി ഇല്ലാത്ത രാവുകളിൽ കലങ്ങിയ മനസ്സുമായി, തണുത്ത ശരീരവുമായി, എൻറെ ഭർത്താവിനരികെ ഉറക്കംവരാതെ ഞാൻ കിടക്കുമ്പോൾ അടുത്ത വീട്ടിൽ നിങ്ങൾ വെരുകിനെപ്പോലെ അസ്വസ്ഥനായി നടക്കുകയായിരിക്കുമെന്ന് എനിക്കറിയാമായിരുന്നു.

'ഞങ്ങളുടെ കിടപ്പറയിലെ ചലനങ്ങളെക്കുറിച്ച് ഒരു ജാരൻറെ അസൂയയോടെ നിങ്ങൾ സങ്കല്പിക്കുകയായിരുന്നിരിക്കണം. ആ അസൂയകൊണ്ടുതന്നെയായിരിക്കണം മുകളിലുള്ളവരിൽ സ്വാധീനംചെലുത്തി എൻറെ ഭർത്താവിന് രാത്രിയിൽ ഒരുപാട് ഓവർടൈം ഡ്യൂട്ടികൾ നിങ്ങൾ തരപ്പെടുത്തിക്കൊടുത്തത്. അക്കാര്യം പറഞ്ഞ് എൻറെ ഭർത്താവ് നിങ്ങളെ പുകഴ്ത്തിയപ്പോൾ ആ ദുർബലനായ മനുഷ്യൻറെ മുഖത്തുനോക്കി പല്ലിറുമ്മാൻപോലും എനിക്കു കഴിഞ്ഞില്ല. എൻറെ മനസ്സ് അപ്പോഴേക്കും അത്രകണ്ടു ചഞ്ചലമായിക്കഴിഞ്ഞിരുന്നു...'

'പക്ഷേ...' അയാളുടെ പതിഞ്ഞ ശബ്ദം കേട്ടു.

അയാളെ സംസാരിക്കാൻ അനുവദിക്കാതെ അവൾ തുടർന്നു:

'നമ്മൾ തമ്മിൽ ഒരിക്കലും ശാരീരികമായി ബന്ധപ്പെട്ടിട്ടില്ലല്ലോ എന്നാണു നിങ്ങൾ പറയാ ൻപോകുന്നത്, അല്ലേ? ശരിയാണ്. അതാണെൻറെ ഏറ്റവും വലിയ തോൽവി. ഒരിക്കലെങ്കിലും ഞാൻ അതിനു മുൻകൈയെടുത്തിരുന്നുവെങ്കിൽ ഞാൻ പുരപ്പുറത്തു കയറിനിന്നു വിളിച്ചുകൂവുമായിരുന്നു. ഞാൻ നിങ്ങളെ കീഴടക്കിയെന്ന്. പക്ഷേ, നിങ്ങൾക്കതിനുള്ള ധൈര്യമില്ലായിരുന്നു. ഞാൻ പലപ്പോഴും തുറന്നിട്ട എൻറെ പിൻവാതിലിൽക്കൂടി ഒരു കൊടുങ്കാറ്റുപോലെ പാഞ്ഞുകയറാനും പുരുഷൻറെ അഗ്നി എൻറെ ഞരമ്പുകളിലേക്കു പടർത്താനും ഭീരുവായ നിങ്ങൾക്കു കഴിവില്ലായിരുന്നു.'

അയാൾ കാണെക്കാണെ തളരുകയായിരുന്നു.

അയാൾ തലയണയിൽ മുഖംപൂഴ്ത്തി.

'ഒരുപക്ഷേ, ഞാൻ നൂൽബന്ധമില്ലാതെ നിങ്ങളുടെമുമ്പിൽ വന്നാലും നിങ്ങൾ ഇതുപോലെ കണ്ണുപൊത്തി കിടക്കുമായിരുന്നു.'

'നിർത്തൂ.' അയാൾ അലറി.

'ഞാൻ നിർത്താൻ പോകുന്നില്ല.' അവൾ ചീറി: 'എനിക്കറിയണം, നിങ്ങളെന്തിന് എൻറെ ജീവിതം പാഴാക്കിയെന്ന്. എന്തിന് എൻറെ ഭർത്താവിനെ എന്നിൽനിന്നു വേർപെടുത്തിയെന്ന്. നിങ്ങളെ കൊതിപ്പിച്ച ശരീരം നേടിയെടുക്കാൻ എന്തുകൊണ്ടു ശ്രമിച്ചില്ലെന്ന്...'

'എനിക്കു നിങ്ങളെ ഇഷ്ടമായിരുന്നു. വെറുതെ വെറുതെ ഇഷ്ടമായിരുന്നു.'

'ഫൂ...! ഇഷ്ടംപോലും!'

'എന്തിനിതൊക്കെ പറയുന്നു? ദേവിക്ക്... ദേവിക്ക് എന്താണു വേണ്ടത്?'

അയാളുടെ ദുർബലമായ തണുത്ത ശബ്ദം കേട്ടപ്പോൾ അവളുടെ അമർഷം ഇരട്ടിച്ചു:

'എന്തിനെന്നോ? എനിക്കു നിങ്ങളെ തോല്പിക്കണം. കാൽക്കീഴിലിട്ടു ചവിട്ടിഞെരിക്കണം. നിങ്ങളുടെ നഗ്നശരീരത്തിൽ ദുർഗയെപ്പോലെ നൃത്തമാടണം.നിങ്ങളുടെ ചോരയെടുത്തു പൊട്ടുതൊടണം. നിങ്ങളുടെ കുടലുമാലയെടുത്തു കഴുത്തിലണിയണം... നിങ്ങളുടെ മാത്രമല്ല, നിങ്ങളെപ്പോലുള്ള ഓരോ പുരുഷൻറെ യും...'

'ദേവീ...!'

അതൊരു തളർന്ന വയസ്സൻനായയുടെ മോങ്ങൽപോലെ തോന്നി അവൾക്ക്.

'ആ ജനലടച്ചേക്കൂ.' അവൾ കനത്ത സ്വരത്തിൽ പറഞ്ഞു.

അയാൾ പെട്ടെന്ന് എഴുന്നേറ്റിരുന്നു. ഭീതിയോടെ അവളുടെ നേർക്കു നോക്കി.

'അടയ്ക്കാനാണു പറഞ്ഞത്!' അവൾ അലറുകയായിരുന്നു.

അവളുടെ കണ്ണുകളിൽ തീനാമ്പുകൾ പുളയുന്നുണ്ടായിരുന്നു. അയാളുടെ കൺമുമ്പിൽ ആ ചുവന്ന ജ്വാല ഉലഞ്ഞു. വിറച്ചു. നെറുകയിലെ സിന്ദൂരം പടർന്നു മുഖമാകെ ചുവന്നു. അവൾ മുടിക്കെട്ടഴിച്ചപ്പോൾ തെച്ചിപ്പൂക്കൾ കിടക്കയിൽ ചിതറിവീണു. അവളുടെ അപൂർവമായ സുഗന്ധം മുറിയിലാകെ പരന്ന് ഒരു ആവരണമായി അയാളെ പൊതിഞ്ഞു. ആ കണ്ണുകളിൽനിന്ന്, ചുണ്ടുകളിൽനിന്ന്, ചിതറിയ ആസക്തിയുടെ തീപ്പൊരികൾ അയാൾക്കു ചുറ്റും ഒരു ചിതയായി എരിഞ്ഞു. വിയർത്തുനനഞ്ഞ കഴുത്തിൽ വിരലുകളമർത്തിക്കൊണ്ട് അയാൾ വാപൊളിച്ച് നനവുള്ള ഒരു കവിൾ വായു ആർത്തിയോടെ വിഴുങ്ങി. അയാളുടെ മുടിയിഴകളിലൂടെ പാഞ്ഞുകൊണ്ടിരുന്ന വിരലുകൾ തലയോട്ടിൽ ചൂടുള്ള വൃത്തങ്ങൾ വരച്ചു. പുറത്ത് സീൽക്കാരത്തോടെ ഒരു കാറ്റൂതി. അസംഖ്യം നാഗത്താന്മാർ അതേറ്റുപിടിച്ചു. കാറ്റിൻറെ ചൂളംവിളികൾക്കിടയിൽ ഒരു ചാറ്റൽമഴ തൂവി. ചുട്ടുപഴുത്ത മുഖത്തേക്ക് വെള്ളത്തുള്ളികൾ പാറിവീണു.

'ആ ജനലടയ്ക്കൂ...' അവളുടെ വിറകൊള്ളുന്ന ശബ്ദം ചെവിക്കടുത്ത് കേട്ടു. അയാൾ പതുക്കെ, ശബ്ദമില്ലാതെ ജനൽ, ചാരി.

പിന്നെ ആ ചിതയിലേക്ക് വാടിവീണു.

പതിനഞ്ച്

ഇപ്പോൾ തൃപ്തിയായോ?

നനുത്ത ഇരുട്ടിലേക്കു തുറിച്ചുനോക്കിക്കൊണ്ട് ദേവി സ്വയം ചോദിച്ചു.

നിൻറെ വെറുപ്പും പകയും അഹങ്കാരവും എല്ലാമെല്ലാം ഒരു ചാറ്റൽമഴയിൽ ശമിച്ചുവോ?

നീറുന്ന ചുണ്ടുകൾ കടിച്ചുപൊട്ടിച്ചുകൊണ്ട് അവൾ പിറുപിറുത്തു:

ഇല്ല. ഇല്ല.

പ്രതികാരത്തിനുള്ള വാശി വെറുമൊരു ആവരണമായിത്തീരുമ്പോൾ, അതിന് താഴ്ന്നിറങ്ങുന്ന വേരുകളില്ലെന്നറിയുമ്പോൾ...

ഇപ്പോഴത് പ്രതികാരംപോലുമല്ലാതായിത്തീർന്നിരിക്കുന്നു. അതിനെല്ലാം മുകളിലായി, കൈവിട്ടുപോയ എന്തോ ഒന്നു തോണ്ടിയെടുക്കാൻ ബദ്ധപ്പെടുമ്പോൾ പല മുഖങ്ങൾ മെനഞ്ഞെടുത്ത് ഒന്നിനെ തലോടി, ഒന്നിനെ തല്ലിപ്പരത്തി, ഒന്നിനെ വെറുപ്പോടെ നോക്കുകമാത്രം ചെയ്ത്, ഒന്നിനെ കടിച്ചുമുറിച്ച് ചോരയൊലിപ്പിച്ച്.

എന്തെല്ലാം വിഡ്ഢിത്തങ്ങൾ!

ഇത് പ്രതികാരമാണോ? ആരോടാണ് പക? കുഞ്ഞൂട്ടേട്ടനോടോ? ഈ ദുർബലനായ ജാരനോടോ? എനിക്കുതന്നെ രൂപമില്ലാത്ത അനേകം ബന്ധങ്ങളോടോ?

അടുത്ത കിടക്കയിൽ ശ്യാമളയും രഘുവും പറ്റിച്ചേർന്നു കിടന്നുറങ്ങുന്നു. അരണ്ട നിലാവിൽ ശ്യാമളയുടെ ചുണ്ടുകളിൽ ഒരു നേർത്ത പുഞ്ചിരി പറ്റിപ്പിടിച്ചിരിക്കുന്നു. അവൾ സ്വപ്നം കാണുകയാവാം. നിറങ്ങൾ വാരിവിതറിയ പൂന്തോട്ടത്തിൽ അവൾ പാറിനടക്കുകയാവാം. പേടിസ്വപ്നങ്ങൾ കാണുന്നകാലം അവൾക്ക് ഇനിയും അകലെയാണ്. പാണ്ഡവപുരമെന്ന ആശ്വാസവും തേടിപ്പോകേണ്ട ഗതികേട് അവൾക്ക് വരാതിരിക്കട്ടെ.

രഘു തിരിഞ്ഞുകിടന്ന് എന്തോ പിറുപിറുക്കുന്നു. പാണ്ഡവപുരത്തെ റെയിൽപ്പാളങ്ങളും ഭൂമി കുലുക്കിക്കൊണ്ട്, വെളിച്ചക്കഷണങ്ങൾ ചിതറിക്കൊണ്ട്, പാഞ്ഞുപോകുന്ന രാത്രിവണ്ടികളും കണ്ണാടി ജനലുകൾക്കിടയിൽ കൊച്ചുമുഖങ്ങൾ പതിച്ചുവെച്ച പച്ചബസ്സുകളുമായിരിക്കും അവൻറെ മുമ്പിലിപ്പോൾ.

പാണ്ഡവപുരം ഒരു സത്യമാണെന്ന് അവൻ വിശ്വസിക്കുന്നു. തീവണ്ടികൾക്കു ചെന്നെത്താവുന്ന ഒരു മായാലോകമാണതെന്ന് അവൻ കരുതുന്നു.

പാണ്ഡവപുരം ഒരു സത്യമാണെന്ന് ആദ്യം വിശ്വസിപ്പിക്കാൻ ശ്രമിച്ച ആൾ ഇപ്പോഴതാ ആ മുറിയിൽ സ്വന്തം മുറിവുകൾ നക്കിയുണക്കി പത്തിയും താഴ്ത്തി, കരിഞ്ഞുപോയ മുഖം മുട്ടുകൾക്കിടയിൽ പൂഴ്ത്തി, ഉറക്കം വരാതെ കിടക്കുകയാവും. അയാളുടെ വിഷപ്പല്ലുകൾ പറിച്ചെടുക്കാൻ തുനിഞ്ഞപ്പോൾ ഇത്ര പെട്ടെന്ന് അയാളെ കീഴടക്കാൻ കഴിയുമെന്ന് ഓർത്തില്ല. ഭീരുവാണെങ്കിലും നേരിയൊരെതിർപ്പ്, കുതറിച്ചാടാനുള്ള വെമ്പലെങ്കിലും അയാളിൽ നിന്ന് പ്രതീക്ഷിച്ചിരുന്നു. അതൊന്നുമില്ലാതെ ഏതോ തണുത്തു മരവിച്ച ഇഴ ജീവിയെപ്പോലെ അയാൾ കീഴടങ്ങിത്തന്നു. അയാളുടെ മുഖം ഇപ്പോൾ ഓർമയിൽ കിട്ടുന്നില്ല. പക്ഷേ, അതിൽ ചെറിയൊരു അമ്പരപ്പ് പൊടുന്നനേ മിന്നി, അതേ വേഗത്തിൽ അമർന്ന് മാഞ്ഞുപോയത് ഓർമയുണ്ട്.

ഇപ്പോൾ അഹങ്കാരത്തോടെ ചിരിക്കാൻ കഴിയുന്നില്ല.

ഇത്തരമൊരു ഏറ്റുമുട്ടലല്ലല്ലോ ദേവീ, നീ പ്രതീക്ഷിച്ചത്? വർഷങ്ങളായി അമർത്തിയിട്ടിരുന്ന എല്ലാറ്റിനും പൊട്ടിത്തെറിക്കാനായി ഒരുനിമിഷം. അതിനാണല്ലോ നീ കാത്തിരുന്നത്. ഒരു ഭയങ്കരമായ പൊട്ടിത്തെറിക്കുശേഷം എല്ലാം ശമിക്കുമെന്നും മനസ്സിന് അല്പം സ്വസ്ഥത കിട്ടുമെന്നും മോഹിച്ചു. പക്ഷേ, അയാളുടെ തണുത്ത കീഴടങ്ങൽ എല്ലാ മോഹങ്ങളെയും ചോർത്തിക്കളഞ്ഞിരിക്കുന്നു.

ഇതിനാണോ നൊയമ്പ് നോറ്റ്, കാവിൽ ഭജനമിരുന്ന്, അയാളെ ആവാഹിച്ച വരുത്തിയത്? അതിസൂക്ഷ്മമായി പിരിയഴിച്ച്, ഇഴകൾ കൊരുത്ത്, കണ്ണികളുണ്ടാക്കി, വലിച്ചുമുറുക്കി ചോർന്നുപോകാതെ വല നെയ്തത്?

ഇപ്പോൾ ജയിച്ചത് അയാളല്ലേ?

തോറ്റത് താനല്ലേ?

പോരിൽ ജയിച്ചതിൻറെ ആശ്വാസം ഇപ്പോൾ അയാൾക്കാണ്.

പടുത്തുണ്ടാക്കിയതെല്ലാം പൊളിഞ്ഞുവീഴുകയാണ്, ചീട്ടുകൊട്ടാരം പോലെ.

ദേവിക്ക് പൊട്ടിക്കരയണമെന്നു തോന്നി.

അവൾ മച്ചിലേക്കു നോക്കി കണ്ണുമിഴിച്ച് ഏറെനേരം കിടന്നു.

ലാഭചേതങ്ങളുടെ കണക്കെടുക്കാൻ നോക്കുന്നത് വിഡ്ഡിത്തമാണെന്ന് ബുദ്ധി ഉപദേശിക്കുന്നു. എങ്കിലും വീണ്ടും തോന്നിപ്പോകുകയാണ്. ഒന്നും വേണ്ട. അയാളൊന്ന് എതിർത്തുനിന്നെങ്കിൽ, ഒരു വാക്കെങ്കിലും മറുത്തു പറഞ്ഞെങ്കിൽ, മതിയായിരുന്നു. എങ്കിൽ എനിക്ക് ഉറങ്ങാൻ കഴിയുമായിരുന്നു. ഇനിയൊരിക്കലും തല പൊക്കാനാവാത്തവിധം അയാളെ ചവിട്ടിത്താഴ്ത്തി തോല്പിക്കാമായിരുന്നു. പക്ഷേ, പത്തിതാഴ്ത്തി കീഴടങ്ങി അവനവൻറെ മാളത്തിലേക്കു തിരിച്ചുപോകാനുള്ള വ്യഗ്രത അത് അയാളുടെ തോൽവിയല്ല. സമർത്ഥമായി അഭിനയിച്ച അയാൾ ഒരിക്കൽക്കൂടി ജയിക്കുകയായിരുന്നു. ഇനി പാണ്ഡവപുരത്തെക്കുറിച്ചുള്ള മോഹിപ്പിക്കുന്ന കഥകളുമായി അയാൾ എൻറെ മുമ്പിൽ വരില്ല. പക്ഷേ, അയാൾക്കെൻറെ ഉന്നം മനസ്സിലായിക്കഴിഞ്ഞു. ഇനി പത്തിതാഴ്ത്തി വഴുതിമാറാനായിരിക്കും അയാളുടെ ശ്രമം.

എന്നെ തോല്പിക്കാനുള്ള വഴി അതാണെന്ന് അയാൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.

ഒരു കരച്ചിലോടെ രഘു ഉണർന്നു. അവൻ അമ്മയെ വിളിച്ച് കൈകാലുകളിട്ടടിക്കുകയായിരുന്നു.

'രഘൂ' അവൾ പതുക്കെ വിളിച്ചു.

മറുപടി വീണ്ടും കരച്ചിലായിരുന്നു.

'വരൂ, അമ്മേടെ അടുത്ത് കിടന്നോളൂ.'

അപ്പോഴും ഉറക്കംവിടാതെ തേങ്ങിക്കൊണ്ട് തപ്പിത്തടഞ്ഞ്, അവൻ അവളുടെ അടുത്ത് വന്നുവീണു. അവൾ അവനെ അള്ളിപ്പിടിച്ച് അവൻറെ നനഞ്ഞ കണ്ണുകളിൽ, കവിളുകളിൽ ഉമ്മവെച്ചു. അവൻറെ ശരീരം അപ്പോഴും വിറയ്ക്കുന്നുണ്ടായിരുന്നു.

'മോൻ പേടിസ്വപ്നം കണ്ടോ?'

ഒരു രക്ഷാസ്ഥാനം കണ്ടെത്തിയ ആശ്വാസത്തോടെ അവളുടെ മാറിൽ തല പൂഴ്ത്തിക്കൊണ്ട് രഘു മൂളി.

'എന്തേ കണ്ടത്?'

അവന് പെട്ടെന്നത് ഓർത്തെടുക്കാൻ കഴിഞ്ഞില്ല. തെല്ലുകഴിഞ്ഞ് കരച്ചിൽ ഒന്നമർന്നപ്പോൾ അവൻ ഇടറിയ ശബ്ദത്തിൽ അമ്മയുടെ ചെവിയിൽ മന്ത്രിച്ചു:

'ഞാൻ സ്റ്റേഷനില് വണ്ടികേറാൻ നിക്കുമ്പോ... കാലു തെറ്റി പാളത്തിലേക്കു വീണു. അപ്പോഴേക്കും വണ്ടി വിസിലടിച്ചു. വണ്ടീടെ എഞ്ചിൻ ഭയങ്കര ശബ്ദം ഉണ്ടാക്കിക്കൊണ്ട് എൻറെ നേരേ...'

അവന് അതോർക്കാൻകൂടി കഴിഞ്ഞില്ല. അവൻ നടുക്കത്തോടെ അമ്മയെ അള്ളിപ്പിടിച്ചു.

'മോൻ പറഞ്ഞോളൂ.' അവൾ പുറത്ത് തലോടിക്കൊണ്ട് സമാധാനിപ്പിച്ചു. 'അമ്മേണ്ടല്ലോ ഇവിടെ, പിന്നെന്തിനാ പേടിക്കണെ?'

'ഞാൻ വീഴുമ്പോ അമ്മേന്ന് വിളിച്ചു... അപ്പോ പ്ലാറ്റ്ഫോറത്തിൽനിന്ന് അമ്മേം അയാളുംകൂടി കൈകൊട്ടി ചിരിക്യാരുന്നു.'

ദേവി ഞെട്ടിപ്പോയി. അവനെ ഇറുകെപ്പുണർന്ന് കവിളിൽ മുഖംചേർത്തു കൊണ്ട് അവൾ പറഞ്ഞു:

'ഇല്ലാട്ടോ കുട്ടീ, അമ്മ ഒരിക്കലും അങ്ങനെ ചെയ്യില്ല. എനിക്ക് മോൻ മാത്രമല്ലേള്ളൂ. മോനേ കൊണ്ടുപോകാണ്ട് അമ്മ എങ്ങോട്ടും പോവില്ലാ...'

രഘുവിന് അല്പം ധൈര്യംകിട്ടി. അവൻ മലർന്നുകിടന്നുകൊണ്ട് എന്തോ ആലോചിക്കുകയായിരുന്നു.

കുറെ കഴിഞ്ഞപ്പോൾ ഉറക്കത്തിൻറെ, പേടിസ്വപ്നത്തിൻറെ, കെട്ടുകൾ ഒന്നയഞ്ഞപ്പോൾ, അമ്മയുടെ നനവുള്ള കവിളിൽ വിരലോടിച്ചുകൊണ്ട് അവൻ ചോദിച്ചു:

'അമ്മ പോവുമ്പൊ എന്നേം കൊണ്ടോവോ?'

‘എങ്ങോട്ട്?’

‘പാണ്ഡവപുരത്തേക്ക്.’

‘കൊണ്ടോവ്വോ. അമ്മ പോവ്വുകയാണെങ്കിൽ മോനെ തീർച്ചയായും കൊണ്ടോവ്വോ.’

‘അയാള് സമ്മതിക്ക്യോ?’

‘അയാള് എവിടെങ്കിലും പൊയ്ക്കോട്ടെ. നമുക്ക് രണ്ടു പേർക്കുംകൂടി പോവാം.’

‘തനിച്ചോ?’

‘അതെ.’

‘വണ്ടീൽ കേറുമ്പഴ് പേട്യാവില്ലേ?’

‘മോൻ ഉള്ളപ്പഴ് ഞാൻ ആരെയാണ് പേടിക്കണ്ടത്?’

ആ മറുപടി അവന് ഇഷ്ടപ്പെട്ടെങ്കിലും അവന് പിന്നെയും ഒരുപാട് സംശയങ്ങളുണ്ടായിരുന്നു:

‘പാണ്ഡവപുരത്ത് ആരൊക്കെയുണ്ട്?’

‘മോൻറെ അച്ഛനുണ്ട്.’

‘അച്ഛൻ എങ്ങനാ ഇരിക്ക്യാ?’

‘മോൻ വലുതായതുപോലെ ഇരിക്കും.’

‘അച്ഛന് എന്നെ കണ്ടാൽ മനസ്സിലാവോ?’

‘പിന്നെ മനസ്സിലാവാണ്ടിരിക്ക്വോ?’

‘അതെങ്ങന്യാ, എന്നെ കണ്ടിട്ടില്ലല്ലോ അച്ഛൻ?’

അവൾക്ക് അതിന് മറുപടിയുണ്ടായിരുന്നില്ല.

‘മോൻ ഉറങ്ങിക്കോളൂ. നേരം ഒരുപാടായി.’ അവൾ പറഞ്ഞു.

അവളോട് ഒന്നുകൂടി പറ്റിച്ചേർന്ന് അവൻ കിടന്നു. കണ്ണുകൾ ഇറുകെ പൂട്ടി.

ജനലിലൂടെ ഒരു തണുത്ത കാറ്റ് കടന്നുവന്നു. അതിൽപ്പെട്ട് രഘു പെട്ടെന്ന് മയങ്ങിപ്പോയി. പാവം കുട്ടി! അവൻറെ മുടിയിഴകളിലൂടെ വിരലോടിച്ചു കൊണ്ട് ദേവി ഓർത്തു: ഒടുവിൽ അവനും പേടിസ്വപ്നങ്ങൾ കാണാൻ തുടങ്ങിയിരിക്കുന്നു. ഇത്ര ചെറുപ്പത്തിലേ പേടിസ്വപ്നങ്ങൾ അവനെ വേട്ടയാടാൻ തുടങ്ങിയിരിക്കുന്നു. പാണ്ഡവപുരം ഒരു സത്യമാണെന്ന് അവനും കരുതുന്നു. എന്നെ സംബന്ധിച്ചിടത്തോളം പാണ്ഡവപുരം ഒരു ആവശ്യം മാത്രമാണെന്ന് അവനറിഞ്ഞുകൂടല്ലോ.

പാണ്ഡവപുരം ഒരു വലിയ ആവശ്യമാണ്.

ഒരു പഴന്തുണിപോലെ കുഞ്ഞൂട്ടേട്ടൻ എന്നെ വലിച്ചെറിഞ്ഞുകളഞ്ഞതെന്താണെന്ന് എനിക്കറിയില്ല. അഴിച്ചും കെട്ടിയും അളന്നും ചൊരിഞ്ഞും നോക്കി. എങ്ങും എത്തുന്നില്ല. ആ മനുഷ്യനെ എനിക്കൊരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഞാനിവിടെയിരുന്നു കൈപ്പിടിയിൽ ഒതുങ്ങാതെപോയ നിമിഷങ്ങളെ ആവാഹിച്ചെടുക്കുകയാണ്. എനിക്കൊരു ഭൂതകാലം വേണം. യുക്തിക്കുനിരക്കുന്ന ഭൂതകാലം. കുഞ്ഞൂട്ടേട്ടൻ എന്തിനെന്നെ

ഉപേക്ഷിച്ചുപോയി? ഞാനെന്ത് തെറ്റുചെയ്തു? ഉവ്വ്, എന്തിനുംകാണും കാരണങ്ങൾ, ആ കാരണങ്ങൾ ചികഞ്ഞുപോകുമ്പോൾ പാണ്ഡവപുരത്തെ ദേവാലയത്തിലെ ചില്ലുവിളക്കുകളിൽ നിറങ്ങൾ തെളിയുന്നു. പഴുത്ത നിറമുള്ള അനേകം മുഖങ്ങൾ എൻറെ കൺമുമ്പിലൂടെ നിരയിട്ട്പോകുന്നു. അക്കൂട്ടത്തിലൊന്ന് തിരഞ്ഞെടുത്ത് ഞാനെൻറെ ജാരന് ഉയിര് ഊതിക്കൊടുക്കുന്നു. അജ്ഞാതമായ അത്തരം അനേകം വിചിത്രബന്ധങ്ങളെ എനിക്കിപ്പോൾ വിശ്വസിക്കാം. ഇങ്ങനെയൊരു ജാരനുമായി എനിക്ക് അടുത്തബന്ധമുണ്ടായിരുന്നുവെന്ന് അറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും കുഞ്ഞൂട്ടേട്ടൻ എന്നെ ഉപേക്ഷിക്കുമായിരുന്നു.

ഓരോ കുടന്ന മോഹങ്ങൾ പെറുക്കിവെച്ച് പടുത്തുണ്ടാക്കിയ പാണ്ഡവപുരം ഇപ്പോൾ എന്നെപ്പോലും അമ്പരപ്പിച്ചുകൊണ്ട് ഒരു സത്യമായിത്തീർന്നിരിക്കുന്നു. ഞാനിപ്പോൾ പാണ്ഡവപുരത്തെക്കുറിച്ച് സ്വപ്നം കാണുന്നു. പാണ്ഡവപുരത്തെക്കുറിച്ചുമാത്രം ചിന്തിക്കുന്നു. കണ്ടുകണ്ട് പാണ്ഡവപുരം ഒരു സത്യമാകുന്നു.

പാണ്ഡവപുരം ഒരാശ്വാസമാണ്. ആശ്വാസം മാത്രമാണ്. അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരം രൂപംകൊള്ളുന്നു.

പതിനാറ്

വീണ്ടും ഒരു രാത്രി.

മുറിയുടെ ഒരു കോണിൽ വെളിച്ചം വീഴാത്തയിടത്ത് തല കുനിച്ചു നിൽക്കുന്ന മനുഷ്യനെ അവൾ കണ്ടു. അയാളുടെ മുഖഭാവങ്ങൾ തീരെ വ്യക്തമായിരുന്നില്ല. പക്ഷേ, അയാൾക്ക് തൻറെ നേർക്ക് നോക്കാനുള്ള കരുത്തില്ലെന്ന് ദേവിക്കു മനസ്സിലായി.

അഴിഞ്ഞ മുടി ഒതുക്കിക്കെട്ടിക്കൊണ്ട് അവൾ മെല്ലെ പറഞ്ഞു:

'ഒടുവിൽ നിങ്ങൾ വന്നു, അല്ലേ? എനിക്കറിയാമായിരുന്നു, നിങ്ങളൊരിക്കൽ വരാതിരിക്കില്ലെന്ന്.'

അയാളൊന്നും പറഞ്ഞില്ല.

ശാന്തമായ സ്വരത്തിൽ ദേവി തുടർന്നു:

'ഇല്ല. നിങ്ങളെ വിസ്തരിക്കാൻ എനിക്ക് ഉദ്ദേശ്യമില്ല. രാത്രിയിൽ, ഉറക്കപ്പായിൽ എന്നെ തനിച്ചാക്കിയിട്ട് ഒളിച്ചോടിപ്പോയ നിങ്ങളുടെ ഭീരുത്വം എന്നെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു ഫലിതംപോലുമല്ലാതായിരിക്കുന്നു. ഉവ്വ്, ആദ്യകാലത്ത് ഇരുട്ടിനെയും ശപിക്കപ്പെട്ട ഏകാന്തതയെയും തനിച്ച് വേട്ടയാടാൻ വിധിക്കപ്പെട്ടകാലത്ത് ഞാൻ ഏറെക്കാലം വിങ്ങിപ്പൊട്ടിനിന്നിരുന്നു. നിങ്ങളെ കുറ്റം പറയുകയല്ല. നിങ്ങളൊരിക്കലും എന്നോട് ദയ കാട്ടുകയില്ലെന്ന് എനിക്കറിയാമായിരുന്നു. ഒന്നോർത്തുനോക്കു, എവിടന്നോ വന്ന ഒരു ചെറുപ്പക്കാരൻറെ വാക്കുകളിൽ കുരുങ്ങി, മയങ്ങി, എൻറെ ചെറുപ്പവും എൻറെ സൗന്ദര്യവും— ഞാൻ എന്തിനാണങ്ങനെ പറയുന്നത്, അല്ലേ? പക്ഷേ, ആവർത്തനത്തിൽ എനിക്ക് വല്ലാതെ സുഖം തോന്നുന്നു എൻറെ ചെറുപ്പവും എൻറെ സൗന്ദര്യവും അയാൾക്ക് കാഴ്ചവെക്കുമ്പോൾ ജാരനെ നേരിടാൻ പോലും കഴിവില്ലാത്ത ഒരു ദുർബലനായ ഭർത്താവായി കാല്പാടുകൾ പോലും മണ്ണിൽ വീഴ്ത്താൻ കഴിവില്ലാത്ത നിങ്ങൾ ഓടിയൊളിക്കുമ്പോൾ, എനിക്ക് നിങ്ങളോട് സഹതപിക്കാൻ മാത്രമല്ലേ കഴിയൂ.'

അയാളൊന്നും മിണ്ടാനാകാതെ, വെളിച്ചം വീഴാത്ത ആ മൂലയിൽനിന്ന് അനങ്ങുകപോലും ചെയ്യാതെ ചുരുണ്ടുനിന്നു. അയാളുടെ മുഖം അടുത്തു കാണാൻ, അവിടെ മിന്നിമറയുന്ന വികാരങ്ങൾ വായിച്ചെടുക്കാൻ ദേവി ശ്രമിച്ചില്ല. അവൾ പുലമ്പുകയായിരുന്നു:

‘പിന്നീട് നിങ്ങളുടെ വിത്ത് എൻറെ വയറ്റിൽ മുള പൊട്ടി. നിങ്ങൾ ഒരു കുഞ്ഞായി എൻറെ വയറ്റിൽക്കിടന്ന് കൈകാലുകളിട്ടടിച്ചു. ഗർഭപാത്രത്തിൻറെ ഭിത്തികളിൽ തലയറഞ്ഞു മോചനത്തിനുവേണ്ടി കരഞ്ഞു. അപ്പോഴൊക്കെ ക്രൂരമായ ഒരു സംതൃപ്തിയോടെ, നിങ്ങൾ സമ്മാനിച്ച ഭ്രൂണത്തെ ഞാൻ അടക്കിയിട്ടു. പക്ഷേ, ഞാനവനെ ഒരിക്കലും നശിപ്പിച്ചില്ല. നിങ്ങളുടെ ഭീരുത്വത്തിൻറെ, നിങ്ങൾ എന്നോടു കാട്ടിയ ചതിയുടെ, തെളിവായി അവൻ വളർന്നുവരണമെന്ന് ഞാൻ മോഹിച്ചു. ഓർമയുണ്ടോ, എൻറെ വയറ്റിൽ ഒരു കുരുന്നുമുളയുണ്ടെന്നു ഞാൻ പറഞ്ഞപ്പോൾ നിങ്ങൾ പൊട്ടിത്തെറിച്ച നിമിഷം? ഒരുപക്ഷേ, നിങ്ങൾക്കതിനുള്ള കഴിവില്ലെന്നും ഒരു ജാരനെക്കൊണ്ടേ അതു കഴിയുകയുള്ളൂവെന്നും നിങ്ങൾ കരുതിയിരിക്കണം. ആയ്ക്കോട്ടെ. എൻറെ ജീവിതം കലങ്ങിയത്, നിങ്ങൾക്ക് എന്നെ ചുറ്റിപ്പറ്റി ആദ്യമേ ഉണ്ടായിരുന്ന സംശയങ്ങൾ പെരുകിയത്, നിങ്ങൾക്കറിയാത്ത, എനിക്കുമറിയാത്ത, പാണ്ഡവപുരത്തെ അനേകം ജാരന്മാർ കാരണമായിരുന്നിരിക്കണം. അവരെ എനിക്കറിയില്ലെന്നു പറയുമ്പോൾ നിങ്ങൾക്ക് വിശ്വസിക്കാനാവുന്നില്ല, അല്ലേ? നിങ്ങൾതന്നെ പലവുരു ആവർത്തിച്ചു പറഞ്ഞ് അവരെ എൻറെ മനസ്സിൽ ഉറപ്പിച്ചു. എനിക്കിപ്പോൾ അവരെ അടുത്തറിയാമെന്നുവരെ ആയിരിക്കുന്നു. ജാരൻറെ മിനുത്തുതിളങ്ങുന്ന മുഖമുള്ള, ജാരൻറെ ആസക്തി തുളുമ്പുന്ന കൂർത്ത കണ്ണുകളുള്ള, ഒരുപറ്റം ചെറുപ്പക്കാർ ഈയിടെയായി നിത്യവും എൻറെ കൺമുമ്പിലൂടെ നിരയായി നീങ്ങിപ്പോകാറുണ്ട്. അവരുടെ ശരീരത്തിലെ ഓരോ നിസ്സാര വ്യത്യാസങ്ങളും, എന്തിന് അവരുടെ വ്യത്യസ്തമായ ഗന്ധങ്ങൾവരെ, എനിക്കിപ്പോൾ വേറിട്ടറിയാം. അക്കൂട്ടത്തിലൊരുത്തനെ ഞാൻ ഇങ്ങോട്ട് ആവാഹിച്ചുവരുത്തിയിട്ടുണ്ട്. അത്ഭുതം തോന്നുന്നുണ്ടോ? അയാൾ ഇവിടെയുണ്ട്. ഈ വീട്ടിൽത്തന്നെ. അടുത്ത മുറിയിൽ…’

അടികൊണ്ടു പുളയുന്ന പാമ്പിൻറെ പത്തിപോലെ, മൂലയിലെ നിഴൽ പതുക്കെ അനങ്ങി. കുഞ്ഞിക്കുട്ടൻറെ പതിഞ്ഞ ശബ്ദം ദേവി കേട്ടു.

‘നീ എന്തിനിതൊക്കെ പറയുന്നു? കഴിഞ്ഞതൊക്കെ കഴിഞ്ഞില്ലേ?’

അയാളുടെ ശബ്ദത്തിൽ തീരെ ആത്മവിശ്വാസമില്ലായിരുന്നു. ആ ദൗർബല്യം അവളെ വല്ലാതെ രസിപ്പിച്ചു. അവൾക്ക് ഉറക്കെ അലറിച്ചിരിക്കാനാണു തോന്നിയത്. മുടിയഴിച്ചിട്ട് കുഞ്ഞുണ്ണിമ്മാനെ വീഴ്ത്തിയപാലച്ചുവട്ടിലെ യക്ഷിയെപ്പോലെ അലറിച്ചിരിക്കുക.

അവൾ തുടർന്നു:

‘എന്തിനാണിതൊക്കെ പറയുന്നതെന്നോ? നിങ്ങളതു കേൾക്കണം, നിങ്ങൾ വിധിയെഴുതിത്തള്ളിയ തോൽവി ഞാൻ എങ്ങനെയൊരു ജയമായി മാറ്റിയെന്നു നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ സംശയിച്ചിരുന്ന, ഒരുപക്ഷേ, അസൂയയോടെ കണ്ടിരുന്ന, പാണ്ഡവപുരത്തെ ജാരന്മാരെയെല്ലാം ഓരോരുത്തരെയായി, ഞാൻ ഈ വീട്ടിൽ, ഈ മുറിയിൽ, ആവാഹിച്ചുവരുത്തും. എന്നിട്ട് അവരുടെ അഹന്തയുടെ, പൗരുഷത്തിൻറെ, പത്തിയിൽ ആഞ്ഞാഞ്ഞ്, എണ്ണിയെണ്ണി, ചവിട്ടി ആ പത്തികൾ താഴ്ത്തും…

അയാൾ നടുങ്ങുന്നുണ്ടെന്ന് അവൾക്കു തോന്നി. ഓരോ വാക്കും ആഞ്ഞാഞ്ഞുള്ള ചവിട്ടുകളായി തൻറെ നെറുകയിലാണു വീഴുന്നതെന്ന് അയാൾക്കു തോന്നിത്തുടങ്ങിയിരിക്കും.

'നിങ്ങൾ ഭീരുവാണ്.' ആ വാചകം പല തവണ ആവർത്തിക്കാൻ അവൾ കൊതിച്ചു.

അയാൾ മിണ്ടിയതേയില്ല. ചിലന്തിവലകൾ തൂങ്ങിനിൽക്കുന്ന കോണിലൊതുങ്ങുമ്പോൾ അയാൾ ഉറക്കെ കിതയ്ക്കുന്നുണ്ടെന്ന് ദേവിക്കു തോന്നി. അവൾ ക്രൂരമായ രസത്തോടെ തുടർന്നു:

'നിങ്ങൾക്കിപ്പോൾ എന്നെ വേണമെന്നു തോന്നുന്നുണ്ടല്ലോ. മറച്ചുവെക്കാൻ നോക്കണ്ട. എനിക്കതു മനസ്സിലായിക്കഴിഞ്ഞു. വർഷങ്ങൾക്കുശേഷം ഈ മഴ പെയ്തു കുതിർന്ന രാത്രിയിൽ ഒളിച്ച്, പതുങ്ങി, ആരുമറിയാതെ, നിങ്ങൾ എൻറെ ജനാലക്കതകിൽ വന്നു മുട്ടിയതു മറ്റൊന്നിനുമാവില്ല. ഒരു ഭർത്താവിൻറെ അവകാശം കളഞ്ഞുകുളിച്ച ജാരൻറെ വേവലാതിയോടെ ചുറ്റുംനോക്കിയിട്ട് എന്നോടു വേഗം കതകുതുറക്കാൻ പറഞ്ഞതും മറ്റൊന്നിനുമാവില്ല. വന്നുകയറിയതുമുതൽ നിങ്ങളുടെ കണ്ണുകളിൽ കണ്ട ആ ദൈന്യതകലർന്ന ആസക്തി ഞാൻ ശ്രദ്ധിക്കുകയായിരുന്നു. നിങ്ങൾക്കു മോഹമുണ്ടെങ്കിൽ ഞാൻ ഒരു എളുപ്പവഴി പറഞ്ഞുതരാം. എൻറെ മുമ്പിലൂടെ നിരയിട്ടുപോകാറുള്ള അസംഖ്യം ജാരന്മാരുടെ കൂട്ടത്തിൽ നിങ്ങൾക്കും ഒരു സ്ഥാനം തരാം. പക്ഷേ, ഒരു വ്യവസ്ഥ മാത്രം. നിങ്ങളുടെ സ്ഥാനം ഏറ്റവും പുറകിലായിരിക്കും. ഒരു പഴയ ഭർത്താവാണെങ്കിലും ക്യൂവിലെ നിയമങ്ങൾ പാലിക്കാനുള്ള ബാദ്ധ്യത നിങ്ങൾക്കുമുണ്ടല്ലോ...'

ആ പറഞ്ഞതിൻറെ രസം നുണഞ്ഞുകൊണ്ട് ദേവി ഏറെനേരം ഊറിച്ചിരിച്ചു. പിന്നീട് അതൊരു പൊട്ടിച്ചിരിയായി വിടർന്നു. ചിരിച്ചു ചിരിച്ചു കുഴഞ്ഞു തളർന്നപ്പോൾ ഒന്നു നിർത്തി. ഇത്തിരി കഴിഞ്ഞു വീണ്ടും തുടങ്ങി. പാലച്ചുവട്ടിലെ യക്ഷി ഇങ്ങനെയാണോ ചിരിക്കുക? അവളെ ആണിയിൽ തറയ്ക്കാതെ തറവാട്ടിൻറെ മച്ചിൽ പ്രതിഷ്ഠിച്ചതാര്?

ആറ്റുംകുളങ്ങര അമ്പലത്തിൽ കഥകളി കണ്ടുകൊണ്ടിരിക്കുമ്പോഴാണ് കുഞ്ഞുണ്ണിമ്മാന്ന് പെട്ടെന്നോർമ വന്നത്, വീട്ടിൽ അമ്മുക്കുട്ടി പത്തും തികഞ്ഞിരിക്കുകയാണല്ലോ എന്ന്, പോകുമ്പോൾ വിശേഷിച്ചൊന്നുമുണ്ടായിരുന്നില്ല. കഥകളിയുടെ കമ്പം പെരുകിയപ്പോൾ ഒന്നും ഓർക്കാതെ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു. പക്ഷേ, ഇപ്പോൾ തോന്നുന്ന എന്തോ കുഴപ്പമുണ്ടെന്ന്. ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. കാര്യസ്ഥൻ രാമൻനായർ കൂടെവരാൻ തുടങ്ങിയിട്ടും സമ്മതിച്ചില്ല. കൊഴുത്ത കളിയാണ്. രാമൻ മുഴുവൻ കണ്ടിട്ടു വന്നാൽ മതി. അങ്ങനെ ഓലച്ചൂട്ടും കത്തിച്ച് തിടുക്കംപിടിച്ചു നടന്നു. വെട്ടുവഴി കഴിഞ്ഞ്, കളരിപ്പറമ്പു കഴിഞ്ഞ്, ഭഗവതിയമ്പലത്തിനടുത്തെത്തിയപ്പോൾ പാലപ്പൂവിൻറെ മണം മൂക്കിലേക്കടിച്ചുകയറി. പോകുമ്പോൾ പാല പൂത്തിരുന്നില്ലല്ലോ എന്ന് അത്ഭുതത്തോടെ ഓർത്തു...

കുഞ്ഞിക്കുട്ടൻ പതുക്കെ അരണ്ട വെളിച്ചത്തിലേക്കു രണ്ടു ചുവടുവെച്ചു.

‘എന്താ പോകാൻ തുടങ്ങുകയാണോ?’ ദേവി പുച്ഛസ്വരത്തിൽ ചോദിച്ചു.

അയാൾ എന്തോ പറയാൻ ശ്രമിച്ചു. അതു വ്യക്തമായില്ല.

‘അപ്പോൾ നിങ്ങൾ വന്നതെന്തിനാണെന്നു മനസ്സിലായില്ല.’ ദേവിയുടെ പുരികങ്ങൾ ചുളിഞ്ഞു. ചുണ്ടുകളുടെ കോണിൽ അപ്പോഴും വികൃതമായൊരു ചിരിയുണ്ടായിരുന്നു.

‘വന്നത്... വന്നത്...’ അയാൾ വിക്കിവിക്കി പറഞ്ഞു: ‘ദേവ്യെ ഒന്നു കാണാനാണ്.’

‘എന്നാൽ, പിന്നെ കാളികാവിൽ പോകായിരുന്നില്ലേ?’

അവൾ വീണ്ടും പൊട്ടിച്ചിരിച്ചു. കുഞ്ഞിക്കുട്ടൻറെ മുഖം വിളറുന്നത് അവൾ ക്രൂരമായ രസത്തോടെ നോക്കിക്കണ്ടു.

കുഞ്ഞുണ്ണിമ്മാൻ മൂന്നു ദിവസം പനിച്ചു കിടന്നു. ചുവന്നു തിണർത്ത മുഖത്തു പേടിക്കുരുപ്പകൾ പൊങ്ങിയിരുന്നു. ക്ലാവു പിടിച്ച കണ്ണുകളിൽ ഏതോ അജ്ഞാതമായ ഭയം പാടകെട്ടിനിന്നിരുന്നു. അയഞ്ഞുതൂങ്ങിയ കൺതടങ്ങളിൽ വരകൾ വീണിരുന്നു. മയക്കത്തിൽ പലതവണ ഞെട്ടിയുണർന്നു തുറിച്ചുനോക്കി. വീണതിൽപ്പിന്നെ ഒരക്ഷരംപോലും ഉരിയാടിയില്ല. ലേശം പിളർന്ന വായ പൂട്ടിയതുകൂടിയില്ല. മരുമക്കൾ ശ്വാസങ്ങൾ ഓരോന്നായി എണ്ണി. ഒടുവിൽ വരണ്ട ചുണ്ടുകളുടെ ഇടയിൽക്കൂടി ഗംഗാജലം ഇറ്റിറ്റു വീഴ്ത്തി...

കുഞ്ഞുണ്ണിമ്മാൻറെ വല്യമ്മാവൻ ചതിച്ചു പിഴപ്പിച്ച പെണ്ണാണത്രെ പാലച്ചുവട്ടിൽവെച്ചു കുഞ്ഞുണ്ണിമ്മാനെ കുരുക്കിയത്. പിന്നീടു തറവാട്ടിൻറെ മച്ചിനകത്തു കയറിക്കൂടിയത്...

കുഞ്ഞിക്കുട്ടൻ വീണ്ടും രണ്ടു ചുവടുകൂടി വെച്ചിട്ട് ദേവിയുടെ മുഖത്തേക്കു സംശയത്തോടെ നോക്കി. ഏതു നിമിഷവും അവൾ മുന്നിൽ കയറിനിന്നു തന്നെ തടഞ്ഞേക്കുമെന്ന് അയാൾ ഭയപ്പെട്ടിരിക്കണം. ദേവിയുടെ കണ്ണുകൾ അയാളെ ആകെ ഉഴിയുകയായിരുന്നു. അയാൾ ഇപ്പോൾ വെളിച്ചത്തിലാണ്. എന്തുപെട്ടെന്ന് അയാൾക്കു പ്രായമേറിയിരിക്കുന്നു. നെറുകയിൽ നിന്നു മുടി കുറെയേറെ കൊഴിഞ്ഞുപോയിരിക്കുന്നു! ഉള്ളില്ലാത്ത മുടിയിൽ അവിടവിടെയായി നരച്ചയിഴകൾ. മുഖത്തെ തൊലിയാകെ നിറഭേദം വന്നു വെടിച്ചതുപോലെ. നടക്കുമ്പോൾ ഇടതുവശത്തേക്കു വല്ലാതെ തേങ്ങിപ്പോകുന്നു. ആകക്കൂടി എന്തു മാറിയിരിക്കുന്നു! അവൾക്ക് അപ്പോൾ അയാളോടു ദയയാണു തോന്നിയത്. എല്ലാം മറന്ന്, എല്ലാം ഒതുക്കി, ചോദിക്കണമെന്നുതോന്നി: കുഞ്ഞൂട്ടേട്ടനു സുഖമാണോ? ഇത്രയും കാലം എവിടെയായിരുന്നു? ഒരുപാട് അലഞ്ഞുതിരിഞ്ഞു കഷ്ടപ്പെട്ടുവോ? എന്നോടു ചെയ്തതൊക്കെ പോകട്ടെ. ഞാൻ അതൊക്കെ മറക്കാം. പക്ഷേ, ഇതെന്തു കോലം?

കുഞ്ഞിക്കുട്ടൻ അവളുടെ കണ്ണുകളെ നേരിടാതെ പതിഞ്ഞ കാൽവെപ്പുകളോടെ കതകിനടുത്തേക്കു നടക്കാൻ തുടങ്ങുകയായിരുന്നു.

പെട്ടെന്ന് കതകിൽ ആരോ മുട്ടി.

കുഞ്ഞിക്കുട്ടൻ അതേപടി മരവിച്ച മട്ടിൽ നിന്നു. പേടിച്ചരണ്ട കണ്ണുകളോടെ ദേവിയുടെ നേർക്കു നോക്കി.

'ശ്യാമളയായിരിക്കും.' ദേവി പറഞ്ഞു: 'അവൾ നിങ്ങളെ കാണേണ്ട, ദാ, ആ ജനാലയിൽക്കൂടി പൊയ്ക്കോളൂ. ആരും അറിയില്ല.' അവൾ ഇരുമ്പഴികളിട്ട ജനാലയിലേക്കു ചൂണ്ടിക്കാട്ടി.

കതകു തള്ളിത്തുറന്നുകൊണ്ട് ശ്യാമള കയറിവന്നു.

'ഏട്ടത്തി ആരോടാണ് സംസാരിച്ചിരുന്നത്?' അവൾ അത്ഭുതത്തോടെ ചോദിച്ചു.

ദേവി അയാൾ നിന്നിരുന്നിടത്തേക്കു നോക്കി. അയാൾ ജനാലയിലൂടെ അലിഞ്ഞുപോയിക്കഴിഞ്ഞിരുന്നു.

'നിൻറെ ഏട്ടനോട്' ദേവി ശാന്തസ്വരത്തിൽ പറഞ്ഞു.

'കുഞ്ഞൂട്ടേട്ടനോ?' ശ്യാമള വിശ്വാസംവരാത്തമട്ടിൽ തുറിച്ചുനോക്കി: 'ഏട്ടൻ എപ്പോൾ വന്നു? ഞാനറിഞ്ഞിട്ടില്ലല്ലോ. എന്നിട്ടെവിടെപ്പോയി?

'ദാ, അതിലൂടെ പോയി.' ദേവി ജനാലയിലേക്കു ചൂണ്ടിക്കാട്ടി.

'ഏട്ടത്തിക്ക് എപ്പോഴും തമാശയാണ്'. ശ്യാമള ചിരിച്ചുകൊണ്ടു കിടക്ക തട്ടി വിരിക്കാൻതുടങ്ങി.' ഒച്ചകേട്ടപ്പോ ഞാൻ വിചാരിച്ചു. രാത്രില് ആരാപ്പൊ ഇവിടെ കേറിവന്നിരിക്കണതെന്ന്.'

'അത് എൻറെ ഭർത്താവായിരുന്നു, നിൻറെ ഏട്ടനായിരുന്നു.' ദേവി പറഞ്ഞു: 'ഇനീം വരാനുണ്ട് പലരും.നിനക്ക് അവരെ പരിചയം കാണില്ല. അവർ പാണ്ഡവപുരത്തെ ജാരന്മാരാണ്. പേടിക്കൊന്നും വേണ്ട. അവരെ ആവാഹിച്ചു വരുത്താൻ നോക്കുകയാണ് ഞാൻ.'

'എന്തിന്?' ശ്യാമളയ്ക്കു ചിരിയടക്കാൻ കഴിഞ്ഞില്ല.

'അതൊക്കെ പറഞ്ഞാൽ കുട്ടിക്കു മനസ്സിലാവില്ല. എനിക്കു നൊസ്സാന്ന് പറയും. പക്ഷേ, എൻറെപോലത്തെ ഒരു സ്ഥിതിവരുമ്പോൾ കുട്ടിക്ക് എല്ലാം മനസ്സിലാക്കാൻ കഴിയും.'

'നേരം ഒരുപാടായി. ലൈറ്റണയ്ക്കട്ടെ? ശ്യാമള ചോദിച്ചു.

ദേവി മൂളി.

ഉറക്കം വരാതെ കണ്ണുമിഴിച്ചുകിടക്കുമ്പോൾ ദേവിയുടെ മനസ്സിലൂടെ ഒരുപറ്റം ചെറുപ്പക്കാരുടെ നിര അടിവെച്ചു നീങ്ങുകയായിരുന്നു— പാണ്ഡവപുരത്തെ ജാരന്മാർ!

പതിനേഴ്

പടികടന്നു രണ്ടു പേർ വരുന്നതുകണ്ട് ദേവി ഉമ്മറത്തുണിൻറെ ഒരു വശത്തേക്ക് ഒതുങ്ങിനിന്നു. കാവി ഖദർ ജൂബ്ബയിട്ട ഒരു നരച്ച തലമുടിക്കാരൻ. കറുത്തു തടിച്ച ഒരു ചെറുപ്പക്കാരനും. ചെറുപ്പക്കാരൻ കൂർത്ത കണ്ണുകൾകൊണ്ട് അവളെയൊന്ന് ഉഴിഞ്ഞിട്ടു മറ്റേയാളോട് എന്തോ കുശുകുശുത്തു. എന്നിട്ടു ഗൗരവഭാവത്തിൽ ചോദിച്ചു:

'അമ്മാളു അമ്മയില്ലേ ഇവിടെ?'

'മുത്തശ്ശി അകത്തുണ്ട്.'

'ഒന്നു വിളിക്കു.'

'സുഖമില്ലാതെ കിടപ്പാണ്.'

'എന്നാലും ഒന്നു വിളിക്കു. ഒരു അത്യാവശ്യകാര്യം പറയാനുണ്ട്.'

'ആരു വന്നിരിക്കുന്നുവെന്നു പറയണം?'

ചെറുപ്പക്കാരൻ അക്ഷമനായി. മീശയുടെ അറ്റത്തു തിരുപ്പിടിച്ചുകൊണ്ട് അയാൾ കനത്ത ശബ്ദത്തിൽ പറഞ്ഞു:

'അതൊക്കെ ഞങ്ങള് പറഞ്ഞോളാം. ഒന്നു വിളിച്ചാൽ മതി.'

'മുത്തശ്ശിക്കു ചെവി കേൾക്കില്ല.'

'കേൾക്കുന്നവിധത്തിൽ പറയാൻ എനിക്കറിയാം.'

ദേവി പിന്നെയും സംശയിച്ചു.

'നിങ്ങളെ എനിക്കു മനസ്സിലായില്ലല്ലോ.'

'അതൊക്കെ വഴിയേ മനസ്സിലാക്കിത്തരാം.' ചെറുപ്പക്കാരൻ മുരണ്ടു:'നിങ്ങളോടു തർക്കിച്ചുനിൽക്കാൻ നേരമില്ല. ഞങ്ങൾക്കു വേറേ നൂറുകൂട്ടം പണിയുണ്ട്. അതിനിടയിലാണ് ഈ ഏടാകൂടം വന്നുകയറിയിരിക്കുന്നത്. ഏതായാലും ഇന്നാട്ടില് ജനിച്ചുവളർന്നതായതുകൊണ്ട് അമ്മാളുഅമ്മയോട് ഒരു വാക്കു പറഞ്ഞിട്ടാവാം ബാക്കി കാര്യങ്ങള് എന്നു കരുതി കയറിയതാണ്.'

'ദേവിക്ക് ഏതാണ്ടൊക്കെ ഊഹിച്ചെടുക്കാൻ കഴിഞ്ഞു. അപ്പോൾ ഒടുവിൽ അവർ ഒരുമ്പെട്ടിറങ്ങിക്കഴിഞ്ഞു. കരയിലെ ആങ്കുട്ടികൾ. ദേശത്തെ സദാചാരം ആകെ കുഴപ്പത്തിലായിരിക്കുകയാണല്ലോ. അതു സംരക്ഷിക്കേണ്ട ചുമതല അവർക്കുണ്ട്. പൊങ്ങിവന്ന ചിരി അമർത്തിയിട്ട് മുന്നോട്ടു രണ്ടടിവെച്ച് അവർ കാൺകെ തുണിനു മുമ്പിലായി നിന്നു.

'അപ്പോൾ, നിങ്ങൾ...? അവൾ വീണ്ടും ചോദിച്ചു. 'ആരാന്നു പറയുന്നതു വെറുമൊരു മര്യാദയാണല്ലോ.'

ചെറുപ്പക്കാരൻ അരിശത്തോടെ എന്തോ പറയാൻ തുടങ്ങുമ്പോഴേക്കും ജുബ്ബക്കാരൻ അയാളെ തടഞ്ഞിട്ട് പറഞ്ഞു:

'ഇത് രാമകൃഷ്ണൻനായര്. എൻറെ പേര് അച്ചുക്കുറുപ്പ്. എന്നെ ടീച്ചർക്കറിയാമായിരിക്കും?'

'അറിയാം. ഇപ്പോഴെനിക്കു മനസ്സിലായി, നിങ്ങൾ വന്ന കാര്യം.'

'വളരെ നല്ലത്.' രാമകൃഷ്ണൻനായര് പുച്ഛസ്വരത്തിൽ പറഞ്ഞു: 'ഇനി അതൊക്കെ വിസ്തരിക്കാണ്ടു കഴിഞ്ഞല്ലോ. വിസ്തരിക്കാന്നുവച്ചാൽ അതു പോക്കണംകേടുമാണല്ലോ.'

'ഉണ്ണിമേനോൻമാഷ് പറഞ്ഞയച്ചതാണല്ലേ?'

'മേനോൻചേട്ടൻ പറയൊന്നും വേണ്ട. അല്ലാണ്ടുതന്നെ കാര്യങ്ങള് നാട്ടിൽ പാട്ടായിരിക്കുന്നു.'

'നാട്ടുകാർക്കു പാടാൻ വേറേ രസമുള്ള വിഷയങ്ങളൊന്നുമില്ലേ?

രാമകൃഷ്ണൻനായര് അർത്ഥംവെച്ചു തലയാട്ടിക്കൊണ്ട് കുറുപ്പിൻറെ നേർക്കു നോക്കി.

'ഞാൻ പറഞ്ഞില്ലേ കുറുപ്പേട്ടാ, ഇതാണു തരം. കരക്കാര് മുഴുവൻ പറഞ്ഞിട്ടും കുറുപ്പേട്ടൻ വിശ്വസിച്ചില്ലല്ലോ. ദാ, ഇപ്പോ കണ്ടില്ലേ? പെൺകുട്ടികളുടെ ഒരു അഹമ്മതി!'

കുറുപ്പേട്ടൻ നെടുവീർപ്പിട്ടു:

'കളരിപ്പാടത്തുകാരുടെ നല്ല കാലം കണ്ടോർക്ക് ഇങ്ങനൊന്ന് ആലോചിക്കാൻകൂടി വയ്യ.' കുറുപ്പേട്ടൻ വേദനയോടെ പറഞ്ഞു: 'എന്നാലും കുട്ട്യേ, കാശും പണോം പോയെങ്കിലും തലമുറയായിട്ട് കാരണോന്മാരുണ്ടാക്കിയ ഒരന്തസ്സ് ഈ തറവാടിനുണ്ടല്ലോ. ഇനിപ്പോ കുട്ടിയായിട്ട് അതുകൂടി കളഞ്ഞു കുളിക്കാന്നുവെച്ചാല് ഇതിൽപ്പരം...'

ദേവി പെട്ടെന്നു ചൊടിച്ചു:

'ഞാൻ എന്തു ചെയ്യേണ്ടന്നാണു പറയണത്?'

'അതൊക്കെ ഞങ്ങള് പറയണ്ടന്നെ കുട്ടിക്കറിയാല്ലോ. ഒന്നും വേണ്ട, ആ ഉണ്ണിമേനോൻമാഷടെ കാര്യം മാത്രം ഓർത്താൽ മതി. അങ്ങേർക്കു പുറത്തു തലപൊക്കി നടക്കാൻകൂടി വയ്യാണ്ടായിരിക്കുന്നു.'

രാമകൃഷ്ണൻനായർക്ക് കുറുപ്പേട്ടൻറെ അയഞ്ഞ സംസാരം തീരെ ഇഷ്ടപ്പെട്ടില്ല. കാർക്കിച്ചുതുപ്പിക്കൊണ്ട് അയാൾ പറഞ്ഞു:

'കുറുപ്പേട്ടൻ വെറുതെ അതുമിതും പറഞ്ഞു സമയം കളഞ്ഞിട്ടു കാര്യമില്ല. നമ്മളെ സംബന്ധിച്ചിടത്തോളം കാര്യം വളരെ നിസ്സാരമാണ്. ഈ പണി ഇന്നാട്ടിൽ കൊണ്ടുനടക്കാൻ പറ്റില്ല. കളരിപ്പാടത്തെ തറവാട്ടിൻറെ പ്രതാപോം കൂട്ടോം ഒന്നും എനിക്കു പ്രശ്നമല്ല. അതു നിങ്ങടെ സ്വന്തം കാര്യം. പക്ഷേ, ഒരു നായരുസ്ത്രീ

ചീത്തയായാൽ അതിൻറെ പോക്കണംകേട് ഇവിടത്തെ നായന്മാരായ ചെറുപ്പക്കാർക്കൊക്കെയുണ്ട്. ഞങ്ങളിൽ ചിലര് ഈ കരേലുള്ളേടത്തോളം കാലം അതു സമ്മതിക്കില്ല. ഉറപ്പാണ്.'

'ഏതു നായരുസ്ത്രീയാണ് ചീത്തയായത്?' ദേവി ഒട്ടും കുലുങ്ങാതെയാണു ചോദിച്ചത്.

'കേട്ടോ ദേവിയമ്മേ.' രാമകൃഷ്ണൻനായര് ഭീഷണിയുടെ സ്വരത്തിൽ പറഞ്ഞു: 'അഹമ്മതിക്കൊക്കെ ഒരതിരുണ്ട്. പെണ്ണുങ്ങള് തുള്ളിയാൽ ചൂലെടുത്ത് അടിക്കണമെന്നാ പ്രമാണം. നിങ്ങള് ഈ നാട്ടുകാരിയല്ലല്ലോ. പിന്നെന്തിന് ഇങ്ങോട്ടു കയറിവന്ന് ഈ വേഷം കാട്ടുന്നു?'

'ഞാൻ വലിഞ്ഞുകയറി വന്നതല്ല. എന്നെ വിളിച്ചുകൊണ്ടു വന്നതാണ്.'

'അതോടെ അയാൾടെ അധോഗതിയായി. ഒരു പാവം പയ്യനായിരുന്നു. അയാള് പോയ വഴീല് പുല്ലുകൂടി മുളച്ചിട്ടില്ല.'

'ചില പെണ്ണുങ്ങള് അങ്ങന്യാണ് രാമകൃഷ്ണൻനായരേ.' കുറുപ്പേട്ടൻ പറഞ്ഞു: 'അവരുടെകൂടെ കൂടിയാൽ ആണുങ്ങള് കാക്കാലൻ തൊട്ട പാമ്പു പോലെയാകും.'

തൻറെ ഉള്ളിൽ അരിശം പതഞ്ഞുപൊങ്ങുന്നത് ദേവി അറിഞ്ഞു. എല്ലാം കഴിഞ്ഞിട്ട്, എൻറെ ജീവിതം തുലച്ചിട്ട്, ഇപ്പോൾ അയാളെ പുകഴ്ത്താനും ആളുകളുണ്ട്. വന്നരിക്കുന്നു കരക്കാരായ കുറെ വീരന്മാര്. തെറ്റ് എപ്പോഴും പെണ്ണിൻറേതുതന്നെ. ആണുങ്ങളെല്ലാം വിശുദ്ധന്മാർ. അവൾക്ക് ആ രണ്ടു നേതാക്കന്മാരുടെയും മുഖമടച്ച് ആട്ടാനാണു തോന്നിയത്. അരിശമടക്കാൻ നന്നേ പണിപ്പെടേണ്ടിവന്നു.

'അതോണ്ട്...' രാമകൃഷ്ണൻനായര് തിടുക്കത്തിലായിരുന്നു: 'അവസാനമായി ഒരു മുന്നറിയിപ്പുകൂടി തരാനാണ് ഞങ്ങള് വന്നത്. ഇക്കാര്യത്തില് ഞങ്ങളു നേരിട്ട് ഇടപെട്ട് ഒരു കോലാഹലം ഉണ്ടാക്കണ്ടെന്നു കരുതി ആദ്യം മേനോൻചേട്ടനെക്കൊണ്ടു പറയിപ്പിച്ചു. ഒരിക്കലല്ല, രണ്ടുമൂന്നു തവണ. എന്നിട്ടും ഫലമുണ്ടായില്ല.'

'അങ്ങേർ എന്നോടൊന്നും പറഞ്ഞിട്ടില്ല.'

'അതിന് അങ്ങേര് ഈ പടിക്കകത്തുതന്നെ കാലുകുത്തുകയില്ലെന്ന് ആണയിട്ടിരിക്കുകയല്ലേ? നിങ്ങളിൽ ചിലര് ഇങ്ങനെ തുടങ്ങിയാൽ മാന്യന്മാർക്കു നാട്ടിൽ കഴിഞ്ഞുകൂടണ്ടേ?'

'മാന്യതപോലും!' ദേവിക്കു ചിരിക്കാനാണു തോന്നിയത്. 'പകല് എല്ലാവരും മാന്യന്മാരാണ്. ഇരുട്ടുവീഴുമ്പോഴാണ് മാന്യതയുടെ മറ പോകുന്നത്. ഈ പടിക്കകത്തു കയറിയാൽ ഞാൻ ചൂലെടുക്കുമെന്ന് അയാൾക്കറിയാം. അതുതന്നെ ആണയിട്ടതിൻറെ കാരണം.'

'അതെന്തെങ്കിലുമായിക്കൊള്ളട്ടെ. അതൊക്കെ നിങ്ങടെ കാര്യം.' രാമകൃഷ്ണൻനായർ തുടർന്നു: 'എനിക്കിത്രേ പറയാനുള്ളൂ. ഇത് അവസാനത്തെ മുന്നറിയിപ്പാണ്. നാളെ നേരം വെളുക്കുമ്പോ അവനെ ഇവിടെ കാണാൻ പാടില്ല.'

'കണ്ടാൽ...? '

'പിന്നെ ചെയ്യേണ്ടതൊക്കെ എനിക്കറിയാം. ഇതിലും വലിയ മുഷ്കന്മാരെ ഞാൻ കണ്ടിരിക്കുന്നു. പരദേശികളു കേറി ഈ നാട്ടില് അങ്ങനെ വിളയണ്ട. ഈ ബിസിനസ് അങ്ങു സ്വന്തം നാട്ടിലേക്കു മാറ്റിയാൽ മതി.'

രാമകൃഷ്ണൻനായർ വീണ്ടും എന്തൊക്കെയോ പറയാൻ തുടങ്ങുകയായിരുന്നു. അയാളെ തടഞ്ഞുകൊണ്ട് കുറുപ്പേട്ടൻ മയത്തിൽ പറഞ്ഞു:

'ഈ രാത്രിയിൽത്തന്നെ അയാളെ ഇവിടന്ന് ഇറക്കിവിടണം. രാത്രിയാകുമ്പഴ് ആരും അറിയില്ല. ഒമ്പതിനോ മറ്റോ, ലാസ്റ്റ് ബസ്സുണ്ട്. അതു പിടിച്ചാൽ ടൗണിലെത്താം. അങ്ങനെ പോട്ടെ കാര്യങ്ങള്. പിന്നെ ഇതൊക്കെ അത്രേള്ളൂ. കുട്ടിക്ക് ചെറുപ്പല്ലേ? കൊറെ കഴിയുമ്പഴ് ആളുകള് ഇതൊക്കെയങ്ങു മറക്കും. ചെറുപ്പത്തിൻറെ തിളപ്പില് ഓരോരുത്തര് എന്തെല്ലാം കാട്ടിക്കൂട്ടുന്നു!'

രാമകൃഷ്ണൻനായർ നടന്നുതുടങ്ങിയിരുന്നു.

'ഞങ്ങളു പോവ്വാണ്.' തിരിഞ്ഞുനിന്നുകൊണ്ട് അയാൾ ഉറച്ച ശബ്ദത്തിൽ പറഞ്ഞു: 'പറഞ്ഞതൊക്കെ ഓർമേണ്ടല്ലോ?'

ദേവി ഒന്നും മിണ്ടിയില്ല. അവൾക്ക് ഒന്നും പറയണമെന്നു തോന്നിയില്ല. തറവാട്ടിൻറെയും സമുദായത്തിൻറെയും മാനം രക്ഷിക്കാൻവേണ്ടി അവർ എന്തു പാടുപെടുന്നു എന്നോർത്തപ്പോൾ അവൾക്കു ചിരിയാണു വന്നത്. പാവം നേതാക്കന്മാർ!

ഇടനാഴിയിലേക്കു കയറുമ്പോൾ വാതിലിൽ ചാരി അയാൾ നില്പുണ്ടായിരുന്നു.

'ആരാണവര്?' അയാൾ ചോദിച്ചു.

'സ്ഥലത്തെ നേതാക്കന്മാര്, സമുദായത്തിൻറെ സദാചാരം കാത്തുസൂക്ഷിക്കുന്നത് അവരാണ്.'

'എന്താണവരു പറഞ്ഞത്?

'ഓ, അവരു പലതും പറഞ്ഞു.' ദേവി അലസമായി പറഞ്ഞു: 'ഞാനതൊന്നും ശ്രദ്ധിക്കാൻ പോയില്ല. എന്നെ സംബന്ധിക്കുന്ന കാര്യങ്ങളാണെങ്കിൽ മാത്രം ശ്രദ്ധിച്ചാൽ പോരേ?'

'ഉം' അയാൾ ഒന്നിരുത്തി മൂളി.

അടുക്കളയിൽ കരഞ്ഞുകലങ്ങിയ കണ്ണുകളുമായി ശ്യാമള നില്പുണ്ടായിരുന്നു. ദേവി അത്ഭുതത്തോടെ നോക്കി. അവൾ കരയുന്നത് ആദ്യമായാണു കാണുന്നത്. വെറുപ്പും നിസ്സഹായതയും ദുഃഖവുമൊക്കെ കലർന്ന ഒരു ആവരണം അവളുടെ മുഖത്തു പറ്റിപ്പിടിച്ചിരുന്നു.

ദേവിയെ കണ്ടപ്പോൾ അവൾ പെട്ടെന്നു കൈപ്പത്തികൊണ്ടു മുഖം തുടച്ചു.

'എന്തുപറ്റി കുട്ടി?' ദേവി ചോദിച്ചു.

ശ്യാമള പെട്ടെന്നു മറുപടി പറഞ്ഞില്ല. അവളുടെ മുഖത്ത് അരിശം പടരുന്നത് ദേവി കണ്ടു.

അല്പം കഴിഞ്ഞ് അവൾ ചോദിച്ചു.

'ഏട്ടത്തി എന്തോർത്തിട്ടാണ് ഈ പുറപ്പാട്?'

‘എന്നുവെച്ചാൽ?’

‘ഏട്ടത്തിയോട്ടു തർക്കിക്കാൻ ഞാനില്ല. ഏട്ടത്തിയെ ഉപദേശിക്കാനും എനിക്കു കഴിവില്ല. പക്ഷേ, ഒന്നുമാത്രം ഓർത്താൽ മതി. ഒരു ദിവസം, വന്നതുപോലെ ഇയാളിറങ്ങിപ്പോകും. പിന്നേം നമുക്കീ നാട്ടില് കഴിഞ്ഞുടണ്ടേ?’

‘തീർച്ചയായിട്ടും.’

‘എല്ലാവരേം പിണക്കീട്ടുതന്നെ വേണോ അത്?’

‘ഞാനാരേം പിണക്കിയിട്ടില്ല. പിന്നെ ചിലർക്കു പിണങ്ങണന്ന് നിർബന്ധമുണ്ടെങ്കി ഞാനെന്തു ചെയ്യും? ഞാൻ എൻറെ കാര്യം മാത്രേ നോക്കാറുള്ളൂ. മറ്റാരുടെയും കാര്യങ്ങളിൽ ഇടപെടാറില്ല; ശ്യാമളയുടേതടക്കം. പിന്നെ മറ്റുള്ളവരെന്തിന് എൻറെ കാര്യങ്ങളിൽ തലയിടുന്നു?’

‘ഏട്ടത്തിയോട്ടു ഞാൻ തർക്കിക്കുന്നില്ല. ഏട്ടത്തീടെ പ്രകൃതം എനിക്കറിയാം.’ ഒന്നു നിർത്തിയിട്ട് അവൾ ഉറച്ച സ്വരത്തിൽ തുടർന്നു: ‘എനിക്കി വീട്ടിലിരുന്നിട്ടു ശ്വാസംമുട്ടാണ്. ശാപം കിട്ടിയ വീട്, സമാധാനമായിട്ട് ഒന്നുറങ്ങിയിട്ട് എത്ര ദിവസമായി കണ്ണടയ്ക്കുമ്പോ കാണുന്നതു പേടിസ്വപ്നങ്ങളാണ്. എനിക്ക് എല്ലാം മതിയായി. ചിലപ്പഴ് ഒരു ദിവസം കാലത്തു നോക്കുമ്പഴ് ഏട്ടത്തി എന്നേം കണ്ടേക്കില്ല.’

‘ശ്യാമളേ, എന്തു വിഡ്ഢിത്താണീ പറയണത്?’

‘എനിക്കു മടുത്തു ഏട്ടത്തി. മറ്റുള്ളോരുടെ കുത്തുവാക്കുകളു കേട്ടു കൊണ്ട് എത്ര കാലമിങ്ങനെ കഴിയും? പട്ടിണീം പാടുമായിട്ടു കഴിയാൻ ഞാൻ തയ്യാറാണ്. പക്ഷേ, മനസ്സമാധാനമില്ലാണ്ട്...’

ദേവിക്ക് അവളോട് അലിവു തോന്നി. അവളുടെ തോളിൽ കൈവെച്ചു കൊണ്ട് ദേവി പറഞ്ഞു:

‘കുട്ടി പറയണതൊക്കെ എനിക്കു മനസ്സിലാവുന്നുണ്ട്. പക്ഷേ, കുട്ടിയെങ്കിലും എന്നെ വിശ്വസിക്കു. ഞാനും ആ മനുഷ്യനുമായിട്ടു നിങ്ങൾ കരുതുന്നതുപോലെയുള്ള അങ്ങനെ യാതൊരു ബന്ധവുമില്ല. പക്ഷേ, അതിലും വലിയൊരു ബന്ധമുണ്ടുതാനും. അതു പറഞ്ഞാൽ ശ്യാമളയ്ക്കു മനസ്സിലാവില്ല. വർഷങ്ങളായി ഞാൻ അയാൾക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. അയാളുടെ വരവിനുവേണ്ടി മാത്രമാണു ഞാൻ ജീവിച്ചത്. ഞാൻ നൊയമ്പ്നോറ്റ്, വശീകരണമന്ത്രം ചൊല്ലി, അയാളെ ആവാഹിച്ചുവരുത്തുകയായിരുന്നു. വേറൊന്നിനുമല്ല, എനിക്കയാളെ തോല്പിക്കണമായിരുന്നു. അയാളുടെ അഹന്തയെ തകർത്തുതരിപ്പണമാക്കണമായിരുന്നു. ഞാൻ അയാളെ വെറുക്കുന്നു. എല്ലാ പുരുഷന്മാരെയും വെറുക്കുന്നു. നിൻറെ കുഞ്ഞുട്ടേട്ടനടക്കം.’

‘എന്നിട്ട് അയാളെ തോല്പിച്ചോ?’ ശ്യാമള പുച്ഛസ്വരത്തിൽ ചോദിച്ചു. ‘ഇല്ല.’ ദേവി പറഞ്ഞു: ‘അയാൾ മണലിലേക്കു തലപൂഴ്ത്തി കീഴടങ്ങിത്തന്നു; തോറ്റുതന്നു.’

പെട്ടെന്ന് അവളുടെ ശബ്ദം വീണ്ടും കനത്തു. മുഖത്തു ഗൗരവം പരന്നു. ആവേശത്തോടെ അവൾ പറഞ്ഞു:

'പക്ഷേ, ഇനിയും വൈകിയിട്ടില്ല. ഞാനയാളെ ഇവിടന്നു പോകാൻ സമ്മതിക്കില്ല. അയാളുടെ പുരുഷത്വത്തിൻറെ, അഹന്തയെ ഇനിയും തട്ടിയുണർത്തും. എന്നിട്ട് എണ്ണിയെണ്ണി, ആഞ്ഞാഞ്ഞ്, ചവിട്ടും. ചവിട്ടിച്ചവിട്ടി ആ പത്തി ചെളിക്കുണ്ടിലേക്കു താഴ്ത്തും.'

തൻറെ മുറിയിലിരുന്ന് അയാളതു കേട്ടു. അയാൾ നടുങ്ങി. ആ പഴയ രാത്രി ഒരു പേക്കിനാവുപോലെ ഇപ്പഴും ഇതാ കൺമുമ്പിൽ. അതു വീണ്ടും ആവർത്തിക്കുമോ? മുറിക്കുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ ഭയപ്പാടോടെ ഓർത്തു. എന്തിനു ഞാനീ നരകക്കുഴിയിലേക്കു വന്നു? ഏത് ഇരുണ്ട് ശക്തിയാണു കറുത്ത കയറുകൾ വലിച്ചെറിഞ്ഞു കുടുക്കി, കെട്ടി വലിച്ച്, എന്നെ ഇങ്ങോട്ടു കൊണ്ടുവന്നത്?

എന്തിന്? എന്തിന്?

ഒരു തീരുമാനമെടുക്കാനാകാതെ കുഴഞ്ഞ്, അയാൾ വീണ്ടും പലവട്ടം അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഇളം കറുപ്പുള്ള നിലത്ത് അയാളുടെ കാൽ പ്പാടുകൾ വീണു കുമിഞ്ഞു.

മുള്ളുവേലിക്കപ്പുറത്ത്, പാടത്തിനു നടുവിലുള്ള കുടിലുകളിൽ വിളക്കുകൾ കണ്ണുമിഴിച്ചു. ആകാശക്കീറിൽ ക്ഷീരപഥം തെളിഞ്ഞു. പതിഞ്ഞ കാലൊച്ചകളുമായി രാത്രി കടന്നുവന്നു. ഈ മുറിയിൽ ഇതെൻറെ അവസാനത്തെ രാത്രിയാണ്. അയാളോർത്തു: നാളെ കാലത്ത് ആർപ്പുവിളിച്ചുകൊണ്ട് ഒരു സംഘം കയറിവരും. മുറ്റത്തുനിന്നു വെല്ലുവിളിക്കും. പെണ്ണുങ്ങളെപ്പോലെ അകത്തൊളിച്ചിരിക്കാതെ ഇറങ്ങിവാടാ ചുണയുണ്ടെങ്കിൽ അഞ്ചാറു പേരേ ഒറ്റയ്ക്കു നേരിടാൻ ഈ ശരീരം മതി. പക്ഷേ, പേപിടിച്ചലറുന്ന ഒരാൾക്കൂട്ടത്തെ എങ്ങനെ നേരിടും? അവരൊരു ഭ്രാന്തൻതിരപോലെ അകത്തേക്കു തള്ളിക്കയറും, തന്നെ പിടിച്ചുവലിച്ചിറക്കും. ആർപ്പുവിളികളും കൊട്ടും വാദ്യവുമായി ആൾക്കൂട്ടത്തിൻറെ നടുവിലൂടെ വലിച്ചിഴച്ചു പെരുവഴിയിൽ കൊണ്ടുപോയിത്തള്ളും.

ആദ്യം തോന്നിയിരുന്ന ധൈര്യംപോലും ഇപ്പോഴില്ലല്ലോ. ആ ഭീകരമായ രാത്രിയിലെ തോൽവിക്കുശേഷം എല്ലാ കരുത്തും മഞ്ഞുകട്ടകൾപോലെ അലിഞ്ഞുപോയിരിക്കുന്നു. കരയിലെ മുഷ്കന്മാരെ വെല്ലുവിളിച്ച കൈയിന് ഇപ്പോൾ പിശാചിനെപ്പോലെ അള്ളിക്കയറുന്ന, നീറിപ്പിടിക്കുന്ന, പെണ്ണിനെ അടർത്തിമാറ്റാനുള്ള കരുത്തുപോലുമില്ലല്ലോ.

രക്ഷപ്പെടണം, ഇവിടന്നു രക്ഷപ്പെടണം. ഈ രാത്രിയിൽത്തന്നെ. അയാൾ പലവുരു സ്വയം ഉരുവിട്ടുപഠിച്ചു. ഓരോ തവണ ഉരുവിടുമ്പോഴും ആത്മവിശ്വാസം കുറഞ്ഞുവന്നു. ഒടുവിലൊടുവിൽ അയാൾക്കുതന്നെ ബോദ്ധ്യമായി, തനിക്കതിനുള്ള കരുത്തില്ലെന്ന്. ഈ മുറിക്കുചുറ്റും അവളുടെ മാന്ത്രികവലയമുണ്ട്. ഈ തൊടിക്കുചുറ്റും അവളുടെ മാന്ത്രികവലയമുണ്ട്. അതു മുറിച്ചുകടക്കാൻ തനിക്കു കഴിയില്ല. ഈ മുറി തൻറെ തടവറയാണ്. അവളുടെ അടിമയായി ഒരു ജന്മം മുഴുവനും ഇതിനകത്തുതന്നെ കഴിഞ്ഞുകൂടേണ്ടിവരും. പല രാത്രികളിലും അവൾ യക്ഷിയെപ്പോലെ മുടിയഴിച്ചിട്ട്, ചുവന്ന വസ്ത്രങ്ങളണിഞ്ഞ്, സിന്ദൂരം പടർന്ന

മുഖവുമായി, ചുവന്ന നാവുമായി, തന്നെ വന്ന് ആക്രമിക്കും. തൻറെ ശരീരത്തിലേക്ക് അള്ളിക്കയറും, തന്നെ കീഴടക്കാൻ നോക്കും.

അങ്ങനെ ഈ നാലു ചുവരുകൾക്കകത്തുകിടന്ന് ക്രമേണ തൻറെ ശരീരം ജീർണിക്കും. ജീർണിച്ചു വിളറിവെളുക്കും. പിന്നെ പൊടിയാൻതുടങ്ങും. ഇളംകാറ്റിൽ മനുഷ്യഗന്ധമുള്ള പൊടി ഈ നിലത്താകെ തൂവും.

ഒടുവിൽ ആ പൊടിയിൽ കാല്പാടുകൾ വീഴ്ത്തിക്കൊണ്ട് ചോരയും നീരുമുള്ള മറ്റൊരു ചെറുപ്പക്കാരൻ, പാണ്ഡവപുരത്തെ മറ്റൊരു ജാരൻ, വന്നു കയറും. അവൾ അവനെയും വശീകരിക്കും. വശീകരിച്ചു കീഴടക്കി തോല്പിക്കും. കാലക്രമേണ അവനും പൊടിയാകും. ഈ മുറിക്കകത്തു പല ഗന്ധങ്ങളുള്ള പൊടിക്കൂമ്പാരങ്ങൾ കുമിഞ്ഞുകൂടും. പല വലിപ്പത്തിലുള്ള അസ്ഥിക്കഷണങ്ങൾ ചിതറിക്കിടക്കും. അവയ്ക്കു നടുവിൽ മുടിയഴിച്ചിട്ട കൈയിൽ തലയോടുമായി അവൾ ചാമുണ്ഡിയെപ്പോലെ നൃത്തമാടും.

ഓർക്കുന്തോറും അയാൾ കൂടുതൽ തളരുകയായിരുന്നു.

പാണ്ഡവപുരമെന്ന മായാലോകം ഓർമകളിൽനിന്നു മാഞ്ഞുകഴിഞ്ഞിരുന്നു. അയഥാർത്ഥമായ മറ്റനേകം സ്വപ്നങ്ങളുടെ കൂമ്പാരത്തിൽ അതും പൊടിമൂടി മറഞ്ഞു. ഇപ്പോൾ കൺമുമ്പിലുള്ള സത്യം ഒന്നേഒന്നു മാത്രമാണ്. മറികടക്കാൻ വയ്യാത്ത ഈ മായാവലയം. അതു നിയന്ത്രിക്കുന്ന ദേവി. അവളുടെ നീണ്ട വിരലുകൾ, ചോര കിനിയുന്ന കൂർത്ത നഖങ്ങൾ. അവൾക്കിപ്പോൾ കഴുകൻറെ മുഖമാണ്. ചോരനിറമുള്ള കൊക്കുകൾക്കിടയിൽ തലനാരിഴയിൽ തൂക്കിയിട്ട കറുത്ത ഏലസ്സുപോലെ ഒരു ജീവൻ കിടന്നാടുന്നു.

അയാൾക്ക് ഉറക്കെ കരയണമെന്നു തോന്നി. പ്രാർത്ഥിക്കണമെന്നു തോന്നി.

പുറത്ത്, ആകാശക്കീറിനെ പാടേ മറച്ചുകൊണ്ട് കാർമേഘങ്ങൾ ഉരുണ്ടുകൂടി. കരിമ്പനകൾക്കിടയിൽ ഇടി മിന്നി, താഴ്ന്നുവെട്ടി. മിന്നലിൻറെ വികൃതമായ തിളക്കത്തിൽ, പാറക്കെട്ടുകളുടെ പശ്ചാത്തലത്തിൽ, കരിമ്പനകൾ ആടിയുലഞ്ഞു. പാലച്ചുവട്ടിൽ മയങ്ങിക്കിടന്നിരുന്ന നാഗത്താന്മാർ ഞെട്ടിയുണർന്ന് ഉറക്കെ ചീറ്റാൻ തുടങ്ങി. പാമ്പിൻവിഷത്തിൻറെ, പാലപ്പൂവിൻറെ, ഗന്ധമുള്ള കാറ്റ് ജാലകത്തിൽ തല്ലിയലച്ചു.

വെള്ളാരങ്കല്ലുകൾപോലെ ഓട്ടിൻപുറത്ത് മഴത്തുള്ളികൾ വന്നുവീണു.

പെട്ടെന്ന്, മിന്നലിൻറെ വെളിച്ചത്തിൽ, ഇടവഴിയുടെ തുടക്കത്തിൽ, ഒരു കറുത്ത രൂപം അനങ്ങുന്നത് അയാൾ കണ്ടു. അയാൾ നടുക്കത്തോടെ ഓർത്തു:

അവൻ!

എന്നെ പിന്തുടരേണ്ടവൻ. എനിക്കുശേഷം ഈ മുറിക്കകത്തു ജീർണിച്ചു പൊടിയാകേണ്ടവൻ.

അവനു വഴിയൊരുക്കുക, അവനാണ് എൻറെ രക്ഷകൻ. അയാൾ ജനലഴികളിൽ മുഖം അമർത്തിക്കൊണ്ട് മഴയോട്, കാറ്റിനോട്, ഇടിമിന്നലിനോട് വിളിച്ചുപറഞ്ഞു. കരച്ചിൽ തൊണ്ടവരെയെത്തിയിരുന്നു. തൊണ്ട വരണ്ടിരുന്നു.

ഏറെക്കഴിഞ്ഞ്, എല്ലാം ശമിച്ചപ്പോൾ, അയാൾ നിലത്തു ചമം, പടിഞ്ഞ് തെല്ലുനേരം കണ്ണടച്ചിരുന്നു.

എന്നിട്ടു തിടുക്കത്തിൽ പെട്ടിയടുക്കാൻ തുടങ്ങി.

പതിനെട്ട്

ഇളംകുളിരിലേക്കു കണ്ണു തുറന്നപ്പോൾ ദേവി ചുറ്റും നോക്കി. നേരം പുലർന്നിരിക്കുന്നു. തളർന്നവെയിൽ. അടുത്ത കിടക്കയിൽ ആരുമില്ല. അവൾ തട്ടിപ്പിടഞ്ഞെഴുന്നേറ്റ് അടുക്കളയിലേക്കു നടന്നു. ശ്യാമള നിലത്തു കുന്തിച്ചിരുന്നു ചായ മൊത്തിക്കുടിക്കുന്നു. അടുത്ത് രഘുവുമുണ്ട്.

'എന്ത് ഉറക്കാ അമ്മേ?' രഘു ചോദിച്ചു.

ഉമിക്കരിയെടുത്തു പല്ലുതേക്കുമ്പോൾ ദേവി ശ്യാമളയോടു പറഞ്ഞു:

'കിടന്നങ്ങുറങ്ങിപ്പോയി. അയാൾക്കു ചായ കൊടുത്തോ?

'ആർക്ക്?' ശ്യാമള ശബ്ദമുയർത്തി.

'ആ മുറിയിലെ ആൾക്ക്.' ശ്യാമള അത്ഭുതത്തോടെ കണ്ണുമിഴിച്ചു:

'ആ മുറില് ആരാള്ളത്?'

ദേവിക്കു ദേഷ്യം വന്നു:

'എന്താ, കാലത്തെ തലയ്ക്കു നല്ല വെളിവില്ലേ? അയാള് നേരത്തേ ചായ കുടിക്കുന്ന ശീലക്കാരനാണെന്നു നിനക്കറിഞ്ഞുടേ?'

രഘുവിനു ചിരിവന്നു:

'അമ്മ ആരടെ കാര്യാണ് പറയണത്?'

'ഏട്ടത്തി വല്ല സ്വപ്നോം കണ്ടുകാണും.'

'നിങ്ങൾ രണ്ടുപേരുംകൂടി എന്നെ കളിപ്പിക്കാൻ നോക്കുകയാണോ? അയാളവിടെയില്ലേ? അയാൾ പോയോ?'

അവൾ മുഖംപോലും കഴുകാൻ നിൽക്കാതെ അയാളുടെ മുറിയിലേക്കോടി.

മുറി തുറന്നുകിടക്കുന്നു. കാലിളകിയ മരപ്പെട്ടിയും ചുരുട്ടിവെച്ച മെത്തപ്പായും അതേസ്ഥാനത്തുതന്നെയുണ്ട്. മുറിയിൽ ആരുമില്ല.

അയാളെവിടെപ്പോയി?

അവൾ വേവലാതിയോടെ തിരിച്ചുവന്നു.

'അയാള്... അയാള് പോയോ, ആരോടും പറയാണ്ട്?'

'ഏട്ടത്തി ആരുടെ കാര്യാണീ പറയണത്?'

'ആ പാണ്ഡവപുരത്തുനിന്നു വന്നയാള്.'

'പാണ്ഡവപുരമോ! അതേതു സ്ഥലം?' ശ്യാമള അന്തംവിട്ടുപോയി; 'അവിടന്ന് ആള് വന്നെന്നോ?

ശ്യാമള വിശ്വാസം വരാത്തതുപോലെ അവളുടെ മുഖത്തേക്കു ചുഴിഞ്ഞു നോക്കി. രഘുവാകട്ടെ, വാ പൊളിച്ചിരിക്കുകയായിരുന്നു.

എവിടെയോ, എന്തോ പിശകുണ്ടെന്ന് ദേവിക്കു തോന്നി. ഇന്നലെ രാത്രിയിൽ ആ നീണ്ട മഴ പെയ്തുതൊടുങ്ങിയശേഷം, എപ്പോഴോ അയാൾ പെട്ടിയും തൂക്കി സ്ഥലം വിട്ടിരിക്കും.

പക്ഷേ, എങ്ങനെ?

എങ്ങനെ അയാൾക്കെൻറെ മായാവലയം മുറിച്ചുകടക്കാൻ കഴിഞ്ഞു?

ദേവി ധൃതിയിൽ മുഖംകഴുകി ഉമ്മറത്തേക്കുവന്നു. നനഞ്ഞുകുതിർന്ന മണ്ണിലേക്കു തുറിച്ചുനോക്കി. അവിടെങ്ങും കാല്പാടുകളില്ല. പാത്തിയിൽ നിന്നു വെള്ളം വീഴുന്നിടത്ത്, ഇന്നലെ വൈകുന്നേരം അയാൾ വലിച്ചെറിഞ്ഞ സിഗരറ്റുകുറ്റികൾ കാണാനില്ല. കഴുകിത്തെളിഞ്ഞ ആകാശത്തിനു ചുവട്ടിൽ വൃശ്ചികക്കുളിരുള്ള കാറ്റുമാത്രം ഊളിയിട്ടു നടക്കുന്നു.

എന്നാലും, എന്നാലും...

പോകുന്നതിനുമുമ്പ് എന്നോടൊന്നു പറയാമായിരുന്നു.

എന്നെ ഭയപ്പെട്ടാണോ ഓടിപ്പോയത്? അതോ, ഇന്നു കാലത്തു കരക്കാർ വന്ന് ഇറക്കിവിടുമെന്നു പേടിച്ചാണോ?

രഘു പുറകിൽ വന്ന് തുണിൽ കെട്ടിപ്പിടിച്ച് അവളെത്തന്നെ ശ്രദ്ധിക്കുകയായിരുന്നു. അല്പം കഴിഞ്ഞ് അവൻ ചോദിച്ചു: “അമ്മ എന്താ നോക്കണത്?

ഇടവഴിയിലൂടെ മീൻകുട്ടകളുമായി അരയത്തികൾ വടക്കോട്ടു പോകുന്നു.

‘ദേവിയേട്ടത്തി...!’ ശ്യാമള അവളെ കുലുക്കിവിളിച്ചു.

‘ഏട്ടത്തിക്കെന്തുപറ്റി?’

ശ്യാമളയുടെ തോളിൽ കൈവെച്ച്, കണ്ണുകളിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് അവൾ ചോദിച്ചു:

‘ശ്യാമളേ, സത്യം പറയണം. നിൻറെ അറിവോടെയാണോ അയാൾ ഒളിച്ചോടിപ്പോയത്?’

‘എനിക്ക് ഏട്ടത്തി പറയണതൊന്നും മനസ്സിലാവണില്ല. ഇവിടെ ആരുവന്നിരുന്നെന്നാണ് പറയണത്?’

‘പാണ്ഡവപുരത്തുനിന്ന്, കുഞ്ഞൂട്ടേട്ടൻറെ ജോലിസ്ഥലത്തുനിന്ന്, ഒരാൾ ഇവിടെ വന്നില്ലേ? ഇരുനിറവും ഉറച്ച ശരീരവുമുള്ള ഒരാൾ?’

‘ഇല്ല.’

‘അയാൾ നമ്മടെ വടക്കേ മുറിയിൽ കുറെ ദിവസം താമസിച്ചില്ലേ?’

‘ഏട്ടത്തി എന്തൊക്ക്യാണീ പറയണത്? എൻറീശ്വരാ...’

‘പോട്ടെ, എനിക്കിപ്പോൾ എല്ലാം മനസ്സിലാക്കാൻ കഴിയുന്നുണ്ട്. പോകുന്നതിനുമുമ്പ് അയാൾ തന്നെക്കുറിച്ചുള്ള എല്ലാ അറിവുകളും നിങ്ങളുടെ മനസ്സിൽനിന്ന് മായ്ച്ചുകളഞ്ഞു. നിങ്ങൾക്കാർക്കും ഇനി അയാളെ ഓർക്കാൻകൂടി

കഴിയില്ല. പക്ഷേ, എനിക്കോർമയുണ്ട്; എല്ലാം നല്ല ഓർമയുണ്ട്. ഞാൻ ഒറ്റക്കാലിൽ തപസ്സിരുന്നാണ് അയാളെ ഇങ്ങോട്ടു വരുത്തിയത്. അതും എത്ര നാളത്തെ കാത്തിരിപ്പിനുശേഷം.'

'ഏട്ടത്തിക്ക് അയാളെ അറിയാമായിരുന്നോ?'

'ഉവ്വ്. പാണ്ഡവപുരത്ത് ഞങ്ങളുടെ ക്വാർട്ടേഴ്സിനു തൊട്ടടുത്ത വീട്ടിലായിരുന്നു അയാൾ താമസിച്ചിരുന്നത്. കുഞ്ഞൂട്ടേട്ടൻ വീട്ടിലില്ലാത്ത രാത്രികളിൽ അയാൾ ജാലകത്തിനരികിൽ സിഗരറ്റും പുകച്ചുകൊണ്ട് എൻറെ കിടപ്പുമുറിയിലേക്കു തന്നെ ഉറ്റുനോക്കിക്കൊണ്ട് നിൽക്കാറുണ്ടായിരുന്നു. പിന്നീട് ഞങ്ങൾ പരിചയമായി. എങ്ങനെയെന്നറിയില്ല, വല്ലാതെ അടുത്തു. അത് പലതരത്തിലുള്ള അടുപ്പമായിരുന്നെന്നു പറയാൻ വിഷമമുണ്ട്... കുഞ്ഞൂട്ടേട്ടൻ അറിയാതെ വൈകുന്നേരങ്ങളിൽ ഞങ്ങൾ നടക്കാൻ പോയി. തീവണ്ടിപ്പാളങ്ങൾ കടന്ന്, പുൽമൈതാനം കടന്ന്, ഓറഞ്ചുതോട്ടങ്ങളുടെ നടുവിലെ മഞ്ഞുവീണ നനഞ്ഞ പാതയിൽക്കൂടി, ഞങ്ങൾ കൈകോർത്തുപിടിച്ചു നടക്കാറുണ്ടായിരുന്നു. എനിക്ക് അയാളെ ഇഷ്ടമായിരുന്നു!'

'അതിന്,' ശ്യാമള അത്ഭുതത്തോടെ പറഞ്ഞു: 'ഏട്ടത്തി പാണ്ഡവപുരത്തു പോയിട്ടില്ലല്ലോ. ഈ വീടുവിട്ട് പുറത്തെങ്ങും പോയിട്ടില്ലല്ലോ?'

'ശ്ശ്...' ദേവി ചുണ്ടത്ത് വിരൽവെച്ചു തടഞ്ഞു: 'ഞാൻ കൊടുത്ത സ്നേഹത്തിൻറെ നൂറിലൊന്ന് അയാൾ എനിക്കു തിരിച്ചുതന്നില്ല. അയാളൊരു ഭീരുവും സ്വാർത്ഥിയുമായിരുന്നു. ഞാൻ അടുക്കാൻ തുനിയുന്തോറും അയാൾ ഭീതിയോടെ അകന്നുനിന്നു. ഒരു ജാരൻറെ അസൂയപോലും അയാളുടെ മുഖത്ത് ഒരിക്കലും കാണാൻ കഴിഞ്ഞിട്ടില്ല. അയാളെ ഒരിക്കലും മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. പക്ഷേ, കുഞ്ഞൂട്ടേട്ടൻ എന്നെ തെറ്റിദ്ധരിച്ചു. എന്നെ വെളിയിലാക്കി. അപ്പോൾ... അപ്പോൾ എന്നെ സ്വീകരിക്കാൻ എൻറെ കാമുകൻ തയ്യാറായില്ല. അയാൾ ഭീരുവായിരുന്നു.'

'ഏട്ടത്തീ...' ശ്യാമള വേദനയോടെ വിളിച്ചു: 'എന്തൊക്കെയാണീ പറയുന്നത്? എവിടന്ന് കിട്ടി ഈ ഇല്ലാത്ത കഥകളൊക്കെ?'

അതു കേൾക്കാത്തമട്ടിൽ ദേവി ആവേശത്തോടെ തുടർന്നു:

'അങ്ങനെ ഞാൻ ഇവിടെ വന്നു. എൻറെ മനസ്സിൽ അപ്പോഴും അയാൾ മാത്രമായിരുന്നു. രാത്രിയിൽ ഉറക്കം വരാതെ കണ്ണുമിഴിച്ചു കിടക്കുമ്പോൾ, കാറ്റിൽ കരിയിലകൾ അനങ്ങുന്ന ശബ്ദം കേൾക്കുമ്പോൾ, ഞാൻ അയാളുടെ കാലൊച്ചകൾക്കുവേണ്ടിമാത്രം ചെവിയോർക്കുകയായിരുന്നു. വർഷങ്ങൾ കടന്നുപോയി. അയാൾ എന്നെത്തേടി വന്നില്ല. ക്രമേണ, എനിക്ക് അയാളോടുണ്ടായിരുന്ന എല്ലാ അലിവും വറ്റിവരണ്ടു. ഞാനയാളെ വെറുക്കാൻ തുടങ്ങി. എനിക്ക് അയാളോട് പ്രതികാരംചെയ്യാൻ തിടുക്കമായി. അയാളെ ആവാഹിച്ച് ഈ വീട്ടിൽ എൻറെ നാല് ചുവരുകൾക്കകത്ത് വരുത്തി. അയാളുടെ അഹന്തയുടെ പത്തിയിൽ ആഞ്ഞാഞ്ഞു ചവിട്ടി തോല്പിച്ച്, അങ്ങനെ സ്വയം

ജീർണിക്കാൻവിട്ട്, ആ പൊടിയെടുത്ത് എൻറെ നെറുകയിൽ തൊടാൻ ഞാൻ കൊതിച്ചു. അങ്ങനെ ഞാൻ എൻറെ തപസ്സ് തുടങ്ങി... ആദിയുമന്തവുമറിയാത്ത തപസ്സ്.'

വേദനയോടെ ദേവി ചോദിച്ചു:

'അയാളെ ഇത്ര വേഗം നീ മറന്നുപോയോ? ആ മുറിയിൽ എത്രയോ ദിവസം അയാൾ നമ്മോടൊത്ത് കഴിഞ്ഞുകൂടി.'

അവൾക്ക് പിന്നീടൊന്നും ചോദിക്കാനുണ്ടായിരുന്നില്ല. അടിത്തട്ടിൽനിന്ന് എങ്ങനെയോ ഒരു തേങ്ങൽ തികട്ടിവന്നു. തൊണ്ടയടഞ്ഞു. എന്തിന് എന്നോടീ ചതി? നൊയമ്പുനോറ്റു കാത്തുകാത്തിരുന്നു വലനെയ്ത്ത്, ആകർഷിച്ചു നിങ്ങളെ വരുത്തി. എന്നിട്ട് എന്നെ തനിച്ചാക്കിയിട്ട് ഒളിച്ചോടുമ്പോൾ നിങ്ങൾ നിങ്ങളുടെ കാല്പാടുകൾകൂടി മായ്ച്ചുകളഞ്ഞിരിക്കുന്നു. 'നിങ്ങൾ വന്നതും ഇവിടെ കഴിഞ്ഞതുമൊക്കെ ഇനിയാരും ഓർക്കില്ല. അവയെല്ലാം ജലരേഖകൾപോലെ മാഞ്ഞുകഴിഞ്ഞിരിക്കുന്നു.'

ശ്യാമള ഒന്നും പറയാതെ കണ്ണുകളൊപ്പിക്കൊണ്ട് അകത്തേക്കു പോകുന്നത് കണ്ടപ്പോൾ അവൾക്ക് ചിരിയാണ് വന്നത്. പാവം! അവളുടെ അറിവിനെ അയാൾ തുടച്ചുനീക്കിക്കളഞ്ഞിരിക്കുന്നു.

ബസ്സ്റ്റാൻഡിൽവെച്ച് കുറുപ്പേട്ടനെ കണ്ടു. അയാൾ ശീലക്കുടയും ബാഗും കക്ഷത്തിൽ തിരുകി മുറുക്കാൻകടയുടെ അരികിൽ ആരോടോ സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. അവളെ കണ്ടപ്പോൾ അടുത്തേക്കു വന്നു.

'ദേവിടീച്ചറെങ്ങോട്ടു പോകുന്നു?' അയാൾ ചോദിച്ചു.

'റെയിൽവേ സ്റ്റേഷനിലേക്ക്.'

'എന്തേ?'

'ഒരാളു വരാനുണ്ട്.'

അയാൾ വെറുതെ ഒന്നു മൂളി.

അപ്പോഴാണ് അവൾ പെട്ടെന്നോർത്തത്, അയാൾ പോയ വിവരം കുറുപ്പേട്ടനോട് പറഞ്ഞില്ലല്ലോ എന്ന്. അവളത് പറഞ്ഞപ്പോൾ, ശ്യാമളയെപ്പോലെ, രഘുവിനെപ്പോലെ, അയാളും വാ പൊളിക്കുകയാണുണ്ടായത്.

അവൾ വിശദീകരിക്കാൻ തുനിഞ്ഞു:

'അന്ന് കുറുപ്പേട്ടനും വേറൊരാളുംകൂടി വീട്ടില് വന്നത് ഓർമയില്ലേ?'

കുറുപ്പേട്ടൻ അപ്പോഴും അന്തംവിട്ടുനിൽക്കുകയായിരുന്നു.

'ഞങ്ങള് ടീച്ചറുടെ വീട്ടിൽ വന്നെന്നോ? എന്തിന്?'

'അയാളെ ഇറക്കിവിടണമെന്ന് പറയാൻ. ഇന്നലെ രാത്രിയിൽ ഇറക്കിവിട്ടില്ലെങ്കിൽ ഇന്ന് കാലത്ത് ബലംപ്രയോഗിച്ച് പിടിച്ചിറക്കുമെന്ന്...'

'ആരെ?'

'പാണ്ഡവപുരത്തുനിന്ന് വന്ന ചെറുപ്പക്കാരനെ.'

കുറുപ്പേട്ടൻറെ മുഖത്തുനിന്ന് അത്ഭുതം മാഞ്ഞു. പകരം ഒരു വിഡ്ഢിച്ചിരിവിരിഞ്ഞു:

'പാണ്ഡവപുരമോ? അതേതു സ്ഥലം?'

ദേവി കൂടുതലൊന്നും പറയാൻ നിന്നില്ല. പോകുമ്പോൾ അയാൾ തന്നെക്കുറിച്ചുള്ള എല്ലാ അറിവുകളും മായ്ച്ചുകളഞ്ഞുവെന്ന് പറഞ്ഞാൽ ഇയാൾക്ക് മനസ്സിലാവില്ല. ഉണ്ണിമേനോൻമാഷ്ക്കും ശ്യാമളയ്ക്കും മനസ്സിലാവില്ല. ആർക്കും മനസ്സിലാവില്ല. അവരൊക്കെ കഴുതപ്പുലികളെപ്പോലെ ചിരിക്കും. ഒരുപക്ഷേ, തനിക്ക് ഭ്രാന്താണെന്നുവരെ വിധിച്ചേക്കും. മൂന്നുനാലാളുകൾ വിചാരിച്ചാൽ ആടിനെ പട്ടിയാക്കാൻ വിഷമമില്ല.

അപ്പോഴേക്കും ബസ്സ് വന്നു. ടൗണിൽ പോകാനുള്ളവർ തിക്കിത്തിരക്കി കയറി.

വീണ്ടും റെയിൽവേ സ്റ്റേഷനിൽ. പഴത്തൊലികളും തുപ്പലും കഫവും ചിതറിക്കിടക്കുന്ന, ആൾത്തിരക്കില്ലാത്ത അതേ പ്ലാറ്റ്ഫോം. അതേ തണുത്ത സിമൻറ് ബഞ്ച്, അവൾ അതിലിരുന്നു. ചുവന്ന കുപ്പായമിട്ട വയസ്സൻ പോർട്ടർ പോക്കുവെയിൽ വന്നുവീഴുന്നയിടത്ത് കുന്തിച്ചിരുന്നു ബീഡി വലിക്കുന്നു.

ദിവസങ്ങളുടെ വിടവിനുശേഷം വീണ്ടും ഇതാ അതേ വണ്ടിത്താവളത്തിൽ...

യാത്രയുടെ ഗന്ധവുംപേറി, കിതച്ചു നുരതുപ്പി, ഏങ്ങിവലിച്ചെത്തുന്ന പെട്ടിക്കൂടുകളിലൊന്നിൽനിന്നിറങ്ങുന്ന അപരിചിതനായ യാത്രക്കാരനെയും തേടി.

എല്ലാ യാത്രകളും ഇവിടെ തുടങ്ങുന്നു.

എല്ലാ യാത്രകളും ഇവിടെ ഒടുങ്ങുന്നു.

ആദ്യത്തെയാൾ വന്ന ദിവസം സ്വീകരിക്കാൻ ഞാനുണ്ടായിരുന്നില്ലല്ലോ. പക്ഷേ, അയാൾ പരാതി പറയാത്തവനായിരുന്നു.

ഇനി അടുത്തയാളോ? അയാളുടെ പ്രകൃതം എങ്ങനെയായിരിക്കും?

പാണ്ഡവപുരത്തെ ജാരന്മാരുടെ നിര നീണ്ടുപോകുകയാണ്.

സ്റ്റേഷൻമാസ്റ്ററുടെ മുറിയിൽ ഒച്ചയും അനക്കവും കേട്ടു.

അല്പം കഴിഞ്ഞ്, ചുരുട്ടിപ്പിടിച്ച കൊടിയുമായി ധൃതിപിടിച്ച് യൂണിഫോമിൻറെ കുടുക്കുകളിട്ടുകൊണ്ട് സ്റ്റേഷൻമാസ്റ്റർ പുറത്തേക്കു വന്നു. ഗുരുവായൂരപ്പനെ വിളിച്ചുകൊണ്ട് പോർട്ടറെ നോക്കി തലയാട്ടി. ആണിയില്ലാത്ത കാലിൻറെ ഉപ്പൂറ്റിയിൽ ബലംപിടിച്ച് ആടിയാടിച്ചെന്ന്, പോർട്ടർ വാശിയോടെ തുടരെത്തുടരെ മണിയടിച്ചു. തൃപ്തിയായില്ലെങ്കിലും നിറുത്തണമല്ലോ എന്നു കരുതി നിറുത്തി. പ്ലാറ്റ്ഫോമിൻറെ അറ്റത്തുചെന്ന് പാളങ്ങളിലേക്കു നീട്ടിത്തുപ്പി.

പുക തുപ്പിക്കൊണ്ട് വണ്ടി ഇഴഞ്ഞുവന്നു.

കുറെപ്പേർ ഇറങ്ങി, ചോറ്റുപാത്രങ്ങളുമായി കാലത്തെ വടക്കോട്ട് പണിക്കുപോയവർ. അഞ്ചാറു സ്കൂൾകുട്ടികൾ. മീൻകുട്ടകളേന്തിയ മാപ്പിളമാർ, ജമന്തിപ്പൂക്കൾ ചൂടിയ, പുകയിലയുടെ മണം പരത്തുന്ന, കറുത്ത തമിഴത്തികൾ.

ഒരു മാറ്റവുമില്ല. അവൾ ഓർത്തു. എന്നും ഇതാവർത്തിക്കുന്നു. ഒരേ തളർന്ന മുഖങ്ങൾ. ഒരേ തേഞ്ഞ ഉപ്പൂറ്റികൾ.

അവൾ ബഞ്ചിൽനിന്ന് അനങ്ങിയതേയില്ല. പക്ഷേ, കണ്ണുകൾ ആൾക്കൂട്ടത്തിനിടയിൽ തിരയുന്നുണ്ടായിരുന്നു. അക്കൂട്ടത്തിൽ പാണ്ഡവപുരത്തുനിന്ന് വരുന്ന ഒരു ചെറുപ്പക്കാരനുണ്ടോ? കഴുത്തോളം നീട്ടിവളർത്തിയ മുടി. അയഞ്ഞ നീണ്ട കാവിജുബ്ബ. കറുത്ത കാലുറ.

ആളൊഴിഞ്ഞു, ഇല്ല. അയാളില്ല. ഇന്നുമില്ല.

അവൾ മെല്ലെ എഴുന്നേറ്റു. ഗേറ്റു കടക്കുമ്പോൾ വെള്ളക്കുപ്പായമിട്ട കറുത്തു മെലിഞ്ഞ ടിക്കറ്റ് കളക്ടർ വീണ്ടും പരിചയഭാവത്തിൽ ചിരിച്ചു:

'ഇന്നും വന്നില്ലല്ലേ ടീച്ചർ?'

അവൾ തലകുലുക്കി.

'എന്ന് വരുംന്ന് അറിയാണ്ട് ഇവിടെ വന്ന് കാത്തിട്ട് എന്താ കാര്യം?'

അവൾ മറുപടി പറയാതെ തിടുക്കംപിടിച്ച് നടന്നു.

അയാൾ പുറകെ വന്നു:

'മാലു ഇന്നും പറഞ്ഞു. ദേവിട്ടീച്ചറ് ഇപ്പോൾ ക്ലാസ്സിൽ വരാറില്ലെന്ന്.'

'ഉം!'

'എന്തുപറ്റി ടീച്ചർ? വല്ല അസുഖവുമുണ്ടോ?'

അവൾ അപ്പോഴും മൂളി.

മറുപടിക്കുവേണ്ടി കാത്തുനിൽക്കാതെ അയാൾ തുടർന്നു:

'ഞാനൊരു കാര്യം പറയട്ടെ, ടീച്ചർ തെറ്റിദ്ധരിക്കരുത്. ടീച്ചർ ഇങ്ങനെ ഇവിടെ വന്നിരിക്കണ കാര്യം എനിക്കു മാത്രമേ അറിയുള്ളൂ. ഞാൻ ആരോടുമത് പറഞ്ഞിട്ടില്ല. പക്ഷേങ്കില്... ടീച്ചറ് ദിവസവുമിങ്ങനെ ഇവിടെ വന്നിരിക്കരുത്. ആളുകളറിഞ്ഞാൽ...'

ദേവിക്ക് ചിരിവന്നു. സ്വാതന്ത്ര്യത്തിൽ വന്നുവീഴുന്ന വിലങ്ങുകൾ എത്രയോ ആണ്. വണ്ടിയാപ്പീസിൽ വന്നു കാത്തിരിക്കാൻ പാടില്ല. കാത്തുകാത്തിരുന്ന് വന്നുകയറുന്ന അതിഥിയെ വീട്ടിൽ താമസിപ്പിക്കാൻ പാടില്ല.

ആരാണ് ഇതൊക്കെ നിശ്ചയിക്കുന്നത്? തൻറെ കൈകാലുകളിൽ കൂച്ചുവിലങ്ങുകളിടാൻ ആർക്കാണ് അധികാരം?

ബസ്സ് അനങ്ങി.

അയാളിപ്പോൾ തീവണ്ടിയിലായിരിക്കും. ദേവി ഓർത്തു. പാണ്ഡവപുരത്ത് എത്താൻ മൂന്നു ദിവസം വേണ്ടേ?

പോകട്ടെ, പോയി തുലയട്ടെ. ഭീരു! ഭീരു! അവൾ പലതവണ ഉരുവിട്ടു.

പക്ഷേ, ഞാൻ നിൻറെ പത്തി താഴ്ത്തി. നിൻറെ അഹന്തയിൽ ആഴത്തിലുള്ള മുറിവുണ്ടാക്കി. ഇനി നീ ജാരൻറെ വേഷമണിഞ്ഞ് പാണ്ഡവപുരത്തെ തെരുവുകളിലൂടെ പുളച്ചുനടക്കില്ല.

പക്ഷേ, പാണ്ഡവപുരത്ത് ഇനിയുമുണ്ടല്ലോ ജാരന്മാർ.

വരട്ടെ. ഓരോരുത്തരെയായിട്ട് ഞാൻ ആവാഹിച്ചു വരുത്തും. അവരുടെ വിഷപ്പല്ലുകൾ പറിച്ച് രാവുക്ക് രാവ് ആരുമറിയാതെ കെട്ടുകെട്ടിക്കും.

പാണ്ഡവപുരത്ത് ഇപ്പോൾ മഞ്ഞുവീണുതുടങ്ങിയിരിക്കും. ഒരു പകലത്തെ അദ്ധ്വാനത്തിനുശേഷം മുഷിഞ്ഞ മനസ്സും തളർന്ന ശരീരവുമായി തുങ്ങിപ്പിടിച്ചുവരുന്ന ഭർത്താക്കന്മാർ അച്ചിലിട്ട് വാർത്ത കെട്ടിടങ്ങളിലേക്കു നുഴഞ്ഞുകയറും. അവരുടെ ഭാര്യമാർ ജാരന്മാരുടെ വിഷംപുരണ്ട ചുണ്ടുകൾ വീണു തിണർത്ത മുഖങ്ങളുമായി അവരെ കാത്തിരിക്കുന്നുണ്ടാകും. ഭർത്താക്കന്മാരെ സ്വീകരിക്കുമ്പോൾ, പിന്നീട് രാത്രിയിൽ, അവരുടെ തണുത്ത ശരീരങ്ങളോടു പറ്റിച്ചേർന്നുകിടക്കുമ്പോൾ, അവർ ജാരന്മാർ കൊടുത്ത സുഖം ഉള്ളിലിട്ട് നുണയുകയായിരിക്കും.

വരട്ടെ, ഓരോരുത്തരായി ഇങ്ങോട്ട് വരട്ടെ. ദേവി പല്ലുകടിച്ചു.

ഉമ്മറത്ത് തൂണിൽ ചാരിനിന്നിരുന്ന ശ്യാമളയുടെ മുഖം കരഞ്ഞുവീർത്തിരുന്നു. കണ്ണുകൾ കലങ്ങിച്ചുവന്നിരുന്നു.

‘ഏട്ടത്തി എവിടെ പോയിരുന്നു?’ അവൾ ചിലമ്പിയ ശബ്ദത്തിൽ ചോദിച്ചു:

‘റെയിൽവേ സ്റ്റേഷനിൽ.’

‘എന്തിന്?’

‘അയാളെ കാത്ത്?’

‘ആരെ?’

‘പാണ്ഡവപുരത്തെ ജാരനെ..!’

ശ്യാമള പിന്നീടൊന്നും ചോദിച്ചില്ല. കണ്ണുകളൊപ്പിക്കൊണ്ട് അകത്തേക്കു നടന്നു.

വരും. വരാതിരിക്കില്ല. ദേവി ഓർത്തു. ഞാൻ കാത്തുനിന്ന ദിവസമല്ലല്ലോ ആദ്യത്തെയാൾ വണ്ടിയിറങ്ങിയത്.

രണ്ടാമനും വരും. വരാതിരിക്കില്ല.

ഒന്നുകിൽ നാളെ, അല്ലെങ്കിൽ മറ്റന്നാൾ.

ദേവിയും ദ്രൗപദിയും ദുർഗ്ഗയും
സേതുവിൻറെ പാണ്ഡവപുരത്തിൽ

അർച്ചനാ സാഹ്നി

എല്ലാ സ്ത്രീകളും ദുർഗ്ഗയുടെ പ്രത്യക്ഷരൂപമാണ് - ദേവീമാഹാത്മ്യം
എൻറെ പ്രിയപ്പെട്ട പാണ്ഡവപുരം - അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരം രൂപം കൊള്ളുന്നു - സേതു - പാണ്ഡവപുരം

മലയാളനോവൽസാഹിത്യചരിത്രത്തിൽ പാണ്ഡവപുരത്തിന് ഒന്നിലേറെകാരണംകൊണ്ട് പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. ചന്തുമേനോൻറെ ഇന്ദുലേഖയിൽ നിന്നു തുടങ്ങി സേതുവിൻറെ പാണ്ഡവപുരത്തിലേക്കുള്ള യാത്രാദൂരം — ആദ്യത്തെ ലക്ഷണയുക്തമായ മലയാളനോവൽ രചനയിൽനിന്ന് ശൈലീപരമായ സങ്കീർണ്ണതയിലേക്കുള്ളത് — മലയാള സാംസ്കാരികചരിത്ര പശ്ചാത്തലത്തിലെ സുപ്രധാനമായ ഒരു പ്രമേയത്തിൻറെ മഹത്ത്വത്തെയാണ് വിളിച്ചറിയിക്കുന്നത്. മലയാളത്തിലെ നോവലിസ്റ്റുകളായ സി.വി. രാമൻപിള്ളയെയും എം.ടി. വാസുദേവൻനായരെയും ആകർഷിച്ച ഈ പ്രമേയം നായർ സമൂഹത്തിലെ മാതൃദായക്രമത്തിൽ (മരുമക്കത്തായത്തിൽ) സ്ത്രൈണലൈംഗികത എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതാണ്. വി. സി. ഹാരിസിൻറെ അഭിപ്രായത്തിൽ ദേവിയെന്ന പാണ്ഡവപുരത്തിലെ സ്ത്രീ കേന്ദ്രകഥാപാത്രത്തെ മലയാളത്തിലെ ഏറ്റവും ആകർഷകമായ മലയാളനോവൽ കഥാപാത്രമാക്കുന്നതെന്ത് എന്ന ചോദ്യം വേണ്ടത്ര പരിശോധിക്കപ്പെട്ടിട്ടില്ല. ഈ പഠനത്തിൻറെ ഉദ്ദേശ്യങ്ങളിലൊന്ന് ഈ ചോദ്യത്തിനുള്ള ഉത്തരം അടയാളപ്പെടുത്തുകയെന്നതാണ്.

എൻറെ ചിന്താപദ്ധതിയിൽ ദേവി മലയാളനോവൽസാഹിത്യത്തിലെ ആകർഷകമായ കഥാപാത്രങ്ങളിലൊന്നായി മാറുന്നത് തൻറെപേരിൻറെ ഉടമയായ ദുർഗ്ഗയുമായി അവൾക്കുള്ള ബന്ധത്തെ അപഗ്രഥിക്കുമ്പോഴാണ്. ദേവിയുടെ അപ്രതിരോധ്യമായ ആകർഷണത്തോടുള്ള സമീപനം ഭാഗ്യവശാൽ എൻറെ പദ്ധതിയുടെ അന്വേഷണാത്മകമായ ഉദ്ദേശ്യങ്ങളുടെ പിൻബലമുള്ളതാണ്. 'ശക്തിസങ്കല്പവും' മറ്റ് ദേവീ സംബന്ധമായ കല്പനകളും സംയോജിപ്പിച്ച ഒരു ഇന്ത്യൻ സ്ത്രീപക്ഷസമീപനം ഉരുത്തിരിയുന്നതിന് വഴിവയ്ക്കുകയാണ് ഇത്. അതേസമയം

നായർ മാതൃദായ ക്രമത്തിനുള്ളിൽ പ്രവർത്തിക്കുന്ന പെൺലൈംഗികതയെ എങ്ങനെയാണ് വിലയിരുത്തുക? എൻറെ അഭിപ്രായത്തിൽ ദേവിയെന്ന കഥാപാത്രത്തിൻറെ ആകർഷണം നിലനില്ക്കുന്നത് പാണ്ഡവപുരം രണ്ടു പരസ്പരബന്ധിതമായ പരിസരങ്ങളെ എങ്ങനെ സമർത്ഥമായി കൈകാര്യംചെയ്യുന്നു എന്നിടത്താണ് — മരുമക്കത്തായത്തിലെ സ്ത്രീലൈംഗികതയെ ചൂഴുന്ന ദുരൂഹതയും ഇതിഹാസത്തിൽ സഹോദരന്മാരുടെ ഇടയിലുള്ള ദ്രൗപദിയുടെ ബഹുഭർതൃത്വവും, ഈ രണ്ടു വശങ്ങളും സമീകരിക്കപ്പെടാവുന്നത് യഥാക്രമം ഇന്ത്യൻ സ്ത്രീയുടെ സാമൂഹ്യവും ഐതിഹ്യപരവുമായ അസ്തിത്വമാനങ്ങളുമായാണ്. ഇതാണ് എൻറെ സ്ത്രീപക്ഷവിമർശനാത്മക അവലോകനം.

ദേവിയുടെ ദുർഗ്ഗമായുള്ള ദുരൂഹമായ ബന്ധം ഉരുത്തിരിഞ്ഞുവരുന്നതിനാണ് പാണ്ഡവപുരം ദേവിയുടെ ബഹുഭർതൃത്വാപരമായ ലൈംഗികതയുടെ വിദഗ്ധമായ ഉപയോഗം നടത്തിയിരിക്കുന്നത്. ഇതിൽതന്നെയാണ് ദേവിയുടെ നിഗൂഢമായ ആകർഷണമെന്നതുപോലെ പാഠത്തിൻറേതും കിടക്കുന്നത്. മനുഷ്യകുലത്തിൽ പിറന്ന ദേവിയുടെയും ദുർഗ്ഗയുടെയും പരസ്പരപ്രവർത്തനത്തെ നോവലിൻറെ വിസ്താരമേറിയ പ്രമേയത്തിലേക്കും കല്പനയുടെയും യാഥാർത്ഥ്യത്തിൻറെയും ബന്ധത്തിലേക്കും ലയിപ്പിച്ചിരിക്കുന്നു. പക്ഷേ, എന്തു പ്രാധാന്യമാണ് ദ്രൗപദിക്കും അവളുടെ രൂപാന്തരങ്ങൾക്കും ദേവിയുടെയും പാണ്ഡവപുരത്തിനാകെയുംമേൽഉള്ളത്? ദ്രൗപദിയുടെ കാര്യം ദേവിയോട് പറയുന്നത് ജാരനാണ് (അയാൾ പറയുന്ന രണ്ടു കഥകളിലൊന്നിൽ). ദ്രൗപദിയും അവളുടെ പാണ്ഡവഭർത്താക്കളുമായുള്ള ബന്ധത്തിൻറെ ഒരു പുനരാഖ്യാനമാണ് ഈ കഥ. ഈ കഥയിൽ ദ്രൗപദീരൂപം തൻറെ ഭർത്താക്കന്മാരെ ഉപേക്ഷിക്കുകയും കാട്ടിലെ തപസ്സിലൂടെ പാണ്ഡവപുരത്തെ ദുർഗ്ഗയായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. ഈ ദ്രൗപദീരൂപം അങ്ങനെ ദേവിയുമായി ബന്ധപ്പെട്ടിരിക്കുന്നത് പാണ്ഡവപുരത്തെ ദുർഗ്ഗയായി അവതരിച്ചുകൊണ്ടാണ്. ഈ ദുർഗ്ഗയുമായി ദേവിക്ക് സവിശേഷവും ദുരൂഹവുമായ ഒരു ബന്ധമാണുള്ളത്. ദ്രൗപദിയുടെ രൂപാന്തരമായ പാണ്ഡവപുരത്തെ ദുർഗ്ഗയും (ഉപപാഠദ്രൗപദി) ദേവിയുമായുള്ള ബന്ധം വ്യക്തമായി പൂർവ്വസൂചിതമായിരിക്കുന്നത് വ്യംഗ്യാത്മകമായ വർണ്ണനയിലും ബിംബകല്പനയിലുംകൂടിയാണ്. ഇതു വ്യക്തമാകുന്നത് സേതുവിൻറെ കേന്ദ്രകഥാപാത്രത്തെ ദുർഗ്ഗയുടെ അപരനാമമായ ദേവിയായി നാമകരണം ചെയ്യുന്നതിലൂടെയാണ്. പാണ്ഡവപുരത്തിൻറെ 'സ്ഥാപകപാഠ'മായ രണ്ടാമത്തെ കഥയിൽ കേന്ദ്രകഥാപാത്രം ഭാവനയിൽ ഈ പാണ്ഡവപുരം വീണ്ടും സന്ദർശിക്കുന്നതായി പറയുന്നുണ്ട്. ഇവിടെ ദേവി ഒരു ദ്രൗപദീരൂപത്തിൻറെ നിറങ്ങൾ എടുത്തണിയുന്നു. ജാരൻ പറയുന്ന രണ്ടാമത്തെ കഥയിലെ ദ്രൗപദീരൂപവും മുഖ്യകഥയിലെ ദേവിയും ഒരു വിധത്തിൽ രൂപാന്തരംവരുത്തിയ ദ്രൗപദീരൂപങ്ങളാണ്. അവയെ നോവൽപാഠവുമായി യോജിപ്പിക്കുന്നത്

പാണ്ഡവപുരത്തെ ദേവിയുടെ രൂപവും ബഹുഭർത്തൃത്വത്തിൻറെ ആശയവുമാണ്. മഹാഭാരതത്തിലെ ബഹുഭർത്തൃത്വത്തിൻറെ പ്രയോഗത്താൽ ദ്രൗപദീരൂപവും ദേവിയും തമ്മിൽ രൂപസാദൃശ്യമുണ്ട്. തൻറെ മാതൃദായക്രമത്തിൻറെ പാരമ്പര്യസ്വാധീനത്തിലാണ് ദേവി ഇങ്ങനെയായിത്തീരുന്നത്. സംക്ഷിപ്തമായി പറഞ്ഞാൽ പാണ്ഡവപുരത്തെ ദുർഗ്ഗയും ദേവിയും തമ്മിലുള്ള ബന്ധത്തിൻറെ പഠനം ദ്രൗപദീരൂപവും അവളുടെ ആരാധികയും തമ്മിലുള്ള ബന്ധത്തിൻറെ പഠനമാണ്. അത് രൂപാന്തരംവരുത്തിയ രണ്ട് ദ്രൗപദിമാരുടെ പരസ്പരപ്രവർത്തനത്തിൻറെ പഠനമാണ്.

2

ആമുഖത്തിൽ സേതുവിൻറെ പാണ്ഡവപുരത്തിൻറെ വിശകലനത്തിൽ ശക്തി അല്ലെങ്കിൽ ദുർഗ്ഗയുടെ ആശയത്തിൽ പടുത്തുയർത്തിയ ഇന്ത്യൻ സ്ത്രീപക്ഷസമീപനം ഉപയോഗിക്കാനുള്ള എൻറെ ഉദ്ദേശ്യത്തെപ്പറ്റി ഞാൻ പറഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ ഉപയോഗിക്കപ്പെടുകയോ ഉരുത്തിരിയുകയോചെയ്യുന്ന വ്യാഖ്യാനപരമായ രീതി അങ്ങനെയൊരു സമീപനത്തിൻറെ പരീക്ഷണതലമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായുള്ള എൻറെ ദുർഗ്ഗാപാരമ്പര്യത്തിലേക്കുള്ള കടന്നുകയറ്റത്തിന് സൈദ്ധാന്തികവും പ്രയോഗപരവുമായ തലത്തിൽ ഒരു തന്മയീഭാവം കണ്ടെത്താനാവുന്നത് 'ദുർഗ്ഗയൊരു സ്ത്രീവാദിയോ?– ദക്ഷിണേഷ്യൻ ദുർഗ്ഗമാരുടെ രാഷ്ട്രീയം' എന്ന പുസ്തകത്തിലെ (അൽഫ് ഹിൽടെബൈെയ്ട്ടലും കാത്‌ലീൻ എറൻഡലും എഡിറ്റ് ചെയ്തത്) സുപ്രധാന ചോദ്യങ്ങളിലാണ്. അതുകൊണ്ട് ഈ പുസ്തകത്തിൻറെ സമ്പാദകരുടെ വാക്കുകൾ ഞാൻ എൻറെ വാദഗതിയുടെ സമർത്ഥനത്തിനായി ഉപയോഗിക്കാം. ദേവിയും പാണ്ഡവപുരത്തെ ദുർഗ്ഗയും തമ്മിലുള്ള ബന്ധത്തിൻറെ വ്യാഖ്യാനത്തിനുള്ള മാർഗ്ഗദർശകമായ ചട്ടക്കൂടായി അവർ ചോദിക്കുന്ന ചോദ്യവും അതിനുള്ള എൻറെ ഉത്തരവും ഏതാണ്ട് താഴെ പറയുന്ന വിധമാണ്.

ഇന്ത്യയ്ക്ക് നൂറ്റാണ്ടുകൾ പഴക്കമുള്ള ഇടമുറിയാത്ത ദുർഗ്ഗാപൂജയുടെ പാരമ്പര്യമുണ്ട്. എന്നിട്ടും സ്ത്രീകൾ പുരുഷകേന്ദ്രീകൃതമായ സമൂഹത്തിൻറെ ദുശ്ശാസന പർവ്വങ്ങൾക്കു വിധേയരാക്കപ്പെടുന്നു. ഈ പ്രകടമായ വൈരുദ്ധ്യത്തിൽനിന്നു നാമെന്താണ് മനസ്സിലാക്കേണ്ടത്? ദുർഗ്ഗയും കാളിയും ആയുധങ്ങൾ വീശി അസുരന്മാരെ നേരിടുന്ന ശക്തരായ ദേവതകളായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ എന്തുകൊണ്ടാണ് സാധാരണ ഇന്ത്യൻ സ്ത്രീ പുരുഷാധിപത്യത്തോട് വിധേയത്വം പുലർത്തി പുരുഷമേൽക്കോയ്മയ്ക്കെതിരേ ആയുധമെടുക്കാൻ മടിക്കുന്നത്?

റീതാ ദാസ്ഗുപ്ത ഈ ചോദ്യത്തിന് ഉത്തരം നല്കാൻ ശ്രമിക്കുന്നുണ്ട്. ഇന്ത്യൻ ചരിത്രഗതിയിലൂടെ രൂപംകൊണ്ട സ്ത്രീയുടെ ആത്മീയസ്വത്വത്തെ

കണക്കിലെടുത്തുകൊണ്ട് അവർ ഉയർത്തുന്ന വാദമുഖമനുസരിച്ച് ഇവിടത്തെ ചില ദൈവികമായ സ്ത്രീമാതൃകകളുമായി താദാത്മ്യം പ്രാപിക്കുന്നതിലൂടെയാണ് സാമൂഹ്യവും മതപരവുമായ വാർപ്പുമാതൃകകളെ മറികടക്കാനും അട്ടിമറിക്കാനും അതിലൂടെ സ്വകീയമായൊരു സ്വത്വബോധത്തിലേക്ക് ഉയരാനും അവർക്കുകഴിഞ്ഞത്. ദൈവികമായ മാതൃകകൾ മുമ്പിൽ ഉണ്ടായിട്ടും സമൂഹം അനുശാസിക്കുന്ന പെരുമാറ്റരീതികളിലേക്ക് അവർ ഒതുങ്ങിപ്പോകുന്നതല്ല ഇവിടത്തെ പ്രശ്നം. റീതാ ദാസ്ഗുപ്തയുടെ അഭിപ്രായത്തിൽ പ്രശ്നത്തിൻറെ വേരുകൾ ഈ മാതൃകകളുമായി താദാത്മ്യം പ്രാപിക്കാനുള്ള ഇന്ത്യൻസ്ത്രീയുടെ കഴിവുകേടിലല്ല, മറിച്ച് മാതൃകകളുടെ തെരഞ്ഞെടുപ്പിലാണ്. ശക്തമായ മാതൃകകളുമായി താദാത്മ്യം സാധ്യമായ സ്ത്രീകൾക്ക് എന്നും ഇത്തരം യാഥാസ്ഥിതിക മൂല്യങ്ങളെ അട്ടിമറിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതേസമയം അസ്വതന്ത്ര്യവും വിധേയത്വം പുലർത്തുന്നവയുമായ മാതൃകകളുടെ പുറകേപോയവർ സാമൂഹ്യഘടനയുടെ പരിമിതികൾക്കകത്ത് ഒതുങ്ങിക്കൂടാൻ വിധിക്കപ്പെട്ടവരാണ്. ഈ ഉൾക്കാഴ്ച പൊതുവേ കല്പിതകഥകളിലെ സ്ത്രീകഥാപാത്രങ്ങൾക്കെല്ലാം ഒരുപോലെ ബാധകമാക്കാവുന്നതാണ്. പാണ്ഡവപുരംപോലെയുള്ള ഒരു നോവൽപാഠത്തിലെ ദൈവികസ്ത്രീത്വമാതൃകയും അതോട് സമരസപ്പെടാനുള്ള ഒരു സ്ത്രീ കഥാപാത്രത്തിൻറെ ശ്രമവും ഭാരതീയ സ്ത്രീപക്ഷസമീപനത്തിൻറെ ഗതി നിർണ്ണയിക്കുന്നുണ്ട്. ദേവിയും ദുർഗ്ഗയും തമ്മിലുള്ള താദാത്മ്യത്തിൻറെ സ്വഭാവവും പരിധിയും നിശ്ചയിക്കുന്നതിനുമുമ്പ് ഈ പാഠം എങ്ങനെയാണ് അവർ തമ്മിലുള്ള ഐകരൂപ്യം സ്ഥാപിക്കുന്നതെന്നു രേഖപ്പെടുത്തേണ്ടതുണ്ട്.

പേരിടാത്ത ഒരു തെക്കേ ഇന്ത്യൻ ഗ്രാമത്തിലെ ഒരു സ്കൂൾ അധ്യാപികയായ ദേവി അവളുടെ ഏഴു വയസ്സുകാരൻ മകൻ രഘുവും ഭർതൃമാതാവും ഭർതൃസഹോദരിയുമായാണ് കഴിഞ്ഞുകൂടുന്നത്. ഭർത്താവായ കുഞ്ഞിക്കുട്ടനാൽ ഉപേക്ഷിക്കപ്പെട്ട ദേവിക്ക് ആ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാനാവുന്നില്ല. അതിനാൽ അവൾ തൻറെ ഭാവനാലോകത്തിൽ ഒരു കല്പിതമായ ഭൂതകാലം മെനഞ്ഞെടുക്കുന്നു. സങ്കല്പത്തിലെ ഈ ഭൂതകാലത്തിൽ അവൾക്ക് പുതിയൊരു വർത്തമാനകാലം പുനഃസൃഷ്ടിക്കാനും അതിലൂടെ പുതിയൊരു സ്വത്വത്തിനു രൂപംകൊടുക്കാനും കഴിയുന്നു. ഈ കല്പനാസൃഷ്ടമായ ഭൂതകാലത്തിൽ ദേവി പാണ്ഡവപുരമെന്നസ്ഥലത്ത് ഭർത്താവിനോടൊപ്പം വന്നിറങ്ങുന്ന നവവിവാഹിതയാണ്. അവിടെ ഒരു ജാരൻറെ സ്വഭാവരീതികളുള്ള ഒരാൾ അവളുമായി സൗഹൃദത്തിലാവുന്നു. പക്ഷേ, അയാൾ അവളുടെ നേർക്ക് നടത്തുന്ന കാമോദ്ദീപകമായ നീക്കങ്ങൾ ശാരീരികമായ ബന്ധത്തിൽ ചെന്നെത്തുന്നില്ല. സാന്ത്വനംതേടുന്ന ദേവിയുടെ മനസ്സാകട്ടെ ഈ ജാരനെ അവളുടെ വർത്തമാനകാലത്തിലേക്ക് ആവാഹിച്ചുവരുത്തുകയാണ്. അങ്ങനെ അയാൾ വന്നെത്തുമ്പോഴാകട്ടെ അവൾ തിരിച്ചറിയാൻ കൂട്ടാക്കുന്നില്ലെന്നുമാത്രമല്ല അയാളെ ഒരു നുണയനാക്കി അവഗണിക്കുകയും ചെയ്യുന്നു. എന്നാൽ ക്രമേണ അവൾ

ജാരനുനേരേ അലിവുകാട്ടാൻ തുടങ്ങുകയും പാണ്ഡവപുരത്തെക്കുറിച്ചുള്ള അയാളുടെ ഓർമ്മകളും അവരുടെ പൂർവ്വകാലബന്ധവും അംഗീകരിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങാൻതുടങ്ങുകയും ചെയ്യുന്നു. അതേസമയം തൻറെ ഭർത്താവ് ഉപേക്ഷിച്ചുപോകാനുള്ള കാരണങ്ങളിൽ ഒന്നായി ഇതിനെ സ്വയം ബോധ്യപ്പെടുത്താനും അവൾ ഇത് ഉപയോഗിക്കുന്നുണ്ട്. പക്ഷേ, ജാരൻ അടിച്ചേല്പിക്കാൻശ്രമിക്കുന്ന 'അയഥാർത്ഥമായ' ഭൂതകാലത്തെ ദേവി സ്വീകരിക്കാൻ തുടങ്ങുമ്പോഴാകട്ടെ അയാൾ നേരേ തിരിഞ്ഞു അവളെ കുറ്റപ്പെടുത്താനാണ് നോക്കുന്നത്. ഇവിടെ ആവാഹനംനടത്തുന്നത് ദേവിയും അതിനു നിസ്സഹായനായി കീഴടങ്ങുന്നത് ജാരനുമാകുമ്പോൾ ഇത്തരമൊരു കല്പിത ഭൂതകാലം വാസ്തവത്തിൽ ആരുടെ ആവശ്യമായിരുന്നു? തീർച്ചയായും ദേവിയുടേതുതന്നെ. ഇവിടെ പേരില്ലാത്ത ജാരൻ ദേവി അവനായി ഏറെനാളായി നെയ്തെടുത്തുകൊണ്ടിരുന്ന അയഥാർത്ഥമായ വലയിൽ ഒരു കീടത്തെപ്പോലെ ചെന്നുകുടുങ്ങുകയാണ് ചെയ്യുന്നത്. ഭർത്തൃനിരാസത്തെ യുക്തിസഹമാക്കുകയെന്ന ദേവിയുടെ ആവശ്യമാണ് അവളെക്കൊണ്ടു പാണ്ഡവപുരത്തെക്കുറിച്ചുള്ള ഒരു കഥ മെനഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നത്.

ദേവിയും ദുർഗ്ഗയും തമ്മിലുള്ള സമാനതകൾ മൊത്തത്തിലുള്ള കഥാന്തരീക്ഷം, പരിസരവർണ്ണനകൾ, ആകാരത്തിലും ചിന്താധാരകളിലുമുള്ള സാമ്യം എന്നിവയിൽ വെളിപ്പെടുന്നുണ്ട്. എന്നാൽ എന്താണ് ദുർഗ്ഗയുടെ പൊതുവായ സ്വഭാവസവിശേഷതകൾ? ഇന്ത്യയിലെ ദേവീദേവതകളെ കാരുണ്യമൂർത്തികളും രൗദ്രസ്വരൂപികളുമാക്കി വേർതിരിക്കുന്ന ലിൻ ഫൌൾസ്റ്റൻറെ നിലപാട് ഇവിടെ പ്രസക്തമാണ്. സതി, പാർവ്വതി, ലക്ഷ്മി തുടങ്ങിയ കരുണാമയികൾ ഏറെക്കുറെ പുരുഷദൈവങ്ങളുടെ സഹധർമ്മിണികളായാണ് കണക്കാക്കപ്പെടുന്നത്. സുന്ദരികളായ ഈ ദേവതമാർ സ്നേഹാർദ്രമായ, കാരുണ്യം പരത്തുന്ന, പതിമാരെന്നനിലയിൽ പങ്കാളിത്തവും വിശ്വസ്തതയും കാണിക്കുന്ന, പരമ്പരാഗത ഭാരതീയസ്ത്രീസങ്കല്പവുമായി ചേർന്നുനില്ക്കുന്നവരാണ്. ആ നിലയ്ക്കുതന്നെ അവർ ഹിന്ദുസ്ത്രീകൾക്കുള്ള പൊതുമാതൃകകളായി മാറുന്നു. അതേസമയം, ഭീകരരൂപികളായ ദുർഗ്ഗ, കാളി, താര തുടങ്ങിയവർ തികച്ചും സ്വതന്ത്രരാണ്. തിന്മകൾക്കെതിരേ ദൈവികപോരാട്ടം നടത്തുന്ന ശക്തികളായാണ് അവർ പൊതുവേ ചിത്രീകരിക്കപ്പെടാറ്. ഭർത്താക്കന്മാരുടെ കൂട്ടത്തിലും സ്വന്തം ലൈംഗികാധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നവരാണവർ. യാഥാസ്ഥിതിക സ്ത്രീ ആദർശങ്ങളെ ഊട്ടിയുറപ്പിക്കുന്ന കാരുണ്യവതികളായ ദേവതക ളിൽനിന്നുവിപരീതമായി ഭീകരമൂർത്തികളായ ഇവർ ഹിന്ദുമതത്തിൻറെ വ്യവസ്ഥാപിത വിലക്കുകളെ തകർത്തെറിയുന്നു. ദേവീസങ്കല്പത്തിലെ ഈ ദ്വിമുഖ സ്വഭാവത്തെ പാഠത്തിൻറെ ആദ്യഘട്ടത്തിൽ പൂർവ്വസൂചനകൾകൊണ്ടു സൃഷ്ടിച്ചശേഷം ക്രമേണ വർദ്ധിക്കുന്ന സാമീപ്യത്തിലേക്കും പരസ്പരം ശക്തമാക്കുന്ന പ്രതിപ്രവർത്തനത്തിലേക്കും ദേവിയെ ദുർഗ്ഗയിലേക്കുനയിക്കുകയാണ് പാണ്ഡവപുരം. രൂപമാറ്റംവരുന്ന പാണ്ഡവപുരത്തെ

കോളനിയുടെമേലുള്ള മഞ്ഞപ്പക ഇവിടെ ശ്രദ്ധേയമാകുന്നു. ചിലപ്പോൾ സർവസംഹാരിയായ ദുർഗയും മറ്റു ചിലപ്പോൾ ധ്യാനത്തിലമർന്ന, ശാന്തസ്വരൂപിണിയായ, നിസ്സംഗയായ അമ്മയുമായി മാറുന്ന അത് ദേവീ സങ്കല്പത്തിലെ ദ്വന്ദ്വഭാവങ്ങളെ — കാരുണ്യവതിയും — സംഹാരരുദ്രയും, സൂചിപ്പിക്കുന്നു. പാണ്ഡവപുരം എന്ന സ്ഥലത്തിൻറെ ആവാസദേവത അവിടത്തെ ദേവിയാണ്. വിവാഹശേഷം പാണ്ഡവപുരത്തെത്തുന്ന ദേവി ഭർത്താവായ കുഞ്ഞിക്കുട്ടനോടൊപ്പം കുന്നിൻമുകളിലെ ആ ക്ഷേത്രം സന്ദർശിക്കുന്നുണ്ട്. പാണ്ഡവപുരത്തെ ദേവിയുടെ ആകർഷകമായ വിവരണത്തിൽ ദേവിയും അവളുടെ ജാരനുമായെന്നതുപോലെ ദുർഗ്ഗയും ദേവിയുമായുള്ള ബന്ധത്തിൻറെയും മാനസിക ബലതന്ത്രം ഉൾക്കൊള്ളുന്നതിനാൽ അതിവിടെ ദീർഘമായി ഉദ്ധരിക്കാം:

"കുന്നിനുകളിൽ കരിങ്കൽച്ചുവരുകൾക്ക് നടുവിലുള്ള ശ്രീകോവിൽ ചുവന്ന ഉടയാടകളണിഞ്ഞ്, നെറുകയിൽ സിന്ദൂരമണിഞ്ഞ്, ദേവി ചമ്രംപടിഞ്ഞിരുന്നു. ധ്യാനത്തിൻറെ അഗ്നിയിൽ അവളുടെ മുഖം പൊടുന്നനെ ജ്വലിച്ചു. സിന്ദൂരം പൊഴിഞ്ഞുവീണ് മുഖമാകെ ചുവന്നു. ആ രീതിയിൽ പാണ്ഡവപുരത്തെ ജാരന്മാർ ഓരോരുത്തരായി ഈയലുകൾപോലെ വന്നുവീണ് കരിഞ്ഞു. അവൾ ആ ചാരമെടുത്ത് തങ്ങളുടെ പുരുഷന്മാർ നഷ്ടപ്പെട്ട ഭാഗ്യംകെട്ട സ്ത്രീകളുടെ നെറ്റിയിൽ തിലകം ചാർത്തി. അവൾ പാണ്ഡവപുരത്തെ സുമംഗലികളുടെ രക്ഷകയായിരുന്നു. പാണ്ഡവപുരത്തുവന്നെത്തുന്ന ഓരോ പെൺകുട്ടിയും അവളെ ആരാധിച്ചു. അവളോടു പ്രാർത്ഥിച്ചു. ദേവീ, പാണ്ഡവപുരത്തെ ജാരന്മാരിൽനിന്ന് എന്നെ രക്ഷിക്കുക. അവരുടെ ആകർഷണവലയങ്ങളിൽ കുടുങ്ങിപ്പോകാതിരിക്കാനുള്ള കരുത്തുതരിക."

സ്ത്രീകളോട് ആഭിമുഖ്യമുള്ളവളാണ് പാണ്ഡവപുരത്തെ ദേവി. വിവാഹിതകളുടെ കുടുംബജീവിതം തകർത്ത ജാരന്മാരുടെ ചിതാഭസ്മംകൊണ്ട് സുമംഗലികളുടെ നെറ്റിയിൽ തിലകംചാർത്തിക്കൊണ്ട്, ഒരു തരം 'ഹോമിയോപ്പതിക്' രീതിയിലാണ് അവൾ പാണ്ഡവപുരത്തെ സ്ത്രീകളെ രക്ഷിക്കുന്നത്. അത്തരമൊരു ജാരനുവേണ്ടിയാണ് ദേവി കാത്തിരിക്കുന്നത്. അയാളെ കാത്ത് അവൾ നിത്യവും റെയിൽവെസ്റ്റേഷനിലെത്തുന്നു. പക്ഷേ, അവൾ പോകാൻ മറന്ന ഒരു ദിവസമാണ് ജാരൻ വന്നെത്തുന്നത്. അയാൾ വരുന്നതിനുമുമ്പ്, കലിപൂണ്ട്, വിറകൊണ്ട്, മുടിയഴിച്ചാടി കുന്നിറങ്ങിവരുന്ന സ്ത്രീരൂപത്തെക്കുറിച്ച് ദേവി സങ്കല്പിക്കുന്നുവെന്നതു ശ്രദ്ധേയമാണ്. ആ രൂപത്തിൻറെ 'അലർച്ചകേട്ട മാമരങ്ങൾ വിറച്ചു. പൊന്തക്കാടുകളിൽ പതിയിരുന്ന കുറുക്കന്മാർ ഞെട്ടിപ്പിടഞ്ഞ് ഓരിയിട്ടു. അവളുടെ മൂക്കുത്തിയുടെ തിളക്കം ഇടിവാളായി പാഞ്ഞുപോയി. അവളുടെ കാലടികൾ പതിഞ്ഞ വിഷമുള്ളുകളിൽനിന്ന് കൊടുംവിഷം ഒലിച്ചിറങ്ങി. അവളുടെ കടവായിലൂടെ ഒലിച്ചിറങ്ങിയ ചോരത്തുള്ളികൾ തെറിച്ചുവീണ് തെച്ചികൾ പൂത്തു. കനത്തുവരുന്ന മഴയുടെ ശരവ്യൂഹം പിളർന്നു അവൾ മദിച്ചിറങ്ങി...' ഈ ദേവീദർശനം പാണ്ഡവപുരത്തെ ദുർഗ്ഗയുടേതുതന്നെയാണ്. നോവലിൻറെ പാഠത്തിലാകെ കടന്നുവരുന്ന വ്യത്യസ്തമായ കാഴ്ചകളും ബിംബങ്ങളും കൂടാതെ

ദൈവികശക്തികളോടുള്ള ദേവിയുടെയും ജാരൻറെയും സംവാദങ്ങളുമൊക്കെ ദേവിയും പാണ്ഡവപുരത്തെ ശക്തിചൈതന്യവുമായി കൂട്ടിയിണക്കുന്ന കരുത്തുറ്റ കണ്ണികളായിത്തന്നെ കാണാവുന്നതാണ്. ദേവിയെന്ന പേരിൽതന്നെയുള്ള ദ്വയാർത്ഥങ്ങൾ രണ്ട് ദേവിമാരും തമ്മിലുള്ള ദർപ്പണമായി പ്രവർത്തിക്കുമ്പോൾ അത് നശ്വരയായ ദേവിയുടെയും അനശ്വരയായ ദുർഗ്ഗയുടെയും അവസ്ഥകളെക്കുറിച്ച് വായനക്കാരനെ ജാഗരൂകനാക്കുന്നു. ദേവിയുടെ ജീവിതത്തിലെ ദുർഗ്ഗയുടെ തുടർച്ചയായ ഇടപെടലുകൾ കല്പനയും യാഥാർത്ഥ്യവും ഇഴചേരുന്ന കുറെക്കൂടി വിശാലമായ ഒരു ഭൂമികയിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. തൻറെ ജാരനെ ആനയിച്ചതിനുശേഷം ദേവി ദുർഗ്ഗയോടു പറയുന്നത് അയാളെ എന്തിനു വിളിച്ചുവരുത്തിയെന്ന് അറിയില്ലെന്നാണ്. സന്ദർശകൻറെ താനുമായുള്ള ബന്ധത്തെക്കുറിച്ചുള്ള ഓർമ്മകൾ കെട്ടിച്ചമച്ചതായി തള്ളിക്കളയുകയാണ് അവൾ. അതേസമയം അയാളോട് അവിടം വിട്ടുപോകാൻ പറയുന്നതുമില്ല. പാണ്ഡവപുരത്ത് ദേവിയുമായി കഴിച്ചുകൂട്ടിയ കാലത്തിന് തെളിവ് ഹാജരാക്കാൻ അയാൾ ശ്രമിക്കുന്നുണ്ട്. അവളുടെ പിറന്നാൾ ദിവസം ഒരു പുള്ളോവർ സമ്മാനമായികൊടുത്ത സംഭവം അയാൾ ഓർമ്മിപ്പിക്കുന്നു. "ചുവന്ന സാരി, ചുവന്ന പുള്ളോവർ, നെറ്റിയിൽ കുങ്കുമപ്പൊട്ട്, നെറുകയിൽ സിന്ദൂരം. നിങ്ങളൊരു തീജ്വാലയായിരുന്നു. അതിൽ കരിഞ്ഞുവീണത് ഞാൻമാത്രമായിരുന്നില്ല. ആരാധകരായി, ഒരു പക്ഷേ, നിങ്ങൾക്കറിഞ്ഞുകൂടാത്ത ഒരുപാട് ചെറുപ്പക്കാർ പാണ്ഡവപുരത്തുണ്ടായിരുന്നു." ദേവിയുടെ ഉടയാടകളുടെ വർണ്ണനകളിലെ ചുവന്ന പട്ടും സീമന്തരേഖയിലെ ചുവന്ന സിന്ദൂരവും പാണ്ഡവപുരത്തെ ദുർഗ്ഗയുമായി അവളെ സാത്മീകരിക്കുന്നു. പുരുഷൻറെ നിരാസത്തിൽ പരിതപിക്കുന്ന സ്ത്രീയുടെ വിധിയെ തിരിച്ചിട്ടുകൊണ്ട് (ശകുന്തളയെ തിരിച്ചറിയാനുള്ള ദുഷ്യന്തൻറെ വിസമ്മതംപോലെ) ദേവി അയാളുടെ ഓർമ്മകളെ നുണകളായി തള്ളിക്കളയുമ്പോൾ അതിശയിക്കുന്ന ജാരൻ പറയുകയാണ് 'എത്ര വേഗമാണ് പെണ്ണിന് എല്ലാം മറക്കാൻകഴിയുന്നത്.'

അങ്ങനെ ജാരനെ തിരിച്ചറിയാൻ ദേവി വിസമ്മതിക്കുന്നതോടെ രൂപപ്പെടുന്ന സമാന്തര ആഖ്യാനത്തിൽ അവൾ ക്രമേണ അയാളുമായുള്ള ബന്ധത്തെ അംഗീകരിക്കുകയാണ്. ഈ ഏറ്റുപറച്ചിലാകട്ടെ ആദ്യം ദുർഗ്ഗയോട് തന്നെയാണ്. താൻ അയാളെ വിളിച്ചുവരുത്തിയതായി അവൾ സമ്മതിക്കുന്നു. ഇവിടെ അയാൾക്ക് ഒരു കാമുകൻറെ മാന്യമായ മുഖമാണോ, അതോ ഒരു ശത്രുവിൻറെ മുഖമാണോ നല്കേണ്ടതെന്നു അവൾ സംശയിക്കുന്നുണ്ട്. 'തെളിവ്' എന്ന വാക്കിൻറെ അർത്ഥതലങ്ങളെക്കുറിച്ച് ദേവിയും അവളുടെ വിരുന്നുകാരനും വ്യത്യസ്തമായി ചിന്തിക്കുന്നു. അയാളെ സംബന്ധിച്ചിടത്തോളം തെളിവെന്നുപറയുന്നത് അവരുടെ പാണ്ഡവപുരകാലത്തെ ബന്ധത്തെ ബോധ്യപ്പെടുത്താനായി അയാൾ പറഞ്ഞ പഴയകാല കഥകളാണ്. ദേവിക്കാണെങ്കിൽ ഒരു സാന്ത്വനംപോലെ, ഭർത്താവ് വിട്ടുപോകാനുള്ള കാരണങ്ങൾ നിരത്തുന്ന — യുക്തിക്ക് നിരക്കുന്ന — ഒരു ഭൂതകാലമാണ് വേണ്ടത്. ഒടുവിൽ, പൊടുന്നനെയുള്ള ഒരു തിരിച്ചടിയിലൂടെ,

സന്ദർശകനെയും വായനക്കാരനെയും ഒരുപോലെ സംഭ്രമിപ്പിച്ചുകൊണ്ട് അവൾ സമ്മതിക്കുകയാണ് താൻ അയാൾക്കുവേണ്ടി കാത്തിരിക്കുകയാണെന്ന്. അതോടെ ദേവി തൻറെ നുണകളെ അവളുടേതായ നുണകൾകൊണ്ട് തോല്പിക്കാൻ തുടങ്ങുകയാണെന്നു അയാൾ സംശയിക്കാൻ തുടങ്ങുന്നു. പാണ്ഡവപുരത്തെപ്പോലെ ഒരേസമയം യഥാർത്ഥവും അയഥാർത്ഥമാവുകയാണോ ഇവിടം? ഏതാണ് ഉണ്മ? ഏതാണ് പൊയ്? അങ്ങനെ ദേവി തൻറെ ഓർമ്മകളെ യഥാർത്ഥമെന്ന് അംഗീകരിച്ചതോടെ പാണ്ഡവപുരം അയാൾക്കും ഒരു വിസ്മയകരമായ യാഥാർത്ഥ്യമായി മാറുകയാണ്. അങ്ങനെ തനിക്ക് യഥാർത്ഥസ്ഥലവും ദേവിക്ക് കല്പിതസ്ഥലവുമായിരുന്ന ഇടം ജാരന് ഒരു അമ്പരപ്പിക്കുന്ന യാഥാർത്ഥ്യമായി മാറുന്നത് ദേവിയും അതിനെ യാഥാർത്ഥ്യമായി അംഗീകരിക്കുന്നതിനു ശേഷമാണ്. ജാരൻറെ പാണ്ഡവപുരത്തെക്കുറിച്ചുള്ള കഥകൾ ഒരു പക്ഷേ, കെട്ടിച്ചമച്ചതായിരിക്കാം. കൂടുതൽ കൃത്യമായി പറഞ്ഞാൽ പാണ്ഡവപുരം ഒരു താർക്കിക യാഥാർത്ഥ്യത്തിൽനിന്നു രൂപമാറ്റം സംഭവിച്ച ദേവിയുടെയും സന്ദർശകൻറെയും കൂടിപ്പിണയുന്ന മാനസികഭ്രമികളിലൂടെ രൂപംകൊള്ളുന്ന ഒരു കൂട്ടുനിർമ്മിതിയാകുന്നു.

പ്രേമത്തിൻറെ അർത്ഥത്തെയും മാനുഷികബന്ധങ്ങളുടെ ക്ഷണികതയെയും പറ്റിയുള്ള ദാർശനികമായ സംവാദത്തിനു തുടക്കമിടുന്ന നോവലിൻറെ ഒമ്പതാം അധ്യായം പാഠത്തിൻറെ സുപ്രധാനമായ ഒരു മുഹൂർത്തമാണ്. അവിടെ സ്വപ്നം കാണാനുള്ള കഴിവിനെ ശാപമെന്നു വിളിക്കുന്നു. ഈ അധ്യായം മർത്ത്യയായ ദേവിയെ ദുർഗ്ഗയിലേക്ക് അടുപ്പിക്കുന്നതിനുള്ള തുടക്കമിടുന്നുണ്ട്. മുൻ അധ്യായത്തിൽ, സന്ദർശകൻ അവരൊരുമിച്ചു പാണ്ഡവപുരത്തെ കുന്നിൻപുറത്തെ ക്ഷേത്രത്തിലേക്കു നടത്തിയ യാത്രയെപ്പറ്റി ഓർമ്മിപ്പിക്കുന്നുണ്ട്. കുങ്കുമമണിഞ്ഞു ജ്വലിക്കുന്ന മുഖവുമായിനിന്ന ദേവി കോവിലിലെ ദേവീവിഗ്രഹത്തെ ഓർമ്മിപ്പിച്ചപ്പോൾ ദുർഗ്ഗയെക്കാൾ അവിടെ കൂടിയിരുന്നവരുടെ ആരാധനാമൂർത്തിയായത് അവളായിരുന്നെന്നും അയാൾ സൂചിപ്പിക്കുന്നുണ്ട്. അതേസമയം, ഇതേ അധ്യായത്തിൽ പരസ്പരം അംഗീകരിക്കപ്പെട്ടുകഴിഞ്ഞ മുൻകാലബന്ധത്തിൻറെ ആഹ്ലാദം പങ്കിടുന്നതിനുപകരം ജാരൻ അവളെ തെല്ലൊന്നു ഭയപ്പെടാൻതുടങ്ങുന്നതു കാണാവുന്നതാണ്. ദേവിയുമായുള്ള വൈകാരികമായ അടുപ്പത്തെ പ്രേമമെന്നു വിളിക്കാൻ മടിക്കുകയാണ് അയാൾ. ബന്ധങ്ങളിൽ വേരുറപ്പിക്കാൻനോക്കുന്നത് അബദ്ധമാണ്. ആർക്ക് ആരോടാണ് സ്ഥായിയായ ബന്ധമുള്ളത്? പോയകാലത്ത് താൻ തെറ്റുചെയ്ത സ്ത്രീകളെല്ലാം ഒത്തുചേർന്ന് ദേവിയിലൂടെ തന്നെ കീഴടക്കാൻ നോക്കുകയാണ്. പാണ്ഡവപുരത്തെ ദുർഗ്ഗയുടെ ശാപം നിറവേറ്റാനുള്ള ഒരു ഉപകരണമായി മാറിയിരിക്കുന്നു ദേവി. അങ്ങനെ ദേവിയുടെ തന്നോടുള്ള മനോഭാവത്തിൽവന്ന ഭീഷണമായ വ്യത്യാസം അയാൾ തിരിച്ചറിയാൻതുടങ്ങുന്നു.

നിൻറെ മുഖത്തുകണ്ട ആ വരണ്ട ചിരി എന്നെ അമ്പരപ്പിച്ചു. അതിൽ എനിക്കറിയാത്ത എന്തൊക്കെയോ മറഞ്ഞുകിടന്നിരുന്നു. അതു ഞാൻ

ആരാധിച്ചിരുന്ന ദേവിയുടെ ചിരി അല്ലായിരുന്നു. നീ ഏതോ കറുത്തശക്തികളുടെ പിടിയിലമർന്നിരിക്കുന്നുവെന്നു എനിക്കു തോന്നിപ്പോയി. നിൻറെ ആകർഷണശക്തിയിൽ എനിക്കറിയാത്ത എനിക്ക് മനസ്സിലാക്കാനാവാത്ത മറ്റേതോ നിറം വീണിരുന്നു. ദേവി എന്നെ കാത്തിരിക്കുകയായിരുന്നുവെന്നുപറഞ്ഞത് വലിയൊരു നുണയാണ്.

ഈ വിശകലനങ്ങളിലൂടെ ഒരു കാര്യം വെളിവാകുന്നുണ്ട്. സ്ത്രീയുടെ ചലനാത്മകമായ സർഗ്ഗചൈതന്യമായ 'ശക്തി' യുടെ മൂർത്തീഭാവമാകുന്നതിലൂടെയാണ് ദേവിക്കുചുറ്റും സവിശേഷമായൊരു ആകർഷണവലയം രൂപംകൊള്ളുന്നത്. ഞാൻ ആവർത്തിക്കുന്നു. സേതു തൻറെ കേന്ദ്രകഥാപാത്രത്തിന് ദേവിയെന്നപേര് തെരഞ്ഞെടുത്തത് സ്ത്രീയുടെയും ദുർഗ്ഗയുടെയും തന്മയീഭാവം സൂചിപ്പിക്കുന്നതിനാണ്. വ്യംഗ്യാർത്ഥസൂചകമായ വിവരണത്തിലൂടെയും, ആവർത്തനസ്വഭാവമുള്ള ബിംബങ്ങളിലൂടെയും ഈ താദാത്മ്യവത്ക്കരണം കൂടുതലായി സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ അവൾ ജാരന് ഭീതികലർന്ന ആദരവിൻറെ കേന്ദ്രമായി മാറുന്നു. എൻറെ അഭിപ്രായത്തിൽ ദേവിയെ ദുർഗ്ഗയുമായി ബന്ധപ്പെടുത്തുന്ന ദൈവശാസ്ത്രപരമായ സങ്കല്പങ്ങൾ അടങ്ങിയിരിക്കുന്നത് 'ദേവീമാഹാത്മ്യ' ത്തിലെ ഈ വാക്യത്തിലാണ്. 'എല്ലാ സ്ത്രീകളും ദുർഗ്ഗയുടെ പ്രത്യക്ഷരൂപമാണ്.' ദുർഗ്ഗയെ പ്രകീർത്തിക്കുന്ന ശക്തി-താന്ത്രിക മതപാരമ്പര്യവുമായി ബന്ധപ്പെട്ട പുരാണഗ്രന്ഥമായ ദേവീ മാഹാത്മ്യത്തിലാണ് സ്വയം നിയന്ത്രിതമായ മഹാശക്തിയെന്ന സങ്കല്പം നാം ആദ്യമായി കാണുന്നത്. ദേവീമാഹാത്മ്യത്തിൽ സ്ത്രീസങ്കല്പത്തിൻറെ വിഭിന്ന ആശയങ്ങൾ (പ്രകൃതി, മായ, ശക്തി) പരമമായ ഒരു യാഥാർത്ഥ്യമെന്ന ആശയത്തോടു ചേർത്ത്, സൃഷ്ടിയിലും വിനാശത്തിലും ഉൾച്ചേർന്ന ഒരു മഹാസ്വരൂപത്തെ സൃഷ്ടിക്കുന്നു. അവൾ പ്രാചീനമായ, സൃഷ്ടിപരമായ പ്രേരണയാണ്. രൂപരഹിതയെങ്കിലും അതിലംഘനത്തോടൊപ്പം നിറഞ്ഞ സ്വഭാവമുള്ള എല്ലാ രൂപങ്ങളുടെയും ഉത്പത്തിസ്ഥാനവുമാണ്. അവൾ, മഹാശക്തി, പുരുഷൻറെയോ മറ്റു ശക്തികളുടെയോ പിൻബലമില്ലാത്ത സ്വതന്ത്രാധികാരമുള്ളവളാണ്. സർഗ്ഗാത്മക ഊർജ്ജത്തിൻറെ ആദികാരണവും സ്രോതസ്സുമായ സ്ത്രീവിഗ്രഹമായാണ് അവൾ വീക്ഷിക്കപ്പെടുന്നത്. വൈദികകാലഘട്ടത്തിൽപോലും വാക്ക്, പൃഥി, ഉഷസ്സ്, എന്നീ ദേവതകൾ നിലനിന്നിരുന്നു. പക്ഷേ, അവരെല്ലാം പുരുഷദൈവങ്ങളുമായി പത്നി, പുത്രി, സഹായി തുടങ്ങിയനിലകളിൽ ബന്ധിക്കപ്പെട്ടിരുന്നു. ഈ വേദകാലദേവതമാർ സ്വതന്ത്രമായ ദൈവശാസ്ത്രമല്ലാത്ത അപ്രധാനജീവികളായിരുന്നു. പൗരാണിക കാലഘട്ടത്തിലാണ് ദുർഗ്ഗയെയും അവളുടെ വിവിധരൂപങ്ങളെയും നാം അസ്തിത്വരൂപത്തിൽ കണ്ടത്. സ്ത്രീസങ്കല്പത്തെപ്പറ്റിയുള്ള ഒരു സങ്കീർണ്ണമായ ദൈവികശാസ്ത്രം അവർക്കു ചുറ്റുമുണ്ടായിരുന്നു. 'എല്ലാ സ്ത്രീകളും ദുർഗ്ഗയുടെ പ്രത്യക്ഷരൂപമാണ് എന്ന ചൊല്ല് ദേവിയും പാണ്ഡവപുരത്തെ ദുർഗ്ഗയുമായുള്ള

ബന്ധത്തെവിലയിരുത്തുന്ന കാര്യത്തിൽ കൂടുതൽ വിപുലീകരണം ആവശ്യപ്പെടുന്നു. ഇവർ രണ്ടുപേരും തമ്മിലുള്ള താദാത്മ്യംപോലെയൊന്ന് യാഥാസ്ഥിതിക ദുർഗ്ഗാരാധനാപാരമ്പര്യത്തിൽ നാം പ്രതിഫലിച്ചു കാണുന്നില്ല. എൻറെ അഭിപ്രായത്തിൽ, ഈ താദാത്മ്യത്തിൻറെ സ്വഭാവം മനസ്സിലാക്കാനുള്ള മാർഗ്ഗം കിടക്കുന്നത് താന്ത്രികമതത്തിലെ ശക്തിസങ്കല്പധാരണയിലാണ്. താന്ത്രിക അദ്ധ്യാത്മവിദ്യയിൽമാത്രമാണ് പാണ്ഡവപുരത്തിലെന്നപോലെയുള്ള മനുഷ്യസ്ത്രീയും ദേവതയുമായുള്ള അർത്ഥശങ്കയില്ലാത്ത തന്മയീഭാവം നമുക്കു കാണാനാകുന്നത്. സ്ത്രീയെ ശക്തിയുടെ മൂർത്തിഭാവമായി വീക്ഷിക്കുന്ന ശക്തിപാരമ്പര്യംപോലും പുരുഷകേന്ദ്രീകൃതമാണ്. ഇവിടെ സ്ത്രീയും ദുർഗ്ഗയും തമ്മിലുള്ള താദാത്മ്യമാകട്ടെ അപൂർണ്ണമാകുന്നു. എൻറെ അഭിപ്രായത്തിൽ ദേവി-ദുർഗ്ഗാബന്ധം മാത്രമല്ല താന്ത്രിക ദൈവശാസ്ത്രവുമായി സാദൃശം വഹിക്കുന്നത്. ദേവിയുടെ ചിത്രീകരണം, ദേവിയും ജാരനുമായുള്ള ബന്ധം, യാഥാർത്ഥ്യത്തിൻറെ സ്വഭാവത്തെപ്പറ്റിയുള്ള പാഠത്തിലെ അനുസ്മരണകൾ — ഇവയെല്ലാക്കെ താന്ത്രിക അദ്ധ്യാത്മവിദ്യയുമായി ബന്ധമുണ്ട്. ഈ സന്ദർഭത്തിൽ, പാണ്ഡവപുരത്തിൻറെയും അതിലെ മുഖ്യകഥാപാത്രത്തിൻറെയും സവിശേഷമായ വശ്യതയെ മനസ്സിലാക്കാനായി ഈ മഹാപ്രപഞ്ചത്തെക്കുറിച്ചുള്ള താന്ത്രിക ധാരണകളെ മുഖ്യധാരാ ഭാരതീയ ദാർശനികതയുമായി താരതമ്യപ്പെടുത്തുന്നത് സഹായകമായേക്കും.

റീതാ ദാസ്ഗുപ്ത മുഖ്യധാരാ ഭാരതീയ തത്ത്വശാസ്ത്രത്തിലെ, യാഥാസ്ഥിതിക വൈദിക-ബ്രാഹ്മണിക പാരമ്പര്യമെന്നു വിശേഷിക്കപ്പെടുന്ന, 'അതിലംഘനത്തിൻറെ ദർശനത്തെ' താന്ത്രിക് പാരമ്പര്യത്തിലെ മൂർത്തീകരണത്തിൻറെ തത്ത്വശാസ്ത്രവുമായി താരതമ്യപ്പെടുത്തി വ്യത്യാസങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. അതാകട്ടെ പതഞ്ജലിയുടെ യോഗസൂത്രങ്ങളിലെ സാംഖ്യവ്യവസ്ഥയിൽനിന്നാണ് രൂപംകൊണ്ടത്. അവരുടെ വിശദീകരണമനുസരിച്ച് പതഞ്ജലി സാംഖ്യാവ്യവസ്ഥയുടെ സത്താമീമാംസ ഉപയോഗിച്ചു രണ്ടു സത്താപരമായ തത്ത്വങ്ങൾ സ്ഥാപിക്കുന്നു — പുരുഷനും പ്രകൃതിയും (ആത്മാവും വസ്തുവും). യാതനയുണ്ടാകുന്നത് വ്യക്തികൾ സ്വത്വത്തെ ശരീരമനസമുച്ചയവുമായി (പ്രകൃതിയുടെ സാമ്രാജ്യം) താദാത്മ്യപ്പെടുത്തുന്നതുകൊണ്ടാണ്. യാതനയിൽനിന്നുള്ള സ്വാതന്ത്ര്യം സാധ്യമാകുന്നത് സ്വത്വമെന്ന ആന്തരിക യാഥാർത്ഥ്യത്തെ പുരുഷനായി തിരിച്ചറിയുന്നതിലാണ്. അത് നിത്യമായ വിശുദ്ധിയും സ്വാതന്ത്ര്യവുമുള്ളതാണ്. ഇതു നേടിയെടുക്കുന്നത് ശരീരത്തെ പ്രകടമായ വസ്തുസ്വഭാവം അഥവാ സ്ത്രൈണതത്ത്വമായ ശരീരമന സമുച്ചയത്തിൽനിന്നു പൂർണ്ണമായി വിഘടിപ്പിച്ചെടുക്കുന്നതിലൂടെയാണ്. യോഗയുടെ ലക്ഷ്യം സ്ത്രൈണമായി പ്രതീകവത്കരിക്കപ്പെടുന്ന വികാരങ്ങളെയും ആഗ്രഹങ്ങളെയും കീഴടക്കുന്നതിലാണ്. ഇതിൻറെ അടിസ്ഥാനത്തിൽ സ്ത്രീയുടെ ജീവശാസ്ത്രപരമായ ധർമ്മങ്ങൾ കണക്കിലെടുത്ത് അവരുടെ കാര്യത്തിൽ വിവേചനാപരമായ കാഴ്ചപ്പാടിനു

രൂപംകൊടുക്കാൻ പതഞ്ജലിയുടെ ലോകവീക്ഷണം വേണ്ടത്ര അവസരം കൊടുത്തിട്ടുണ്ടെന്നു മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടില്ല. പ്രായോഗിക തലത്തിൽ ഇത് ശുദ്ധം/അശുദ്ധമെന്ന ധ്രുവീകരണം സ്ഥാപിക്കലും അശുദ്ധിയുടെ ധ്രുവത്തെ, പുരുഷനെ ഒരേസമയം വശീകരിക്കുകയും ഭയപ്പെടുത്തുന്നതുമായ സ്ത്രീയുടെ പ്രജനനപരവും ലൈംഗികവുമായ ശക്തികളുടെ കഴിവുകളുമായി ബന്ധപ്പെടുത്തലുമാണ്. സ്ത്രീസങ്കല്പവും അതിൻറെ ഭൗമിക സഹരൂപമായ സ്ത്രീയും അങ്ങനെ പുരുഷസങ്കല്പത്തിൻറെ അധീനത്തിലാകുകയും അതിലൂടെ സ്ത്രീയെയും ലോകത്തെയും പുരുഷകേന്ദ്രീകൃതമാക്കുകയും ചെയ്യുന്നു. അതേസമയം, പുരുഷനെ ബോധവും പ്രകൃതിയെ അബോധവുമായി കാണുന്ന സാംഖ്യത്തിൽനിന്നു വ്യത്യസ്തമായാണ് താന്ത്രികപാരമ്പര്യം സ്ത്രീസങ്കല്പത്തെ സമീപിക്കുന്നത്. താന്ത്രികവിദ്യയിൽ രണ്ടു തത്ത്വങ്ങളിലും ബോധം സ്ഥാപിക്കുകയും പരമോന്നതതലങ്ങളിൽ ആത്യന്തികസത്യത്തിൻറെ ഭൂമികയായി ഏകീകരിക്കുകയും ചെയ്യുന്നു. ഒരു ദ്വിമുഖ പരമയാഥാർത്ഥ്യത്തിലൂടെ (ശിവനും ശക്തിയും) ലിംഗഭേദമടക്കമുള്ള എല്ലാ വിപരീതങ്ങളും രണ്ടു തത്ത്വങ്ങളുടെ പ്രത്യക്ഷങ്ങളായി കാണപ്പെടുന്നു. അങ്ങനെ ഉഭയലിംഗങ്ങൾ പരസ്പരവിരുദ്ധമായ ദ്വിത്വങ്ങളാവാതെ, (അതായത് സ്ത്രീ = അശക്ത, പുരുഷൻ = ശക്തൻ) വ്യത്യാസങ്ങൾ അസാധ്യമാക്കുന്ന ഏകതയിലേക്കു ലയിക്കാതെ, ശിവൻ എന്നോ ശക്തി എന്നോഉള്ള രൂപത്തിൽ ദൃഢീകരിക്കപ്പെടുന്നവയാണ്.'' (ശർമ്മ) മൂർത്തീകരണത്തിൻറെ തത്ത്വശാസ്ത്രം അർത്ഥമാക്കുന്നത് താന്ത്രികത്തിൽ സാധകൻറെയോ പ്രയോഗകൻറെയോ ലക്ഷ്യം ശരീരത്തിൻറെ അതിലംഘനമോ, ശാരീരികതൃഷ്ണകളെ സ്ത്രൈണമായിക്കണ്ടു നിയന്ത്രണാധീനമാക്കുകയോ അല്ല. മറിച്ച ശരീരത്തെ ഒരു ഉപകരണമായി ഉപയോഗിച്ചുകൊണ്ടുള്ള ആത്മസാക്ഷാത്കാരത്തിനാണ് ഊന്നൽകൊടുക്കുന്നത്. വൈദികകാലത്തെ വിശുദ്ധഗ്രന്ഥങ്ങളിൽനിന്നു രൂപംകൊണ്ടതാണെങ്കിലും പൂർണ്ണമായും വ്യവസ്ഥാപിതമായ ഒരു പ്രാപഞ്ചികതത്ത്വമായി ശക്തിസങ്കല്പം വിശദീകരിക്കപ്പെടുന്നത് താന്ത്രിക പാരമ്പര്യത്തിൽമാത്രമായിരുന്നു. ശക്തിയെപ്പറ്റിയുള്ള മാമൂൽ ധാരണ അതു പുരുഷദൈവിക ശക്തിയുടെ ഒരവസ്ഥയാണെന്നായിരുന്നു. എന്നാൽ താന്ത്രികപാരമ്പര്യത്തിൽ അത് സ്വയം നിയന്ത്രിത സ്ത്രൈണതത്ത്വമാണ്. ഇവിടെ ശക്തിക്ക് പ്രബലമായ രണ്ട് അർത്ഥങ്ങളാണുള്ളത്. ഒന്നാമതായി, അതു മുകളിൽ സൂചിപ്പിച്ചതുപോലെ ഒരേ സത്യത്തിൻറെ പരസ്പരപൂരകമായ രണ്ടു വശങ്ങളാകുന്നു. പക്ഷേ, സ്ത്രീ സങ്കല്പത്തിൻറെ താന്ത്രിക മൂല്യവത്കരണം വ്യക്തമായി വെളിപ്പെടുന്നത് രണ്ടാമത്തെ അർത്ഥത്തിലാണ്. ''ശക്തി ഏറ്റവും പരമമായ സത്യമാണ്, ശിവൻ അവളുടെ സഹായി മാത്രമാണ് — അവൾ ആത്യന്തികശക്തിയും അവൻ അതിനെ വഹിക്കുന്ന പാത്രവും... അവളുടെ പുരുഷവശം (ശർമ്മ).''

എൻറെ അഭിപ്രായത്തിൽ താന്ത്രിക വിശ്വാസപ്രമാണത്തിലെ ഈ രണ്ട് അർത്ഥങ്ങളും പാണ്ഡവപുരത്തിൽ പ്രകടമാകുന്നുണ്ട്. ദേവിയുടെയും ജാരൻറെയും കൂട്ടുനിർമ്മിതിയായ പാണ്ഡവപുരത്തിൻറെ പാഠത്തിൽ സ്ത്രീപുരുഷതത്ത്വങ്ങളുടെ പരസ്പരപൂരകത്വം പ്രതിഫലിക്കുന്നുണ്ട്. അങ്ങനെ അവർ യഥാക്രമം ശക്തിയെയും ശിവനെയും പ്രതിനിധീകരിക്കുന്നു. സന്ദർശകൻ പോയതിനുശേഷം ശ്യാമളയും രഘ്വവും ജാരൻറെ വരവും അവിടത്തെ താമസവും നിഷേധിക്കുമ്പോൾ വായനക്കാരായ നമുക്ക് രണ്ടിലൊന്നു സ്വീകരിക്കേണ്ടതായി വരുന്നു; ദേവിയുടെ ഉന്മാദമോ ശ്യാമള-രഘ്വമാരുടെ നുണ പറയാനുള്ള ഉദ്യമമോ. ഇവിടെ പാണ്ഡവപുരത്തിലെ കൂട്ടുനിർമ്മിതിയായ വർണ്ണനകൾ ഉയർന്ന സർറിയൽ തലങ്ങളിലെത്തുന്നു. ശ്യാമള-രഘ്വമാരുടെ നിഷേധങ്ങൾ ആഖ്യാനത്തിനു യഥാർത്ഥലോകവുമായുള്ള ബന്ധം ഇല്ലാതാക്കുകയും അതിനെ ഫാൻറസിയുടെ തലങ്ങളിലേക്ക് ഉയർത്തുകയും ചെയ്യുന്നു. സ്വന്തം യുക്തിവിചാരത്തിൻറെ ഭാഗധേയത്തിൽ ആഖ്യാനം ഈ വഴിയേ സ്വീകരിക്കു എന്നു തോന്നിപ്പിക്കുകയും ചെയ്യുന്നു. പാണ്ഡവപുരം ദേവിയുടെ കല്പനയിൽ ഉള്ള ഒരു സ്ഥലമാണെങ്കിൽ ജാരൻറെ വരവും പോക്കും എന്തിനു യാഥാർത്ഥ്യമാകണം? പാണ്ഡവപുരത്തെ ദുർഗ്ഗയുമായുള്ള ബന്ധംകൊണ്ടു ദേവിയുടെ ദുരൂഹമായ സ്വഭാവം വികസിപ്പിക്കാൻ ജാരൻറെ ആഗമനം ആവശ്യമാണെന്നു തോന്നിക്കുന്നു. തൻറെ സാന്നിധ്യത്തെക്കുറിച്ചുള്ള ജാരൻറെ തിരസ്കാരം അർത്ഥമാക്കുന്നത് പുരുഷത്വത്തിനു കീഴടങ്ങുന്ന സ്ത്രീ പ്രകൃതിയെന്ന വിശ്വാസത്തിൻറെ, സ്ത്രീപുരുഷ തത്ത്വങ്ങളുടെ മുഖ്യധാരാധാരണയുടെ തിരിച്ചിടലാണ്. അങ്ങനെ പാണ്ഡവപുരത്തെയും അതിൻറെ പാഠത്തെപ്പറ്റിയുമുള്ള നമ്മുടെ പ്രസ്താവന, അതായത് അത് ദേവിയുടെയും ജാരൻറെയും സംയുക്ത സൃഷ്ടിയാണെന്നത്, വിശേഷിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. ജാരൻറെ തിരോധാനത്തിനുശേഷവും പാണ്ഡവപുരം നിലനില്ക്കുന്നു എന്നതിൽനിന്നു വെളിപ്പെടുന്നത് അത് ഒരു ദേവതയെപ്പോലുള്ള ദേവിയുടെമാത്രം സൃഷ്ടിയാണെന്നതാണ്. അത് അവളുടെ മായയാണ്. ഇത് നോവലിൻറെ ഉള്ളടക്കത്തിന് അനുയോജ്യമായ, യാഥാർത്ഥ്യസ്വഭാവമുള്ള ഒരു രൂപകംകൂടിയാണ്. സൃഷ്ടിയുടെ പ്രക്രിയയും അതിൻറെ അന്തിമഫലവുമെന്ന രീതിയിൽ, വസ്തുപ്രപഞ്ചത്തിൻറെ പദാർത്ഥമെന്ന രീതിയിലും മായാ ദേവതാസദൃശമായ ദേവീരൂപത്തിന് അനുയോജ്യമായിരിക്കുകയും അവളുടെ സൃഷ്ടിയെ പ്രതീകവത്കരിക്കുകയും ചെയ്യുന്നു. മായയുടെ സാധാരണമായ അർത്ഥം അയഥാർത്ഥമായ ബോധം അഥവാ മിഥ്യാധാരണയെന്നാണ്. അതിൻറെ അപകീർത്തിപരമായ അർത്ഥസൂചനകൾ സ്ത്രൈണമേഖലയിലേക്കു പകർത്തപ്പെടുന്നു. താന്ത്രികവിശ്വാസപ്രമാണത്തിൽ ബോധതലവും പരമമായതുമായി താദാത്മ്യം പ്രാപിക്കുന്ന മഹാദേവതയെ സംബന്ധിച്ച് അങ്ങനെയൊരു സൃഷ്ടിയിൽ 'കപട'മായി ഒന്നുംതന്നെയില്ല. ദേവി നൂറ്റെടുക്കുന്ന പാഠത്തിൽ രൂപംകൊള്ളുന്ന മായ ഭാവനയുടെ ഉണ്മ ആവശ്യപ്പെടുന്ന ഒരു

കാല്പനികവും സന്തോഷദായകവുമായ സൃഷ്ടിയാണ്. സർഗ്ഗപ്രേരണയായി കാണാവുന്ന ശക്തിയിലൂടെ ഒരു ആവശ്യംപോലെയാണ് അവൾ തൻറെ പ്രകൃതം വെളിപ്പെടുത്തുന്നത്. അമ്മ, ദേവി, ദുർഗ്ഗ എന്നിങ്ങനെയുള്ള വിവിധ ദേവീസങ്കല്പങ്ങളുമായുള്ള ആന്തരികസംവാദങ്ങളിലൂടെ രൂപപ്പെടുന്ന സ്വന്തം വിധ്വംസക ശക്തിയെപ്പറ്റിയുള്ള ബോധ്യങ്ങളിലൂടെയാണ് ദേവിക്ക് ഓരോ തുണ്ടുകളായി പാണ്ഡവപുരത്തെ സൃഷ്ടിക്കാൻ കഴിയുന്നത്. ധ്യാനത്തിൻറെ അഗ്നിയിലൂടെ അവിരാമമായ സൃഷ്ടിസംഹാര കർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദുർഗ്ഗയെപ്പോലെ ഇവിടെ സ്വയം നിർമ്മിതിക്കായുള്ള പ്രേരണയുടെ അഗ്നിയിൽ, ധ്യാനത്തിലൂടെ അവൾക്ക് പാണ്ഡവപുരത്തെ ദുർഗ്ഗയുടെ പ്രവൃത്തികളെക്കുറിച്ച് മനസ്സിലാക്കാനാകുന്നു. കഥാപാഠത്തിൽ ഈ രണ്ടു ദേവിമാരും യോജിക്കപ്പെട്ടിരിക്കുന്ന രീതി പരിഗണിക്കുമ്പോൾ ഒരു കാര്യം നിസ്സംശയം പറയാനാകും. തൻറെതന്നെ സാക്ഷാത്കാരമായ ദുർഗ്ഗയും താനുമായി ബന്ധം സ്ഥാപിക്കാനുള്ള ദുരൂഹമായ ചാലുകൾ സ്വായത്തമാക്കുന്നതിലൂടെയാണ് അവൾക്ക് ദുർഗ്ഗയുടെ ചാരുതയും കരുത്തും നേടാനാവുന്നത്. മറിച്ചും ചിന്തിക്കാവുന്നതാണ്. പാണ്ഡവപുരത്തെ ദേവതയുമായുള്ള താദാത്മ്യത്തിലൂടെയാണ് ദേവി തൻറെ ഉള്ളിലെ ശക്തിയെ, ദുർഗ്ഗാചൈതന്യത്തെ, ഉണർത്തി ദുർഗ്ഗാതുല്യയാകുന്നത്. അങ്ങനെ താന്ത്രികദേവശാസ്ത്രത്തിലെ സ്ത്രീയും ദുർഗ്ഗാസങ്കല്പവുമായുള്ള അർത്ഥശങ്കയില്ലാത്ത താദാത്മ്യത്തിലൂടെ, സ്ത്രീപക്ഷതത്ത്വത്തിൻറെ മൂല്യവത്കരണത്തിൻറെ മാതൃകയുമായി സമരസപ്പെടുന്നതിലൂടെ ദേവി ദുർഗ്ഗയുടെ സവിശേഷതകളായ സ്വയംകർത്തൃത്വവും സ്വയം ഭരണാധികാരവും നേടിയെടുക്കുന്നു.

മേൽപറഞ്ഞ ചർച്ചയിൽ നാം അന്വേഷിച്ചത് ദേവി-ദുർഗ്ഗാബന്ധവും തന്ത്രയുടെ പ്രാപഞ്ചിക/തത്ത്വചിന്താവ്യവസ്ഥയും തമ്മിലുള്ള ഐകരൂപ്യത്തിൻറെ ബിന്ദുക്കളാണ്. അതേസമയം ദേവിയുടെ പ്രതിനിധാനത്തിനും അവളുടെ ജാരനുമായുള്ള ബന്ധത്തിനും ഘടനാപരമായ സമാനതകളുള്ളത് ഉഗ്രസ്വരൂപികളായ ദേവതകളായ ദുർഗ്ഗയുടെയും കാളിയുടെയും ഐതിഹ്യവുമായാണ്. ഈ വശവും പരിശോധന അർഹിക്കുന്നു. സിംഹത്തിൻറെ പുറത്തു സവാരിചെയ്യുന്ന ആയുധപാണിയായ ദുർഗ്ഗയെ പൊതുവേ ഒരു പോരാളിയായ ദേവതയായാണ് കണക്കാക്കാറ്. മഹിഷാ സുരമർദ്ദിനിയായ ദുർഗ്ഗ (മഹിഷമെന്ന ഭീകരരൂപത്തെ നിഗ്രഹിച്ചവൾ) മഹിഷാസുരനെന്ന രാക്ഷസൻറെ ശരീരത്തിൽ ചവിട്ടിനില്ക്കുന്ന രൂപത്തിലാണ് ചിത്രീകരിക്കപ്പെടാറ്. ഈ ഐതിഹ്യത്തിൽ, മറ്റു രണ്ടോടൊപ്പം, ദേവീമാഹാത്മ്യത്തിലെ ദുർഗ്ഗാസങ്കല്പം പൂർണ്ണമാകുകയാണ്. ധർമ്മത്തിൻറെ അവതാരമാണ് ദുർഗ്ഗ. കാലാകാലങ്ങളായി അവൾ അവതാരമെടുക്കുന്നത് മഹിഷാസുരൻ പ്രതിനിധാനംചെയ്യുന്ന അഹന്താജന്യമായ ധാർഷ്ട്യത്തെയും അജ്ഞതയെയും നശിപ്പിച്ചു രക്ഷകയുടെ ധർമ്മം നിർവ്വഹിക്കാനാണ്. നോവൽപാഠത്തിൻറെ അനേകസന്ധികളിൽ ദേവി

ദുർഗ്ഗാ സമാനയായിത്തീരുന്നു. തൻറെ ജാരനെയോ ഭർത്താവിനെയോ സാന്ത്വനിപ്പിക്കാനോ പ്രതികാരനിർവ്വഹണത്തിനായോ പത്താം അധ്യായത്തിൽ തൻറെ കാലുയർത്തി ജാരനെ ആക്രമിക്കുന്നതായി ദേവി സങ്കല്പിക്കുന്നുണ്ട്. ജാരനോടോ സ്വന്തം ഭർത്താവിനോടോഉള്ള സാന്ത്വനമോ പ്രതികാരമോ ആവാമിത്. ഭർത്താവിനോടുള്ള വിശദീകരണങ്ങളിൽ അവൾ പറയുന്നത് അയാളുടെ തിരസ്കാരം താനൊരു വിജയമാക്കിമാറ്റി, അതിലൂടെ പാണ്ഡവപുരത്തെ ജാരന്മാരെ ഓരോരുത്തരെയായി വീട്ടിലേക്ക് ആവാഹിച്ചുവരുത്തി അവരുടെ പൗരുഷത്തിൻറെ, അഹന്തയുടെ, പത്തികൾ ആഞ്ഞാഞ്ഞു ചവിട്ടിത്താഴ്ത്തുമെന്നാണ്. ഇവിടെ 'അഹന്ത' എന്ന വാക്കിൻറെ പ്രയോഗം ശ്രദ്ധേയമാണ് ശിരസ്സിലോ, പത്തിയിലോ കുടിയിരിക്കുന്ന ശക്തിയെ പുരുഷൻറെ അഹന്തയുമായി ചേർത്തു കാണുന്നതിലൂടെ ദേവി അവൻറെ അഹന്തയെയും ലിംഗപരമായ ശക്തിയേയും ഒരുപോലെ നശിപ്പിക്കാനാണ് മോഹിപ്പിക്കുന്നത്. ഇവിടെ ദുർഗ്ഗ ദുഷ്ടശക്തികളെ നിഗ്രഹിക്കുന്നവൾ എന്നതിൽനിന്നു തൻറെ പേരിൻറെ അർത്ഥമായ 'എത്തിപ്പിടിക്കാവുന്നതിനപ്പുറം' എന്ന ഐതിഹാസികതലത്തിലേക്ക് ഉയരുന്നു. തൻറെ ഭർത്താവിൻറെ നിരാസത്തെപ്പറ്റിയുള്ള ദേവിയുടെ വിലാപത്തിൽ കാപട്യത്തിൻറെ അംശമുണ്ട്. പരിത്യക്തയായ, നിരാലംബയായ, എത്തിപ്പിടിക്കാവുന്നതിനപ്പുറമുള്ള ഒരുവളെന്നനിലയിൽ ഭർത്താവിനെയും ജാരനെയും സ്വന്തം സ്വത്വത്തിൻറെ അഗ്നിയിലേക്കു വലിച്ചെറിഞ്ഞു. അങ്ങനെ സ്വയം ദൈവികതലത്തിലേക്ക് ഉയർത്താനുള്ള ഒരു ഉപായമായാണ് ഭർത്താവിൻറെ ഈ നിരാസത്തെ ദേവി ഉപയോഗിക്കുന്നത്.

ദുർഗ്ഗയെക്കാളേറെ കാളീദേവതയുമായുള്ള ദേവിയുടെ അടുത്ത ബന്ധമാണ് അവളുടെ ആകർഷകമായ ദൈവിക മാനത്തിനു കാരണമെന്നാണ് എൻറെ വിശ്വാസം. കാളി ഒമ്പതു മറ്റു ദേവതമാരോടൊപ്പം താന്ത്രികപാരമ്പര്യത്തിൻറെ തത്ത്വശാസ്ത്രവുമായി ബന്ധപ്പെട്ട 'മഹാവിദ്യകൾ' എന്ന സംഘം സൃഷ്ടിക്കുന്നുവെന്നാണ് ഡേവിഡ് കിൻസ്‌ലി വിശദീകരിക്കുന്നത്. ലീൻ ഫൗൾസ്റ്റൻറെ വർഗ്ഗീകരണമനുസരിച്ചു കരാളരൂപികളായ ദേവതമാരുടെ അങ്ങേയറ്റത്തു നില്ക്കുന്നവളാണ് കാളി. അതേസമയം സാമൂഹ്യമായി വിലക്കപ്പെട്ടവരും അതിലംഘിക്കപ്പെട്ടവരുമായി ബന്ധമുള്ളവളെന്ന നിലയിൽ കുറെക്കൂടി പ്രയോജനകരമായ ഒരു കാഴ്ചപ്പാടിലൂടെ അവളെ ഒരു 'സാമൂഹ്യ എതിർമാതൃക'യായും ഫൗൾസ്റ്റൻ വേർതിരിക്കുന്നുണ്ട്. ഉത്ഭവത്തെക്കുറിച്ചുള്ള ചരിത്രപരമായ വീക്ഷണങ്ങളിൽ അവൾ ഹൈന്ദവസമൂഹത്തിൻറെ പ്രാന്തപ്രദേശത്ത് നില്ക്കുന്നവളായാണു കാണപ്പെടുന്നത്. വന്യവും ഭയാനകവുമായ രൂപമുള്ള അവൾ രക്തം, മരണം, നശീകരണം, ലൈംഗികത എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. അഴിഞ്ഞുവീണ മുടിയും പുറത്തേക്കുതള്ളിയ നാവുമായി അവളുടെ രൂപശില്പങ്ങളിലൊന്നു കുറുക്കന്മാർ ശവംതിന്നുന്ന, രക്തംവീണു കുതിർന്ന ഒരു ശവപ്പറമ്പിൽ പുറംതിരിഞ്ഞു കിടക്കുന്ന നഗ്നനായ ശിവൻറെ

ശരീരത്തിനുമുകളിൽ രണ്ടു കാലുകളും ഇരുവശത്താക്കി നില്ക്കുകയോ ഇരിക്കുകയോ ചെയ്യുന്ന വിധത്തിലാണ്. അവൾ കാർമ്മികചക്രത്തിൻറെ അന്ത്യം സൂചിപ്പിക്കുന്ന, മനുഷ്യഹസ്തങ്ങൾ കോർത്ത മാല അണിയുന്നു. അഹംബോധത്തിൻറെ പ്രതീകമായ പുരുഷശിരസ്സാണ് അവളുടെ കൈയിൽ, അവളുടെ മുഖഭാവം ഭീതിജനകവും ഭീഷണവുമാണ്. പുരുഷാഹന്തയെ തകർക്കാനുള്ള വ്യഗ്രതയിൽ ദേവി അവളുടെ അലങ്കോലമായ രൂപഭാവങ്ങളുമായി കാളീദേവതയുമായുള്ള സാദൃശ്യത്തിന് അവസരമൊരുക്കുന്നു. അവൾ വിനാശകരവും ആർജ്ജനവ്യഗ്രവുമായ ഊർജ്ജവുമായി ബന്ധപ്പെട്ട, ക്രമരാഹിത്യത്തിൻറെ സ്വഭാവമുള്ളവളാണ്. പലയിടങ്ങളിലും ദേവി വർണ്ണിക്കപ്പെടുന്നത് 'ചുവന്ന സാരിയണിഞ്ഞു മുടിയഴിച്ചിട്ടു. നെറ്റിയിൽ വലിയ കുങ്കുമപ്പൊട്ട് തൊട്ടു' എന്നിങ്ങനെയാണ്. അവൾ ജാരനെ സമീപിക്കുന്നതാകട്ടെ, രക്തവർണ്ണമുള്ള സാരിയണിഞ്ഞ്, താംബൂലം ചവച്ച ചുവന്ന ചുണ്ടുകളുമായാണ്. രക്തവും ചുവന്ന നിറവുമായും ബന്ധമുള്ള ബിംബാവലി ദേവിയെ തെന്നിന്ത്യൻ ഗ്രാമങ്ങളിൽ ആരാധിക്കപ്പെടുന്ന ഭഗവതിയുടെ രൂപത്തിലുള്ള കാളിയുമായി ബന്ധപ്പെടുത്തുന്നു. സേതുവിൻറെ നോവലിലെ ഒരു നിർണ്ണായകമായ രംഗത്തിൽ ദേവി ജാരനെ പ്രലോഭിപ്പിക്കുകയും ദുർഗ്ഗ പുരുഷാഹന്തയ്ക്കുമേൽ വിജയംനേടുകയും ചെയ്യുന്നു. നെറുകയിലെ സിന്ദൂരം പടർന്നു. മുഖമാകെ ചുവന്നും തെച്ചിപ്പൂക്കൾ കിടക്കയിൽ ചിതറിവീണും, ദേവി നിസ്സഹായനായ ജാരനെ സമീപിക്കുന്നു. ആസക്തിയുടെ കീടങ്ങളെ തന്നിലെ അഗ്നിനാളങ്ങളിലേക്ക് ആകർഷിച്ചിരുന്ന ജാരൻ ദേവിയുടെ കാമത്തിൻറെ ചിതയിലേക്കു വാടിവീഴുന്നു. ജാരനെ പ്രലോഭിപ്പിച്ചു വശംവദയാക്കുന്നതിനുമുമ്പ് ദേവി അയാളെ ഭീരുവെന്നു വിളിച്ചു പരിഹസിക്കുകയും പാണ്ഡവപുരത്തുവച്ചു തന്നെ കീഴ്പ്പെടുത്താത്തതിനു പൗരുഷമില്ലാത്തവൻ എന്നു വിളിക്കുകയും ചെയ്യുന്നു. സ്വയം ദുർഗ്ഗയെന്നു വിശേഷിപ്പിച്ചു (എന്നാൽ കാളിയെന്നു തോന്നിപ്പിച്ചു) അവൾ പരിഹാസരൂപത്തിൽ തൻറെ മനോഗതം വെളിപ്പെടുത്തുന്നു:

'എനിക്ക് നിങ്ങളെ തോല്പിക്കണം. കാൽക്കീഴിലിട്ട് ചവിട്ടിഞെരിക്കണം. ഉടുതുണിയില്ലാത്ത നിങ്ങളുടെ ഉടലിൽ ദുർഗ്ഗയെപ്പോലെ ചുവടുവയ്ക്കണം. നിങ്ങളുടെ ചോരയെടുത്ത് പൊട്ടുതൊടണം. കുടൽമാലയെടുത്ത് കഴുത്തിലണിയണം. നിങ്ങളുടെമാത്രമല്ല, നിങ്ങളെപ്പോലുള്ള ഓരോ പുരുഷൻറെയും...'

അവളുടെ കാമാസക്തിയിൽ നിസ്സഹായനാക്കപ്പെട്ട്, ചുവന്നനാവും നീട്ടി തന്നെ കീഴ്പ്പെടുത്താൻനോക്കുന്ന ഒരു രക്തരക്ഷസ്സായി ജാരൻ ദേവിയെ കാണുന്നു. അവൾ ചാമുണ്ഡിയായി, മുടി കാറ്റിലുലഞ്ഞും തലയോട്ടി കൈയിലേന്തിയും തൻറെ ജാരന്മാരുടെ അസ്ഥികൾ വീണടിഞ്ഞ മുറിയിൽ നൃത്തംവയ്ക്കുന്നു. ചാമുണ്ഡി കാളിയുടെ അപരനാമമാണ്. ദുർഗ്ഗയുടെ പ്രതിനിധിയായ ചാമുണ്ഡി പോരിൽ നിഗ്രഹിച്ച രാക്ഷസന്മാരായ ചണ്ഡ, മുണ്ഡന്മാരുടെ പേരുകൾ കൂട്ടിച്ചേർത്തുണ്ടാക്കിയ ഏകനാമമാണ് ചാമുണ്ഡി. ഈ വിരോചിതമായ പ്രവൃത്തിയുടെ ഭാഗമായാണ് ദുർഗ്ഗ ഈ പേര് കാളിക്ക് നല്കുന്നത്. കിൻസ്‌ലി ചൂണ്ടിക്കാട്ടുന്നത്

കാളീദേവതയെപ്പോലുള്ള എതിർമാതൃകകൾക്ക് ഒരു ഉദ്ദേശ്യമുണ്ടെന്നാണ്. ശുദ്ധം/ അശുദ്ധം, അനുവദനീയം/നിഷിദ്ധം എന്നീ ധ്രുവീകരണങ്ങൾക്കുമേൽ പണിതുയർത്തിരിക്കുന്ന സാമൂഹ്യമായി അനുശാസനംചെയ്യപ്പെട്ടിരിക്കുന്ന പെരുമാറ്റത്തിലും ആചാരങ്ങളിലുമായി ആത്മീയ വിഷയങ്ങളിലെ വിദഗ്ധർ താദാത്മ്യംപ്രാപിക്കുന്നതിൽനിന്നു മോചിപ്പിക്കാനാണിത്. ഇത്തരം ആചാരങ്ങളെയും പെരുമാറ്റങ്ങളെയും മറികടക്കാൻ ഈ എതിർമാതൃകകൾ സഹായിക്കുന്നു. അങ്ങനെ ഈ ഉൾക്കാഴ്ചയെ വികസിപ്പിച്ച് ഒരു സങ്കല്പകഥാപാത്രത്തിൻറെ, അതിൻറെ ഐതിഹ്യമാതൃകയുമായുള്ള താദാത്മ്യമെന്നുവേണമെങ്കിൽ വിശേഷിപ്പിക്കാം. ദേവിക്ക് ഒറ്റപ്പെട്ട, പരിത്യക്തയായ സ്ത്രീയെന്ന നില നേരത്തേതന്നെയുണ്ട്. ഉണ്ണിമേനോൻ ദേവിയെ കൂടോത്രക്കാരിയായി, ദേവിയുടെ എതിർമാതൃകയായ കാളീദേവതയായി, കണ്ടു ഭയപ്പെടുന്നുണ്ട്. അത് അവളുടെ അന്യയെന്നനിലയും വിധ്വംസകത്വവും പ്രതിഫലിപ്പിക്കുകയും അവളുടെ ആകർഷകമായ ചിത്രീകരണത്തിനു കാര്യമായി സഹായിക്കുകയും ചെയ്യുന്നു.

3

പാണ്ഡവപുരമെന്ന സ്ഥലത്തിൻറെ കൂട്ടുനിർമ്മിതി, ഒരുമിച്ചു ചെലവഴിച്ച ഒരു ഭൂതകാലത്തിൻറെ യഥാർത്ഥമോ കാല്പനികമോആയ ആഖ്യാനം ഉൾക്കൊള്ളുന്നു. ഒപ്പം അത് പാണ്ഡവപുരത്തിൻറെയും അതിൻറെ കുന്നിൻപുറത്തിരിക്കുന്ന ദേവിയുടെയും ഉത്ഭവത്തെ സംബന്ധിച്ചുള്ള കഥകളും ഐതിഹ്യങ്ങളും ഉൾക്കൊള്ളുന്നു. നോവൽപാഠത്തിൽ പാണ്ഡവപുരത്തിൻറെ മൂന്നു കഥകൾ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. സന്ദർശകൻ പറയുന്ന രണ്ടും ദേവി പറയുന്ന ഒന്നും. ലിംഗബന്ധങ്ങളെയും ദേവി-ജാരബന്ധങ്ങളുടെ വ്യാഖ്യാനങ്ങളുടെയും കുരുക്കഴിക്കാൻ ഈ കഥകളുടെ അപഗ്രഥനം സഹായകമായേക്കും. ആദ്യത്തെ കഥ രഘുവിനോടും ശ്യാമളയോടും ജാരൻ പറയുന്നതാണ്. പാണ്ഡവപുരമെന്ന സ്ഥലം ഒരിക്കൽ പാണ്ഡവന്മാർ താമസിച്ച ഒരു വനമായിരുന്നു. അവിടെവന്നിറങ്ങിയ ധ്വരമാർ അവിടെ ഒരു പുതിയ സംസ്കാരം അവതരിപ്പിച്ചു. വ്യവസായശാലകളുടെ, തീവണ്ടിപ്പാതകളുടെ, നാഗരികതയുടെ, കൊന്നുംതിന്നും നശിപ്പിച്ചുമുള്ള സംസ്കാരം. അവിടെനിന്ന് ആദിവാസികളും, മൃഗങ്ങളും ആട്ടിയോടിക്കപ്പെട്ടു. പിന്നീടുള്ള അധ്യായത്തിലെ കഥയുടെ വികാസത്തിൽ ഈ വിദേശികൾ അക്രമികളും പാണ്ഡവപുരമടങ്ങിയ രണ്ടു ഗ്രാമങ്ങളെ കീഴടക്കുന്ന അധീശശക്തികളുമായി ചിത്രീകരിക്കപ്പെടുന്നു. അവർ സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും അവരിൽ പുത്രോത്പാദനം നടത്തുകയും ചെയ്യുന്നു. അവർ വ്യവസായശാലകളും തൊഴിലാളികളുടെ പാർപ്പിടത്തിനായി കോളനികളും സ്ഥാപിക്കുന്നു. അവസാനം നാടൻധ്വരമാർ ഭരിക്കുന്ന, സങ്കരരക്തം കലർന്ന ഒരു സമൂഹത്തെ

അവശേഷിപ്പിച്ചുകൊണ്ടാണ് അവർ വിടപറയുന്നത്. ഈ പ്രത്യേകകഥ ഭാരതീയസംസ്കൃതിയുടെ ഒരു അടിസ്ഥാന ഐതിഹ്യമായി നമുക്കു കാണാൻകഴിയും. ഭാരതീയസംസ്കാരം ഒരർത്ഥത്തിൽ ഒരു പാണ്ഡവപുരമാണ്. കാരണം, അതിൻറെ പൂർവ്വികന്മാരായ പാണ്ഡവന്മാരും ഗോത്രവർഗ്ഗക്കാരായ ആദിവാസികളുമായി സങ്കലനം നടന്നിട്ടുണ്ട്. ഇവിടെ ബ്രിട്ടീഷ് കോളനിവാഴ്ചക്കാർ സാമാന്യ ഇന്ത്യൻജനതയുമായി ഇടകലർന്നതും അവരുടെമേൽ ആധിപത്യംസ്ഥാപിച്ചതും ഇതുമായി താരതമ്യപ്പെടുത്താവുന്നതാണ്. രണ്ടാമത്തെ കഥയുടെ ആഖ്യാനംനടത്തുന്നത് ദേവിയാണ്. പാണ്ഡവപുരത്തെ ആദിജാരൻറെ ദുരന്തസ്വഭാവമുള്ള ഉത്ഭവത്തെ ചുറ്റിപ്പറ്റിയാണ് ഈ കഥ. അധിനിവേശശക്തികളായ വെളുത്തവർ വ്യവസായശാലകളും, തോക്കുകളുമായി വന്നിറങ്ങുന്നതിനുമുമ്പ് പാണ്ഡവപുരത്തെ ആദിജാരനായ ഒരു കൊല്ലൻ ഒരു നിഷ്കളങ്കനായ മനുഷ്യനെ ബലിയാടാക്കുന്നതിൻറെ കഥയാണിത്. കൊല്ലൻ അസാമാന്യമായ കരുത്തുള്ളവനായിരുന്നു. ഇരുമ്പിനെ മെരുക്കാനുള്ള അവൻറെ കഴിവുകാരണം ഗ്രാമീണർക്ക് അവനോട് ഒരേസമയം മതിപ്പും ഭയവുമായിരുന്നു. അതുകൊണ്ടു തന്നെ കൊല്ലൻറെ സുന്ദരിയായ ഭാര്യയുടെനേർക്ക് നോക്കാൻകൂടി ആർക്കും ധൈര്യമില്ലായിരുന്നു. തനിക്ക് ഒരു കുഞ്ഞുണ്ടാകാത്തതിൽ ഏറെ അസ്വസ്ഥനായിരുന്നു കൊല്ലൻ, കത്തിയേറിൽ ഒരിക്കലും ലക്ഷ്യം തെറ്റാത്തയാൾക്ക് പതിയെ തൻറെ ഉന്നംപിഴയ്ക്കാൻ തുടങ്ങിയതോടെ ആത്മവിശ്വാസം നഷ്ടപ്പെടാൻ തുടങ്ങി. അയാളുടെ പൗരുഷത്തിൻറെ തളർച്ച അയാളുടെ ഭാര്യയെയും അലട്ടാൻ തുടങ്ങിയിരുന്നു. ഇങ്ങനെ പതിയെ അയാൾ മറ്റു സ്ത്രീകളുമായുള്ള ബന്ധങ്ങളിലും ചെന്നുപെടാൻ തുടങ്ങിയതോടെ അയാളെ തിരിച്ചുപിടിക്കുന്നതിനായി അയാളുടെ ഭാര്യ ഒരു വിദ്യ പ്രയോഗിക്കുന്നു. മൂന്ന് അവസരങ്ങളിൽ അവരുടെ വീട്ടുമുറ്റത്ത് പരപുരുഷന്മാരുടെ കാല്പാടുകൾ വീഴ്ത്തിനോക്കിയിട്ടും അയാൾ ഇളകാതെനിന്നപ്പോൾ ഒടുവിൽ അവൾക്കു മറ്റൊരു അടവ് പ്രയോഗിക്കേണ്ടിവന്നു. അവൾ അയാളുടെ മുഖത്തുനോക്കി പ്രഖ്യാപിച്ചു, താൻ ഗർഭിണിയാണെന്ന്. അങ്ങനെ സമൂഹത്തിൻറെമുമ്പിൽ തൻറെ മുഖം രക്ഷിക്കാനായി കൊല്ലൻ ഒരു സാങ്കല്പിക കുറ്റവാളിയെ ശിക്ഷിക്കാൻ തീരുമാനിക്കുന്നു. ഒരു ജാരൻറെ മുഖഭാവമുള്ള ഒരാളെ കണ്ടെത്തി അവനെ മരത്തിൽ കെട്ടിയിട്ട് ചുട്ടുപഴുപ്പിച്ച രണ്ട് ഇരുമ്പുകമ്പികൾ അവൻറെ കണ്ണുകളിലേക്ക് കുത്തിക്കയറ്റുന്നു. കൊല്ലൻറെ നിഷ്ഠുരമായ ഈ പ്രവൃത്തികൊണ്ട് 'ജാരൻറെ അഴക്കുകെട്ട് പേറാൻ ശപിക്കപ്പെട്ട ഒരു പാവം ചെറുപ്പക്കാരൻ രക്തസാക്ഷിയായി'. ഈ ആദിജാരൻറെ പിൻമുറക്കാരനാണ് മുഖ്യകഥയിലെ പേരില്ലാത്ത ജാരൻ. ഇവിടെയൊരു വൈരുദ്ധ്യമുണ്ട്. അവൻ ഒരു രക്തസാക്ഷിയാണോ, അതോ വെറുമൊരു ബലിയാടോ? ഈ രക്തസാക്ഷി ജാരരൂപം നോവൽപാഠത്തിൽ ജാരൻറെ പൂർവ്വികനും സമാന്തരകഥാപാത്രവുമാണ്. അയാൾ ദേവിയുടെ ജാരനോ, ഇരയോ അതും രണ്ടും ചേർന്നതോ? ഏറിയ പങ്കും അയാളെ ഒരു ഇരയായിത്തന്നെ

കാണാമെന്നു തോന്നുന്നു. കാരണം, അന്തിമമായി ദേവി ഒരു വേട്ടക്കാരിയും അയാൾ അവളുടെ മാന്ത്രികവലയത്തിൽനിന്നു രക്ഷപ്പെടാൻ നോക്കുന്നവനുമായാണ് ചിത്രീകരിക്കപ്പെടുന്നത്. ഭാരതീയ പുരുഷത്വത്തിൻറെ ഒരു ചിത്രം രചിക്കലാണ് ഇതിൻറെ ഉദ്ദേശ്യമെന്ന് എനിക്കു തോന്നുന്നു. ഭാരതീയജാരനും അവൻറെ പിന്നുറക്കാരും നശീകരണതൽപരെന്നപോലെ ദുർബ്ബലരുമാണ്. പാണ്ഡവപുരത്തെ ദേവിയുടെ കഥയാണ് നോവലിലെ ദേവിയുടെ കഥാപാത്രത്തിന് ഏറ്റവും സംഗതമായിരിക്കുന്നത്. സന്ദർശകൻ ഈ കഥ ശ്യാമളയോടും രഘുവിനോടും പറയുന്നു. കഥയിൽ ഒരു കഥാപാത്രത്തിൻറെയും പേര് പറയുന്നില്ലെങ്കിലും, കുന്തി, അവളുടെ അഞ്ചുമക്കൾ, അവരുടെ പൊതുഭാര്യയായ ദ്രൗപദി - ഇവരുമായുള്ള സമാന്തരം സുവ്യക്തമാണ്. സന്ദർശകൻ പറയുന്നതരത്തിലുള്ള കഥ പാണ്ഡവരുടെയും ദ്രൗപദിയുടെയും മൂലകഥയുടെ മാറ്റിയെഴുത്താണ്. അങ്ങനെ ആ കഥ അതിനുള്ളിൽതന്നെ പാണ്ഡവരുടെയും അവരുടെ പത്നിയായ ദ്രൗപദിയുടെയും ഒരു ഹാസ്യാത്മക വിവരണത്തിൻറെ സൂചകമായിത്തീരുന്നു.

ഒരു സമാധാനപ്രിയനായി ചിത്രീകരിക്കപ്പെടുന്ന യുധിഷ്ഠിരനൊഴിച്ച് മഹാഭാരതത്തിലെ പാണ്ഡവരെല്ലാം അജയ്യന്മാരായ വീരന്മാരാണ്. കുന്തിയും ദ്രൗപദിയും പാണ്ഡവരെ പ്രേരിപ്പിക്കുന്നത് 'ആണുങ്ങളാ'കാനും തങ്ങൾക്ക് അവകാശപ്പെട്ട പൈതൃകത്തിനായി സമാധാനത്തിനുപകരം യുദ്ധം തെരഞ്ഞെടുക്കാനുമാണ്. പ്രതിഭാറായിയുടെ 'യജ്ഞസേനിയും' പി.കെ. ബാലകൃഷ്ണൻറെ 'ഇനി ഞാൻ ഉറങ്ങട്ടെ'യും യുദ്ധത്തെ സമാധാനമാക്കി മാറ്റുന്നു. ഈ ഭീരുത്വത്തെ ശൗര്യവും ധാർമ്മികതയുമായി ഇതിഹാസത്തിൽ കാട്ടുമ്പോൾ പാണ്ഡവപുരത്തിലെ സന്ദർശകൻ പറയുന്ന കഥയുടെ ചട്ടക്കൂടിൽ മനുഷ്യരുടെ സമാധാനപ്രിയത്തെ ഭീരുത്വത്തിൻറെ ഒരു രൂപാന്തരമായാണ് കാണിക്കുന്നത്. അയാളുടെ കഥയിലെ പേരില്ലാത്ത രണ്ടാമത്തെയും മൂന്നാമത്തെയും മക്കൾ (ഭീമനും അർജ്ജുനനും) യുദ്ധസന്നദ്ധരായ തങ്ങളെ നിയന്ത്രിച്ച് ഭീരുക്കളാക്കാനുള്ള അമ്മയുടെ ശ്രമത്തിനെതിരേ പുകയുന്നവരാണ്. അവരുടെ മൂത്ത മകനാകട്ടെ (അയാൾ യുധിഷ്ഠിരനാണെന്നു നമുക്കറിയാം) ഒരു തനി 'അമ്മയുടെ മകനായി' അപഹസിക്കപ്പെടുന്നു. മാതൃശാസനയെന്ന നുകത്തിനുകീഴിൽ വട്ടംകറങ്ങുന്നവരെങ്കിലും രണ്ടാമത്തെയും മൂന്നാമത്തെയും മക്കൾ തങ്ങളെ തനിച്ച് വളർത്തിവലുതാക്കിയ മാതാവിനോട് കടപ്പെട്ടവരാണ്. അതുകൊണ്ടുതന്നെ അവർ അമ്മയെ നേരേനിന്ന് എതിർക്കാതെ അവരുടെ പിന്നിൽ നിന്ന് കള്ളം പറയുന്നു. അവർ വനാന്തരത്തിൽ രഹസ്യമായി യുദ്ധംചെയ്യുന്നുണ്ട്. ജാരകഥയിലെ വക്രീകരണം വ്യക്തമായും പാണ്ഡവസോദരരുടെ ചോർന്നുപോയ വീര്യത്തെ പരിഹസിക്കുന്നു. അമ്മയുടെ മുമ്പിൽ തങ്ങളുടെ പൗരുഷം തെളിയിക്കാനും മനസ്സിലുള്ളത് തുറന്നുപറയാനും കെല്പില്ലാത്തവരാണ് പാണ്ഡവന്മാർ. സന്ദർശകൻറെ കഥയനുസരിച്ച് മാതാവിൻറെ അധികാരത്തോടുള്ള ഈ അന്ധമായ വിധേയത്വമാണ് ദ്രൗപദിയെ ഒരു ബഹുഭർത്തൃത്വ വിവാഹത്തിൽ

തളച്ചിടുന്നത്. മൂന്നാമത്തെ മകൻ കൊണ്ടുവരുന്ന വിലപിടിച്ച സമ്മാനം പങ്കുവയ്ക്കാനുള്ള അമ്മയുടെ ആജ്ഞ മക്കൾ ശിരസാവഹിക്കുന്നു. അങ്ങനെ ദ്രൗപദിയെ തങ്ങളുടെ പൊതുഭാര്യയാക്കുന്ന കാര്യത്തിൽ സഹോദരന്മാർ തമ്മിൽ സമവായമുണ്ടായതായി മഹാഭാരതത്തിൽ പറയുന്നുണ്ട്. നേരേമറിച്ച് ജാരകഥയിൽ ദ്രൗപദിയെ സ്വന്തമാക്കുന്ന കാര്യത്തിൽ സഹോദരന്മാർ തമ്മിൽ വിദ്വേഷം പുകയുന്നതായികാണിക്കുന്നു.

സന്ദർശകൻറെ പാണ്ഡവപുരത്തെ ദേവതയെപ്പറ്റിയുള്ള കഥയുടെ ഏറ്റവും മൗലികമായ അംശം തൻറെ ഭർത്താക്കന്മാരുടെ നേർക്കുള്ള ദ്രൗപദിയുടെ മനോഭാവമാണ്. സേതുവിൻറെ പ്രഹേളികാസ്വഭാവമുള്ള ദേവിയുടെ സൃഷ്ടിയുടെ അർത്ഥസൂചകമായ ചേരുവകളിലൊന്നും ഇതുതന്നെയാണ്. നാം ദ്രൗപദിയായി കാണുന്ന സന്ദർശകൻറെ കഥയിലെ ഭാര്യ ഇതിഹാസത്തിലെ അനുസരണശീലയും അർപ്പണബുദ്ധിയുമുള്ള പതിമാരിൽനിന്നു മൗലികമായി വ്യതിചലിക്കുന്നു. കഥയിലെ പതി ഇതിഹാസത്തിലെ നായികയുമായി ഒരു തരം 'ഒഴിഞ്ഞുമാറ്റത്തിൻറെ' മൗനം പങ്കുവയ്ക്കുന്നുണ്ടെങ്കിലും തൻറെ ഭീഷണമായ സ്വതന്ത്രചിന്ത ഒരു ദിവസം അവളെ അപ്രതീക്ഷിതമായ പൊട്ടിത്തെറിയിലേക്ക് എത്തിക്കുമ്പോൾ അവൾ തൻറെ ഭർത്താക്കന്മാരോട് പറയുന്നത് താൻ അവരെ ഉച്ഛിഷ്ടത്തെപ്പോലെ വെറുക്കുന്നുവെന്നാണ്. പിന്നീട് അവൾ പുരുഷവേഷത്തിൽ വീടുവിട്ടിറങ്ങി ഒരു കുന്നിൻമുകളിലെ പരന്ന കല്ലിലിരുന്നു കഠിന തപസ്സ് അനുഷ്ഠിക്കുന്നു. ഋതുക്കൾ കടന്നു പോകുന്നുവെങ്കിലും 'വീണ്ടുമൊരു ഉണർവ്വിൻറെ ആഗമനം കാത്ത്' അവൾ ഇളകാതെ ഇരിക്കുകയാണ്. അങ്ങനെ അവൾ ഒരു സ്വർണ്ണപ്രതിമയായി മാറി 'പാണ്ഡവപുരത്തെ കന്യകകളുടെയും സുമംഗലികളുടെയും സംരക്ഷക'യായി മാറുന്നു. അവൾക്ക് ചുറ്റും ഒരു അമ്പലമുണ്ടാകുകയും അത് കഥയിലെ അഞ്ചു സഹോദരന്മാരുടെ പിന്മുറക്കാരുടെ ഉടമസ്ഥതയിലാകുകയും ചെയ്യുന്നു. ഘടനാപരമായി പാണ്ഡവപുരത്തെ ദേവതയെപ്പറ്റിയുള്ള കഥ നോവലിൻറെ അടിസ്ഥാനപാഠമായിതീരുന്നു. ആ കഥ ഇതിഹാസത്തിലെ ദ്രൗപദിയുടെ മൗലികമായി മാറ്റപ്പെട്ട ഒരു രൂപം അവതരിപ്പിക്കുന്നു. ഈ രൂപത്തിൽ ദ്രൗപദി തൻറെ ഭർത്താക്കന്മാരെ വെറുക്കുകയും വീടുവിടുകയും കുന്നിൻമുകളിലെ തപസ്സിലൂടെ പാണ്ഡവപുരത്തെ ദേവതയായി മാറുകയും ചെയ്യുന്നു. ജാരൻറെ ഉത്ഭവത്തെപ്പറ്റിയുള്ള കഥയോടൊപ്പം ഇത് ഇന്ത്യൻ പുരുഷൻ ശക്തിശോഷണം വന്നവനും സ്ത്രീസമാനനുമാണെന്ന ആശയം സ്ഥാപിക്കുന്നു. ഈ പുരുഷന്മാർ കഥയിലെ പാണ്ഡവരെ ഓർമ്മിപ്പിക്കുന്നതുപോലെ തങ്ങളുടെ ജീവശാസ്ത്രപരമായ മാതാവിനാൽ നിയന്ത്രിക്കപ്പെടുന്നവരും സ്ത്രീയിലെ ദൈവികമാതാവിനെയോ ദേവതയേയോ അറിയാത്തവരുമാണ്. നേരേമറിച്ച്, ഇരകളാണെങ്കിലും, ദേവതമാരാകാൻ ശേഷിയുള്ളവരാണ് സത്രീകൾ. പുരുഷാധികാരത്തിനെതിരേ പോരാടിയും കലാപമുയർത്തിയും സ്വന്തം സ്വത്വത്തെ പരിപോഷിപ്പിച്ചും സ്ത്രീകൾക്ക് ദേവതുല്യരാകാൻ കഴിയും. ഇതാണ് ജാരൻറെ പുനരാഖ്യാനം ചെയ്ത രണ്ടാമത്തെ

കഥയിൽ നാം കാണുന്നത്. ഇതുതന്നെയാണ് മുഖ്യകഥയിലും സംഭവിക്കുന്നത്. ദേവി ക്രമാനുഗതമായി ദുർഗ്ഗയുടെ ഭീകരഭാവം പ്രദർശിപ്പിക്കുന്നു. അവൾ ജാരൻറെ നേരത്തേതന്നെ ചോർന്നുപോയ ശക്തി പിടിച്ചെടുത്തുകൊണ്ട് അയാളെ നിർവീര്യനാക്കുന്നു.

4

കല്പനയുടെയും യാഥാർത്ഥ്യത്തിൻറെയുമെന്നതുപോലെ ഭൂതകാലത്തിൻറെയും വർത്തമാനകാലത്തിൻറെയും അടരുകളെ വിജയകരമായി നേരിടുമ്പോഴും ദേവിയെന്ന വ്യക്തിയിലൂടെ പാണ്ഡവപുരം മൗലികമായ ഒരു സ്ത്രീപക്ഷദർശനം രചിക്കുന്നുണ്ട്. ഈ കാഴ്ചപ്പാടിന് ഒരു ദ്വിവിധ അടിത്തറയുണ്ട്. ഒന്നാമതായി അതിൻറെ അടിത്തറ ചരിത്രത്തിൻറെ ചിതറിയ സൂചനകളിലാണ്. എൻറെ ഭാരതീയ സ്ത്രീപക്ഷസമീപനത്തിൻറെ സാമൂഹ്യ/സാമൂഹ്യശാസ്ത്രപരതയായി ഞാൻ പരാമർശിച്ചത് ഇതാണ്. ഈ കാഴ്ചയുടെ രണ്ടാം അടിത്തറയുടെ ആധാരം പാണ്ഡവപുരത്തിലെ ദേവിയുടെ ജീവിതത്തിലെ ദേവതയുടെ പ്രാമുഖ്യമാണ്. സാമൂഹ്യശാസ്ത്രപരമായ അംശമോ ചരിത്രമോകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത് മഹാഭാരതത്തിലെ ദ്രൗപദിയുടെ ബഹുഭർത്തൃത്വമാണ്. അത് നോവലിലെ ഒരു ഉപപാഠമാണ്. ഇതോടൊപ്പം മുഖ്യകഥാപാത്രമായ ദേവി മാന്ത്രികമായി നെയ്തെടുക്കുന്ന ദർശനത്തോടു ബന്ധമുള്ള കേരളത്തിലെ നായന്മാരുടെ മാതൃദായക്രമമാണ്. തൊള്ളായിരത്തി മുപ്പതുകൾവരെ നായന്മാർ പിന്തുടർന്നിരുന്നത് മരുമക്കത്തായരൂപത്തിലുള്ള ഒരു സാമൂഹ്യക്രമമായിരുന്നു. ഈ സമ്പ്രദായത്തിൽ ഒരു കുടുംബത്തിലെ സ്ത്രീകൾ തറവാടുകൾ എന്നു വിളിക്കപ്പെടുന്ന താമസസ്ഥലത്തിൽ ഒരുമിച്ചു പാർത്തിരുന്നു. ഏകഭർത്തൃത്വത്തിനു പകരം നായർസ്ത്രീ പരപുരുഷന്മാരുമായി 'സംബന്ധം' എന്നു വിളിക്കപ്പെട്ടിരുന്ന അയഞ്ഞ വൈവാഹികബന്ധങ്ങൾ പുലർത്തിയിരുന്നു. ഈ ബന്ധങ്ങൾ സാമൂഹ്യമോ ഗാർഹികമോഉള്ള ബാധ്യതകൾ അവശേഷിപ്പിച്ചിരുന്നില്ലെന്നുമാത്രമല്ല എപ്പോൾ വേണമെങ്കിലും അവസാനിപ്പിക്കാവുന്നവയുമായിരുന്നു. കോളനിവാഴ്ചയുടെ ഇടപെടലുകളിൽക്കൂടിമാത്രമാണ് പില്ക്കാലത്ത് ഈ കുടുംബവ്യവസ്ഥ സ്വാഭാവികമായ പിതൃദായക്രമത്തിൽ വാർത്തെടുക്കപ്പെട്ടത്. കുഞ്ഞിക്കുട്ടനുമായുള്ള വിവാഹാനന്തരം ദേവി തകർച്ചയെനേരിടുന്നു. അതുപോലെയുള്ള ഒരു നായർ തറവാട്ടിലേക്കു കൊണ്ടുവരപ്പെടുന്നു. പാഠാന്ത്യത്തിൽ ദേവി അവളുടെ ഭർത്താവായ കുഞ്ഞിക്കുട്ടൻ അവളെ സന്ദർശിക്കുന്നതായി സങ്കല്പിക്കുന്നു. അയാൾ ഇപ്പോഴും തന്നെ മോഹിക്കുന്നുവെന്ന സൂചനയോടെ പരിഹാസരൂപത്തിൽ വന്യമായി ചിരിക്കുകയും തൻറെ മറ്റുജാരന്മാരോടൊപ്പം വരിയായി നില്ക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

‘നിങ്ങൾക്ക് ശരിക്കും മോഹമുണ്ടെങ്കിൽ കാത്തുനില്ക്കുന്ന പുരുഷന്മാരുടെ വരിയിൽ നിങ്ങൾക്കും ഒരിടം തരാം. പക്ഷേ, ഒടുവിൽ വരുന്നവരുടെ ഊഴം ഒടുവിലായിരിക്കുമെന്നു മാത്രം. പഴയൊരു ഭർത്താവാണെങ്കിലും പന്തിയിലെ മര്യാദ കാക്കാതെ വയ്യല്ലോ...’

ദേവി ബഹുഭർത്തൃത്വത്തിനു മോഹിക്കുന്നത് അവളുടെ നായർപാരമ്പര്യംമൂലമാണോ? അതോ ബഹുഭർത്തൃത്വം പാലിച്ചിരുന്ന ദ്രൗപദിയെന്ന ദേവിയുടെ പ്രതിരൂപമായ പാണ്ഡവപുരത്തെ ദേവിയെ അവൾ ആരാധിച്ചിരുന്നതുകൊണ്ടോ? അങ്ങനെ ദേവിക്ക് അവളുടെ ബഹുഭർത്തൃത്വ സ്വത്വം രൂപീകരിക്കാൻ രണ്ടു പാരമ്പര്യസ്വാധീനങ്ങളുണ്ടായിരുന്നു. ദേവിയുടെ നായർ പൈതൃകത്തിന് അവളെ അവളുടെ ഇതിഹാസ പൂർവ്വികതയിലേക്ക് കാന്തംപോലെ വലിച്ചടിപ്പിക്കാനുള്ള കഴിവുണ്ടായിരുന്നു. ഇതിഹാസത്തിലെ ദ്രൗപദിയുടെ കഥ ഒരു സ്ത്രീയുടെ ഇരയാക്കപ്പെടലായിരുന്നുവെങ്കിൽ പാണ്ഡവപുരത്തിൻറെ ഉദ്ദേശ്യം ഒരു ചരിത്രപരമായ തെറ്റിനെതിരുത്തുകയെന്നതാണ്. ദ്രൗപദിയുടെ ജീവിതത്തിലെ പരിണയസംബന്ധമായ അധ്യായത്തെ മാറ്റിയെഴുതി അവളെ ശാക്തീകരിക്കുകമാത്രമല്ല അവളെ ഒരു ദേവീ സങ്കല്പമായി അവതരിപ്പിക്കുകകൂടിയാണ്. ഇവിടെ ദേവി അവളുടെ രക്ഷയ്ക്കായി പിതൃദായക്രമങ്ങളല്ലാത്ത രണ്ടു വിവാഹവ്യവസ്ഥകൾ കൊണ്ടുവരുന്നു. അതിലൂടെ അവൾ അനുഭവിക്കുന്ന സ്ത്രീയെന്നനിലയിലുള്ള ശാക്തീകരണം ദുർഗ്ഗാദേവതയുടെ ഭക്തയെന്നനിലയിൽ സാധ്യമാകുന്ന അധിക ശാക്തീകരണത്തിലേക്കുള്ള പരസ്പരബന്ധിത ത്വരകമായി പ്രവർത്തിക്കുന്നു. ഉപകഥയിലെ ദ്രൗപദിയെ പ്രധാനകഥയിലെ ദേവിയുമായി കൂട്ടിയിണക്കുന്ന സങ്കീർണ്ണവും പരസ്പരബന്ധിതവും മേൽക്കുമേൽ പതിക്കുന്നവയുമായ സന്ദർഭങ്ങളുടെ നൂൽവലനെയ്യുകയാണ് പാണ്ഡവപുരം, കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ അത് സേതുവിൻറെ നോവലിലെ മൂന്ന് സ്ത്രീഅഭിനേത്രികളെ, അല്ലെങ്കിൽ സ്ത്രീശക്തികളെ, അതായത് ദ്രൗപദി, ദേവി, പാണ്ഡവപുരത്തെ ദുർഗ്ഗ എന്നിവരെ, ഏകീകരിക്കുന്നു. ദേവി പാണ്ഡവപുരത്തേക്കുള്ള ഒരു പുനർസന്ദർശനം ആഗ്രഹിക്കുന്നുവെന്നത് ദേവിയെന്ന കഥാപാത്രത്തിലും നോവലിലുമുള്ള ദ്രൗപദികഥയുടെ പ്രാധാന്യത്തിനുള്ള സാക്ഷ്യപത്രമാണ്. നോവലിൻറെ ശീർഷകം സൂചിപ്പിക്കുന്നത് ദ്രൗപദിയുടെയും ഭ്രാതൃഭർത്തൃത്വത്തിൻറെ ഉദാഹരണമായ അവളുടെ അഞ്ചു ഭർത്താക്കന്മാരുടെയും ഇതിഹാസകഥയാണ്. രൂപമാറ്റംവരുത്തിയ ദ്രൗപദീരൂപം, അവളുടെ നിർവീര്യമായ ഭർത്താക്കന്മാരിൽനിന്നു നടന്നകലുകയും സ്വയം ഒരു ദേവതയായി മാറുകയുംചെയ്യുന്ന പാണ്ഡവപുരമെന്നു വിളിക്കപ്പെടുന്ന സ്ഥലത്തിൻറെ ‘സ്ഥാപകപാഠ’മെന്ന നിലയിലാണ് ഈ കഥ പുനർരചിക്കപ്പെട്ടിരിക്കുന്നത്. ഇപ്രകാരം പുനഃസൃഷ്ടിക്കപ്പെട്ട ദ്രൗപദിയെയും ദേവിയെയും കൂട്ടിയിണക്കുന്ന രണ്ട് അടിസ്ഥാന കണ്ണികൾ ഇവയാണ് - ദുർഗ്ഗയും പാണ്ഡവപുരമെന്ന സ്ഥലവും. നേരത്തേ വിശദമായി ചർച്ചചെയ്തതുപോലെ, ദേവി പാണ്ഡവപുരത്തെ ദുർഗ്ഗയുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നു. ഈ ദുർഗ്ഗയാകട്ടെ

മറ്റാരുമല്ല, ഉപപാഠത്തിലെ ദ്രൗപദിയെ ദേവതയായി രൂപാന്തരംവരുത്തിയതാണ്. ഉപപാഠത്തിലെ ദ്രൗപദിയുടെ ഉത്ഭവസ്ഥാനമായി കാട്ടുന്ന സ്ഥലമാണ് പാണ്ഡവപുരം. ജാരൻ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് ആ സ്ഥലത്തുവച്ചാണ് ദേവി അയാളെ കണ്ടുമുട്ടിയതും അടുത്തബന്ധം സ്ഥാപിച്ചതും. പാണ്ഡവപുരം ദേവിയുടെ ഒരു കണ്ടെത്തൽകൂടിയാണ്. താൻ ആവാഹിച്ചുവരുത്തിയ ജാരന്മാരുടെ വരവിനെ ദേവി കാത്തിരിക്കുന്ന, ആസക്തിയുടെയും പ്രതികാരത്തിൻറേതുമായ സ്വത്വത്തിൻറെ അഗ്നിയിൽ അവരെ എരിച്ചുകളയുകയും ചെയ്യുന്ന സ്ഥലവും പാണ്ഡവപുരംതന്നെയാണ്. പാണ്ഡവപുരം ദേവിയുടെ ഒരു ബൃഹത്തായ ആവശ്യമാണ്. തനിക്ക് പൊരുത്തപ്പെടാനാവാത്ത ഒരു ഭൂതകാലത്തിൽനിന്നുള്ള അവളുടെ ഒരേയൊരു ആശ്വാസംകൂടിയാണ്. ഭൂതകാലത്തിൻറെയും വർത്തമാനത്തിൻറെയും ഇടയിലുള്ള അതിരുകൾ അലിയിച്ച് ഒടുവിൽ സമാനമായി തോന്നിക്കുന്ന ഒരു കല്പിതസ്ഥലമാണ് പാണ്ഡവപുരം. രൂപാന്തരംവരുത്തിയ ദ്രൗപദിരൂപമായ പാണ്ഡവപുരത്തെ ദുർഗ്ഗയുമായുള്ള അടുപ്പംകൊണ്ട് ദേവിക്ക് തന്നെ വർധിച്ച അളവിൽ ദ്രൗപദീസമാനയായിത്തീരാനും, തൻറെ സ്വാഭാവിക ബഹുഭർത്തൃത്വോന്മുഖമായ സ്വത്വത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി തൻറെ ഇരട്ട പാരമ്പര്യത്തെ ആവാഹിക്കാനും കഴിയുന്നു. കെ.പി. അപ്പൻ പറയുന്നു: 'ദേവി പ്രാചീനസ്ത്രീയുടെ പ്രതീകമാണ്. അവളുടെ പ്രാചീന രതിസ്വാതന്ത്ര്യത്തിൻറെ ലോകം ബഹുഭർത്തൃത്വത്തിൽ കെട്ടിപ്പടുക്കപ്പെട്ടതാണ്. ഏകഭർത്തൃത്വത്തിൻറെയും അണുകുടുംബത്തിൻറെയും ആഗമനംകൊണ്ട് ഈ രതിസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുകയോ അടിച്ചമർത്തപ്പെടുകയോ ചെയ്യുമ്പോൾ അത് കുടുംബത്തിൻറെയും സമൂഹത്തിൻറെയും പീഡനപരമായ നിയമങ്ങളെ തകർത്തെറിയുന്നു... ഒരുതലത്തിൽ ദേവിയുടെ കല്പനകൾ ഏകഭർത്തൃത്വമെന്ന സ്ഥാപനത്തിൻറെ പൊള്ളിക്കുന്ന വിമർശനമാണ്. മറ്റൊരുതലത്തിൽ അവളുടെ കല്പനകൾ ബഹുഭർത്തൃത്വം ഒരു അപഭ്രംശമല്ലാതെ നിയമമായിരുന്ന ഒരു ഗോത്രഭൂതകാലത്തിലേക്കുള്ള കാലത്തിൻറെ മടക്കയാത്രയ്ക്കുള്ള ആഗ്രഹംകൂടിയാണ്.'

തൻറെ കല്പനാസൃഷ്ടിയായ ദേവിയെപ്പറ്റിയുള്ള നോവലിസ്റ്റ് സേതുവിൻറെ അഭിപ്രായങ്ങളും ഉദ്ധരിക്കാം:

"ബഹുഭർത്തൃത്വത്തിനുള്ള ദാഹം സ്ത്രീയുടെ അടിസ്ഥാനചോദനകളിലൊന്നാണ്. അതിനെ ലൈംഗികസ്വാതന്ത്ര്യമെന്നു വിളിക്കാൻ ആഗ്രഹിക്കുന്നില്ല. അത് അപരിഷ്കൃതവും പ്രാചീനവുമായൊരു ഉൾവിളിയാണ്... സമൂഹം അടിച്ചേൽപ്പിക്കുന്ന സന്മാർഗ്ഗശാസനങ്ങൾ, മതവിശ്വാസങ്ങൾ, കുടുംബസുരക്ഷിതത്വത്തെപ്പറ്റിയുള്ള ഉത്കണ്ഠ... ഇവയെല്ലാംചേർന്നു സ്വയം നിയന്ത്രിക്കാനും ഏകഭർത്തൃത്വത്തിൻറെ നിയമങ്ങൾ സ്വീകരിക്കാനും അവൾ പ്രേരിപ്പിക്കപ്പെടുന്നു. എന്നാൽ ഭാവനയിലെങ്കിലും അവളുടെ അബോധത്തിൽ ഒരു പ്രതിഷേധം രൂപപ്പെടുകയും ഒരു മടക്കയാത്രയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു."

ദേവിയുടെ ബഹുഭർത്തൃത്വ മോഹത്തെ അവളുടെ ഏകഭർത്തൃത്വത്തോടുള്ള പ്രതിഷേധവുമായി ബന്ധിപ്പിക്കുന്നതിൽ സേതു, അപ്പൻറെ വീക്ഷണങ്ങൾക്ക് അംഗീകാരം കൊടുക്കുന്നു. എന്നാൽ ദേവിയുടെ പ്രതിഷേധം പ്രധാനമായും ഏകഭർത്തൃത്വത്തിനെതിരേയാണെന്ന് കരുതുക തെറ്റായിരിക്കും. എൻറെ പാണ്ഡവപുരവായനയിൽ തോന്നുന്നത് ദേവിയുടെ പ്രതിഷേധം അഗാധതലത്തിൽ വിവാഹമെന്നസ്ഥാപനത്തെത്തന്നെ എതിർക്കുന്ന ഒന്നാണെന്നാണ്; കുറെക്കൂടി സൂക്ഷ്മമായി നോക്കിയാൽ, അത് പിതൃദായക്രമത്തിലുള്ള വിവാഹമെന്ന സ്ഥാപനം സ്ത്രീകളുടെ രതിശക്തികളുടെമേൽ ചെലുത്തുന്ന നിയന്ത്രണമാണ്. ദേവിയുടെ ഇതിനോടുള്ള പ്രതിഷേധം പ്രത്യക്ഷമാകുന്നു. അതുകൊണ്ട് പാഠത്തിൻറെ രീതി ദേവിയുടെ ദ്വിവിധബഹുഭർത്തൃത്വ പാരമ്പര്യത്തെ ഉപയോഗിച്ച് സ്ത്രൈണാഭിലാഷത്തിൻറെ മൊത്തംദർശനം അവതരിപ്പിക്കുന്നു. അരോചകമായ തരത്തിലുള്ള സ്ത്രൈണാഭിലാഷത്തിൻറെ സ്വഭാവം സൂചിപ്പിക്കുന്ന അതാകട്ടെ സ്വാഭാവികമായ ബഹുഭർത്തൃത്വ പ്രവണതയുള്ളതാണ്. ഇതിനെ നമുക്ക് ദേവിയുടെ 'സ്വാഭാവികമായ' സ്ത്രീപക്ഷ പാരമ്പര്യമെന്നു' വിളിക്കാം. അങ്ങനെ സ്ത്രൈണാഭിലാഷത്തെക്കുറിച്ച് ഇത്തരമൊരു ദർശനം അവതരിപ്പിക്കാനാവണം നോവൽ പാഠം താന്ത്രികദൈവശാസ്ത്രത്തിൻറെ ദൈവികസത്രീത്വവും അതിനോട് കൂടിപ്പിണഞ്ഞ ഉഗ്രരൂപികളായ ദുർഗ്ഗ, കാളി എന്നീ ദേവതകളെയും (സ്വാഭാവിക പിന്തുണ സംവിധാനമായി) ആകസ്മികമായി കണ്ടെ ടുക്കുന്നത്. അതിൻറെ പരിണതഫലമാകട്ടെ ആകർഷകമാംവിധം സങ്കീർണ്ണവും, രൂപാന്തരം വരുത്തിയതുമായ, ദ്രൗപദിയുടെ ദേവിയെന്നപേരിലുള്ള സൃഷ്ടിയാണ്. അവളിലൂടെ പ്രദർശിക്കപ്പെടുന്നത് നിസ്സംശയമായും ആധുനിക ഇന്ത്യൻ നോവൽ സാഹിത്യത്തിലെ ഏറ്റവും മൗലികമായ സ്ത്രീപക്ഷദർശനങ്ങളിലൊന്നാണ്.

(ഭാഷാന്തരീകരണം: വി.എം. വിനയകുമാർ)

(കാനഡയിലെ ഒരു കോളജിലെ പ്രൊഫസറും പഞ്ചാബി കവയിത്രിയുമായ ലേഖികയുടെ "Mutation of Draupadi " എന്ന ഗവേഷണപ്രബന്ധത്തിലെ ഒരധ്യായം — പാണ്ഡവപുരത്തിൻറെ ഇംഗ്ലിഷ് പരിഭാഷയും അതിലെ വി.സി. ഹാരിസിൻറെ പഠനവും അടിസ്ഥാനമാക്കി രചിച്ചത്)

സേതുവിൻറെ കൃതികളിൽ ചിലത്

ആലിയ



അടയാളങ്ങൾ

ആറാമത്തെ
പെൺകുട്ടി
സേതു

ആറാമത്തെ പെൺകുട്ടി

ഏറ്റവും
പുതിയ സാംസ്കാരിക
വാർത്തകൾക്ക്
www.dcbooks.com
പുസ്തകശാല
നിങ്ങളുടെ വിരൽത്തുമ്പിൽ
www.onlinestore.dcbooks.com
പുസ്തകവാർത്തകൾ
നിങ്ങളെ തേടിവരും
ലൈക്ക് ചെയ്യൂ
/dcbooks
എപ്പോഴും നിങ്ങളോടൊപ്പം
9846133336
customercare@dcbooks.com
www.support.dcbooks.com

പാണ്ഡവപുരം

സേതു

പാണ്ഡവപുരത്തെ തെരുവുകളിലൂടെ അനാഥകളായ പെൺകുട്ടികളുടെ ജീവിതം തുലയ്ക്കാനായി ജാരന്മാർ പുളച്ചുനടന്നു. അവിടെ കുന്നിൻമുകളിൽ കരിങ്കൽച്ചുമരുകൾക്കു നടുവിലുള്ള ശ്രീകോവിലിൽ ചുവന്ന ഉടയാടകളണിഞ്ഞ്, നെറുകയിൽ സിന്ദൂരമണിഞ്ഞ്, ഭഗവതി ചമ്രംപടിഞ്ഞിരുന്നു. പാണ്ഡവപുരത്തു വന്നെത്തുന്ന ഓരോ വധുക്കളും ദേവിയോടു പ്രാർത്ഥിച്ചു: "ജാരൻമാരിൽനിന്നും ഞങ്ങളെ രക്ഷിക്കൂ. അവരുടെ മായാവലയത്തിൽപ്പെടാതെ കാത്തുകൊള്ളണേ!"

വിഭ്രാമകമായ അനുഭവങ്ങളിലൂടെ, അപരിചിതമായ ഓർമ്മകളിലൂടെ, വായനക്കാരനെ പിന്തുടരുന്ന ഈ നോവൽ നവീനഭാവുകത്വത്തിനു കൈവന്ന അപൂർവലബ്ധിയാണ്. 1982 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി.

കവർ ഡിസൈൻ: ശ്രീ

ഡിസി ബുക്സ്

www.dcbooks.com

നോവൽ